■ അഡ്വ. ടി. ഗീനാകുമാരി

# അതിക്രമങ്ങൾ: വേണ്ടത് ഒത്തുചേർന്നുള്ള പോരാട്ടം

ഗാർഹിക പീഡനങ്ങളിൽ നിന്ന് സംരക്ഷണം നൽകുന്ന നിയമം സ്ത്രീകൾക്ക് വലിയൊരു സുരക്ഷാകവചമാണ് തീർത്തിരിക്കുന്നത്. സ്ത്രീകൾക്കെതിരെയുള്ള അക്രമങ്ങൾ സ്ത്രീയും പുരുഷനും ചേർന്ന് നേരിടണമെന്ന യു.എൻ ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ ഒരു വിലയിരുത്തൽ.

ഐക്യരാഷ്ട്ര സംഘടനയുടെ ഇത്തവണത്തെ സാർവദേശീയ വനിതാദിനസന്ദേശം പതിവിൽ നിന്നും അല്പം വ്യത്യസ്തതയുള്ളതാണ് - സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരെ സ്ത്രീയും പുരുഷനും ഒന്നിച്ചു പ്രവർത്തിക്കുക. "സാർവദേശീയമായി നോക്കിയാൽ സ്ത്രീകളുടെ പദവി ഉയരുകയാണെന്നാണ് എനിക്ക് തോന്നുന്നത്. അക്രമങ്ങൾ വർധിക്കുന്നുണ്ടാവാം. എന്നാൽ സ്ത്രീകൾക്കുനേരെ മാത്രം അക്രമങ്ങൾ വർധിക്കുന്നുണ്ടോ? ഇതൊരു സാർവദേശീയ പ്രശ്നമായി വളർന്നു കഴിഞ്ഞ ഒന്നാണോ?" വനിതാദിനസന്ദേശത്തെപ്പറ്റി ഒരു സുഹൃത്തിനുണ്ടായ സംശയമാണിത്. പെട്ടെന്നാലോചിച്ചാൽ ശരിയെന്നു തോന്നാം. പക്ഷേ, വസ്തുതകൾ സൂക്ഷ്മമായി വിശകലനം ചെയ്യുമ്പോൾ ഇത്തരമൊരു ആഹ്വാനം ഐക്യരാഷ്ട്രസംഘടന പുറപ്പെടുവിച്ചത് തികച്ചും ഉചിതമായ സന്ദർഭത്തിലാണ് എന്ന് ബോധ്യമാകും.

യു.എൻ ഡിപ്പാർട്ട്മെന്റ് ഓഫ് പബ്ലിക് ഇൻഫർമേഷന്റെ റിപ്പോർട്ട് അതിന്റെ സൂചകമാണ്. ലോകത്താകെ സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ 20 മുതൽ 60 ശതമാനം വരെ വർധിച്ചിട്ടുണ്ടെന്നു പ്രസ്തുത റിപ്പോർട്ട് വ്യക്തമാക്കുന്നു. കഴിഞ്ഞ പത്തു മുപ്പത്തിയഞ്ചു കൊല്ലമായി വനിതാദിനാചരണങ്ങളും പ്രവർത്തനങ്ങളും കഴിഞ്ഞതിനുശേഷമുള്ള സ്ഥിതിയാണിതെന്നോർക്കണം. ഐക്യരാഷ്ട്ര സംഘടന 1975 മുതൽ മാർച്ച് 8 സാർവദേശിയ വനിതാദിനമായി ആചരിച്ചുവരുന്നു. ഓരോ വർഷവും കാലിക പ്രസക്തിയുള്ള വിഷയങ്ങൾ തിരഞ്ഞെടുത്ത് അതിനടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങളാണ് സംഘടിപ്പിക്കുന്നത്. 1979 ൽ സ്ത്രീകൾക്കെതിരെയുള്ള എല്ലാതരം വിവേചനങ്ങളും അവസാനിപ്പിക്കുന്നതിനായുള്ള കൺവെൻഷൻ (CEDAW - Convention on Elemination of All Discrimination Aganist Women) ഐക്യരാഷ്ട്ര സഭ പാസാക്കി. സ്ത്രീകളുടെ പദവി നിരീക്ഷിക്കുന്നതിനും അവകാശങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും 1946 ൽ സ്ഥാപിതമായ "സ്ത്രീകളുടെ പദവി സംബന്ധിച്ച ഐക്യരാഷ്ട്രസഭ" കമ്മീഷന്റെ മുപ്പതിലേറെ വർഷത്തെ പ്രവർത്തനത്തിന്റെ പര്യവസാനമാണ് സീഡോ. സിഡോ നിലവിൽ വന്ന് വർഷങ്ങൾക്കുശേഷവും കാര്യമായ മാറ്റമൊന്നുമുണ്ടായില്ലെന്നതിനാലാണ് യു.എൻ.ജനറൽ അസംബ്ലിയിൽ 1993 ഡിസംബർ 20-ാം തീയതി സ്ത്രീ പീഡനനിവാരണത്തിനായുള്ള പ്രഖ്യാപനമുണ്ടായത്.

അന്തർദേശീയ ഇടപെടലുകൾ വ്യാപകവും ശക്തവുമാക്കിയിട്ടും ജീവിതത്തിന്റെ നാനാതുറകളിലും സമൂഹത്തിലും തൊഴിലിലും വീട്ടിലും സ്വതന്ത്രമായി ഇടപെടാൻ കഴിയാത്ത തരത്തിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർധിച്ചിരിക്കുകയാണ് ലോകത്തെല്ലായിടത്തും. വികസിത രാജ്യങ്ങളിൽപ്പോലും ഇതാണ് സ്ഥിതി.

## ഇന്ത്യൻ സാഹചര്യങ്ങൾ

ഇന്ത്യയിലും സ്ഥിതി വ്യത്യസ്തമല്ല. ഭരണഘടന എല്ലാ ഇന്ത്യക്കാർക്കും



വ്യക്തിപരമായ സുരക്ഷ ഉറപ്പുനൽകുന്നുണ്ടെങ്കിലും ഇവിടെയും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങൾ വർധിക്കുന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്. 1995-നും 2005-നും ഇടയ്ക്ക് സ്ത്രീധനമരണങ്ങളും പീഡനങ്ങളും 71.5ശതമാനം വർധിച്ചു. ഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സി.ആർ.എസ് എന്ന സംഘടന നടത്തിയ ഒരു പഠനത്തിൽ നാല് സ്ത്രീധന പീഡിതരിൽ ഒരാൾവീതം ആത്മഹത്യ ചെയ്യുന്നതായി കണ്ടെത്തി. ദേശീയ ക്രൈം റിക്കോർഡ് ബ്യൂറോയുടെ കണക്കുപ്രകാരം 1990-നും 1980-നും ഇടയിൽ സ്ത്രീകൾക്കെതിരായ കുറ്റകൃത്യങ്ങൾ 70 ശതമാനംവർധിച്ചു. ജനസംഖ്യാവർധനയുടെ തോതിനെക്കാൾ കൂടുതലാണിത്. കേസുകൾ വർധിച്ചുവരുമ്പോഴും ശിക്ഷിക്കപ്പെടുന്ന കേസുകളുടെ എണ്ണത്തിലുള്ള കുറവ് ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

വിവിധ വനിതാ പ്രസ്ഥാനങ്ങൾ നിരന്തരമായി നടത്തിവന്ന പ്രചാരണത്തിന്റെ ഫലമായി പൊലീസും നീതിന്യായ സംവിധാനത്തിലും പൊതുവിൽ സമൂഹത്തിലും സ്ത്രീകൾക്കെതിരായുള്ള അതിക്രമങ്ങളെക്കുറിച്ച് കൂടുതൽ ശ്രദ്ധയും കരുതലുമുണ്ടായിട്ടുണ്ട്. എങ്കിലും അക്രമത്തിനെതിരായി രൂപം കൊടുത്തിട്ടുള്ള നിയമങ്ങൾ പലപ്പോഴും അർഹതപ്പെട്ടവരിലേക്ക് വരുന്നില്ല. സ്ത്രീകളുടെ സ്വാതന്ത്ര്യത്തെ പരിമിതപ്പെടുത്തുന്നതിൽ അക്രമത്തിനും ആക്രമണ ഭീഷണിക്കുമുള്ള സ്വാധീനം വളരെ വലുതാണ്. ഏറ്റവും നിസാരമായ കാര്യങ്ങൾക്കുപോലും ഗാർഹിക അതിക്രമങ്ങൾ വർധിച്ചുവരുന്നു. പ്രായം, ജാതി, സാമ്പത്തികസ്ഥിതി, ജനിച്ച വർഗം, സമുദായം എന്നീ ഭേദങ്ങൾ കൂടാതെ എല്ലാ വിഭാഗത്തിലുംപെട്ട സ്ത്രീകൾ കൂടുതലായി വീടിനുള്ളിൽ അതിക്രമങ്ങൾക്കിരയാവുന്നതായി പഠനങ്ങൾ തെളിയിക്കുന്നു. വിവാഹം, കൂട്ടുകുടുംബം, വിദ്യാഭ്യാസം, സാമ്പത്തികസൗകര്യം, സാമൂഹികപദവി ഇവയൊന്നുംതന്നെ അക്രമത്തിനിരയായ സ്ത്രീക്ക് സംരക്ഷണം ലഭ്യമാക്കുന്നില്ല. പലപ്പോഴും നിസാര സംഗതികൾക്കാണ് സ്ത്രീകൾ അതിക്രമങ്ങൾക്കിരയാവുന്നത്. വീടിനുള്ളിലെ അതിക്രമങ്ങൾക്കുള്ള കാരണങ്ങളെക്കുറിച്ച് ദേശീയ കുടുംബാരോഗ്യ സർവേ റിപ്പോർട്ട് പ്രകാരം ഭാര്യയെ മർദിക്കുന്നതിന് ഭർത്താവ് നൽകുന്ന ന്യായീകരണങ്ങൾ നോക്കുക:

| | |
|---|---|
| ഭാര്യ ശരിയായി പാചകം ചെയ്യുന്നില്ല | 25% |
| ഭാര്യയെ സംശയം | 33% |
| ഭർത്താവിന്റെ അച്ഛനമ്മമാരെ ബഹുമാനിക്കുന്നില്ല | 34% |
| ഭർത്താവിന്റെ സമ്മതമില്ലാതെ പുറത്തുപോകുന്നു | 37% |
| വീടിനെയും കുടിയെയും അവഗണിക്കുന്നു | 40% |

*International Institute for Population Science 2000*

സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ അവശ്യവും ന്യായീകരിക്കത്തക്കതുമാണെന്ന കാഴ്ചപ്പാട് പ്രബലമാണ്. ഗാർഹിക അതിക്രമം 'സ്വകാര്യ'മാണെന്ന ചിന്താഗതിയും പലപ്പോഴും മുന്നിട്ടുനിൽക്കുന്നു. സ്ത്രീകളെ അച്ചടക്കവും അനുസരണശീലവും പഠിപ്പിക്കാനും പുരുഷന്റെ അധീശത്വം വീട്ടിലും സമൂഹത്തിലും ഉറപ്പിക്കാനും സ്വന്തം കർത്തവ്യമെന്താണെന്ന് സ്ത്രീയെ മനസ്സിലാക്കി കൊടുക്കാനും മറ്റുമാണ് അതിക്രമങ്ങളെന്ന ന്യായീകരണമാണ് സാധാരണയായി ഗാർഹികാതിക്രമങ്ങളെ സാധൂകരിക്കാൻ ഉപയോഗിക്കുന്നത്.



## കേരളീയ അവസ്ഥ

യു.എൻ.ഡി.പിയുടെ 1996-ലെ മനുഷ്യ വികസന റിപ്പോർട്ടനുസരിച്ച് 16 ഇന്ത്യൻ സംസ്ഥാനങ്ങളിലെ ജൻഡർ ഡവലപ്പ്മെന്റ് ഇൻഡക്സിൽ (GDI) സ്ത്രീകളുടെ അടിസ്ഥാനശേഷിയുടെ കാര്യത്തിൽ ഒന്നാമതാണ് കേരളം. ആരോഗ്യ, വിദ്യാഭ്യാസ, രാഷ്ട്രീയ മേഖലകളിൽ കേരളം കൈവരിച്ച നേട്ടം തന്നെയാണ് ഇതിനടിസ്ഥാനം. എന്നാൽ ഈ പുരോഗതിയൊന്നുംതന്നെ കേരളത്തിലെ സ്ത്രീകളുടെ മനുഷ്യാവകാശങ്ങൾ അംഗീകരിക്കുന്നതിലോ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളിൽ നിലപാടെടുക്കുന്നതിലോ പ്രതിഫലിക്കുന്നില്ല. സംസ്ഥാന ക്രൈം റെക്കോർഡ് ബ്യൂറോയുടെ കണക്കുകൾ പ്രകാരം 1992-നും 2006-നും ഇടയ്ക്ക് സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ 338.4% വർധിച്ചിരിക്കുന്നു. കേരളത്തിൽ 40% മുതൽ 60% വരെ സ്ത്രീകൾ വീടിനുള്ളിൽ അതിക്രമങ്ങൾ അനുഭവിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു. ഭൗതിക അടിത്തറയിൽ വ്യത്യാസമുണ്ടായതുകൊണ്ടുമാത്രം ബോധതലത്തിൽ വ്യത്യാസം വരുന്നില്ലെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണ് കേരളത്തിലെ സ്ത്രീകളുടെ അവസ്ഥ. മണ്ണാപ്പേടിയും പുലപ്പേടിയും അപ്രത്യക്ഷമായിട്ടു കാലമേറെയായി. എങ്കിലും ഇതര ഇന്ത്യൻ സ്ത്രീകളെ അപേക്ഷിച്ച് ആൺതുണയില്ലാതെ ഒറ്റയ്ക്കു പുറത്തിറങ്ങാൻ ഭയപ്പാടുള്ളവരാണ് ഇവിടത്തെ സ്ത്രീകൾ. സ്ത്രീയുടെ ആത്യന്തികമായ സ്ഥാനം കുടുംബവും വീടുമാണെന്ന് സ്ഥാപിക്കപ്പെട്ടിട്ടുള്ള കേരളീയ അവസ്ഥയിൽ അസമയത്ത് പുറത്തിറങ്ങാൻ ഒരുമ്പെടുന്ന സ്ത്രീകളെ സദാചാരലംഘനത്തിന്റെ പേരിൽ അപമാനിക്കാനും സമൂഹത്തിനു മടിയില്ല.

പൂവാലശല്യമെന്ന് ലളിതവത്കരിച്ച് കാണുന്ന പ്രതിഭാസം സ്ത്രീകളുടെ സ്വതന്ത്ര സഞ്ചാരത്തിനും സ്വാതന്ത്ര്യത്തിനുമെതിരായ കടന്നുകയറ്റമായി തിരിച്ചറിയപ്പെടുന്നില്ല. പകൽ സമയങ്ങളിൽപ്പോലും സ്വതന്ത്രമായി സഞ്ചരിക്കാനാവാത്തവിധത്തിൽ മനഃപൂർവമല്ലെന്ന നാട്യത്തിലുള്ള ശാരീരികസ്പർശനം, ദ്വയാർഥപ്രയോഗങ്ങൾ, അശ്ലീല കമന്റുകൾ എന്നിവയിൽ തുടങ്ങി നഗ്നതാപ്രദർശനവും സ്വയംഭോഗപ്രദർശനവുംവരെയുള്ള വൈകൃതങ്ങൾക്ക് ദിവസവും പുറത്തിറങ്ങുന്ന സ്ത്രീകൾ ഇരയാവുന്നുണ്ടെന്ന് *സഖി* എന്ന സംഘടന നടത്തിയ പഠനത്തിൽ പറയുന്നു. പെണ്ണിനെ കണ്ടിട്ടില്ലാത്തപോലെയുള്ള ആൺനോട്ടങ്ങളും കൈക്രിയകളും ഇതരസംസ്ഥാനങ്ങളിൽ താരതമ്യേന കുറവാണ്. ഇത്തരം അതിക്രമങ്ങൾക്കെതിരെ പ്രതികരിക്കുന്നവരെ നിരുത്സാഹപ്പെടുത്തുന്ന പ്രവണതയാണിവിടെ. അത് പലപ്പോഴും അക്രമികൾക്ക് ഉത്തേജനം പകരുന്നവയാണ്. സ്ത്രീകൾക്ക് മുൻകാലങ്ങളേക്കാൾ സുരക്ഷിതത്വം കുറഞ്ഞിരിക്കുന്നുവെന്ന് പകുതിയോളം സ്ത്രീകൾ കരുതുന്നതായി *കേരള പഠനം* വെളിപ്പെടുത്തുന്നു. സ്ത്രീകളുടെ പ്രലോഭനപരമായ വസ്ത്രധാരണം അതിക്രമങ്ങൾ വർധിപ്പിക്കുന്നുവെന്ന അഭിപ്രായവും നിലനിൽക്കുന്നു. എന്നാൽ ജാതി-പ്രായഭേദമന്യേ സ്ത്രീകൾ പൊതുസ്ഥലങ്ങളിൽ അപമാനിക്കപ്പെടുന്നുവെന്നതിന് ഇതൊരു ന്യായീകരണമല്ലെന്നത് വസ്തുതയാണ്.

വിവാഹം എന്ന സ്ഥാപനത്തിന്റെ അവിഭാജ്യഘടകമായി സ്ത്രീധനം മാറിയിരിക്കുന്നു എന്നതാണ് ജനനീതി 2004-ലെ കേരളത്തിലെ സ്ത്രീധന സമ്പ്രദായത്തെക്കുറിച്ചുള്ള പഠനത്തിൽ കണ്ടെത്തിയിരിക്കുന്നത്. സ്ത്രീധനം സ്ത്രീക്കെതിരെയുള്ള അക്രമങ്ങളിൽ മുഖ്യസ്ഥാനം പിടിച്ചുവെന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. സ്ത്രീധനത്തിന്റെ ആപത്തിനെതിരെ ഒരു മതവും ജാതിയും രാഷ്ട്രീയ പ്രസ്ഥാനവും ജാഗ്രത പുലർത്തുന്നില്ലെന്നത് വിരോധാഭാസമായി നിലനിൽക്കുന്നു. ലൈംഗികാ



മണ്ണാപ്പേടിയും പുലപ്പേടിയും അപ്രത്യക്ഷമായിട്ട് കാലമേറെയായി. എങ്കിലും ഇതര ഇന്ത്യൻ സ്ത്രീകളെ അപേക്ഷിച്ച് ഒറ്റയ്ക്കു പുറത്തിറങ്ങാൻ ഭയപ്പാടുള്ളവരാണ് ഇവിടത്തെ സ്ത്രീകൾ. അസമയത്ത് പുറത്തിറങ്ങാൻ ഒരുമ്പെടുന്ന സ്ത്രീകളെ സദാചാരലംഘനത്തിന്റെ പേരിൽ അപമാനിക്കാനും സമൂഹത്തിനു മടിയില്ല.

തിക്രമങ്ങളിൽ ഭർത്താവു മുതൽ സ്വന്തം പിതാവും സഹോദരനും വരെ കുറ്റവാളിയാകുന്ന നിലവന്നിരിക്കുന്നു. ഇന്റർനെറ്റും മൊബൈൽഫോണും തുടങ്ങി ആധുനിക സൗകര്യങ്ങൾപോലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമത്തിന് പുതിയ മാനം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. സമൂഹത്തിൽ സ്ത്രീ നേരിടുന്ന പ്രശ്നങ്ങൾക്ക് നിയമത്തിലൂടെയും നീതിന്യായ വ്യവസ്ഥയിലൂടെയും പരിഹാരം നേടണമെന്ന ഉന്നതാദർശം പലപ്പോഴും ഭരണഘടനയിലെ വാഗ്ദാനം മാത്രമായി ഒതുങ്ങുന്നു. സ്ത്രീസംരക്ഷണത്തിനുള്ള നിയമ സംവിധാനങ്ങളെ ഉപയോഗിക്കുന്ന സ്ത്രീയോട് ഒരു കാരണവശാലും പ്രതിപത്തി കാണിക്കുന്ന സമൂഹമല്ലെന്നതുപോലെ ഇരയോടും അക്രമിയോടും ഒരേ സമീപനം കൈക്കൊള്ളുന്ന നീതിന്യായ സംവിധാനങ്ങളും സ്ത്രീകളെ അരക്ഷിതമാക്കുന്നു.

## ചില ഇടപെടലുകൾ

സ്ത്രീപദവി ഉയർത്തുന്നതിന് ശക്തമായ പല ഇടപെടലുകളും നടന്നിട്ടുള്ള സംസ്ഥാനമാണ് കേരളം. അതിക്രമങ്ങൾ തടയുന്നതിനുള്ള നിരവധി സംവിധാനങ്ങളും ഇവിടെ നിലവിലുണ്ട്. ജനകീയാസൂത്രണം കേരളത്തിൽ പുരോഗമന പ്രസ്ഥാനങ്ങളുടെയും സ്ത്രീപ്രസ്ഥാനങ്ങളുടെയും സമ്മർദങ്ങളിലൂടെ സ്ത്രീപദവി ഉയർത്താനായി ചില ഇടപെടലുകൾ നടത്തിയത് വിസ്മരിക്കാനാവില്ല. ത്രിതലപഞ്ചായത്തുകൾവഴി നടപ്പാക്കിയ അധികാര വികേന്ദ്രീകരണ പ്രക്രിയയുടെ ശ്രദ്ധേയമായ നേട്ടങ്ങളിലൊന്നാണ് സ്ത്രീപദവിയിലുണ്ടായിട്ടുള്ള ശ്രദ്ധയും പ്രാദേശിക ആസൂത്രണ വികസനപരിപാടികളിലെ സ്ത്രീപങ്കാളിത്തവും. ലിംഗപദവി അധികാരബന്ധങ്ങളെ വിലയിരുത്തിക്കൊണ്ടുള്ള ആസൂത്രണവും പദ്ധതി രൂപീകരണവും ഉണ്ടാകണമെന്ന് ആസൂത്രണബോർഡ് നിഷ്കർഷിച്ചിരുന്നുവെങ്കിലും ഫലത്തിൽ സംഭവിച്ചത് പരമ്പരാഗതമായി നിലനിന്നിരുന്ന പതിവ് രീതികളനുസരിച്ചുള്ള ഇടപെടലുകളും പദ്ധതികളുമാണ്.

എങ്കിലും ഒമ്പതാം പദ്ധതിയുടെ രണ്ടാം വർഷം മുതൽ പത്തുശതമാനം തുക വനിതാഘടകപദ്ധതികൾക്കായി മാറ്റിവയ്ക്കപ്പെടണമെന്ന നിഷ്കർഷയുണ്ട്.

വികസനറിപ്പോർട്ടിന്റെ ഒരധ്യായം സ്ത്രീകളുടെ പ്രത്യേക പ്രശ്നങ്ങളെ വിശകലനം ചെയ്തുകൊണ്ടാവാണം, കർമപദ്ധതികളിൽ സ്ത്രീ പങ്കാളിത്തമുണ്ടാവണം, പരിശീലനപരിപാടികളുടെ ഭാഗമായി ജൻഡർ വിശകലനം നടത്തണം, പദ്ധതികളുടെ ജൻഡർ ഇംപാക്ട് അസസ്സ്മെന്റ് നടത്തണം തുടങ്ങിയവയും ജനകീയാസൂത്രണത്തിൽ സ്ത്രീശാക്തീകരണത്തിനായി എടുത്ത തിരുമാനങ്ങളായിരുന്നു. ചില പഞ്ചായത്തുകളിലെങ്കിലും സ്ത്രീപദവി പഠനം നടത്താനും അതുവഴിയുണ്ടായ കണ്ടെത്തലുകൾ തുടർവർഷങ്ങളിലെ ആസൂത്രണത്തിന് സഹായകമായി ഉപയോഗിക്കാനും കഴിഞ്ഞുവെന്നത് ചെറിയ കാര്യമല്ല.

## കുടുംബശ്രീ

സ്ത്രീ ശാക്തീകരണത്തിലും ദാരിദ്ര്യ നിർമാർജനത്തിലും ഇന്ത്യയ്ക്കാകെ മാതൃകയാകുന്ന തരത്തിലുള്ള പ്രവർത്തനമാണ് കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം കാഴ്ചവയ്ക്കുന്നത്. വിവിധ രാഷ്ട്രീയ മതവിശ്വാസങ്ങൾ വച്ചുപുലർത്തുന്ന 36 ലക്ഷം സ്ത്രീകൾ കണ്ണിചേർക്കപ്പെട്ടിട്ടുള്ള ഒരു മതേതരപ്രസ്ഥാനമായ കുടുംബശ്രീക്ക് 1.85 ലക്ഷം അയൽക്കൂട്ടങ്ങളും 17000 എ.ഡി.എസുകളും 1058 സി.ഡി.എസുകളും ഉൾപ്പെടുന്ന സംഘടനാ സംവിധാനവുമുണ്ട്. സ്ത്രീയുടെ സാമൂഹിക സാംസ്കാരിക രാഷ്ട്രീയ ഇടം സ്വയംതിരിച്ചറിയുന്നതിനും പ്രതിരോധ ഇടപെടലുകൾക്കുള്ള വേദിയാകുന്നതിനും ജൻഡർ-സ്വയംപഠന പ്രക്രിയ കുടുംബശ്രീ ആരംഭിച്ചിട്ടുണ്ട്.

## ജാഗ്രതാസമിതികൾ

1996-ൽ രൂപീകൃതമായ കേരളവനിതാ കമ്മീഷൻ ജില്ലാ/പഞ്ചായത്ത് തല ജാഗ്രതാസമിതികൾ രൂപീകരിച്ച് വ്യാപകമാക്കുന്നതിന് നേതൃത്വം നൽകി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും സർക്കാർ സ്ഥാപനങ്ങളും സാമൂഹിക സംഘടനകളും ചേർന്ന ഒരു അനൗപചാരിക പ്രാദേശിക സമിതിയെന്ന നിലയിൽ സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളെ തടയുന്നതിനും അതിനെതിരെ അവബോധം സംഘടിപ്പിക്കുന്നതിനും ജാഗ്രതാസമിതികൾക്ക് കഴിയുന്നു. വനിതാ കമ്മീഷന്റെയും എസ്.ഡി.സി.ക്യാപ്ഡെക്കിന്റെയും സഹായത്തോടെ ചില സന്നദ്ധസംഘടനകൾ പ്രത്യേകം ശ്രദ്ധ നൽകിക്കൊണ്ട് നടത്തിയ ശ്രമങ്ങളുടെ ഫലമായി ഏതാണ്ട് 250-ഓളം ഗ്രാമപഞ്ചായത്തുകളിൽ ജാഗ്രതാസമിതികൾ കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

## ഗാർഹികപീഡനത്തിൽ നിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം

ഇവയ്ക്കൊക്കെ പുറമേയാണ് 2006 ഒക്ടോബറിൽ നിലവിൽവന്ന ഗാർഹിക പീഡനത്തിൽനിന്ന് സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം. അതിക്രമങ്ങളിൽ നിന്ന് രക്ഷ നേടുന്നതിന് സ്ത്രീക്ക് വളരെയധികം സഹായമാവുന്ന ഒന്നായി ഇതുമാറുകയാണ്. സംസ്ഥാന സർക്കാർ 2007-2008-ൽ ബജറ്റിൽ ബോധവത്കരണപരിപാടികൾക്ക് 500 ലക്ഷം രൂപ വകയിരുത്തിയിരുന്നത് ഉപയോഗിച്ച് അഭയകേന്ദ്രങ്ങൾ, കൗൺസലിങ് സെന്ററുകൾ, ജുഡീഷ്യൽ ഓഫീസർമാർ, ഹെയിസ്, പബ്ലിക് പ്രോസിക്യൂട്ടർമാർ, പ്രൊട്ടക്ഷൻ ഓഫീസർമാർ, ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, സ്ത്രീസംഘടനകൾ തുടങ്ങി വിവിധ മേഖലകളിലുള്ളവർക്ക് വ്യാപകമായ പരിശീലനം നൽകിയിരുന്നു. നിയമത്തിന്റെ ഫലപ്രദമായ നടത്തിപ്പിനായി എല്ലാ ജില്ലയിലും പ്രൊട്ടക്ഷൻ ഓഫീസർമാരും ജുഡീഷ്യൽ ഓഫീസർമാരും ഉണ്ട്. പരാതികൾ അവർക്കു സമർപ്പിക്കാവുന്നതാണ്. എങ്കിലും ശാരീരിക പീഡനങ്ങൾക്കുപരിയായി സമൂഹം ഒറ്റപ്പെടുത്തുന്നുവെന്നും പെടുമെന്നുമുള്ള ധാരണകൾമൂലം അതിക്രമങ്ങളുണ്ടായാൽപോലും പുറത്ത് പറയാതിരിക്കുന്ന സാഹചര്യങ്ങളുള്ളപ്പോൾ, സേവനദാതാക്കളും പ്രൊട്ടക്ഷൻ ഓഫീസർമാരും ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്. ഈ നിയമത്തിന്റെ ഏറ്റവും വലിയ പ്രസക്തി പീഡനത്തിന് കൃത്യമായ നിർവചനം കൊണ്ടുവന്നുവെന്നതും സ്ത്രീകൾ സാമാ

ന്യേന അനുഭവിക്കുന്ന അതിക്രമങ്ങളെല്ലാം അതിൽ ഉൾപ്പെടുത്തുകയും ചെയ്തുവെന്നതുമാണ്. പീഡനത്തിന്റെ നിർവചനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ശാരീരികം, മാനസികം, സാമ്പത്തികം, ലൈംഗികം, വാചികവും വൈകാരികവും തുടങ്ങിയവ മുൻകാലങ്ങളിൽ ഒരു അതിക്രമമാണോയെന്ന് സംശയിച്ചിരുന്നു. ആ സംശയം ഒഴിവാക്കാൻ നിയമം ഉപകരിച്ചു. ഉദാഹരണത്തിന്, വൈകല്യമുള്ള ഒരു വ്യക്തിയെ ആ ദൗർബല്യത്തിനെ കുത്തിനോവിച്ചു കൊണ്ടേയിരിക്കുന്നത് വാചികവും വൈകാരികവുമായ പീഡനമായി നിർവചനത്തിൽ ഉൾപ്പെടുത്തുന്നതുവരെ അതൊരു അതിക്രമമായി അംഗീകരിക്കപ്പെട്ടിരുന്നില്ല.

സഹോദരിമാർ, വിധവകൾ, നിയമപരമായ വിവാഹബന്ധത്തിലല്ലാതെ താമസിക്കുന്ന ദമ്പതികൾ തുടങ്ങിയവരെക്കൂടി നിയമം പരിഗണിക്കുന്നുണ്ട്. ഒരുമിച്ചു താമസിക്കുന്ന വീടിന് അവകാശമോ പട്ടയമോ ഇല്ലെങ്കിൽപോലും സ്ത്രീയെ വീട്ടിൽനിന്ന് ഇറക്കിവിടാൻ ബന്ധുക്കൾക്ക് അവകാശമില്ലെന്നത് സ്ത്രീക്ക് അതിക്രമങ്ങൾക്കെതിരെ പരാതിപ്പെടാനുള്ള പ്രചോദനം നൽകുന്നതാണ്. കോടതിക്ക് പുറപ്പെടുവിക്കാവുന്ന സംരക്ഷണ ഉത്തരവ് (Protection Order.S.18) വാസസ്ഥല ഉത്തരവ് (Residence rights. 19) തുടങ്ങി നിയമത്തിലെ ശ്രദ്ധേയമായ വശങ്ങൾ കൃത്യമായി ഉപയോഗിക്കപ്പെട്ടാൽ തന്നെ ഗാർഹിക അതിക്രമങ്ങളിൽ നിന്ന് ഒരു പരിധിവരെ മുക്തമാകാം.

## വനിതാനയം

സ്ത്രീ പദവിയുടെ കാര്യത്തിൽ കേരളസമൂഹത്തിൽ നിലനിൽക്കുന്ന അസമമായ ബന്ധത്തിന്റെ പ്രതിഫലനമായി സ്ത്രീകൾക്ക് നേരെ വർധിച്ചുവരുന്ന അതിക്രമങ്ങളെ സംസ്ഥാനസർക്കാർ കാണുന്നുവെന്ന് സർക്കാർ ഈയിടെ രൂപം നല്കിയ വനിതാനയം പ്രഖ്യാപിക്കുന്നു. സ്ത്രീപദവിയെ ബാധിക്കുന്ന എല്ലാവിധ അതിക്രമങ്ങളും വിവേചനങ്ങളും ഇല്ലാതാക്കുന്നതിന് നിയമസംവിധാനം ശക്തമാക്കുമെന്നു നയപ്രഖ്യാപനം പറയുന്നുണ്ട്. അതിക്രമങ്ങൾക്കെതിരെയുള്ള നിലപാട് അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുന്നതോടൊപ്പംതന്നെ അത് നടപ്പാക്കാനുള്ള 22 ഇന കർമപരിപാടിയും നയത്തിലുണ്ട്.

## സമൂഹം ഉണരണം

ഇതൊക്കെയുണ്ടെങ്കിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ മറ്റെവിടെയും പോലെ കേരളത്തിലും ഒരു പ്രശ്നമായിത്തന്നെ നിലനിൽക്കുന്നു.

സംസ്ഥാന വനിതാക്കമ്മീഷന് ശരാശരി 2000-2500 പരാതികളാണ് ഓരോ വർഷവും ലഭിക്കുന്നത്. അതിൽ 80% കുടുംബത്തിനുള്ളിലെ അതിക്രമങ്ങളാണ്. ഡൽഹിയിലെ 'സാക്ഷി' എന്ന സംഘടനക്കുവേണ്ടി 'സഖി' നടത്തിയ പഠനത്തിൽ പ്രതികരിച്ച 95% സ്ത്രീകളും കേരളത്തിൽ ജോലിസ്ഥലങ്ങളിൽ പലതരത്തിലുള്ള ലൈംഗികാതിക്രമങ്ങൾക്കിരയാകുന്നതായി അഭിപ്രായപ്പെടുന്നു. ഇന്ത്യയിൽ ഏറ്റവും ഉയർന്ന ആത്മഹത്യാനിരക്കുള്ള സംസ്ഥാനങ്ങളിൽ ഒന്നാണ് കേരളം. ഇവിടെ ഒരുലക്ഷത്തിൽ 27 പേർ ആത്മഹത്യ ചെയ്യുന്നു. സ്ത്രീകളുടെ ഇടയിലാണ് ഉയർന്ന ആത്മഹത്യാനിരക്ക് കാണുന്നതെന്നത് ശ്രദ്ധാർഹമാണ്. ഗാർഹിക പീഡനങ്ങൾക്കും അതിക്രമങ്ങൾക്കും വിധേയരാവുന്നവരിലും ആത്മഹത്യാപ്രവണത കൂടി വരുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

ഈ സാഹചര്യത്തിലാണ് സ്ത്രീകൾക്കുനേരെയുള്ള അതിക്രമങ്ങൾക്കെതിരെ സ്ത്രീയും പുരുഷനും ചേർന്ന് പ്രവർത്തിക്കണമെന്ന യു.എൻ.ആഹ്വാനം കൂടുതൽ പ്രസക്തമാകുന്നത്. തുടക്കത്തിൽ സൂചിപ്പിച്ച സുഹൃത്തിന്റെ അഭിപ്രായമുള്ള പലരുമുണ്ടാകാം. അവരെ വസ്തുതകൾ ബോധ്യപ്പെടുത്തി സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾക്കെതിരെയുള്ള പ്രവർത്തനങ്ങളിൽ പങ്കാളിയാക്കണം. എന്തെല്ലാം സംവിധാനങ്ങളും നിയമങ്ങളുമുണ്ടായാലും സ്ത്രീയും പുരുഷനുമുൾപ്പെടുന്ന പൊതുസമൂഹം ഈ പ്രശ്നം തിരിച്ചറിയുകയും അതു പരിഹരിക്കുന്നതിന് ഉതകുന്ന പൊതുമനോഭാവങ്ങളും സാമൂഹിക കാലാവസ്ഥയും ഉരുത്തിരിച്ചെടുക്കുകയും ചെയ്താലേ ആത്യന്തികമായി സ്ത്രീയുടെയും സമൂഹത്തിന്റെയും സുരക്ഷ ഉറപ്പാകൂ.■

■ ജോയി ബാലൻ വ്ളാത്താങ്കര

ഒരു സമൂഹത്തിന്റെ രാഷ്ട്രീയ, സാമൂഹിക, സാംസ്കാരിക മേന്മയുടെ അളവുകോലാണ് ആ സമൂഹത്തിലെ സ്ത്രീകളുടെ പദവിയും കുടുംബഘടനയും. ഇന്ന് ഇന്ത്യയിൽ ഏറ്റവും കൂടുതൽ അഭ്യസ്തവിദ്യരായ സ്ത്രീകളുള്ള നാട് എന്ന വിശേഷണം കേരളത്തിനാണ്. എന്നാൽ ഈ വളർച്ചയ്ക്ക് ഒരു ചരിത്രമുണ്ട്. കേരളത്തിൽ സ്ത്രീകൾ അനുഭവിക്കുന്ന സ്വാതന്ത്ര്യം ആരും അവർക്ക് അനുവദിച്ചു നല്കിയതല്ല. മറിച്ച് നൂറ് കണക്കിന് വർഷം നീണ്ടുനിന്ന പ്രക്ഷോഭങ്ങളിലൂടെയും പോരാട്ടങ്ങളിലൂടെയും അവർ നേടിയെടുത്തതാണ്.

സ്ത്രീസ്വാതന്ത്ര്യത്തിന്റെയും സ്ത്രീസമൂഹത്തിന്റെയും മാന്യതയ്ക്ക് വിലങ്ങുതടിയായി പല ആചാരങ്ങളും കേരളത്തിൽ നിലവിലുണ്ടായിരുന്നു. ദേവദാസി സമ്പ്രദായം, സ്മാർത്ത വിചാരം, സംബന്ധം, മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി, താലികെട്ടു കല്യാണം, പുളികുടി കല്യാണം, പാണ്ഡവാചാരം, മറക്കുട, മാറുമറയ്ക്കുന്നതിന് ഉണ്ടായിരുന്ന വിലക്ക് തുടങ്ങിയവ ഇവയിൽ ചിലതു മാത്രമാണ്.

ഒരു പതിവ്രതയുടെ ഗൃഹം ഗുണപൂർണവും ചപലയായ സ്ത്രീയുടെ വീട് നാശോന്മുഖവുമായിരിക്കുമെന്ന് *തിരുക്കുറളിൽ* തിരുവള്ളുവർ പറയുന്നു.[1] ആധുനിക കാലത്തിലേക്ക് വരുമ്പോൾ പെണ്ണ് വേഴ്ചയ്ക്കൊരുമ്പെട്ടതിനാൽ മടമുറിഞ്ഞ് കൃഷി നശിക്കുന്നതായും കടലിൽ പോകുന്ന അരയന്റെ ജീവൻ കരയിലിരിക്കുന്ന അരയത്തിയുടെ പരിശുദ്ധിയാണെന്നുമുള്ള വിശ്വാസങ്ങൾ തകഴിയുടെ നോവലുകളിൽ സ്ഥാനം പിടിക്കുന്നത് എഴുത്തുകാരും സമുഹത്തിൽ നിലനിന്നിരുന്ന ഇത്തരം വിശ്വാസങ്ങളെ ഉപജീവിച്ച് രചന നടത്തിയിട്ടുണ്ടെന്നുള്ളതിന് ഉദാഹരണങ്ങളാണ്.

ബ്രാഹ്മണാധിപത്യം കേരള സമൂഹത്തിൽ ഉറപ്പിച്ചെടുക്കുന്നതിലേക്കായി പതിനെട്ടാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട *കേരളോത്പത്തി*യിലും *കേരളമാഹാത്മ്യ*ത്തിലുമാണ് കേരളസാമൂഹിക ക്രമത്തെപോലെ സ്ത്രീപദവിയെയും മുറിപ്പെടുത്തുന്ന അടയാളങ്ങൾ പ്രത്യക്ഷപ്പടുന്ന നിയമങ്ങൾ ചിട്ടപ്പെടുത്തിയത്.[2] *കേരളോത്പത്തി*പ്രകാരം ബ്രാഹ്മണർക്കു യുദ്ധം ചെയ്യാൻ പടയാളികളെയും ജീവിതം അനുഭവിക്കാൻ സ്ത്രീകളെയും വേണ്ടിയിരുന്നു.[3] അതിനായി നായർ എന്നൊരു ജാതിയെ വ്യവസ്ഥചെയ്തു. ആ ജാതിയിലെ പുരുഷൻമാർ ആദ്യത്തെയും സ്ത്രീകൾ രണ്ടാമത്തെയും ഉദ്യോഗം നിറവേറ്റി.[4] ഇത്തരം ചരിത്ര സാഹചര്യങ്ങളിലൂടെയാണ് കേരളത്തിൽ സ്ത്രീകളുടെ സാമൂഹിക പദവി പിന്നാക്കം പോയതും സ്വാമി വിവേകാനന്ദൻ ഭ്രാന്താലയമെന്ന് വിശേഷിപ്പിക്കുന്ന നിലയിൽ കേരളം എത്തിയതും.


ഇത്തരത്തിൽ സമൂഹം സൃഷ്ടിക്കുകയും നിലനിർത്തുകയും പോഷിപ്പിക്കുകയും ചെയ്ത ആചാരങ്ങളിൽ ചിലത് പരിശോധിക്കാം.

## ദേവദാസി സമ്പ്രദായം

സ്ത്രീകൾക്ക് സമൂഹത്തിൽ വളരെ മോശമായ സ്ഥാനമനുവദിച്ചു നല്കിയിരുന്നു എന്നതിന് ഒരുദാഹരണമാണ് ദേവദാസി സമ്പ്രദായം. ദൈവത്തെയും ക്ഷേത്രാരാധനയെയും ദുരുപയോഗപ്പെടുത്തിക്കൊണ്ട് ക്ഷേത്രങ്ങൾ കേന്ദ്രമാക്കി ബ്രാഹ്മണാധിപത്യത്തിൽ വളർന്നുവന്ന സമ്പ്രദായമാണ് ദേവദാസി സമ്പ്രദായം.

# കേരളത്തിലെ സ്ത്രീമുന്നേറ്റ ചരിത്രം

സ്ത്രീസാക്ഷരതയിലും പ്രബുദ്ധതയിലും കേരളം ഇന്ന് ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് ബഹുദൂരം മുന്നിലാണ്.എന്നാൽ ഈ സ്വാതന്ത്ര്യത്തിനും പ്രബുദ്ധതയ്ക്കും മുമ്പേ ഇരുളടഞ്ഞ ഒരു കാല ഘട്ടമുണ്ടായിരുന്നു എന്ന് അറിയുന്നവർ ഇന്ന് വിരളമാണ്. അക്കാലത്ത് കേരളത്തിൽ നിലനിന്നിരുന്ന ചില സമ്പ്രദായങ്ങളെ വിശകലനം ചെയ്യുകയാണ് ലേഖകൻ.



എ.ഡി. 950 കേരളം സന്ദർശിച്ച അബുസെയ്ദ് എന്ന അറബി സഞ്ചാരി ഇവിടത്തെ ദേവദാസി സമ്പ്രദായത്തെ പരാമർശിച്ചിട്ടുണ്ട്. ബ്രാഹ്മണാധിപത്യം സ്ഥാപിതമായതോടെ ദേവദാസി സമ്പ്രദായം വേശ്യാവൃത്തിയായും ഭോഗലാലസതയ്ക്കുള്ള മാധ്യമമായും പരിണമിച്ചു എന്നാണ് ഇതിൽ നിന്ന് മനസ്സിലാക്കേണ്ടത്.[5] തീർത്തും ഒരു വില്പനചരക്ക് എന്ന തരത്തിലേക്ക് സ്ത്രീയെ ദേവദാസിസമ്പ്രദായം തരംതാഴ്ത്തി.

### മണ്ണാപ്പേടി, പുലപ്പേടി, പറപ്പേടി

തെക്കൻ തിരുവിതാംകൂറിൽ മണ്ണാപ്പേടി എന്നാണ് പറയുള്ളത്. വടക്കു പുലപ്പേടിയെന്നും പറപ്പേടിയെന്നും മറ്റും പറയാറുള്ളതും ഇതുതന്നെ. മലയാളമാസമായ മകരത്തിലെ 28-ാം തീയതിയാണ് പുലപ്പേടിയുള്ള കാലം.[6] അക്കാലത്ത് സന്ധ്യ കഴിഞ്ഞാൽ പുരുഷസഹായം കൂടാതെ നായർ സ്ത്രീകൾ വീട്ടിനുവെളിയിൽ ഇറങ്ങുമായിരുന്നില്ല. ഒരു മണ്ണാൻ എവിടെയെങ്കിലും പതുങ്ങിയിരുന്ന് ‘കണ്ടേ, കണ്ടേ’ എന്നു വിളിച്ചു പറഞ്ഞാൽ നായർസ്ത്രീക്ക് ജാതി ഭ്രഷ്ടുവരും. കമ്പോ കല്ലോ കൊണ്ട് സ്ത്രീയുടെ ദേഹത്ത് എറിഞ്ഞു കൊള്ളിക്കയോ തൊടുകയോ വേണമെന്നാണ് ചിലയിടങ്ങളിൽ. ഏതായാലും ആ സ്ത്രീക്ക് തിരികെ വീട്ടിൽ കയറിക്കൂടാ, അവൾ മണ്ണാന്റെ കൂടെ പൊയ്ക്കൊള്ളണം. മണ്ണാനോടുകൂടി ഓടി രക്ഷപ്പെടാതെ ഏതെങ്കിലും പ്രകാരത്തിൽ അവളുടെ ബന്ധുക്കളുടെ കയ്യിൽപ്പെട്ടാൽ, അവർ അവളെ ഉടൻ കൊന്നുകളയും. അതു




**താലി കെട്ടിക്കഴിഞ്ഞാൽ ഉടൻ തന്നെ വരൻ കൈകഴുകുന്നു. താൻ താലികെട്ടിയ പെൺകുട്ടിയുമായുള്ള ബന്ധം അതോടെ അവസാനിച്ചതായാണ് ഈ കൈകഴുകൽ കൊണ്ട് അർത്ഥമാക്കുന്നത്. ഈ ചടങ്ങു കഴിഞ്ഞാൽ സ്ത്രീക്ക് തന്നെക്കാൾ താണ ജാതിയല്ലാത്തതായ ഏതു പുരുഷനോടുകൂടെയും രമിക്കുന്നതിനു വിരോധമില്ല.**

കൊണ്ട് ആ സാധുസ്ത്രീക്ക് ജീവൻ രക്ഷിക്കാൻവേണ്ടി മണ്ണാനോടോ പുലയനോടോ കൂടെ ഓടിഒളിക്കുകയെ നിർവ്വാഹമുണ്ടായിരുന്നുള്ളു.[7] പത്തൊൻപതാം നൂറ്റാണ്ടിന്റെ അവസാനം വരെ ഈ ആചാരം നിലനിന്നുവെന്നാണ് കരുതപ്പെടുന്നത്.

### താലികെട്ടു കല്യാണം

താലികെട്ടു കല്യാണം അഥവാ പെൺകുട്ടിയുടെ ഉടമസ്ഥത ഉറപ്പിക്കൽ ചടങ്ങ് 1908 മുതൽ വളരെ ചർച്ചാവിഷയമായിതീർന്ന ഒന്നാണ്. ഒരു പെൺകുട്ടി സ്ത്രീത്വം അറിയിച്ചുകഴിഞ്ഞാൽ ആ സമുദായത്തിൽപ്പെട്ട പുരുഷൻ, അവൾ തന്റെതാണ് എന്ന് അറിയിക്കാനായി താലിചാർത്തുന്നു.[8] നായർ, ക്ഷത്രിയർ, ഈഴവർ, പുലയർ, അരയൻ എന്നീ ജാതിക്കാരുടെയിടയിൽ ഈ ആചാരം നിലനിന്നിരുന്നു. പലപ്പോഴും മൂന്നു വയസ്സു മുതൽ 14 വയസ്സുവരെ പ്രായമായ പെൺകുട്ടികളെ താലികെട്ടുകല്യാണത്തിന് വിധേയമാക്കിയിരുന്നു.[9] താലികെട്ടുന്ന പുരുഷൻ ഒരിക്കലും പെൺകുട്ടിയുടെ ഭർത്താവാകുന്നില്ല.[10] പെൺകുട്ടിയുടെ കഴുത്തിൽ താലികെട്ടികഴിഞ്ഞാൽ ഉടൻ തന്നെ വരൻ കൈകഴുകുന്നു. താൻ താലികെട്ടിയ പെൺകുട്ടിയുമായുള്ള ബന്ധം അതോടെ അവസാനിച്ചതായാണ് ഈ കൈകഴുകൽ കൊണ്ട് അർത്ഥമാക്കുന്നത്.[11] ഇതു കഴിഞ്ഞ ഉടനെ മണവാളൻ വന്ന വഴിക്കു പോകുകയും ചെയ്യുന്നു. ഇയാൾക്ക് സ്ത്രീയുടെ ഭർത്താവായിരിക്കണമെങ്കിൽ വിരോധമില്ല. അതിന് മനസ്സില്ലെങ്കിൽ അങ്ങനെ ചെയ്യണമെന്നും നിർബന്ധമില്ല. ഈ ചടങ്ങു കഴിഞ്ഞാൽ സ്ത്രീക്ക് തന്നെക്കാൾ താണജാതിയല്ലാത്തതായ ഏതു പുരുഷനോടുകൂടെയും രമിക്കുന്നതിനു വിരോധമില്ല. ഇങ്ങനെ എത്ര അധികം പുരുഷൻമാർ ഒരു സ്ത്രീക്കു സംബന്ധമായുണ്ടാകുന്നോ അത്രയ്ക്ക് അധികം മാന്യതയിലാണ് ജനങ്ങൾ അവളെ വിചാരിച്ചുവന്നത്.[12]

ഈ ആചാരവും മറ്റു പല ആചാരങ്ങളെയും പോലെ സ്ത്രീപദവി, ചാരിത്ര്യശുദ്ധി തുടങ്ങിയവയ്ക്ക് യാതൊരു മാന്യതയും കല്പിച്ചിരുന്നില്ല. പുരുഷമേധാവിത്തമല്ല മറിച്ച്, സവർണമേധാവിത്തമായിരുന്നു ഇവിടെ സ്ത്രീയെ അപമാനപ്പെടുത്തുന്ന തരത്തിലുള്ള ഇത്തരം നിയമങ്ങൾ സൃഷ്ടിച്ചെടുക്കാൻ പ്രേരിപ്പിച്ചത്. മാത്രമല്ല അവ ആചാരത്തിന്റെ ഭാഗമാക്കി മാറ്റിയതും നൂറ്റാണ്ടുകളോളം നിലനിർത്തിയതും.

### പുളികുടി കല്യാണം

നായർ തറവാടുകളിൽ നിലനിന്നിരുന്ന മറ്റൊരു ചടങ്ങാണ് പുളികുടി കല്യാണം. ഗർഭകാലത്തിന്റ അഞ്ച്, ഏഴ്, ഒമ്പത് എന്നീ മാസങ്ങളിൽ ഏതെങ്കിലും ഒരു മാസത്തിലാണ് ഈ ചടങ്ങ് നടത്തുന്നത്. നാലിനം പുളിയുടെ ഇല പിഴിഞ്ഞ് നീരെടുത്ത് അതിൽ അരിയിട്ട് വേവിച്ച് ആ കഞ്ഞി ഗർഭിണിക്ക് നല്കുന്നതാണ് പ്രധാന ചടങ്ങ്. പെണ്ണ് പിഴച്ചു ഗർഭിണിയായതല്ല എന്നു പ്രഖ്യാപിക്കലാണത്രെ ഈ ചടങ്ങിന്റെ ഉദ്ദേശ്യം.[11]

### പാണ്ഡവാചാരം

ആശാരി, മൂശാരി, കരുവാൻ, തട്ടാൻ, കൊല്ലൻ തുടങ്ങിയ ജാതിക്കാരുടെ ഇടയിൽ പാണ്ഡവാചാരം എന്ന വിവാഹ സമ്പ്രദായമാണ് നടപ്പുണ്ടായിരുന്നത്. എല്ലാ സഹോദരൻമാരും ചേർന്ന് ഒരു സ്ത്രീയെ വിവാഹം കഴിക്കുന്ന സമ്പ്രദായത്തെയാണ് പാണ്ഡവാചാരം എന്നു പറയുന്നത്[13]. വാസ്തവത്തിൽ ആരംഭത്തിൽ സ്ത്രീയെ ഉപഭോഗവസ്തുവായി കരുതിയിരുന്നത് സവർണ്ണ വർഗമായിരുന്നു. കാലക്രമേണ ഇത് സാർവത്രികമായി മാറിയതിന്റെ ഉദാഹരണമാണിത്.

### സാധനം അഥവാ നമ്പൂതിരി സ്ത്രീ

തീർത്തും സാധനം എന്ന അവസ്ഥയിൽ അധഃപതിച്ചുപോയ ഒരു വിഭാഗമാണ് നമ്പൂതിരി സ്ത്രീ വിഭാഗം എന്നു പറയാം. നമ്പൂതിരിമാർക്ക് പെൺകുട്ടികൾ വലിയ ഭാരമായിരുന്നു. സ്ത്രീധനം സമാഹരിക്കാനോ ഒഴിവാക്കാനോ, അനുജൻമാരെ കൊണ്ടു വേളി കഴിപ്പിക്കുന്നതിനുപകരം മഹൻമൂസ്സത് (കുടുംബത്തിലെ ഏറ്റവും മൂത്ത നമ്പൂതിരി) വിണ്ടും വീണ്ടും വേളി കഴിച്ചിരുന്നു.[14] ഒരു നമ്പൂതിരിക്ക് ചില സാഹചര്യങ്ങളിൽ അഞ്ച് വേളി വരെ ആകാമായിരുന്നു. നമ്പൂതിരി സ്ത്രീകളിൽ ആർക്കും ശരിക്കുള്ള കുടുംബജീവിതസൗഖ്യം ലഭിച്ചിരുന്നില്ല.[15]

നമ്പൂതിരിമാർക്ക് തങ്ങളുടെ സ്ത്രീജനങ്ങളോടുള്ള മനോഭാവം, അവരോടുള്ള പെരുമാറ്റം എന്നിവയെക്കുറിച്ചുള്ള ജുഗുപ്സാവഹമായ പലതും സ്മാർത്ത വിചാരങ്ങളിലൂടെ പുറത്തുകൊണ്ടുവരാൻ കഴിഞ്ഞു. ഏതെങ്കിലുമൊരു സ്ത്രീ ലൈംഗികാപചയത്തിന്റെ പേരിൽ സംശയിക്കപ്പെട്ടാൽ ഉടനെ കാര്യങ്ങളെ പർവതീകരിച്ച് കാണിച്ച് വളരെ ഒച്ചപ്പാടുണ്ടാക്കിയിരുന്നു. സ്വന്തം ബന്ധുക്കൾപോലും അവളെ വേട്ടയാടാൻ തുടങ്ങും. തുടർന്ന് അവളെ ഏകാന്തത്തടവിലാക്കി സാധനം എന്ന പേരും നൽകും. പെറ്റമ്മയ്ക്കുപോലും അവളെ കാണുവാനോ സംസാരിക്കാനോ അധികാരമില്ല. വിചാരണകഴിഞ്ഞ് കേസു തീരുന്നതുവരെ അവളുടെ കുടുംബത്തെയും സംശയദൃഷ്ടിയോടെ വീക്ഷിക്കും. സ്മാർത്ത വിചാരണ മാനസിക ശാരീരികപീഡനം വരെ എത്താറുണ്ട്. പുരുഷൻമാർ ഉണ്ണുക ഉറങ്ങുക ഉണ്ണികളെ സൃഷ്ടിക്കുക എന്ന തരത്തിൽ അധഃപതിച്ച ഒരു സമൂഹത്തിൽ സ്ത്രീകൾ പലപ്പോഴും അവരുടെതായ കുറ്റംകൊണ്ടല്ലാതെയും ഇത്തരത്തിൽ ഭ്രഷ്ട് കല്പിക്കപ്പെട്ട സംഭവങ്ങൾ നിരവധിയാണ്.

### സംബന്ധം

സംബന്ധം എന്നറിയപ്പെട്ടിരുന്ന വിവാഹ സമ്പ്രദായം നായർ-നമ്പൂതിരി സമുദായത്തിന്റെ പ്രത്യേകതയായിരുന്നു. ഈ വ്യവസ്ഥയിൽ സ്ത്രീ എത്രമാത്രം സമൂഹത്തിന്റെ പ്രത്യക്ഷ ധാരയിൽ നിന്നും പിന്നാക്കം പോയിരുന്നു എന്നു വ്യക്തമാണ്. ഭർത്താവ് ഭാര്യാഗൃഹത്തിലെ സന്ദർശകൻ മാത്രമാണ്. ഭാര്യാഭർത്താക്കൻമാർ ഒരുമിച്ചിരുന്ന് ഭക്ഷണം കഴിക്കുകയോ മറ്റോ ചെയ്തിരുന്നില്ല. രാത്രികാലങ്ങളിൽ എത്തി പുലർകാലെ തിരികെപോകുന്ന പതിവായിരുന്നു ഭർത്താക്കൻമാർക്കുണ്ടായിരുന്നത്.[16]

### വസ്ത്രധാരണത്തിനുണ്ടായിരുന്ന വിലക്ക്

കേരളീയ നവോത്ഥാനത്തിനു തുടക്കം കുറിക്കുന്ന മാറുമറയ്ക്കൽ കലാപം അഥവാ ചാന്നാർ കലാപം വസ്ത്രധാരണത്തിൽ ഉണ്ടായിരുന്ന വിലക്കിൽ നിന്നും ഉണ്ടായ മഹാസ്ഫോടനമാണ്. ഈ പ്രക്ഷോഭം കേരളത്തിലാകമാനം വസ്ത്രധാരണരീതിയിൽ ഉണ്ടാക്കിയ മാറ്റം സാമൂഹികനവോത്ഥാനത്തിലേക്കു വഴിതെളിച്ചതിലൂടെ കേരളത്തിന്റെ നവയുഗപ്പിറവിക്കു കാരണമായ സുപ്രധാന സംഭവമായി പരിണമിക്കുകയും ചെയ്തു. കേരളത്തിൽ പ്രചരിച്ച ആര്യസംസ്കാരവും ജാതിവ്യവസ്ഥയുമാകാം, സ്ത്രീകൾ അർദ്ധനഗ്നരായി ജീവിതം നയിക്കുന്നതിനു നിമിത്തമായ നിയന്ത്രണങ്ങൾ കൊണ്ടുവന്നത്. മുട്ടിനുമുകളിൽ അരയ്ക്കുചുറ്റും മാത്രം വസ്ത്രം ധരിച്ചു നഗ്നത മറയ്ക്കുക എന്നതാണ് ഇവിടത്തെ കീഴ്‌വഴക്കം.[17] എന്നു മുതൽക്കാണ് ഈ ശീലം തുടങ്ങുന്നത് എന്ന് ഒരിടത്തും പരാമർശമില്ല .18-ാം നൂറ്റാണ്ടിൽ യൂറോപ്പിൽ സഞ്ചരിച്ചു തിരിച്ചു വന്ന ഒരു നായർ യുവതി മാറുമറച്ചുകൊണ്ട് ആറ്റിങ്ങൽ റാണിയെ കാണാൻ പോയി എന്ന കുറ്റത്തിന് റാണിയുടെ മുമ്പിൽ വച്ചുതന്നെ ആ യുവതിയുടെ രണ്ടുമാറും നിശ്ശേഷം ഛേദിച്ചുകളഞ്ഞ ഒരു സംഭവം ഗ്രേസ് രേഖപ്പെടുത്തിയിട്ടുണ്ട്.[18]

വേഷവിധാനത്തിന്റെ വൈവിധ്യം സാമൂഹിക നിലവാരത്തിന്റെയും അധികാരത്തിന്റെയും അടയാളമായിരുന്നു. ഇതിനോടുള്ള എതിർപ്പിന്റെ ഭാഗമായി മാറുമറയ്ക്കാനോ മേൽജാതിക്കാരെപ്പോലെ വസ്ത്രധാരണം ചെയ്യാനോ അധഃസ്ഥിതർ ശ്രമിച്ചപ്പോഴൊക്കെ അവർക്ക് ശക്തമായ തിരിച്ചടികൾ നേരിടേണ്ടിവന്നു.[19] എന്നാൽ ഈ ഉദ്യമത്തിൽ ചാന്നാർജനത നയിച്ച മേൽ മുണ്ടു കലാപം കേരളത്തിന്റെ ഗതി ഇത്രമാത്രം മാറ്റിമറിക്കുന്ന ഒന്നായിരിക്കുമെന്ന് ആരും ചിന്തിച്ചുപോലും കാണാൻ തരമില്ല.

18,19 നൂറ്റാണ്ടുകളിൽ സ്ത്രീസമൂഹത്തെ ഇത്തരം കാടത്തമായ ആചാരങ്ങളുടെ പിൻബലത്തിൽ അവഹേളിക്കുകയായിരുന്നു. സവർണ്ണ-അവർണ്ണ വ്യത്യാസമില്ലാതെ ഈ രീതികൾ ചോദ്യം ചെയ്യപ്പെടാതെ നൂറ്റാണ്ടുകളോളം നിലനിന്നു പോന്നു.

തിരുവിതാംകൂറിൽ ഒരു പക്ഷെ *കേരള മാഹാത്മ്യം, കേരളോത്പത്തി* എന്നിവയുടെ ഭാഗമായ പരശുരാമകഥയിലൂടെ സവർണൻ അവതരിപ്പിച്ച ജാതി, വർഗ, തൊഴിൽപരമായ തീണ്ടാപ്പാടു കല്പിക്കൽ ചോദ്യം ചെയ്യപ്പെടുന്നത് പാശ്ചാത്യ, പൗരസ്ത്യ സംസ്കൃതിയുടെ വ്യാപനകാലഘട്ടത്തിൽ പൊട്ടിമുളച്ച് നവോത്ഥാന സമരങ്ങളിലൂടെയായിരുന്നു. പോരാട്ടങ്ങളിലൂടെ വന്നമാറ്റങ്ങൾക്കിപ്പുറം സ്ത്രീ ആധുനിക കമ്പോളത്തിന്റെ ഉപഭോഗവസ്തു മാത്രമായി പരിണമിക്കുന്ന ദു:സ്ഥിതിയുമുണ്ട്. സ്വന്തം ആന്തരിക വ്യക്തിത്വത്തിന്റെ കരുത്തിൽ അഭിമാനപൂർവ്വം സ്വാതന്ത്ര്യത്തോടെ ജീവിക്കാൻ സ്ത്രീയെ പ്രാപ്തമാക്കുന്നതിന് പുരുഷനും സ്ത്രീയും ഇനിയുമെറെ ശ്രമിക്കേണ്ടതുണ്ട്. ■

### സൂചിക


1. എൻ.സുബ്രഹ്മണ്യൻ, സംഘകാല ഭരണ സംവിധാനം, സംഘം തമിഴരുടെ ഭരണവും സാമൂഹിക ജീവിതവും, ഐ.സി.എച്ച്.ആർ, ഡി.സി. ബുക്സ്, കോട്ടയം, 2003, പുറം .266.
2. രാഘവവാരിയർ, രാജൻഗുരുക്കൾ., കേരള ചരിത്രം, വള്ളത്തോൾ വിദ്യാപീഠം, ശുകപുരം, 2007, (Reprint), പുറം.12.
3. Nagam Aiya., Travancore State Manual, Vol. 1, Trivandrum, 1906, p.215.
4. R.N.Yesudas., A People s Revolt in Travancore, A Backward class Movement for Social freedom Trivandrum, 1975. p.7
5 പി.കെ.ഗോപാലകൃഷ്ണൻ., കേരളത്തിന്റെ സാംസ്കാരിക ചരിത്രം, കേരള ാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 1994(Reprint) പുറം-309
6. ഇളംകുളം പി.എൻ.കുഞ്ഞൻപിള്ള, അന്നത്തെ കേരളം, സാഹിത്യ പ്രവർത്തക സഹകരണ സംഘം, കോട്ടയം, 1959, പുറം.93.
7. ഇളംകുളം.പി.എൻ.കുഞ്ഞൻപിള്ള. അതെ പുസ്തകം. പുറം.93.
8. കാണുക. A.Ayyappan., The Personality of Kerala, Kerala University, Thiruvananthapuram pp.225-226.
9. അതെ പുസ്തകം
10. ഡോ.കെ.ശിശുപാലൻ, മരുമക്കത്തായം മിഥ്യയും സത്യവും, അ ക്ക്, തിരുവനന്തപുരം 2006, പുറം-68.
11. കാവാലം നാരായണപണിക്കർ., കേരളത്തിലെ നാടോടി സംസ്കാരം പുറം-87.
12. Barabosa., A Description of Malabar and the East Coast of Africa, Quoted by വേലായുധപണിക്കശ്ശേരി., കേരളം പതിനഞ്ചും പതിനാറും നൂറ്റാണ്ടുകളിൽ , കറന്റ് ബുക്സ്, കോട്ടയം, 1997, പുറം-61-62.
13 ഡോ. കെ. ശിശുപാലൻ, മരുമക്കത്തായം മിഥ്യയും സത്യയും, പുറം.65.
14. എ.എം.എൻ.ചാക്യാർ.,അവസാനത്തെ സ്മാർത്തവിചാരം (പരിഭാഷ പ്രെ.കെ.കെ. ശങ്കരൻ നമ്പൂതിരി), സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, കേരള സർക്കാർ, 2001, പുറം-15
15 അതെ പുസ്തകം. പുറം.113-114.
16. ഡോ. കെ ശിശുപാലൻ, പുറം 65
17. Henry Yule.(edi)., The Book of Marcopolo, Vol.II, പുറം. 376.
18. എൻ.കെ.ജോസ്., ചാന്നാർ ലഹള, പുറം.13.
19 തുളസീധരൻ ആശാരി., 1858-59 തെക്കൻതിരുവിതാംകൂർ കലാപം-പൗരസമൂഹ രൂപീകരണത്തിന്റെ ആദ്യ നൊമ്പരങ്ങൾ, വിജ്ഞാനകൈരളി കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, ജൂലൈ, 2008, പുറം.9.

# ഗോത്ര സ്ത്രീത്വത്തിന് ഉണർത്തുപാട്ട്

■ അന്നം സിനി എ പി

പാശ്ചാത്യ സ്ത്രീവാദം വെള്ളക്കാരായ സ്ത്രീകളുടെ അടിച്ചമർത്തലുകൾക്കും വേദനകൾക്കും വേണ്ടി നിലകൊണ്ടപ്പോൾ മൂന്നാം ലോകത്തിലെ അധിനിവേശ വർഗത്തിനിടയിലെ സ്ത്രീകളുടെ പ്രശ്നങ്ങൾക്കുവേണ്ടി രൂപപ്പെട്ടതാണ് കീഴാളവർഗ്ഗ സ്ത്രീവാദം. പാശ്ചാത്യ സ്ത്രീവാദം സ്ത്രൈണാത്മകമായ വർഗവ്യതിയാനങ്ങളെ അവഗണിക്കുകയും സമൂഹത്തിലെ ഉപരിവർഗസ്ത്രീകളെ മാത്രം കേന്ദ്രീകരിക്കുകയും ചെയ്തപ്പോൾ അവഗണിക്കപ്പെട്ടവർക്കുവേണ്ടിയുള്ള ശബ്ദമായിരുന്നു കീഴാള വർഗ സ്ത്രീവാദത്തിന്റേത്.



ഫ്രഞ്ചുസ്ത്രീപക്ഷവാദികൾ വിഭിന്ന ജാതീയരായ സ്ത്രീകൾക്കുവേണ്ടി നിലകൊള്ളുന്നവരാണെന്ന് അവകാശപ്പെടുമ്പോഴും മൂന്നാം ലോകരാജ്യങ്ങളിലെ സ്ത്രീകളെ വിസ്മരിക്കുന്നെന്ന് ഗായത്രി ചക്രവർത്തി സ്പിവാക്ക് അഭിപ്രായപ്പെടുന്നു. *Can the subalterns speak* എന്ന അവരുടെ ലേഖനം കീഴാളവർഗം അവരുടെ പീഡനങ്ങൾ പ്രകാശിതമാക്കാനുള്ള വഴികളെക്കുറിച്ച് ഗായത്രി ചിന്തിക്കുന്നു. ബുദ്ധിജീവികൾ കീഴാളർക്ക് വേണ്ടി ചെയ്യുന്നതെല്ലാം അവരെ തങ്ങളുടെ സൃഷ്ടിയുടെ വിഷയമാക്കാൻ വേണ്ടി മാത്രമാണെന്ന് സ്പിവാക്ക് കുറ്റപ്പെടുത്തുന്നുണ്ട്. ഇങ്ങനെ ബുദ്ധിജീവികൾ കീഴാളരെ ബുദ്ധിപൂർവ്വം അധീനപ്പെടുത്തുകയാണെന്ന് സ്പിവാക്ക് നിരീക്ഷിക്കുന്നു. സാമ്പത്തിക ലാഭത്തിനുവേണ്ടി കീഴാളരെ ദുരുപയോഗിക്കുകയാണ് ഇതിലൂടെ ചെയ്യുന്നത്. അല്ലാതെ കീഴാളരുടെ അഭിവൃദ്ധിക്കു വേണ്ടി യത്നിക്കുകയോ കീഴാളരെ പങ്കാളിയാക്കുകയോ ചെയ്യുന്നില്ല. സ്പിവാക്കിന്റെ അധിനിവേശാനന്തര സ്ത്രീവാദ ചിന്തകൾ അധിനിവേശ ഭരണം ലിംഗപരതയിലും പുരുഷാധിപത്യ സമൂഹത്തിലും എങ്ങനെയെല്ലാം അധീശത്വം ചെലുത്തുന്നുവെന്നും വർഗം, ജാതി എന്നിവയുടെ രൂപീകരണത്തിൽ അധിനിവേശങ്ങൾ എങ്ങനെയെല്ലാം പ്രഭാവം പ്രസരിപ്പിച്ചിരിക്കുന്നുവെന്നും അന്വേഷിക്കുന്നു.

കേരളത്തിൽ ജാതീയവും വർഗീയവുമായ പ്രശ്നങ്ങൾ രൂക്ഷമായിരുന്ന കാലത്ത് ഉപരിവർഗം കീഴാളവർഗങ്ങളുടെ ജീവിതത്തിലേക്ക് കൈകടത്തുകയും അത്യന്തം ചൂഷണം ചെയ്യുകയും ചെയ്തിരുന്നു. ഉപരിവർഗങ്ങൾ അയിത്തം കല്പിച്ച് നീക്കി നിർത്തുക മാത്രമല്ല, അടിമകളായി കരുതിയിരുന്ന താഴ്ന്നജാതിക്കാരോട് മൃഗതുല്യം പെരുമാറുയും ചെയ്തിരുന്നു. ആ കാലം കേരളത്തിന്റെ സാംസ്കാരിക ചരിത്രത്തിൽ വർഗ വൈജാത്യത്തിന്റെ കറുത്ത നിഴൽ പടർന്ന് കാണാം. മാത്രമല്ല, ഉപരിവർഗ്ഗ പുരുഷൻമാർ കീഴാളവർഗസ്ത്രീകളെ ലൈംഗികമായി ചൂഷണം ചെയ്യുമ്പോൾ അയിത്തത്തിന്റെ അതിർവരമ്പുകൾ ഇല്ലെന്നതും വർഗവ്യതിയാനത്തിനാധാരമായ മാനുഷിക ചിന്തയെ കുറിക്കുന്നു.

വരേണ്യവർഗക്കാരുടെ അടിച്ചമർത്തലുകൾ കീഴാളരുടെ സർവ്വസ്വാതന്ത്ര്യത്തെയും ചങ്ങലയ്ക്കിടുന്നതായിരുന്നു. വൈദേശികാധിപത്യവും ആഭ്യന്തരയുദ്ധങ്ങളും പലപ്പോഴും കീഴാളരുടെ ജീവിതത്തെ തകർക്കുകയും സ്ത്രീയെ ഉപഭോഗ വസ്തുവായി കാണുകയും ചെയ്തിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ നിന്ന് മലകളിലേക്കും വനങ്ങളിലേക്കും രക്ഷപ്പെട്ടോടി ആദിവാസികളായി ജീവിച്ചവരും ഉണ്ട്.

**സ്ത്രീവാദികൾ സമൂഹത്തിലെ പൊതുധാരാ സ്ത്രീകൾക്കു വേണ്ടി മാത്രം ശബ്ദിക്കുമ്പോൾ ആദിവാസി സ്ത്രീകൾക്കു നേരെയുള്ള ചൂഷണങ്ങളെ നേരിടുകയാണ് കീഴാള സ്ത്രീവാദികൾ**



കീഴാള സമൂഹത്തിൽ തന്നെ ഏറ്റവുമധികം പ്രാന്തവത്കരിക്കപ്പെടുന്നവരാണ് ആദിവാസികൾ. പൊതുധാരാ സംസ്കാരത്തിൽ നിന്ന് വളരെ അകന്ന് ഗോത്രങ്ങളായി തനതുസംസ്കാരം പാരമ്പര്യമായി കാത്തുപോരുന്നവരാണവർ. പ്രകൃതിക്കുമേലുള്ള എല്ലാ അധിനിവേശങ്ങളും ആദിവാസികളെ ബാധിച്ചിട്ടുണ്ട്. ഭൂമി കൈയടക്കാനുള്ള ശ്രമം ആദിവാസികളുടെ ജീവിതത്തെ തന്നെ ബാധിച്ചിട്ടുണ്ട്.

ടിപ്പുവിന്റെ പടയോട്ടക്കാലത്ത് ആദിവാസികൾക്കു നേരെ ധാരാളം അക്രമങ്ങൾ നടന്നിട്ടുണ്ട്. ടിപ്പുവിന്റെ പടയാളികളായ പഠാണികൾ കേരളത്തിലെ സമ്പത്ത് കൊള്ളയടിക്കുന്നതിനൊപ്പം കേരളത്തിലെ ആദിവാസി സ്ത്രീ സമ്പത്തും കൊള്ളയടിച്ചു. അവർ കുറിച്യ കുട്ടികളെയും പെൺകുട്ടികളെയും ഉപദ്രവിക്കുകയും ചെയ്തിരുന്നു. ലൈംഗിക ചൂഷണത്തിന് വിധേയരായ കുറിച്യപെൺകുട്ടികളുടെയും വർഗത്തിന്റെയും ജീവിതം ടിപ്പുവിന്റെ പടയോട്ടക്കാലത്ത് തീരായാതനയുടേതായിരുന്നു. സമൂഹത്തിലെ പൊതുധാരാ സ്ത്രീകളുടെ യാതനകൾക്കുവേക്കുവേണ്ടി ശബ്ദിക്കുന്ന സ്ത്രീവാദികൾ പലപ്പോഴും ആദിവാസി സ്ത്രീകളുടെ ചൂഷണങ്ങളെ വിസ്മരിക്കുന്നത് ദുഃഖപൂർണ്ണമാണ്. ബ്രിട്ടീഷുകാരുടെ അധിനിവേശക്കാലത്തും ആദിവാസി സ്ത്രീകൾക്ക് ദുരിതങ്ങളനുഭവിക്കേണ്ടിവന്നിട്ടുണ്ട്. എന്നാൽ ബ്രിട്ടീഷുകാരെക്കാൾ ഉപരിയായി ആദിവാസിസ്ത്രീകൾക്ക് അനുഭവിക്കേണ്ടിവന്നത് കേരളത്തിലെ വരേണ്യവർഗ്ഗ പുരുഷന്മാരുടെ കാമാർത്തിയായിരുന്നു. കുറിച്യ സ്ത്രീകൾ നേരിട്ട ഉപരിവർഗ ചൂഷണങ്ങൾ അവർക്കിടയിൽ പ്രചരിച്ചിരിക്കുന്ന പുരാവൃത്തങ്ങളിൽ നിന്ന് മനസ്സിലാക്കാം. ആദിവാസി സമൂഹങ്ങളിലെല്ലാം പുരുഷന്മാർക്കാണ് ഭരണത്തിന്റെ മേൽനോട്ടം. മൂപ്പന്റെ നിർദ്ദേശമനുസരിച്ചാണ് ഗോത്രഭരണം നടന്നിരുന്നത്. കുടുബങ്ങളിൽ പിതാവിന് തന്നെയായിരുന്നു പ്രാധാന സ്ഥാനം. പല ആദിവാസി വിഭാഗങ്ങൾക്കിടയിലും ബഹുഭാര്യാത്വം കാണാം. എന്നാൽ ബഹുഭർത്തൃത്വം പൊതുവെ നിഷിദ്ധവുമാണെന്നുള്ളത് ഓരോ വർഗത്തിലും സ്ത്രീയുടെ സ്ഥാനം എങ്ങനെയായിരുന്നു എന്ന് വ്യക്തമാക്കുന്നു.

എന്നാൽ സ്ത്രീത്വത്തിന് ആദിവാസികൾ പ്രാധാന്യം നല്കുന്നുണ്ട്. സ്ത്രീത്വ ചടങ്ങുകൾക്ക് അവരുടെയിടയിൽ ഉത്സവപ്രതീതിയാണ്. ചില കുലങ്ങളിൽ പരിഷ്കൃത സ്ത്രീയെക്കാൾ സ്വാതന്ത്ര്യം ആദിവാസി സ്ത്രീക്ക് ഗോത്രം നല്കിപ്പോരുന്നുണ്ട്. അട്ടപ്പാടിയിലെ ഇരുളരുടെയിടയിൽ വിവാഹത്തിന് പ്രത്യേകിച്ച് മാനദണ്ഡങ്ങളൊന്നുമില്ല. ഓരോരുത്തരുടെയും താത്പര്യമനുസരിച്ച് വിവാഹം ചെയ്യാം. അതുപോലെ തന്നെ വിവാഹമോചനവും വളരെ എളുപ്പമാണ്. സ്ത്രീക്കും പുരുഷനും വിവാഹമോചനം നേടിയെടുക്കാൻ ഒരു പോലെ അവകാശമുണ്ട്. സ്ത്രീ വിവാഹമോചനം നേടുമ്പോൾ പുരുഷൻ നല്കിയ പണം തിരിച്ചുനല്കണമെന്നുമാത്രം. വിധവാവിവാഹം സർവ്വസാധാരണമാണ്. ഇരുളർ സ്ത്രീയുടെ ചാരിത്ര്യത്തിന് യാതൊരു പരിഗണനയും നൽകുന്നില്ല എന്നു തന്നെയല്ല വിവാഹത്തിന് പവിത്രതയും ഇല്ലെന്നുകാണാം. അതുകൊണ്ടുതന്നെ അവരുടെ സാന്മാർഗിക നിലവാരം വളരെ താഴ്ന്നതാണ്. ദാമ്പത്യജീവിതം ഒട്ടും ഭദ്രവുമല്ല. ഇരുളരുടെയിടയിൽ മരുമക്കത്തായ സമ്പ്രദായവും കാണാം. ഉപരിവർഗ സ്ത്രീകളെക്കാൾ സ്വാതന്ത്ര്യം ചില ഗോത്രങ്ങളിൽ കീഴാളവർഗ സ്ത്രീകൾക്ക് ലഭിക്കുന്നുണ്ടെന്നത് അവിസ്മരണീയമാണ്.



സ്ത്രീത്വാചാരമായ തിരണ്ടുകല്യാണം, കാതുകുത്തുകല്യാണം എന്നിവയ്ക്ക് വളരെ പ്രധാന്യം ആദിവാസികൾ നല്കുന്നുണ്ട്. ഉർവ്വരതാപ്രാപ്തയായ സ്ത്രീയ്ക്ക് ആദ്യം അയിത്തം കല്പിച്ച് ഏതാനും ദിവസം അകറ്റി നിർത്തുന്നു. ഇക്കാലത്ത് ഒരുപാട് സാമൂഹിക നിയന്ത്രണങ്ങൾ പെൺകുട്ടിക്ക് അഭിമുഖീകരിക്കേണ്ടി വരുന്നുണ്ട്. വസ്തുസ്പർശനം മാത്രം അനുഭവിക്കുകയും പുരുഷന്മാരെ കാണുന്നതിൽ നിന്ന് ശക്തമായ വിലക്കും പെൺകുട്ടിക്ക് ഗോത്രം ഏർപ്പെടുത്തുന്നു. ചില ഗോത്രങ്ങളിൽ പ്രായപൂർത്തിയെത്തുന്നതിനുമുമ്പുതന്നെ ശൈശവവിവാഹം നടത്തുന്ന സമ്പ്രദായവും കാണാം. ഇതിനു പുറമെ പ്രസവാനന്തരവും സ്ത്രീക്ക് അയിത്തം കല്പിക്കുന്ന സമ്പ്രദായം മലയപ്പുലയരുടെയിടയിൽ കാണാം.

വിവാഹത്തിനു പുരുഷൻ സ്ത്രീക്ക് ധനം നല്കുന്ന സമ്പ്രദായമാണ് പൊതുവെ ആദിവാസികൾക്കിടയിൽ കാണുന്നത്. സ്ത്രീയെ തന്നെ ധനമായി കാണുന്ന സമ്പ്രദായമാണിതെന്ന് പറയുന്നെങ്കിലും വസ്തുക്കൾ വാങ്ങുന്ന പോലെ പെണ്ണിനെയും ധനം നല്കി വാങ്ങുന്ന സമ്പ്രദായം പുരുഷനെ പരിപൂർണ്ണമായും സ്ത്രീയുടെ അധിപനാക്കുകയാണ് ചെയ്യുന്നത്. ദാമ്പത്യജീവിതം ചില ഗോത്രവർഗങ്ങൾക്കിടയിൽ ഭദ്രമാണ്.

ആദിവാസി ഗോത്രങ്ങൾക്കിടയിൽ കുഞ്ഞിന്റെ ജനനത്തോടെ തന്നെ ചടങ്ങുകളിലെല്ലാം സ്ത്രീ പുരുഷവിവേചനം കാണാം. കുട്ടി ജനിക്കുമ്പോൾ ലിംഗപരമായ വിവേചനം അറിയിക്കുന്നത് ആൺകുട്ടിയാണെങ്കിൽ വില്ലിൽ നിന്ന് ഞാൺ വലിച്ചുവിട്ടോ, പാള നിലത്തടിച്ചോ നായാട്ടുവിളി നടത്തിയോ ആണ്. പെൺകുട്ടിയാണെങ്കിൽ മുറം കൊണ്ടോ ചൂലുകൊണ്ടോ കിണ്ണം കൊണ്ടോ ശബ്ദം ഉണ്ടാക്കിയും ആണ്. ഭാവിയിൽ നിത്യജീവിതത്തിന്റെ ഭാഗമായി തീരേണ്ട ജീവിതോപകരണങ്ങളുടെ പരിചയം അതിന്റെ പരുക്കൻ രൂപത്തിൽ പിറന്നു വീഴുമ്പോൾ തന്നെ അവരിലുണ്ടാക്കിയെടുക്കുകയാണ് ചെയ്യുന്നത്. ഭാവിയിലെ ജീവിതസാഹചര്യങ്ങളിൽ കുട്ടികൾക്ക് അനുഭവപ്പെടുന്ന പേടി ഇല്ലാതാക്കാനുള്ള പരിശ്രമമായും ഇതിനെ വ്യാഖ്യാനിക്കുന്നു. എന്നാൽ സ്ത്രീപുരുഷ വിവേചനം ജീവിതാരംഭത്തിൽ തന്നെ നേരിടുന്നു എന്നതുതന്നെയുമല്ല, സ്ത്രീയുടെയും പുരുഷന്റെയും ജീവിതവും അവരുടെ ഗോത്രസംസ്കാരത്തിന്റെ ചട്ടക്കൂട്ടിൽ എങ്ങനെയാണെന്ന് വ്യക്തമാക്കുന്നു. സ്ത്രീ കുടുംബത്തിനുള്ളിലൊതുങ്ങുമ്പോൾ പുരുഷൻ ബാഹ്യകാര്യങ്ങളിലും ഭക്ഷണം സംഭരിച്ചുകൊണ്ടുവരുന്നതിലും ഉത്തരവാദികളാണ്.

സ്ത്രീ പുരുഷനൊപ്പം കൃഷിപ്പണികളിലും മറ്റുജോലികളിലും ഏർപ്പെടുന്നത് ആദിവാസി ഗോത്രങ്ങളിൽ ചിലതിൽ കാണാം. മന്നാൻമാർ, മുതുവാന്മാർ എന്നിവർ പ്രധാനമായും കൃഷിപ്പണി ചെയ്യുന്നെങ്കിലും സ്ത്രീകൾ ഈ പണി

കൾക്കൊപ്പം കുട്ട, വട്ടി പായ, എന്നിവ നെയ്യുകയും ചെയ്യുന്നു. കുടുംബത്തിൽ സ്ത്രീ പുരുഷാദ്ധ്വാനത്തിന് ഒരു പോലെ പ്രാധാന്യം നല്കുന്നുണ്ട്. അതിന് പുറമെ വീട്ടുജോലിയും സ്ത്രീകൾ ചെയ്യുന്നു. എങ്കിലും ആത്യന്തികമായും സമ്പാദ്യം പുരുഷന്റെ കൈകളിലാണ് എത്തിച്ചേരുന്നത്. അമ്മദൈവ സങ്കല്പം ആദിവാസികളുടെയിടയിൽ രൂഢമൂലമാണ്. ദേവതകളാണ് ഭൂമിയുടെ അധിപകൾ. മലക്കാരിയെ ഭൂമിയുടെ അധിപയായി വയനാടൻ കുറിച്യർ വിശ്വസിക്കുന്നു. ഭൂമിയെ പ്രസാദിപ്പിക്കാൻ ഉർവ്വരതാനുഷ്ഠാനങ്ങൾ ആദിവാസി വർഗങ്ങൾക്കിടയിലെല്ലായിടത്തും കാണാം. ഇടുക്കിയിലെ മലയരയരുടെ ഉർവ്വരതാനുഷ്ഠാനമാണ് മലയൂട്ടു മാമാങ്കം. താരാട്ടുപാട്ടുകളിൽ പോലും അവ

ആദിവാസി സ്ത്രീ നേരിടുന്ന ചൂഷണങ്ങൾ വെളിച്ചത്തു വരുത്തുക മാത്രമല്ല സ്ത്രീയെ സമൂഹത്തിന്റെ ഉന്നതിയിലേക്കെത്തിക്കുകയും ചൂഷണങ്ങളെ തിരിച്ചറിഞ്ഞ് മുന്നേറാൻ അവരെ പ്രാപ്തരാക്കുകയുമാണ് കീഴാള സ്ത്രീവാദികൾ ഉദ്ദേശിക്കുന്നത്.

രുടെ ജീവിതത്തിന്റെ ദൈന്യത കാണാം. ഭൂമിയെ സ്ത്രീയായും ആകാശത്തെ പുരുഷനായും കരുതുന്ന ഭൂമാതൃസങ്കല്പം വയനാട്ടിലെ പണിയർക്കിടയിൽ കാണാം. പണിയ സ്ത്രീകളുടെ സ്വാതന്ത്ര്യചിന്തകളെ സംബന്ധിച്ച പുരാവൃത്തങ്ങൾ വരെ പണിയർക്കിടയിൽ പറഞ്ഞു കേൾക്കുന്നു. സ്ത്രീ ഗോത്രസമൂഹത്തിലനുഭവിക്കുന്ന ലിംഗപരമായ അസമത്വം പുരാവൃത്തങ്ങളിലൂടെ തെളിയുന്നുണ്ട്. കീഴാളരിലും സ്ത്രീയുടെ സ്വത്വം കാണുകയും സമത്വം കാംക്ഷിക്കുകയും ചെയ്യുകയാണ് കീഴാള വർഗ സ്ത്രീവാദികൾ. ആദിവാസി സ്ത്രീ നേരിടുന്ന ചൂഷണങ്ങൾ വെളിച്ചത്തു വരുത്തുക മാത്രമല്ല സ്ത്രീയെ സമൂഹത്തിന്റെ ഉന്നതിയിലേക്കെത്തിക്കുകയും ചൂഷണങ്ങളെ തിരിച്ചറിഞ്ഞ് മുന്നേറാൻ അവരെ പ്രാപ്തരാക്കുകയുമാണ് കീഴാള സ്ത്രീവാദികൾ ഉദ്ദേശിക്കുന്നത്.

ആദിവാസി പുനരുദ്ധാരണം എന്ന പേരിൽ നടത്തുന്ന ആദിവാസി ചൂഷണങ്ങൾ ഗോത്രങ്ങളുടെ ശക്തമായ എതിർപ്പുകൾക്ക് കാരണമായിട്ടുണ്ട്. ആദിവാസികളെയും സംസ്കാരത്തെയും പഠിക്കുക എന്ന മറവിൽ ആദിവാസി സ്ത്രീത്വത്തെ ഉപയോഗിച്ചവരും ഉണ്ട്. പരിഷ്കരിക്കുക എന്ന ഉദ്ദേശ്യത്തോടെ തങ്ങളുടെ പെൺകുട്ടികളെ ദുരുപയോഗിക്കാൻ സമീപിക്കുന്ന സ്നേഹിതരെ ഗോത്രങ്ങൾ വെറുപ്പോടെയാണ് കാണുന്നത്. സ്ത്രീയെ ഉപഭോഗവസ്തുവായി കാണുന്ന കമ്പോള സംസ്കാരമാണ് ഇത്തരം പുരുഷേച്ഛയെ വാർത്തെടുക്കുന്നത്. ഇത്തരം മുതലാളിത്ത ചൂഷണങ്ങളെ മനസ്സിലാക്കുന്നതിനും നേരിടുന്നതിനും ആദിവാസി സ്ത്രീ പ്രാപ്തയാകേണ്ടത് ആദിവാസി സ്ത്രീത്വത്തിന്റെ നിലനില്പിന്റെ ആവശ്യവുമാണ്. ജന്മിത്വ സംസ്കാരം മുതലാളിത്ത സംസ്കാരത്തിന് വഴിമാറിയെന്നിരിക്കിലും സ്ത്രീയെ വില്പന ചരക്കാക്കുന്ന ഉപഭോഗവസ്തുവായി കാണുന്ന അടിമയായി ദർശിക്കുന്ന പുരുഷാധിപത്യ ചിന്തകൾക്ക് തരിമ്പും ഇളക്കം തട്ടിയിട്ടില്ല.

മേൽക്കോയ്മയുടെ പേരിൽ ചൂഷണത്തിന് വിധേയരാകുന്ന ഗോത്രസ്ത്രീത്വത്തിന് ഉണർവ്വും ഉയിരും നല്കുക എന്ന ഉദ്ദേശമാണ് കീഴാള വർഗ സ്ത്രീത്വത്തിന്റെ ലക്ഷ്യം. പെണ്ണിന്നുടലിൽ വിധേയത്വമല്ല, സടകുടഞ്ഞുണരുന്ന സിംഹം കുടിയിരിക്കുന്നുണ്ടെന്ന തിരിച്ചറിവ് ബോധ്യമാക്കിക്കൊടുക്കുകയാണ് സ്ത്രീവാദികളുടെ ലക്ഷ്യം. ഉപരിവർഗ സ്ത്രീത്വമോ കീഴാള സ്ത്രീത്വമോ എന്ന വ്യത്യാസമില്ലാതെ സ്ത്രീത്വപരിചിന്തനങ്ങൾക്കുമുമ്പിൽ സ്ത്രീ എന്ന ഒരു വർഗമേയുള്ളൂ സ്ത്രീത്വം എന്ന സ്വത്വവും. കീഴാളവർഗ സമരങ്ങൾ എന്നും അധീശത്വ മുതലാളിത്ത വ്യവസ്ഥിതിക്കെതിരായിരുന്നു. ചൂഷിതരായ കീഴാളർ തങ്ങളെ ചൂഷണം ചെയ്യുന്ന മുതലാളിത്ത വർഗ്ഗത്തിൽ നിന്ന് എല്ലാതരത്തിലും ഉള്ള കീഴടങ്ങലുകൾക്ക് വിധേയരാകേണ്ടി വന്നു. സാമ്പത്തികമായുള്ള മുതലാളി തൊഴിലാളി വിവേചനം മാത്രമല്ല സാമുദായിക സങ്കല്പങ്ങളിലെ വർഗ വിവേചനവും കീഴാളരുടെ അടിമത്തത്തിന്റെ മറ്റൊരു വശമായിരുന്നു. ഗോത്രവർഗ സ്ത്രീകൾ സ്വന്തം ഗോത്രങ്ങളിൽ നേരിടുന്ന പ്രശ്നങ്ങൾക്കപ്പുറം മേല്പറഞ്ഞ മുതലാളിത്ത വർഗത്തിന്റെ കരാളഹസ്തങ്ങളിൽ ഞെരിഞ്ഞു തീരേണ്ട ഭീതിതമായ അവസ്ഥയും ഉണ്ട്. രണ്ടു വിഭാഗങ്ങളിൽ നിന്നുള്ള ചൂഷണമാണ് കീഴാള വർഗ സ്ത്രീ നേരേിടേണ്ടി വന്നത്. അധീശവർഗസ്ത്രീവാദ ചിന്തകളിൽ നിന്ന് കുറെ കൂടി ആഴത്തിൽ പോകുന്നു. കീഴാളവർഗ സ്ത്രീവാദം. ആൺകോയ്മാ സമൂഹങ്ങളിൽ ജീവിക്കുന്ന എല്ലാ സ്ത്രീകളും കീഴാളരാണെന്നു പറയാമെങ്കിലും കീഴാള സ്ത്രീ നേരിടുന്നത് സ്വന്തം വർഗത്തിലെ ആൺകോയ്മ മാത്രമല്ല, വർഗത്തിനും ജാതി ചിന്തകൾക്കു മപ്പുറമുള്ള മുതലാളിത്ത വ്യവസ്ഥിതി യുടെ ചെങ്കോലേന്തിയവരുടെ ആധിപത്യം കൂടിയാണ്.■

■ മൃദുൽ ഈപ്പൻ

വികസനം സംബന്ധിച്ച് നമ്മുടെ നാട്ടിൽ നടക്കുന്ന സംവാദങ്ങളിൽ വളരെ ശക്തമായി ഉന്നയിക്കപ്പെടുന്ന ഒന്നാണ് വികേന്ദ്രീകരണത്തിന്റെ ആവശ്യകത. ഈ ലേഖനത്തിന്റെ ഊന്നൽ അതല്ലെങ്കിലും സാന്ദർഭികമായി അക്കാര്യം സൂചിപ്പിച്ചു കൊണ്ടു തുടങ്ങാം. മുഖ്യധാരാ വികസനരീതിയെന്ന നിലയിൽ കഴിഞ്ഞ കുറേക്കാലമായി രാജ്യം പിന്തുടരുന്ന കേന്ദ്രീകൃതാസൂത്രണത്തിന്റെ പ്രധാന പോരായമ്യായി അനുഭവപ്പെടുന്നത്, സാമ്പത്തിക സാമൂഹിക മാനേജ്മെന്റിലും സമ്പദ്ഘടനയിലെ സാമൂഹിക വിഭവമാനേജ്മെന്റിലും അധികാരം പിടിമുറുക്കുന്നു എന്നതാണ്. അതിൽ നിന്നു വ്യത്യസ്തമായി സാമൂഹിക സാമ്പത്തിക വളർച്ചയും രാഷ്ട്രീയപരമായ ഉൾക്കൊള്ളലും എന്ന വികസനത്തിന്റെ മൗലിക ലക്ഷ്യങ്ങളിലാണ് ശക്തമായ വികേന്ദ്രീകൃത വികസനക്രമം ഊന്നുന്നത്. സർക്കാരിന് ജനങ്ങളുമായി നന്നായി അടുത്തിടപടാൻ അവസരമുണ്ടാകുക മൂലം പ്രാദേശിക മുൻഗണനയും ആവശ്യങ്ങളും നന്നായി വിലയിരുത്താൻ ഇതുവഴി കഴിയും. കൂടുതൽ പങ്കാളിത്തം, സുതാര്യത, ഉത്തരവാദിത്വം എന്നിവ ഊട്ടിയുറപ്പിക്കാനും കഴിയും. ജനങ്ങളുടെ, പ്രത്യേകിച്ച് സ്ത്രീകളുടെ ആവശ്യങ്ങളും താത്പര്യങ്ങളുമായി ഒത്തുപോകുന്ന ഇത്തരം ഭരണരീതി കൂടുതൽ ഉത്തരവാദിത്വമുള്ളതാകും.

എന്നാൽ രാജ്യത്തെ വികേന്ദ്രീകരണഭരണം നാം പ്രതീക്ഷിച്ചത്ര ഫലം തന്നില്ല എന്ന വിലയിരുത്തലുണ്ട്. എന്തുകൊണ്ട് എന്നു വിലയിരുത്തേണ്ടതുണ്ട്. സമഗ്രമായ വികേന്ദ്രീകരണത്തിന്റെ അഭാവമാണോ? നിലവിലുള്ള അധികാരഘടന ശക്തിപ്പെടുത്തുമാറ് വരേണ്യവർഗത്തിന് പ്രാദേശിക തലത്തിൽ അധികാരം കയ്യാളാനുള്ള സഹായം മാത്രമാണോ അതുവഴി ചെയ്തത്? വിഭവങ്ങളുടെ ഭൂരിഭാഗം കൈകാര്യം ചെയ്യുന്ന തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾ എന്ന ഒരു എലൈറ്റ് വർഗത്തിന്റെ സൃഷ്ടിയിലേക്കാണാ അതു നയിച്ചത്? കാരണങ്ങൾ പ്രദേശങ്ങൾക്കനുസൃതമായി വ്യത്യസ്തമാവാം. അവയെന്തായാലും പാവങ്ങളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കാൻ വികേന്ദ്രീകൃത ആസൂത്രണം ആവശ്യമാണെന്ന ശക്തമായ ധാരണയാണെനിക്കുള്ളത്. പോരായ്മകളെല്ലാം ആദ്യമേ തീർത്തു നടപ്പാക്കുന്നതിനു പകരം നടപ്പിലാക്കുമ്പോഴുള്ള അനുഭവങ്ങളിൽ നിന്ന് പിശകുകൾ തിരുത്തി മുന്നോട്ടു പോകുന്ന ഒരു ഇന്ററാക്ടീവ് രീതിയാണിതിന് അഭികാമ്യം. പ്രവർത്തനത്തെ തടസ്സപ്പെടുത്തുന്ന പോരായ്മകളെ കണ്ടെത്തി ഈ രംഗം കൂടുതൽ കരുത്തുറ്റതാക്കാനുള്ള നിരന്തരശ്രമങ്ങൾ കേരളത്തെ സംബന്ധിച്ചടത്തോളവും ശക്തമാകേണ്ടതുണ്ട്. തദ്ദേശതലത്തിലുള്ള ആസൂത്രണത്തിലൂടെ കൂടുതൽ മെച്ചമായ



# പ്രാദേശിക ആസൂത്രണത്തിലെ സ്ത്രീനീതി സംഭവിക്കുന്നതെന്ത്?

വികേന്ദ്രീകൃതാസൂത്രണം സ്ത്രീമുന്നേറ്റത്തിൽ വലിയ പങ്കു വഹിക്കുന്നുവെങ്കിലും ലിംഗനീതിയിലധിഷ്ഠിതമായ ഒരു ആസൂത്രണ പ്രക്രിയയിലേക്കെത്താൻ ഇനിയുമേറെ ദൂരം പോകാനുണ്ടെന്നു ലേഖിക. കേരളത്തിലെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ ഒരന്വേഷണം.

അവസ്ഥയുണ്ടാക്കാൻ വഴിവച്ച മാതൃകാപ്രവർത്തനങ്ങൾ കൂടുതൽ ദൃശ്യമാക്കണം എന്നാണ് എനിക്കു തോന്നുന്നത്. വിജയകഥകൾ കണ്ടെത്താനും അവയെ കൂടുതൽ ഉയർത്തിക്കാട്ടാനും നമ്മുടെ മാധ്യമങ്ങൾക്കു സാധിക്കണം.

വികേന്ദ്രീകരണം ശക്തിപ്പെടുത്തണമെങ്കിൽ അസമത്വത്തിന്റെ പ്രധാന ഘടകങ്ങളിലൊന്നായ സ്ത്രീകൾ നേരിടുന്ന വിവേചനം കൂടി കണക്കിലെടുക്കേണ്ടതുണ്ട്. തദ്ദേശ ആസൂത്രണത്തിൽ ജൻഡർ എന്ന ഘടകത്തിന് വലിയ പ്രസക്തിയുണ്ട്. വികസനമെന്നത് ഇപ്പോൾ ലിംഗനിഷ്പക്ഷമല്ല. സ്ത്രീകൾക്കു നിരന്തരമായി പല രീതിയിലും പ്രതികൂലാവസ്ഥ സംജാതമായിട്ടുണ്ട്. ഇവിടെ മാത്രമല്ല, ലോകത്തെല്ലായിടത്തും. ഈ അവസ്ഥ മാറ്റാനും അന്താരാഷ്ട്ര ഉടമ്പടികളുടേയും യു.എൻ ലോക കോൺഫറൻസിന്റേയും മറ്റും ലക്ഷ്യങ്ങൾ നേടാനുള്ള ബാദ്ധ്യത നിറവേറ്റാനും സർക്കാരുകളെ നിർബന്ധിക്കാൻ ലോകത്താകെയുള്ള വനിതാമുന്നേറ്റത്തിനു സാധിച്ചിട്ടുണ്ട്. ആ ലക്ഷ്യങ്ങൾ നേടാൻ സ്ത്രീകളെ ശാക്തീകരിക്കേണ്ടത് അത്യാവശ്യമാണ്. ഒരു നിർണായക ശക്തിയായി സ്ത്രീകൾക്ക് വിവിധ തലത്തിലുള്ള സർക്കാരുകളിൽ സ്ഥാനം ലഭിക്കുന്നത് സ്ത്രീകളുടെ പ്രശ്നങ്ങളെ കുറേക്കൂടി ആഴത്തിൽ പരിഗണിക്കുന്നതിന് കഴിയുംവിധം അവയെ മാറ്റാൻ സഹായിക്കും. വികേന്ദ്രീകരണഭരണത്തിൽ സ്ത്രീകളുടെ പ്രാതിനിധ്യം കൂടുന്നതിന് സ്വാഭാവികമായും ചില മേൻമകളുണ്ട്. സ്ത്രീകളുടെ കഷ്ടതകൾ പരിഹരിക്കാനും പ്രാദേശികമായി ജനപിന്തുണ സമാഹരിക്കാനും അതു കൂടുതൽ സഹായിക്കും. തദ്ദേശഭരണത്തിൽ സമൂല മാറ്റം വരുത്തി കൂടുതൽ പൂർണതയിലേക്ക് ഉയർത്താൻ സ്ത്രീകളുടെ പങ്കാളിത്തം സഹായകമാകുന്നു എന്നു ചുരുക്കം. സ്ത്രീകൾക്ക് ഗവൺമെന്റിൽ പങ്കെടുക്കുക വഴി ലഭിക്കുന്ന നൈപുണിയും പരിചയവും പൗരസമൂഹ ഗ്രൂപ്പുകളിലേക്ക് കൊണ്ടുവരാം. അല്ലെങ്കിൽ ഗൃഹാന്തരീക്ഷത്തിൽ മിനുക്കിയെടുത്ത സ്വഭാവങ്ങൾ സംസ്ഥാന-തദ്ദേശതലങ്ങളിലേക്ക് സന്നിവേശിപ്പിക്കാം. ആരോഗ്യം, ജലവിതരണം, ലഹരി നിരോധനം, ഗാർഹിക അതിക്രമം, ലിംഗപരമായ അസമത്വം, അനീതി തുടങ്ങിയ കാര്യങ്ങളിൽ പൊതുസമൂഹത്തേയും നയരൂപീകരണ രംഗത്തുള്ളവരേയും ഉത്തേജിപ്പിക്കുവാൻ ഈ സ്ത്രീകൾക്കു സാധിക്കും. കേരളത്തിൽഅനുഭവം എടുത്താൽ, വികേന്ദ്രീകരണത്തോടൊപ്പം മൂന്നിലൊന്നു സംവരണം വഴി പ്രാദേശിക തലങ്ങളിലെ രാഷ്ട്രീയനേതൃത്വത്തിൽ സംഭവിച്ച സ്ത്രീവത്കരണം സ്ത്രീകളുടെ മുൻഗണനകളും ആവശ്യങ്ങളും നേരിടുന്നതിന് വലിയ സ്പെയ്സ് തുറന്നിരിക്കുകയാണ്.

ആസൂത്രണപ്രക്രിയയിൽ ജൻഡർ എന്ന ഘടകം കൂടി കണക്കിലെടുക്കുന്നതിന് ബോധപൂർവമായ ശ്രമങ്ങളാണ് കേരളത്തിൽ നടന്നത്. വിമൺ കമ്പോണന്റ്



പ്ലാൻ മുന്നോട്ടുവെച്ച്, സ്ത്രീകൾക്ക് നേരിട്ട് ഗുണം ചെയ്യുന്ന രീതിയിൽ പദ്ധതി വിഹിതത്തിന്റെ പത്തു ശതമാനം നീക്കിവയ്ക്കാൻ നിർദേശം നല്കിയതാണ് ഇതിൽ ആദ്യ നടപടി. തദ്ദേശസ്ഥാപനങ്ങൾക്ക് വർദ്ധിച്ച സ്വയംഭരണം നൽകിക്കൊണ്ട് വികേന്ദ്രീകരണ ആസൂത്രണപ്രക്രിയ ശാസ്ത്രീയകാഴ്ചപ്പാടോടെ രൂപം നൽകുകയും വിവിധ ഘട്ടങ്ങളിലൂടെ ആസൂത്രണം, നയരൂപീകരണം, നിർവഹണം എന്നീ മൂന്നു തലങ്ങളിലായി സ്ഥാപനവത്കരിച്ചിരിക്കുകയാണ്. ലിംഗപരിഗണനയിലധിഷ്ഠിതമായ ആസൂത്രണരംഗത്ത് രാജ്യത്തുതന്നെ ആദ്യ ശ്രമമാണിത്. സ്ത്രീകളെ രാഷ്ട്രീയമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തിലേക്കു കൂടുതൽ മുന്നേറാൻ ഇതു സഹായിക്കും.

1997–98 ലെ തുടക്കം വനിതാശാക്തീകരണത്തെ സംബന്ധിച്ച് പ്രത്യാശാജനകമായിരുന്നില്ല. ഉദ്ദേശിച്ചതിലും 10 ശതമാനം കുറവായിരുന്നു ഈ ആവശ്യത്തിന് നീക്കിവച്ചതുക. രണ്ടാം വർഷം സ്ത്രീകളുടെ താത്പര്യസംരക്ഷണത്തിനനുയോജ്യമായി ബജറ്റ് വിനിയോഗത്തിൽ ചില മാറ്റങ്ങൾ വരുത്തുകയുണ്ടായി. സ്ത്രീകളുടെ പ്രൊജക്റ്റുകൾക്കായി മാർഗരേഖയുണ്ടാക്കി. വൈവിധ്യമാർന്നതും ഗുണമേൻമയുള്ളതുമായ പ്രൊജക്റ്റുകൾ നടപ്പിലാക്കാൻ തുക നീക്കി വയ്ക്കുന്ന സംവിധാനം സൃഷ്ടിച്ചു.

ആസൂത്രണപ്രക്രിയയിൽ സ്ത്രീകളുടെ കാര്യക്ഷമമായ പങ്കാളിത്തം ഉറപ്പാക്കുന്നതിലുള്ള പരാജയമാണ് തുടർന്ന് ഒരു ഗുരുതരമായ പരിമിതിയായി വന്നത്. അയൽക്കൂട്ടങ്ങളുടെ രൂപീകരണം കൊണ്ടാണ് ഇത് മറികടക്കാൻ ശ്രമിച്ചത്. അയൽക്കൂട്ടത്തിന്റെ കൺവീനർമാരെ ഗ്രാമസഭയിലുൾപ്പെടുത്തി. അതുപോലെ സ്ത്രീകളുടെ പൊതുവായതും ഗാർഹികവുമായ പങ്ക്, ലിംഗപരമായ വ്യത്യസ്തത എന്നീ പരിഗണനകൾ ആസൂത്രണപ്രക്രിയയിൽ കണക്കിലെടുക്കുവാനുള്ള ബോധപൂർവമായ ശ്രമവും നടന്നു.

വനിതകളും വികസനവും എന്നതിന് ഒരു സബ്ജക്റ്റ് ഗ്രൂപ്പും നിർബന്ധമാക്കി. ചർച്ചകൾ നയിക്കുന്നവർക്ക് കൃത്യമായ ചോദ്യാവലിയും തയാറാക്കി നല്കി. സമൂഹത്തിൽ സ്ത്രീകൾക്ക് താഴ്ന്ന പദവിയുണ്ടാകുന്നതിനെ സംബന്ധിച്ച് ബോധവത്കരണം നടത്താൻ ഈ ചോദ്യാവലി ഏറെ സഹായിച്ചു. അതുപോലെ പഞ്ചായത്ത് വികസന റിപ്പോർട്ടിൽ ഇപ്രകാരം തിരിച്ചറിയപ്പെട്ട ആവശ്യങ്ങൾ ഉൾപ്പെടുത്തി വനിതാവികസനത്തെപ്പറ്റി ഒരു പ്രത്യേക അധ്യായം എഴുതിച്ചേർക്കാനും നിർദേശിച്ചു. ഒരു പ്രദേശത്തെ സ്ത്രീകളുടെ പദവിയെപ്പറ്റിയുള്ള ചരിത്രപരമായ അവലോകനത്തിൽ ആരംഭിച്ച്, സ്ത്രീകളുടെ തൊഴിലിന്റേയും തൊഴിൽ രാഹിത്യത്തിന്റേയും വിവിധ വശങ്ങൾ, ജോലിചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ, പൊതുപ്രവർത്തനങ്ങളിൽ അവരുടെ പങ്കാളിത്തം, പീഡനങ്ങളും കഷ്ടപ്പെടുത്തലും എല്ലാം പരിശോധിക്കുന്നതാവണം ആ ഭാഗം.

ഗ്രാമസഭയിലും മറ്റുമുയർന്ന നിർദ്ദേശങ്ങൾക്കനുസരിച്ച് പദ്ധതി തയാറാക്കുമ്പോൾ സ്ത്രീകളുടെ അവസ്ഥ മെച്ചപ്പെടുത്താൻ അവയെങ്ങനെ സഹായിക്കുമെന്നു സൂചിപ്പിക്കുന്ന ജൻഡർ ഇംപാക്ട് ഓരോ പദ്ധതിയോടൊപ്പവും വേണമെന്നും സൂചിപ്പിച്ചു. അത്തരം പദ്ധതികൾ സ്ത്രീകളുടെ തൊഴിൽ, വരുമാനം, ക്ഷേമം എന്നീ കാര്യങ്ങളിൽ എന്തു മാറ്റമാണു വരുത്താൻ സഹായിക്കുക എന്നും സൂചിപ്പിക്കേണ്ടിയിരുന്നു.

ഇതു കൂടാതെ സ്ത്രീകളുടെ വികസനത്തെ സംബന്ധിച്ച പ്രത്യേക പദ്ധതികൾക്കായി ഒരു ടാസ്ക് ഫോഴ്സിനും രൂപം നല്കി. മുമ്പു പറഞ്ഞതുപോലെ പത്തു ശതമാനം വനിതാഘടകത്തിനു നീക്കിവച്ചു. സ്ത്രീകൾക്കായുള്ള തുക നീക്കിവയ്ക്കലിനെ പത്തുശതമാനത്തിലേക്കു പരിമിതപ്പെടുത്തുകയല്ല മറിച്ച് പൊതു പദ്ധതികൾക്കു പുറമേ അത്രയും കൂടി ഉറപ്പുവരുത്തുകയായിരുന്നു ലക്ഷ്യം.

ഇതിൽ നിന്നൊക്കെ ഒരു കാര്യ ബോദ്ധ്യപ്പെടും. ആസൂത്രണത്തിന്റെ എല്ലാ തലങ്ങളിലും ലിംഗപരമായ പ്രശ്നങ്ങൾ ഉയർന്നുവന്നു. അവ പരിഗണിക്കപ്പെട്ടു. ഓരോ പദ്ധതിയുടേയും ലിംഗപരമായ ഇംപാക്ട് വിലയിരുത്തുന്നതിലൂടെ മൊത്തം പദ്ധതി ലിംഗപരിഗണനയോടെ നോക്കിക്കാണുന്നതിന് ശ്രമിച്ചതു കൂടാതെ സ്ത്രീകളുടെ പ്രത്യേക ആവശ്യങ്ങൾക്കായി വനിതാ ഘടക പദ്ധതി ആസൂത്രണ രംഗത്ത് പുതിയ അവസരങ്ങൾ തുറന്നു. ചില മാറ്റങ്ങൾ പത്താം പദ്ധതിയെ തുടർന്നുണ്ടായി. എന്നിരുന്നാലും വികേന്ദ്രീകരണ ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന ഘടനയിൽ കാര്യമായ മാറ്റം വന്നില്ല.

എങ്കിലും സ്ത്രീകൾക്കു മൂന്നിലൊന്നു സംവരണം ലഭിച്ചതുകൊണ്ടു മാത്രം തദ്ദേശഭരണരംഗത്തെ പ്രശ്നങ്ങളെ ലിംഗനീതിയുടെ കാഴ്ചപ്പാടിൽ നോക്കിക്കാണുന്നതിന് കഴിഞ്ഞുവെന്നു പറയാനാകില്ല. ആസൂത്രണത്തിൽ ലിംഗപരിഗണന ഉറപ്പാക്കാനുള്ള വിപുലമായശ്രമങ്ങൾക്കിടയിലും പ്രാദേശികതലങ്ങളിൽ വനിതകളുടെ പല പ്രശ്നങ്ങളും ഇനിയും പരിഹാരം കാത്തുകഴിയുകയാണ്. നയരൂപീകരണത്തിൽ ഇത്തരം പ്രശ്നങ്ങളെപ്പറ്റി വാചാലമായി പറഞ്ഞിരുന്നുവെങ്കിലും പദ്ധതികളുണ്ടാ

ക്കുന്ന സമയത്ത് അവ പലതും പരിഗണിക്കപ്പെട്ടില്ല.

എന്തുകൊണ്ടിത് സംഭവിച്ചു? ഈ രംഗത്ത് ഏറെ പണ്ഡിതനായ മോസർ ഊന്നിപ്പറഞ്ഞതുപോലെ, മനോഭാവങ്ങളിലും ജീവിതശൈലികളിലുമൊക്കെയുള്ള സമഗ്രമാറ്റമാണ് ഉദ്ദേശ്യമെങ്കിൽ പരിഹാരമാർഗങ്ങൾ ലളിതമല്ല. കേരളത്തിലെ ഒരു വൈരുദ്ധ്യം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ നമ്മുടെ സ്ത്രീകൾ വലിയ പുരോഗതി നേടിയിട്ടുണ്ടെങ്കിലും, സ്ത്രീയുടെ മേഖല വീടും പുരുഷന്റേത് പുറംലോകവുമാണെന്ന പുരുഷാധിപത്യപരമായ സാമൂഹിക ഘടന സൃഷ്ടിക്കുന്ന, മനോഭാവം മാറിയിട്ടില്ല എന്നതാണ്. അഭ്യസ്തവിദ്യരായ സ്ത്രീകളുടെ ഉയർന്ന നിരക്കിലുള്ള തൊഴിലില്ലായ്മ, ഉള്ള തൊഴിലുതന്നെ കൂടുതലും വരുമാനം കുറഞ്ഞ മേഖലകളിലായ അവസ്ഥ, സ്വത്തിൻമേലുള്ള അവകാശങ്ങൾ കുറഞ്ഞുവരുന്നത്, ഉയരുന്ന സ്ത്രീധനം എന്നിവയൊക്കെ ഇതിന്റെ പ്രതിഫലനമാണ്.





വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ നമ്മുടെ സ്ത്രീകൾ വലിയ പുരോഗതി നേടിയിട്ടുണ്ടെങ്കിലും സ്ത്രീയുടെ മേഖല വീടും പുരുഷന്റേത് പുറംലോകവുമാണെന്ന, പുരുഷാധിപത്യപരമായ സാമൂഹിക ഘടന സൃഷ്ടിക്കുന്ന മനോഭാവം മാറിയിട്ടില്ല.

സ്ത്രീകളെ സംബന്ധിക്കുന്ന സാമ്പത്തിക അരക്ഷിതാവസ്ഥ പലപ്പോഴും സ്ത്രീധനവുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ, ഗാർഹികപീഡനങ്ങൾ തുടങ്ങിയവയ്ക്കു കാരണമാവുകയാണ്. ഫ്യൂഡൽ പുരുഷമേധാവിത്വ മനോഭാവമാണ് ഇതിനുള്ള ഒരു കാരണമെന്നംഗീകരിക്കുന്നു. വികേന്ദ്രീകൃതാസൂത്രണത്തിൽ ഉയർന്നുവന്ന പൊതുസ്ഥാപനങ്ങൾ പോലും ഇതിൽ നിന്നു മുക്തമല്ല. സ്ത്രീസമത്വം നേടുന്നതിനുള്ള ശ്രമങ്ങൾക്കു വലിയൊരു തടസം ഈ സമീപനമാണ്. സാമൂഹികപരിസരം എങ്ങനെ ലിംഗപരിഗണനാസൗഹൃദമാക്കാം എന്നതാണ് പ്രശ്നം. വികേന്ദ്രീകരണാനന്തര കാലഘട്ടത്തിൽ സ്ത്രീകൾ വ്യക്തിപരമായി ശാക്തീകരിക്കപ്പെട്ടിട്ടുണ്ടെങ്കിലും, സ്ത്രീ വിരുദ്ധമായ ചിന്താഗതികളും സാമൂഹിക ആചാരങ്ങളും തുടരുകയാണ്.

ഈ പശ്ചാത്തലത്തിലാണ് ആസൂത്രണത്തിലെ സ്ത്രീനീതി സംബന്ധിച്ച് ഇനി വേണ്ടതെന്തെന്ന സംഗതി ഞാൻ അവതരിപ്പിക്കുന്നത്. ആസൂത്രണത്തിലെ ലിംഗപരിഗണനയ്ക്ക് പ്രത്യേക അധ്യായംതന്നെ ഉണ്ട്. സ്ത്രീകൾ നേരിടുന്ന ലിംഗവിവേചനത്തെക്കുറിച്ചുള്ള എല്ലാ കാര്യങ്ങളും അതിലുണ്ടാവുകയും ചെയ്യും. പക്ഷേ, പൊതുവെയുള്ള പ്ലാനിങ്ങിനെപ്പറ്റിപ്പറയുന്ന മറ്റദ്ധ്യായങ്ങളിൽ ഇതിനോടു യോജിച്ച പരാമർശങ്ങൾ ഉണ്ടാവുകയില്ല. അതിലൊന്നും ലിംഗപരിഗണന ഉണ്ടാവുകയുമില്ല. ഒപ്പം വിവിധസ്ഥാപനങ്ങളുടെ മേൽ-കീഴ് അധികാരബന്ധങ്ങളിൽ ഊന്നിയുള്ള ഘടനയും ലിംഗനീതിക്കു തടസ്സമാവുകയാണ്. ഈ പ്രശ്നങ്ങൾ മറികടക്കുന്നതിന് വേണ്ടതെന്ത്? ജൻഡർ എന്നത് പ്രത്യക അദ്ധ്യായങ്ങളിൽ ഒതുങ്ങുന്ന രീതി മാറി അതു പൊതുധാരയിലേക്കു വരണം.

ഓരോ രംഗത്തും സ്ത്രീകൾ എവിടെ നിൽക്കുന്നു, എന്താണവരുടെ കഴിവുകൾ എന്നിവ മനസ്സിലാക്കാതെ അവർക്കുള്ള പദ്ധതികൾ ജൻഡർ ഭാഗത്ത് പ്രത്യേകം രൂപപ്പെടുത്തുക എന്നതാണ് ഇന്നത്തെ പ്രവണത. ഉദാഹരണമായി കൃഷി എടുക്കാം. ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെപ്പോലെതന്നെ കാർഷികരംഗത്തെ സ്ത്രീസാന്നിദ്ധ്യം കേരളത്തിലും നന്നായി കാണാം. കൃഷിയുടെ എല്ല ഉപമേഖലയിലും നിർണായകമായ സ്ഥാനം സ്ത്രീകൾ വഹിക്കുന്ന രീതി വിളവുത്പാദനം, മൃഗപരിപാലനം, കോഴിക്കൃഷി, ഉദ്യാനക്കൃഷി, പുഷ്പപരിപാലനം എന്നീ രംഗങ്ങളിലെല്ലാം ദൃശ്യമാണ്. ഗാർഹികജോലികളുമായി ഇണക്കിച്ചേർത്ത് നടത്തുന്ന പറമ്പിലെ കൃഷിമേഖലയിൽ സ്ത്രീകൾക്കാണ് പ്രാമുഖ്യം. 2004-05 ലെ കണക്കനുസരിച്ച്. കർഷകത്തൊഴിലാളികളായ വനിതകളുടെ 69 ശതമാനമാണ് കൃഷിചെയ്യുന്ന സ്ത്രീകൾ. ഇത് കൂടിവരികയാണ്. 93-94 ൽ ഇത് 63 ശതമാനവും, 99-00 ൽ 67 ശതമാനവുമായിരുന്നു. പുരുഷൻമാരിൽ ഈ അനുപാതം കുറവാണ്. 54 ശതമാനം. 93-94 -99-00 കാലങ്ങളിൽ സ്ത്രീകളുടെ എണ്ണത്തിൽ ഈ രംഗത്തുള്ള വർദ്ധനയെക്കാൾ വളരെ കുറവാണിത്. സ്ത്രീകളുടെ ഈ രംഗത്തെ കടന്നുവരവിലുണ്ടാകുന്ന വർദ്ധനയെക്കാൾ കുറവാണ് പുരുഷൻമാരുടേതെന്നർഥം.

മൃഗപരിപാലനരംഗത്ത് തീറ്റ നൽകൽ, തീറ്റ സംഭരണം, ആല വൃത്തിയാക്കൽ, പാലും പാലുത്പന്നങ്ങളും കൈകാര്യം ചെയ്യൽ തുടങ്ങിയ ജോലികൾ പലതും സ്ത്രീകൾ ചെയ്യുന്നുണ്ട്. പാവപ്പെട്ട കർഷികകുടുംബങ്ങളിൽ കാലിവളർത്തൽ, വീട്ടുമുറ്റത്തെ കോഴി വളർത്തൽ എന്നിവ വഴി വരുമാനം ഉണ്ടാക്കുന്നു. അടുത്തകാലത്ത് കുടുംബശ്രീയുടെ നേതൃത്വത്തിൽ കൃഷിയിടമില്ലാത്ത സ്ത്രീകൾ സംഘടിച്ച് സ്വയം സഹായ ഗ്രൂപ്പുകൾ ഉണ്ടാക്കി കൃഷിഭൂമി പാട്ടത്തിനുവാങ്ങി കൃഷിചെയ്യുന്നുമുണ്ട്.


ഇത്തരത്തിൽ സ്ത്രീകളുടെ വലിയ പങ്കാളിത്തത്തിനിടയിലും കൃഷിരംഗത്ത് അവരെ കൃഷിക്കാരെന്നനിലയിൽ നയരൂപീകരണക്കാർ പരിഗണിക്കുന്നില്ല. (കൃഷിയിടങ്ങളുടെ ഉടമസ്ഥത അവർക്കില്ല!) ഈ അവഗണനയാണ് ശ്രദ്ധ ന്ലകേണ്ട പ്രധാന പ്രശ്നം. ഉടനടി പരിഹരിക്കേണ്ടതാണിത്. പ്രത്യേകിച്ചും പറമ്പു കേന്ദ്രീകരിച്ചുള്ള ചെറുകിട -നാമമാത്ര കർഷകരെ പരിഗണിക്കേണ്ടിവരുമ്പോൾ സ്ത്രീകൾക്കു മുഖ്യപങ്കു നൽകണം.

ഇതെല്ലാം ലിംഗപരിഗണനയെപ്പറ്റി പറയുന്ന അധ്യായത്തിലോ തൊഴിൽ സംബന്ധിച്ച ഭാഗത്തോ കാണിച്ചിരിക്കുമെങ്കിലും ഭക്ഷ്യസുരക്ഷയിലുൾപ്പെടെ സ്ത്രീകളുടെ കാർഷികോത്പാദനരംഗത്തെ പങ്കാളിത്തം കൃഷിയെ സംബന്ധിച്ച അധ്യായത്തിൽ പരിഗണിക്കുകയില്ല എന്നതാണ് ഇപ്പോഴത്തെ സ്ഥിതി. അതിനാൽ സ്ത്രീകളുടെ കാർഷിക പങ്കാളിത്തത്തിലെ തടസ്സങ്ങൾ നീക്കാനുള്ള നയങ്ങൾ രൂപീകരിക്കപ്പെടുന്നില്ല. അതിനർഥം വിഭവ-നീക്കിവെയ്ക്കലിൽ സ്ത്രീകളുടെ ആവശ്യങ്ങൾ പ്രതിഫലിക്കുന്നില്ല എന്നാണ്.

പുതിയ സാങ്കേതികവിദ്യ പ്രദാനം ചെയ്യൽ, ആധുനികകൃഷിരീതി, കാർഷിക കടം ലഭ്യമാക്കൽ തുടങ്ങി ഏതുമാകട്ടെ സ്ത്രീകളുടെ ആവശ്യങ്ങൾ പരിഗണിക്കുന്ന ഒരു കാർഷികപദ്ധതി രൂപീകരിക്കാൻ കഴിയുന്നതാവണം ശരിയായൊരു വനിതാഘടക പദ്ധതി. കേരളത്തിലെ വികേന്ദ്രീകൃത ആസൂത്രണത്തിന്റെ വെളിച്ചത്തിൽ തീർച്ചയായും എനിക്കു സൂചിപ്പിക്കുവാനുള്ളത് ഇക്കാര്യമാണ്. വികസനത്തന്റെ ഒരോ ഘടകത്തിലും ജൻഡർ ഒരു പരിഗണനയായി വന്നാലേ സ്ത്രീനീതി കൈവരിക്കാനുതകുന്ന ഒരു ആസൂത്രണ പ്രക്രിയ രൂപപ്പെടൂ. ■

*ആസൂത്രണ ബോർഡംഗമാണ് ലേഖിക*

*പരിഭാഷ: എ. പ്രഭാകരൻ*



■ അഞ്ചൽ കൃഷ്ണകുമാർ

ആശങ്കകളില്ലാതെ,
പണച്ചെലവില്ലാതെ
നിർഭയമായി സ്ത്രീകൾക്ക്
എപ്പോൾ വേണമെങ്കിലും
സമീപിക്കാൻ കഴിയുന്ന,
അവരുടെ തൊട്ടടുത്തുള്ള
സംവിധാനമാണു
ജാഗ്രതാസമിതികൾ...

# അരികെ ഒരു പരിഹാരവേദി

കേരളത്തിലെ സ്ത്രീകളുടെ പൊതുവായ അവസ്ഥ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലെ സ്ത്രീകളുടെ അവസ്ഥയിൽ നിന്നും വളരെയേറെ മെച്ചപ്പെട്ടതാണെന്ന് പല പഠനങ്ങളും തെളിയിച്ചിട്ടുണ്ട്. എന്നാൽ സ്ത്രീസമൂഹത്തിന്റെ സാമൂഹികനീതിയെയും തുല്യതയെയും നിർണയിക്കുന്ന പല മേഖലകളിലും സ്ത്രീകളുടെ സ്വാധീനവും പങ്കാളിത്തവും കുറവാണെന്നൊരു വൈരുദ്ധ്യം നിലനിൽക്കുന്നു. ഈ യാഥാർഥ്യം തിരിച്ചറിഞ്ഞുകൊണ്ട് സാമൂഹികനീതിക്കിണങ്ങുന്ന തരത്തിൽ സ്ത്രീപദവിയുയർത്തുന്നതിനും സ്ത്രീകൾക്കെതിരായ അതിക്രമങ്ങളും അവഗണനകളും അവസാനിപ്പിക്കുന്നതിനും അനവധി കർമ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കി വരികയാണ് സംസ്ഥാന വനിതാ കമ്മീഷൻ. അതിലേറ്റവും പ്രാധാന്യമർഹിക്കുന്ന ഒന്നാണ് വനിതാ കമ്മീഷന്റെ കണ്ണും കാതുമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പ്രവർത്തിച്ചുവരുന്ന ജാഗ്രതാസമിതികൾ. കേരളത്തിലെ ഒന്നേമുക്കാൽ കോടിയോളം വരുന്ന സ്ത്രീകളുടെ അടുത്തേയ്ക്ക് സാന്ത്വനത്തിന്റെ കുളിർകാറ്റായി ജാഗ്രതാ സമിതികളുടെ രൂപത്തിൽ വനിതാ കമ്മീഷൻ എത്തുകയാണ്.

### എന്താണ് ജാഗ്രതാ സമിതി?

നമ്മുടെ നാട്ടിലെ സ്ത്രീകളുടേയും കുട്ടികളുടേയും പ്രശ്നം അവരുടെ മാത്രം പ്രശ്നമല്ല. അതൊരു സാമൂഹിക പ്രശ്നം കൂടിയാണ്. ഇത്തരം പ്രശ്നങ്ങളുടെ പരിഹാരത്തിന് നിയമപരമായി തന്നെ ശക്തമായ സംവിധാനങ്ങൾ നിലവിലുണ്ട്. എന്നാൽ പലപ്പോഴും അവയെ സമീപിക്കാൻ സ്ത്രീകളും പെൺകുട്ടികളും മടികാണിക്കുന്നു എന്ന യാഥാർഥ്യം ഇതിന്റെ തീവ്രത കൂട്ടുന്നു. സ്ത്രീസംരക്ഷണ നിയമങ്ങളെക്കുറിച്ചുള്ള അജ്ഞത, സമീപിക്കാനുള്ള ഭയം, വീട്ടിൽ നിന്നും സമൂഹത്തിൽ നിന്നും ആവശ്യത്തിന് പിന്തുണ കിട്ടാത്ത അവസ്ഥ, സാമ്പത്തിക ചെലവ്, സ്ത്രീസൗഹാർദമല്ലാത്ത സംവിധാനങ്ങൾ തുടങ്ങിയ നിരവധി കാരണങ്ങൾ ഇതിന് പിന്നിലുണ്ട്. ഇതിനൊരു പ്രതിവിധിയാണ് ജാഗ്രതാസമിതികൾ. ആശങ്കകളില്ലാതെ, സാമ്പത്തിക ചെലവില്ലാതെ നിർഭയമായി സ്ത്രീകൾക്ക് എപ്പോൾ വേണമെങ്കിലും സമീപിക്കാൻ കഴിയുന്ന, അവരുടേതെന്ന തോന്നൽ ഉണ്ടാക്കുന്ന, അവരുടെ തൊട്ടടുത്തുള്ള ഒരു സംവിധാനമാണ് ഇത്.

### എന്താണ് ജാഗ്രതാസമിതികളുടെ പ്രധാന ലക്ഷ്യം?

സ്ത്രീകൾ, പെൺകുട്ടികൾ എന്നിവർ കക്ഷികളായിട്ടുള്ള പരാതികൾ സ്വീകരിച്ച് പരിഹരിക്കുക, സ്ത്രീകൾക്കും പെൺകുട്ടികൾക്കുമെതിരെ പ്രശ്നങ്ങൾ ഉണ്ടെന്ന് ബോധ്യപ്പെട്ടാൽ സ്വയം കേസ് ഏറ്റെടുക്കുക, സ്ത്രീകൾക്കെതിരെ ഒരു തരത്തിലുമുള്ള പ്രശ്നങ്ങൾ ഉണ്ടാകാത്ത അന്തരീക്ഷം സൃഷ്ടിക്കുക, സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ നിയമോപദേശം, കൗൺസലിങ് എന്നിവ നൽകുക.

### ജാഗ്രതാ സമിതികളുടെ പ്രവർത്തന തലം

വനിതാ കമ്മീഷൻ, ജില്ലാ ജാഗ്രതാ സമിതി, സഹായസമിതി, കോർപ്പറേഷൻ മുനിസിപ്പൽ, ഗ്രാമപഞ്ചായത്ത് തല ജാഗ്രതാ സമിതികൾ, നിയമ സമിതി, വാർഡ് തല ജാഗ്രതാ സമിതി.

### പരാതി നൽകേണ്ടത് എങ്ങനെ?

കക്ഷിക്ക് നേരിട്ടോ അവർക്കുവേണ്ടി മറ്റാർക്കെങ്കിലുമോ പരാതി നൽകാം.

പരാതി വെള്ളപേപ്പറിൽ എഴുതി നൽകുകയോ, ഏതെങ്കിലുമൊരു ജാഗ്രതാ സമിതി അംഗത്തിന്റെ അടുത്ത് പറയുകയോ എഴുതി പോസ്റ്റ് ചെയ്യുകയോ ചെയ്താൽ മതി.

വാർഡ് തലത്തിലോ തദ്ദേശസ്വയംഭരണ തലത്തിലോ എവിടെ വേണമെങ്കിലും പരാതി നൽകാം.

### പരാതി അതത് തലത്തിൽ തന്നെ പരിഹരിക്കുമോ?

അതത് തലത്തിൽ തന്നെ പരിഹരിക്കും. അവിടെ കഴിഞ്ഞില്ലെങ്കിൽ വേറെ തലത്തിലേക്ക് (മുകൾ തട്ടിലേക്ക്, പൊലീസിലേക്ക്, കോടതിയിലേക്ക്, വനിതാസെല്ലിലേക്ക്, വനിതാ കമ്മീഷനിലേക്ക്) പരാതി റഫർ ചെയ്താൽ തുടർ നടപടികൾ കക്ഷിക്ക് വേണ്ടി ജാഗ്രതാസമിതി തീരുമാനിക്കുകയും സഹായിക്കുകയും ചെയ്യും.

### ജാഗ്രതാ സമിതിയുടെ പ്രത്യേകത

പരാതികൾ, അത് സംബന്ധിച്ച് മറ്റ് വിവരങ്ങൾ എന്നിവ അതീവ രഹസ്യമായി സൂക്ഷിക്കും, വളരെവേഗത്തിൽ, ശാശ്വതമായി പ്രശ്നത്തിന് പരിഹാരം കാണാം, തികച്ചും മനഃശാസ്ത്രപരവും മനുഷ്യത്വപരവും സൗഹാർദപരവുമായ സമീപനമായിരിക്കും ഉണ്ടായിരിക്കുക, കൗൺസിലിങ് പോലുള്ള സംവിധാനങ്ങൾ പ്രശ്നപരിഹാരത്തിന് ഉപയോഗിക്കും. പ്രശ്നങ്ങളുടെ ശരിയായ കാരണം അറിഞ്ഞ് പരിഹരിക്കുന്നു. സാമ്പത്തിക ചെലവ് തീരെയില്ല. പരിഹാര നടപടികൾക്ക് അനുസൃതമാണോ തുടർന്ന് ജീവിതം എന്ന് ജാഗ്രതാസമിതി നിരീക്ഷിച്ചുകൊണ്ടേയിരിക്കും.

1997-ലാണ് പഞ്ചായത്ത്/ജില്ലാതലത്തിൽ ജാഗ്രതാസമിതികൾ രൂപീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവായത്. തുടർന്ന് വനിതാ കമ്മീഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ വാർഡ്, പഞ്ചായത്ത്, കോർപ്പറേഷൻ, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിൽ കൂടി ഇവ പുനഃസംഘടിപ്പിച്ചുകൊണ്ട് 2007-ൽ സർക്കാർ പുതിയ ഉത്തരവിറക്കി. ഇതോടനുബന്ധിച്ച് ജാഗ്രതാസമിതികളുടെ ഘടന, പ്രവർത്തനം, ഉദ്ദേശ്യലക്ഷ്യങ്ങൾ എന്നിവയെക്കുറിച്ച് വിശദമായി പ്രതിപാദിക്കുന്ന ഒരു മാർഗരേഖ കിലയുടെ സഹായത്തോടെ വനിതാകമ്മീഷൻ പ്രസിദ്ധീകരിച്ചു. ജാഗ്രതാസമിതി പരിശീലനങ്ങൾക്കും ബോധവത്കരണത്തിനു

മായി 20 ലക്ഷം രൂപയാണ് കമ്മീഷൻ ഇത്തവണ ചെലവഴിക്കുന്നത്. കേരളത്തിലെ മിക്ക ജില്ലകളിലും ജില്ലാതല പരിശീലന ശില്പശാലകൾ നടത്തിക്കഴിഞ്ഞു. കോഴിക്കോട് ജില്ലയിൽ മാത്രം 15-ഓളം പരിശീലന ശില്പശാല നടത്തി. ജാഗ്രതാസമിതിയുടെ പ്രവർത്തനങ്ങൾ ഇതിവൃത്തമാക്കിക്കൊണ്ട് കമ്മീഷൻ നിർമിച്ച 'മിഴിവെട്ടം' എന്ന ഡോക്യുഫിക്ഷൻ പ്രേക്ഷകശ്രദ്ധ നേടിയിട്ടുണ്ട്. ഈ ആശയം പൊതുജനങ്ങളിലേയ്ക്ക് എത്തിക്കുന്നതിനായി കേരള പൊലീസിന്റെ സഹായത്തോടെ കമ്മീഷൻ അവതരിപ്പിക്കുന്ന 'പെണ്ണായ് പിറന്നവൾ' എന്ന ബോധവത്കരണ നാടകം അവതരിപ്പിച്ചു വരികയാണ്. എല്ലാ ജില്ലകളിലും പര്യടനം പൂർത്തിയാക്കി നാടകസംഘം തിരിച്ചെത്തുമ്പോൾ ജാഗ്രതാസമിതിയെപ്പറ്റി കേരളത്തിലെ ഓരോ സ്ത്രീക്കും അറിവ് പകരുക എന്ന ദൗത്യമാണ് കേരള വനിതാ കമ്മീഷൻ പൂർത്തീകരിക്കുക.



**കാസർകോട് ജില്ലാതല ജാഗ്രതാ സമിതിയുടെ ഉദ്ഘാടനം വനിതാകമ്മിഷൻ അദ്ധ്യക്ഷ ജസ്റ്റിസ് ഡി ശ്രീദേവി നിർവ്വഹിക്കുന്നു.**

## കേരള വനിതാ കമ്മീഷൻ- പൊതുവിവരങ്ങൾ

**കമ്മീഷനിൽ പരാതി നൽകുന്നതെങ്ങനെ?**

പരാതിക്കാരിയുടെയും എതിർകക്ഷി/കക്ഷികളുടേയും ഫോൺ നമ്പർ സഹിതമുള്ള പൂർണമായ മേൽവിലാസത്തോടെ വെള്ളക്കടലാസിൽ എഴുതിയോ ടൈപ്പു ചെയ്തോ തയ്യാറാക്കി അയയ്ക്കുകയോ നേരിട്ട് നൽകുകയോ ചെയ്യാം. പരാതിക്കാരിയുടേയും എതിർകക്ഷിയുടെയും പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ല എന്നിവ വ്യക്തമായി മേൽവിലാസത്തിൽ രേഖപ്പെടുത്തണം.

**ഏതു മേൽവിലാസത്തിലാണ് പരാതി നൽകേണ്ടത്?**

ചെയർപേഴ്സൺ, കേരള വനിതാകമ്മീഷൻ, വാൻറോസ് ജംഗ്ഷൻ, പാളയം, തിരുവനന്തപുരം-695034 എന്ന വിലാസത്തിൽ സാധാരണ തപാലിൽ അയച്ചാൽ മതിയാകും. ഫോൺ-0471-2337589, 2320509.

**പരാതിയിൽ കോർട്ട് ഫീസ് സ്റ്റാമ്പ് പതിക്കേണ്ടതുണ്ടോ?**

പരാതിയിൽ കോർട്ട് ഫീസ് സ്റ്റാമ്പ് പതിക്കേണ്ടതില്ല. പരാതി സമർപ്പിക്കുന്നതിന് യാതൊരു ഫീസും നൽകേണ്ടതില്ല.

**പരാതിയുടെ എത്ര പകർപ്പാണ് സമർപ്പിക്കേണ്ടത്?**

എതിർകക്ഷിയുടെ എണ്ണമനുസരിച്ചാണ് പരാതിയുടെ പകർപ്പിന്റെ എണ്ണവും തീരുമാനിക്കുന്നത്. എതിർകക്ഷി ഒന്നേയുള്ളുവെങ്കിൽ രണ്ടുപകർപ്പ് മതിയാകും.

**പരാതി നൽകുന്നതിന് ഒരു വക്കീലിന്റെ സേവനം ആവശ്യമാണോ?**

പരാതി നൽകുന്നതിന് വക്കീലന്റെ സേവനം അനുവദിക്കുന്നതല്ല.

**സിവിൽ കേസിൽ പരിഹാരംതേടി കമ്മീഷനെ സമീപിക്കാൻ കഴിയുമോ?**

അത്തരം കേസുകൾ കമ്മീഷൻ പരിഗണിക്കുന്നതല്ല.

**വിദേശത്തു താമസിക്കുന്ന ഒരാളിന്റെ പേരിൽ ഒരാൾക്ക് പരാതി നൽകുവാൻ കഴിയുമോ?**

ഇല്ല. വിദേശത്തു താമസിക്കുന്ന ഒരാളിന്റെ പേരിലുള്ള പരാതി സ്വീകരിക്കുന്നതല്ല.

**പുരുഷൻമാർ നൽകുന്ന പരാതി സ്വീകരിക്കുമോ?**

വിരളമായി, കലഹത്തെ തുടർന്ന് വേർപിരിഞ്ഞ കുടുംബത്തിന്റെ പുനഃസംയോജനം ലക്ഷ്യമാക്കിക്കൊണ്ടുള്ളത് സ്വീകരിക്കുന്നതാണ്.

**സ്ത്രീപീഡനമല്ലാത്തതും മറ്റു വിഷയങ്ങൾ സംബന്ധിച്ചുള്ളതുമായ പരാതികൾ സ്വീകരിക്കുമോ?**

ഇല്ല. സ്ത്രീകളുമായി ബന്ധപ്പെട്ടത് അല്ലാത്തതായ ഒരു പരാതിയും സ്വീകരിക്കുകയില്ല.

**ആരുടെ പരാതിയാണ് കമ്മീഷൻ സ്വീകരിക്കുന്നത്?**

വീട്ടിനകത്തോ, പുറത്തോ ശാരീരികമായോ മാനസികമായോ പീഡിപ്പിക്കപ്പെടുന്ന വനിതകൾ, അവസര സമത്വം നിഷേധിക്കപ്പെട്ട വനിതകൾ, സ്ത്രീധനത്തിന്റെ പേരിൽ പീഡിപ്പിക്കപ്പെടുന്നവർ, ജോലി ചെയ്യുന്ന സ്ഥാപനങ്ങളിൽ വിവേചനം അല്ലെങ്കിൽ പീഡനം അനുഭവിക്കുന്നവർ ഇവർക്കെല്ലാം വനിതാ കമ്മീഷനെ സമീപിക്കാവുന്നതാണ്.

**വിവാഹമോചനത്തിനുവേണ്ടി കമ്മീഷനെ സമീപിക്കാൻ കഴിയുമോ?**

വിവാഹമോചനത്തിനായുള്ള അപേക്ഷകൾ സാധാരണഗതിയിൽ കമ്മീഷൻ സ്വീകരിക്കാറില്ല. എങ്കിലും വിവാഹമോചനത്തിലൂടെ ആശ്വാസം നേടാൻ സ്ത്രീകളെ കുടുംബകോടതി മുഖേന ആയതു നേടിയെടുക്കുന്നതിന് കമ്മീഷൻ നിർദേശിക്കാറുണ്ട്.

**വനിതകൾക്ക് നിയമസഹായം കമ്മീഷനിൽ നിന്നും ലഭ്യമാണോ?**

കേരള സ്റ്റേറ്റ് ലീഗൽ സർവീസസ് അതോറിറ്റി, ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി എന്നിവ മുഖേന കമ്മീഷൻ വനിതകൾക്ക് നിയമസഹായം നൽകുന്നതാണ്.

**പിതൃത്വം തെളിയിക്കുന്നതിനുള്ള ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിന് കമ്മീഷന്റെ സഹായം ലഭ്യമാണോ?**


ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ ഈ ആവശ്യം കമ്മീഷൻ സൗജന്യമായി ചെയ്തുകൊടുക്കുന്നതാണ്. പട്ടികജാതി പട്ടികവർഗ വിഭാഗത്തിലുള്ളവർക്ക് സൗജന്യമായും മറ്റു പിന്നാക്ക ജാതിക്കാരിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്കുമാണ് ഡി.എൻ.എ. ടെസ്റ്റ് നടത്തുന്നതിനായി സാമ്പത്തികസഹായം നൽകുന്നത് ഇതിനായി തഹസീൽദാരിൽ നിന്നുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്.

**വനിതാ കമ്മീഷനു കീഴിൽ കൗൺസിലിങ് സെന്ററുകൾ നിലവിലുണ്ടോ?**

കോൺട്രാക്ട് അടിസ്ഥാനത്തിൽ കമ്മീഷനു കീഴിൽ കൗൺസലേഴ്സിനെ നിയോഗിച്ചിട്ടുണ്ട്. കമ്മീഷൻ നിർദേശിക്കുന്നവർക്കാണ് ഇവരുടെ സേവനം ലഭ്യമാക്കുക.■

*വനിതാ കമ്മീഷൻ പി.ആർ.ഒ ആണ് ലേഖകൻ*

■ ആർ. പാർവതീദേവി



# സ്ത്രീക്ക് പൊതു ഇടങ്ങൾ അന്യമോ?

സ്ത്രീകളെ സംസ്കാരത്തിന്റെ പേരിൽ ആക്രമിക്കുന്നതും അവരുടെ പോരാട്ടങ്ങളെയും വിമോചനത്തെയും ദുർബലപ്പെടുത്തുന്നതും മൗലികവാദ സംഘടനകൾ ആണെങ്കിലും അതിലുപരി ജനാധിപത്യസമൂഹത്തിന്റെ മൗനമാണ് ഇതിനു ധൈര്യം പകരുന്നത്.

മംഗലുരുവിൽ ജനുവരിയിൽ സ്ത്രീകൾക്കുനേരെ നടന്ന ഒരു ആക്രമണം വരാൻ പോകുന്ന കാലത്തുണ്ടാകാനിടയുള്ള ചില അപകടങ്ങളിലേക്കു വിരൽ ചൂണ്ടുന്നു. പെൺകുട്ടികൾ 'പബ്ബി'ൽ കയറിയത് ഭാരതീയസംസ്കാരത്തിനെതിരാണെന്ന പേരിലാണ് ഒരു കൂട്ടം മൗലിക വാദികൾ ആക്രമണം നടത്തിയത്. പെൺകുട്ടികളുടെ തലമുടിക്കു കുത്തിപ്പിടിച്ചും തെരുവിലിട്ടു മർദ്ദിച്ചും അവർ സംസ്കാരസമ്പന്നത തെളിയിക്കുകയായിരുന്നു. പബ്ബുകൾക്കോ മദ്യപാനത്തിനോ എതിരായിരുന്നില്ല മറിച്ച്, പെൺകുട്ടികൾ പബ്ബിൽ പോകുന്നതിനെതിരെയായിരുന്നു അക്രമം. സ്ത്രീയായാലും പുരുഷനായാലും മദ്യപിക്കാമോ എന്നൊരു ചോദ്യത്തിനുത്തരം പറയാൻ ഇവിടെ ഉദ്ദേശിക്കുന്നില്ല. മദ്യപാനത്തെ സദാചാര കാഴ്ചപ്പാടിലൂടെ കാണുന്നതും ശരിയല്ല. മദ്യവിരുദ്ധമൗലികവാദവും മറ്റേതൊരു മൗലികവാദത്തേയും പോലെ സമൂഹത്തെ സഹായിക്കുകയുമില്ല.

ഇവിടെ ചർച്ചചെയ്യേണ്ടത് മറ്റൊരു വസ്തുതയാണ്. സംസ്കാരത്തിന്റെ പേരിൽ സ്ത്രീകളെ നിയന്ത്രിക്കുകയും ചൊൽപ്പടിക്കു നിർത്തുകയും ചെയ്യുന്ന തന്ത്രത്തിന്റെ രാഷ്ട്രീയമാണ് എതിർക്കേണ്ടതും ചോദ്യം ചെയ്യേണ്ടതും. ചരിത്രം പരിശോധിച്ചാൽ എന്നും ഇത്തരം നിയന്ത്രണങ്ങൾ സ്ത്രീകൾക്കുമേൽ സമൂഹം ഏർപ്പെടുത്തിയിരുന്നതു കാണാനാവും. മംഗലുരുവിൽ ഹിന്ദുസംസ്കാര



മംഗലുരുവിൽ പബ്ബുകളിൽ പോകുന്നവർക്കെതിരെ നട

ത്തെയാണ് കൂട്ടുപിടിച്ചത്. ഭാരതത്തിൽ നടന്നുവന്നിരുന്നതും ഇപ്പോഴും നടക്കുന്നതുമായ അനാചാരങ്ങളും രീതികളും ക്രൂരമായ ചൂഷണങ്ങളും ഈ സംസ്കാരത്തിന്റെ ഭാഗംതന്നെയായി കാണേണ്ടിവരും.

ബനാറസിൽ ഹിന്ദുവിധവകൾ അനുഭവിക്കുന്ന പീഡനങ്ങൾ ഇന്ത്യക്കുതന്നെ നാണക്കേടാണ്. എത്രയോ മുമ്പ് നിയമം മൂലം നിരോധിക്കപ്പെട്ട സതി ഇന്ന് മടക്കിക്കൊണ്ടുവരാൻ മൗലികവാദികൾ രാജസ്ഥാനിൽ ശ്രമിക്കുന്നു. ശൈശവ വിവാഹം ഇന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നടക്കുന്നു. മരത്തേയും മൃഗത്തേയും നമ്മുടെ പെൺകുട്ടികൾ വിവാഹം കഴിക്കുന്നു. ബഹുഭാര്യാത്വം സംസ്കാരത്തിന്റെ പേരിൽ നിലനിർത്തിയിരിക്കുന്ന സമൂഹങ്ങൾ ഉണ്ട്. തല മൊട്ടയടിച്ച് വെള്ളവസ്ത്രം ഉടുത്ത് 'ദുശ്ശകുനങ്ങൾ' ആയി മാറിയ വിധവകൾ നമ്മുടെ കണ്ണുകൾ കണ്ടു പഴകിയതാണ്. ഇതൊക്കെയാണോ മഹത്തായ സംസ്കാരം?

ഈ സംസ്കാരത്തിനെതിരാണെന്ന് ആരോപിച്ച് അതിന്റെ വക്താക്കളായി സ്വയം അവരോധിതരായിരിക്കുന്ന ഒരു സംഘം ക്രിമിനലുകൾ സ്ത്രീകളെ തെരുവിലിട്ട് ആക്രമിക്കുമ്പോൾ ശാപഗ്രസ്തമായ വർത്തമാനകാലഘട്ടത്തിൽ ജനാധിപത്യസമൂഹം ഏറ്റെടുക്കേണ്ട ദൗത്യങ്ങൾ കൂടുതൽ വ്യക്തമാകുന്നു.

സംസ്കാരത്തിന്റെ പേരിൽ സ്ത്രീകളുടെ വിമോചനവും അവരുടെ പോരാട്ടങ്ങളും ദുർബലപ്പെടുത്തുന്ന രീതി ഇവരെപ്പോലെ മറ്റു പലർക്കും ഉള്ളതാണ്. സ്ത്രീവിമോചനംതന്നെ പാശ്ചാത്യ ആശയമാണെന്നും അത് ഭാരതീയ ആർഷ സംസ്കാരത്തിന് യോജിക്കാത്തതാണെന്നും പലരും വാദിക്കാറുണ്ട്. സ്ത്രീവാദം കുടുംബം തകർക്കലും ലൈംഗിക അരാജകത്വം പ്രചരിപ്പിക്കലും ആണെന്ന് ആരോപിക്കുന്നവരുണ്ട്. മംഗലൂരുവിലെ അതിക്രമക്കാർ ഈ ആരോപണങ്ങൾ മറ്റൊരു തരത്തിൽ പ്രകടിപ്പിക്കുന്നുവെന്നു മാത്രം. സ്ത്രീയുടെ വസ്ത്രധാരണം, ചലനങ്ങൾ, ചിന്ത, സമൂഹത്തിലെ ഇടപെടൽ തുടങ്ങിയതെന്തും നിയന്ത്രിക്കുന്ന ഫാസിസ്റ്റ് രീതി ഇന്നും ഇന്നലേയും ആരംഭിച്ചതല്ല. ഹിറ്റ്ലറുടെ കാലഘട്ടത്തിൽ സ്ത്രീകളെ പ്രത്യുത്പാദനയന്ത്രങ്ങളായാണ് കണ്ടിരുന്നത്.



പബ്ബുകളിൽ പോകുന്നവർക്കെതിരെ നടന്ന ആക്രമണത്തിൽ പ്രതിഷേധിച്ച് നടന്ന റാലി


ന്ന ആക്രമണം

ചരിത്രത്തിൽ കാലാകാലങ്ങളായി ഇത്തരം ജനാധിപത്യവിരുദ്ധർ സ്ത്രീകളെ അടിച്ചമർത്തിയിരുന്നു. ഇതിന്റെ ആധുനിക രൂപമാണല്ലോ അഫ്ഗാനിസ്ഥാനിലെ താലിബാൻ. താലിബാൻ സ്ത്രീകൾക്കുമേൽ അനവധി നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരുന്നു. വീടിനുപുറത്ത് സ്ത്രീകൾ ജോലി ചെയ്യരുത്. ഇത് അധ്യാപകർ, എൻജിനിയർ തുടങ്ങി എല്ലാവർക്കും ബാധകം., അടുത്ത പുരുഷബന്ധു ഒപ്പം ഉണ്ടെങ്കിൽ മാത്രമേ വീടിനു പുറത്തിറങ്ങാവൂ. പുരുഷവ്യാപാരികളുടെ കടയിൽനിന്നും സ്ത്രീകൾ സാധനം വാങ്ങരുത്, പുരുഷഡോക്ടർമാർ സ്ത്രീകളെ പരിശോധിക്കരുത്.

ഒരു വിദ്യാഭ്യാസസ്ഥാപനത്തിലും പെൺകുട്ടികൾ പഠിക്കരുത് (പെൺകുട്ടികളുടെ വിദ്യാഭ്യാസസ്ഥാപനങ്ങളെല്ലാം മതപഠനസ്ഥാപനങ്ങളാക്കി മാറ്റി), സൗന്ദര്യ വർദ്ധക വസ്തുക്കൾ ഉപയോഗിക്കരുത് (ചായം പൂശിയ നഖങ്ങൾ ഉള്ള വിരലുകൾ അറുത്തുമാറ്റപ്പെട്ടു).

സ്ത്രീകൾ ഉറക്കെ ചിരിക്കരുത്. ഒരു വിധ കായികവിനോദവും പാടില്ല, പുരുഷബന്ധുവിന്റെയൊപ്പം ആണെങ്കിൽകൂടി ഇരുചക്രവാഹനങ്ങളിൽ കയറരുത്.

നിറപ്പകിട്ടാർന്ന വസ്ത്രങ്ങൾ ലൈംഗിക ആകർഷണമുണ്ടാക്കുന്നതിനാൽ സ്ത്രീകൾ ധരിക്കരുത് തുടങ്ങി പട്ടിക നീളുക്കയാണ്. ഈ നിർദേശങ്ങൾ തെറ്റിച്ചാൽ പരസ്യമായി കല്ലെറിഞ്ഞോ മറ്റുതരത്തിലോ കൊല്ലും. അല്ലെങ്കിൽ പരസ്യമായി ചാട്ടവാറിനടിക്കും. ഏതുതരം ശിക്ഷയും നടപ്പാക്കും.

ഫാസിസ്റ്റ് ശക്തികളുടെ നിയന്ത്രണങ്ങളെല്ലാം സംസ്കാരത്തിന്റെ പേരിലാണ്. കശ്മീരിൽ പർദ ധരിക്കാത്ത സ്ത്രീകളുടെ കാലിൽ വെടിവച്ചുവീഴ്ത്തുന്നത് കൂടെക്കൂടെ സംഭവിക്കുന്നു.

ലോകമെമ്പാടും മൗലികവാദികൾ നടത്തിവരുന്ന ജനാധിപത്യധ്വംസനങ്ങളുടെ ഭാഗമായി മാത്രമേ മംഗലുരു സംഭവത്തെയും കാണാനാകൂ. ഇന്ന് ഇന്ത്യയിൽ മൗലികവാദികൾക്ക് രാഷ്ട്രീയാധികാരമില്ല. എന്നിട്ടും അവർ സ്വതന്ത്ര ഇന്ത്യയിൽ സ്ത്രീകളെ സംസ്കാരത്തിന്റെ പേരിൽ ആക്രമിക്കുന്നു. ഭീതിദമായ അവസ്ഥാവിശേഷമാണിത്. മുഖ്യധാരയിൽ ഇടപെടുന്നതുകൊണ്ട് സ്ത്രീസമൂഹം അതിവേഗത്തിൽ മുന്നേറുകയും സ്വന്തം ഇടം നേടിയെടുക്കുകയും ചെയ്യുമ്പോൾ ഇത്തരം അടിച്ചമർത്തലുകൾ ഒരു ജനാധിപത്യരാജ്യത്തിന്റെ പുരോഗതിയെയാണ് പിന്നോട്ടടിക്കുന്നത്. ഇവ അതിജീവിച്ചു മുന്നേറാൻ പുരോഗമനപ്രസ്ഥാനങ്ങളും സ്ത്രീസംഘടനകളും സ്ത്രീകളെ പ്രാപ്തരാക്കുമ്പോൾ മറുഭാഗത്ത് സംസ്കാരത്തിന്റെ പേരിൽ സ്ത്രീകളെ പിന്നോട്ടടിക്കുകയാണ്. പൊതു ഇടങ്ങളെല്ലാം സ്ത്രീക്ക് അന്യമാണെന്നും അവൾ പുരുഷന് വിധേയമായി ജീവിക്കേണ്ടവളാണെന്നുമുള്ള ചിന്ത പ്രതിലോമകരമാണ്. മറ്റ് മതക്കാരുടെ ആരാധനാലയങ്ങൾ കത്തിക്കുകയും വിധ്വംസകപ്രവർത്തനങ്ങൾ നടത്തുകയും ചെയ്യുന്നവർ തന്നെയാണ് സ്ത്രീകളോട് പരാക്രമത്തിന് തുനിയുന്നതും. ജനാധിപത്യസമൂഹത്തിന്റെ മൗനം ആണ് ഇവർക്ക് ധൈര്യം പകരുന്നത്. കേരളത്തിൽ ഒരു പരിധിവരെ ഇത്തരം ശക്തികൾക്കെതിരെ പ്രതിരോധം നിലനിൽക്കുന്നുണ്ട്. എന്നാൽ അതീവ ജാഗ്രത പുലർത്തുകയും ശക്തമായ ആശയപ്രചരണം നടത്തുകയും ചെയ്തില്ലെങ്കിൽ കേരളത്തിലും മംഗ്ളൂർ ആവർത്തിച്ചുകൂടായ്കയില്ല.■

# ആഗോളതാപനവും കേരളവും

അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ആഗോള താപന പ്രത്യാഘാതങ്ങളുടെ പശ്ചാത്തലത്തിൽ വനനശീകരണം അവസാനിപ്പിക്കേണ്ടതിന്റെയും പുതുതലമുറ സാമൂഹിക വനവത്കരണത്തിന്റെ പ്രാധാന്യം മനസ്സിലാക്കേണ്ടതിൻെയും ആവശ്യകതയെപ്പറ്റി വിശദീകരിക്കുകയാണ് ലേഖകൻ.

**പൂവറ്റൂർ ബാഹുലേയൻ**


ആഗോളതാപനവും അതുമൂലമുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനവും ഒരു കെട്ടുകഥയല്ല. കൊടുംവേനലിൽ ദിവസങ്ങളോളം പെരുമഴ പെയ്തപ്പോഴും മഴമാസങ്ങളിൽ ദാഹനീരിനായി മണ്ണു നിലവിളിച്ചപ്പോഴും നാം അതിന്റെ ആപത്സൂചനകൾ അറിയുകയായിരുന്നു. ഈ ഘോരവിപത്തിനെതിരായ തിരിച്ചറിവുകൾക്കും പ്രതിപ്രവർത്തനങ്ങൾക്കും ഇനിയൊട്ടും വൈകിക്കൂടായെന്ന് നാം മനസ്സിലാക്കുന്നു. ഭൂമിയിലെ കാലാവസ്ഥ ജീവജാലങ്ങൾക്ക് അസഹനീയമാകുന്ന തരത്തിൽ അപകടകരമായ നിലയിലേയ്ക്ക് മാറിക്കൊണ്ടിരിക്കുകയാണെന്ന് ശാസ്ത്രജ്ഞൻമാർ നിസ്സംശയം പ്രസ്താവിച്ചുകഴിഞ്ഞു.

ഭൂമിയുടെ അന്തരീക്ഷോഷ്മാവും താപനിലയും ക്രമാതീതമായി വർദ്ധിക്കുന്നതിനെയാണ് 'ആഗോളതാപനം' എന്നുപറയുന്നത്. ആഗോളതാപനം മൂലം ലോകകാലാവസ്ഥയിൽ ഗണ്യമായ മാറ്റങ്ങളുണ്ടാകുന്നു. കടൽജലനിരപ്പ് ഉയരുക, താളംതെറ്റിയ വർഷകാലങ്ങൾ മൂലം വെള്ളപ്പൊക്കമുണ്ടാകുക, കൊടുങ്കാറ്റുകളുണ്ടാകുക തുടങ്ങിയവ ആഗോളതാപനത്തിന്റെ പ്രത്യക്ഷ ലക്ഷണങ്ങളാണ്.

### ആഗോളതാപനം - കാരണങ്ങൾ

ഭൗമാന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്ന കാർബൺഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ്, മീഥേൻ, നൈട്രസ് ഓക്സൈഡ്, ഓസോൺ എന്നീ വാതകങ്ങൾ അന്തരീക്ഷത്തിൽ ഒരു വാതകപാളിയായി തങ്ങിനിൽക്കുകയും ഭൂമിയിൽ നിന്നുള്ള താപവികരണത്തെ തടയുകയും ചെയ്യുന്നു. ഇതിനെ 'ഗ്രീൻ ഹൗസ് ഇഫക്ട്' എന്നു പറയുന്നു. വികസന പ്രവർത്തനങ്ങളുടെ ഫലമായി വൻതോതിൽ വ്യവസായങ്ങൾ വന്നതോടെ അന്തരീക്ഷം കൂടുതൽ മലിനമാകാൻ തുടങ്ങി. അന്തരീക്ഷത്തിൽ ഗ്രീൻ ഹൗസ് വാതകങ്ങളുടെ അളവ് വർധിച്ചുവന്നു. ഭൂമിയെ സൂര്യതാപാഘാതത്തിൽ നിന്നും സംരക്ഷിക്കുന്ന ഹരിതവാതക കവചത്തിന്റെ കട്ടി കൂടിക്കൂടി വന്നതോടെ അന്തരീക്ഷത്തിലെ താപം കൂടിവന്നു. ഭൗമാന്തരീക്ഷത്തിലെ താപനില ക്രമാതീതമായി വർധിക്കുന്ന പ്രവണത കഴിഞ്ഞ ഒരു നൂറ്റാണ്ടായി കൂടിവരികയാണ്. വ്യവസായശാലകളിൽ നിന്നും പുറംതള്ളുന്ന കാർബൺഡൈ ഓക്സൈഡ്, കാർബൺ മോണോക്സൈഡ് എന്നീ വാതകങ്ങളുടെ അളവ് നാൾക്കുനാൾ വർധിച്ചുവരുന്നു. കൽക്കരി, എണ്ണ, പെട്രോളിയം ഉത്പന്നങ്ങൾ എന്നിവ കത്തുന്നതുമൂലവും വർധിച്ചതോതിൽ 'ഹരിത ഗൃഹ വാതകങ്ങൾ' അന്തരീക്ഷത്തിൽ ലയിക്കുന്നുണ്ട്. വനനശീകരണം മൂലം വളരെയധികം കാർബൺഡൈ ഓക്സൈഡ് അന്തരീക്ഷത്തിൽ തങ്ങിനിൽക്കുന്നു. കന്നുകാലികളുടെ വയറ്റിൽ ആഹാരം ദഹിക്കുമ്പോഴുണ്ടാകുന്ന മീഥേൻ അയവിറക്കുമ്പോൾ പുറത്തേക്ക് വരാറുണ്ട്. അവയും അന്തരീക്ഷത്തിലെ ഹരിത ഗൃഹ വാതകങ്ങളുടെ അളവ് കൂട്ടുന്നു. അതുപോലെ തന്നെ വ്യവസായ ശാലകളിൽനിന്നും മറ്റും പുറത്തുവിടുന്ന നൈട്രസ് ഓക്സൈഡിന്റെ അളവും വർധിച്ചുകൊണ്ടിരിക്കുകയാണ്.

ചുട്ടുപൊള്ളുന്ന ഭൂമിയുടെ ദുരന്തമുഖങ്ങൾ ശാസ്ത്രലോകം വരച്ചുതരുമ്പോഴും ലോകമെങ്ങും വനങ്ങൾ നശിപ്പിക്കപ്പെടുകയാണ്. ഇത്തരമൊരവസ്ഥയിൽ വ്യക്തമായ ദിശാബോധത്തോടെയാണ് ഭാവനാപൂർണമായ ഹരിതവത്കരണ പദ്ധതികൾ നടപ്പിലാക്കാൻ കൊച്ചുകേരളത്തിനു കഴിയുന്നത്. ചാരിതാർഥ്യത്തോടെ പറയട്ടെ,




## കർമ പദ്ധതിക്ക് രൂപം നൽകണം

ആഗോളതാപനം മൂലം സംസ്ഥാനത്തുണ്ടാകാൻ സാധ്യതയുള്ള പ്രത്യാഘാതങ്ങൾ ഫലപ്രദമായി ചെറുക്കുന്നതിന് സംസ്ഥാന സർക്കാർ കർമ പദ്ധതിക്ക് രൂപം നൽകണമെന്ന് പാരിസ്ഥിതിക പ്രവർത്തകരും, ശാസ്ത്രജ്ഞരും നിർദ്ദേശിച്ചു. സംസ്ഥാന വനം വകുപ്പിന്റെ ആഭിമുഖ്യത്തിൽ ജനുവരി 19 മുതൽ 21 വരെ തിരുവനന്തപുരത്ത് സംഘടിപ്പിച്ച ആഗോളതാപനവും കേര




**ആഗോളതാപനവും കേരളവും എന്ന വിഷയത്തിൽ വനം വകുപ്പ് സംഘടിപ്പിച്ച ത്രിദിന ശില്പശാലയുടെ സമാപന ചടങ്ങിൽ ഗവർണർ ആർ.എസ്.ഗവായ് സംസാരിക്കുന്നു.**

ളവും ത്രിദിന ദേശീയ സെമിനാറിലാണ് ഈ നിർദേശം ഉണ്ടായത്.

590 കിലോമീറ്റർ വരുന്ന തീരദേശവും ലക്ഷക്കണക്കിന് ആളുകൾ ജീവനോപാധിയായി മത്സ്യബന്ധനത്തിലും മറ്റ് അനുബന്ധ തൊഴിലുകളിലും ഏർപ്പെട്ടിരിക്കുന്ന സംസ്ഥാനമെന്ന നിലയ്ക്ക് ആഗോളതാപനം കേരളത്തിന് ഉളവാക്കുന്ന ഭീഷണിയെ സംസ്ഥാനത്തിനകത്തും പുറത്തുമുള്ള പരിസ്ഥിതി പ്രവർത്തകരും ശാസ്ത്രജ്ഞരും വളരെ ഗൗരവത്തോടെയാണ് വീക്ഷിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് സെമിനാർ സംഘടിപ്പിച്ചത്.

പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത വിധത്തിൽ വികസനം നടത്താനുതകുന്ന ഒരു ബദൽ വികസനത്തിന് രൂപം നൽകേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് വനം പരിസ്ഥിതി മന്ത്രി പറഞ്ഞു. കേരളം ഉൾപ്പെടെയുള്ള പല ഭൂഭാഗങ്ങളും ആഗോളതാപനത്തിന്റെ തിക്തഫലങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഉഷ്ണത്തിന്റെ ആധിക്യവും മഴയുടെ തോതിലുള്ള വ്യതിയാനവും, കൃഷിനാശവും, ചിക്കുൻഗുനിയ പോലെയുള്ള മാരക രോഗങ്ങളുമൊക്കെ ആഗോളതാപനം മൂലമുള്ള കാലാവസ്ഥാവ്യതിയാനങ്ങളുടെ ഫലമാണ്. ആഗോള താപനത്തിന് കാരണമായ ഹരിതഗൃഹവാതകങ്ങളുടെ വർധനവിന് വനനശീകരണം പ്രധാനപങ്ക് വഹിക്കുന്നുണ്ട് എന്ന് പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. വനനശീകരണത്തിന് എതിരായും വൃക്ഷവത്കരണത്തിനുവേണ്ടിയും സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളുടെയും പങ്കാളിത്തത്തോടെ നിരവധി പരിപാടികൾ കേരളത്തിൽ നടപ്പാക്കി വരികയാണ്. വിവിധ പദ്ധതികളിലായി ഇതുവരെ 52 ലക്ഷത്തോളം വൃക്ഷതൈകൾ സംസ്ഥാനത്ത് നട്ടുപിടിപ്പിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ സംസ്ഥാനമെമ്പാടും ഒരുകോടി വൃക്ഷതൈകൾ നടും. നിരവധി കുടുംബങ്ങൾ അധിവസിക്കുന്ന ഫ്ളാറ്റ് പോലുള്ള കെട്ടിട സമുച്ചയങ്ങൾക്ക് സമീപം കഴിയുന്നത്ര മരങ്ങൾ നട്ടുവളർത്തണമെന്നും പരിസ്ഥിതി മലിനീകരണം സംബന്ധിച്ച വ്യവഹാരങ്ങളിൽ പെട്ടെന്ന് തീർപ്പ് കൽപ്പിക്കാനായി കേരള ഹൈക്കോടതിയിൽ ഗ്രീൻ ബഞ്ച് സ്ഥാപിക്കണമെന്നും മന്ത്രി പറഞ്ഞു. ആഗോളതാപനത്തിന് മുഖ്യകാരണക്കാരായ അമേരിക്ക ഉൾപ്പെടെയുള്ള വികസ്വര രാജ്യങ്ങൾ ആഗോളതാപനത്തിന് കാരണമാകുന്ന ഹരിതഗൃഹ വാതകങ്ങളുടെ വർധനവ് തടയാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

ആഗോളതാപനം തടയാൻ സ്വീകരിക്കുന്ന മാർഗങ്ങൾ ഇന്ന് ലോകത്ത് നിലനിൽക്കുന്ന അസമത്വം വർധിപ്പിക്കാനിടയാകരുത് എന്ന് ഉദ്ഘാടന ചടങ്ങിൽ പങ്കെടുത്ത് സംസാരിച്ച സംസ്ഥാന ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷൻ പ്രഭാത്പട്നായിക് പറഞ്ഞു. ആഗോളതാപനം സംബന്ധിച്ച് വിവിധ സംസ്ഥാനങ്ങൾ സ്വീകരിക്കേണ്ട നടപടികൾ അടുത്തറിയാനും പങ്കുവയ്ക്കാനും സെമിനാർ ഉപകരിച്ചുവെന്ന് സമാപനസമ്മേളന ഉദ്ഘാടനം ചെയ്ത കേരള ഗവർണർ ആർ.എസ്. ഗവായ് പറഞ്ഞു. വനവത്കരണത്തിനൊപ്പം കാർഷികവിളകളുടെ



വൈവിധ്യവും ആഗോളതാപനത്തെ ഫലപ്രദമായി നേരിടാൻ ആവശ്യമാണെന്ന് സെമിനാറിൽ പ്രത്യേക ക്ഷണിതാവായി പങ്കെടുത്ത പരിസ്ഥിതി പ്രവർത്തക ഡോ. വന്ദനശിവ പറഞ്ഞു. പരിസ്ഥിതി മലിനീകരണത്തിലൂടെയും വനനശീകരണത്തിലൂടെയും മനുഷ്യർ പ്രകൃതിയുടെ സന്തുലിതാവസ്ഥ തകർത്തുകഴിഞ്ഞു. അടിക്കടിയുണ്ടാകുന്ന കാലാവസ്ഥാവ്യതിയാനങ്ങൾ ഇതാണ് സൂചിപ്പിക്കുന്നത്. എന്നാൽ കാലാവസ്ഥാ വ്യതിയാനങ്ങളുടെ ദുരന്തഫലങ്ങൾ അനുഭവിക്കേണ്ടിവരുന്നത് പലപ്പോഴും സ്ത്രീകളും കുഞ്ഞുങ്ങളുമാണ്. ഇത്തരത്തിലുള്ള അവസ്ഥയ്ക്ക് അവസാനമുണ്ടാക്കാൻ പരിസ്ഥിതി പ്രവർത്തകരുടെയും സ്വതന്ത്ര സംഘടനകളുടെയും ശ്രദ്ധ കൂടിയേ തീരു എന്നും അവർ പറഞ്ഞു.

തുടർന്ന് ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ നിർദേശങ്ങൾ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ അവതരിപ്പിച്ചു. സർക്കാരിന്റെ വിവിധ വകുപ്പുകളുടെ നയരേഖകളിൽ ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവും പ്രധാനവിഷയമാക്കണം. കാലാവസ്ഥാ വ്യതിയാനവുമായി ബന്ധപ്പെട്ട പ്രത്യാഘാതങ്ങൾ ശമിപ്പിക്കുന്നതിന് സംസ്ഥാനം കർമപദ്ധതി രൂപകല്പന ചെയ്യണം. സംസ്ഥാനത്തിന്റെ ഹരിതാവരണം വർധിപ്പിക്കുന്നതിന് വൃക്ഷവത്കരണത്തോടും പ്രക്ഷീണവനങ്ങളുടെ പുനരുജ്ജീവനത്തിനുമൊപ്പം ജൈവവൈവിധ്യത്തിലും സംരക്ഷണത്തിലും പ്രോത്സാഹനം നൽകണം, മുളകളുടെ കാർബൺ സ്വാംശീകരണ കഴിവ് കണക്കിലെടുത്ത് മുള ഉത്പന്നങ്ങളെ ദീർഘകാലം സംരക്ഷിക്കാനുള്ള രീതികൾ അവലംബിക്കണം ഹരിതഗൃഹ വാതകങ്ങളുടെ പുറംതള്ളൽ ലഘൂകരിക്കുന്നതിന് റോഡ്, റെയിൽ, ജലഗതാഗതം ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനം ശക്തിപ്പെടുത്തണം, പാരമ്പര്യേതര ഊർജസ്രോതസ്സുകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് നയം രൂപപ്പെടുത്തണം, നികുതി ഇളവു നൽകി ഹരിത കെട്ടിടനിർമാണം പ്രോത്സാഹിപ്പിക്കണം, ഊർജ സംരക്ഷണ ബിൽഡിങ് കോഡ് നടപ്പാക്കണം. ഊർജ കണക്കെടുപ്പ് എല്ലാ മേഖലകളിലും നിർബന്ധമാക്കണം. കുറഞ്ഞ കാർബൺ സാങ്കേതിക വിദ്യ സംസ്ഥാനത്തെ എല്ലാ മേഖലകളിലും പ്രോത്സാഹിപ്പിക്കപ്പെടണം എന്നിവയാണ് സെമിനാർ മുന്നോട്ടുവച്ച പ്രധാന നിർദേശങ്ങൾ.

മുംബൈ ഐ.ഐ.ടി പ്രൊഫസർ ഹരിപ്രിയ, സൗത്ത് ഏഷ്യൻ കെ.എഫ്.ഡബ്ല്യു കാർബൺ ഫണ്ട് പ്രോജക്ട് മാനേജർ ഉഷാറാവു, ഫ്രഞ്ച് പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രാദേശിക ഉപദേഷ്ടാവ് ബ്രഹ്മാനന്ദ മൊഹന്തി, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ട്രോപ്പിക്കൽ മെട്രോളജിയിലെ സത്യാനന്ദ സിങ് തുടങ്ങിയവരുൾപ്പടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുമായി 250 ഡെലിഗേറ്റുകൾ പങ്കെടുത്ത സെമിനാറിൽ ആഗോളതാപനം സംബന്ധിച്ച് 35 പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെട്ടു. സെമിനാറിൽ ഉരുത്തിരിഞ്ഞ ആശയങ്ങളും സംവാദങ്ങളും, ആഗോളതാപനത്തെ നേരിടുന്നതിൽ കേരളത്തിന് പുത്തൻ ദിശാബോധം നൽകുമെന്നതിൽ സംശയമില്ല.

**പ്രവീൺ. എസ്. ആർ**

ഫലപ്രദമായി അവയൊക്കെ നടപ്പാക്കാൻ നമുക്കുകഴിഞ്ഞു.

മൊത്തം വനവിസ്തൃതിയുടെ 33 ശതമാനം വനങ്ങളാലോ വൃക്ഷങ്ങളാലോ ചുറ്റപ്പെട്ട ഹരിതാഭമായിരിക്കണമെന്ന് 1988-ലെ ദേശീയ വനനയം നിഷ്കർഷിക്കുന്നു. നമ്മുടെ രാജ്യത്തിന്റെ ഇപ്പോഴുള്ള ശരാശരി വനവിസ്തൃതി 19 ശതമാനമാണ്. വനസംരക്ഷണ, വനവത്കരണ രംഗങ്ങളിൽ പുതിയ മാനങ്ങൾ വെട്ടിത്തെളിച്ചുകൊണ്ട് കേരളം റിസർവ് വനവിസ്തൃതിയിൽ മൂന്ന് ശതമാനം വർധന നേടി 29 ശതമാനത്തിലെത്തിയിട്ടുണ്ട്. വനശോഷണത്തിലേക്ക് ലോകം നീങ്ങുമ്പോൾ നിലവിലുള്ള വനങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം വനവിസ്തൃതി വർധിപ്പിക്കാനും കഴിഞ്ഞ അപൂർവം സംസ്ഥാനങ്ങളിൽ ഒന്നായി ജനനിബിഡമായ നമ്മുടെ സംസ്ഥാനം മാറിയത് ചെറിയ കാര്യമല്ല. അന്യാധീനപ്പെട്ട വനഭൂമി തിരിച്ചു പിടിച്ചും സാമൂഹ്യ വനവത്കരണത്തിൽ പുതിയ അധ്യായങ്ങളെഴുതിച്ചേർത്തുമാണ് നാം ഈ നേട്ടങ്ങൾ കൈവരിച്ചത്.

വനംകയ്യേറ്റം തടയാനും അന്യാധീനപ്പെട്ട വനഭൂമി തിരിച്ചുപിടിക്കാനും ശക്തമായ നടപടികൾ ഇപ്പോൾ സ്വീകരിക്കപ്പെട്ടിട്ടുണ്ട്. സമീപകാലത്ത് നടപ്പാക്കിയ 'എന്റെ മരം പദ്ധതി' എന്നേക്കും മാതൃകയായി ലോകം അംഗീകരിച്ചിട്ടുണ്ട്. കാർബൺ ബഹിർഗമനത്താൽ വീർപ്പുമുട്ടുന്ന പാതയോരങ്ങൾക്കാശ്വാസമായി തൊഴിലാളി സഹകരണത്തോടെ നടപ്പാക്കിയ 'വഴിയോരത്തണൽ പദ്ധതിയും' ഹരിതാഭ സംസ്കാരത്തിന്റെ മറ്റൊരു തിളങ്ങുന്ന അദ്ധ്യായമായി. കടൽക്ഷോഭ ദുരന്തങ്ങളെ ചെറുക്കാൻകൂടി ലക്ഷ്യമിട്ട് നടപ്പാക്കിയ 'ഹരിതതീരം പദ്ധതി' നമ്മുടെ ഒമ്പത് തീരദേശ ജില്ലകൾക്ക് കുളിർക്കാറ്റ് വിതയ്ക്കും.

കേരളത്തിന്റെ ഹരിതാഭ ചരിത്രത്തിൽ ഇങ്ങനെ പുതുചരിത്രമെഴുതുമ്പോഴും ഗതകാലത്തിനു തണലും കുളിരുമേകി പടർന്നുനിൽക്കുന്ന വൻമരങ്ങൾ മുറിക്കപ്പെടുന്നത് വേദനയോടെ നാം കാണുന്നു. ഒരുമരവും മുറിക്കാൻ പാടില്ലാത്തതാണ്. എന്നാൽ ഗതാഗതക്കുരുക്കിൽ നിന്ന് നഗരത്തിന് ആശ്വാസമേകാനായി മരങ്ങൾ മുറിച്ച് റോഡ് വികസനം നടത്താനുള്ള സമ്മർദങ്ങൾ ഒരു യാഥാർഥ്യമാണ്.

റോഡ് വികസനത്തിന്റേതെന്നല്ല എന്തിന്റെ പേരിലായാലും മരങ്ങൾ മുറിക്കുന്നത് പലവട്ടം ആലോചിച്ചാവണം. തലമുറകൾക്ക് തണലേകിയ മരങ്ങൾക്ക് മേൽ മഴു പതിച്ചപ്പോഴൊക്കെ ഒരു സന്ദേഹവുമില്ലാതെ എതിർപ്പുകൾ വന്നിട്ടുണ്ട്. ഈ എതിർപ്പുകൊണ്ടുതന്നെയാണ് വിവിധ തലങ്ങളിൽ കൂടിയാലോചനകൾക്ക് വേദികളൊരുങ്ങിയതും പരമാവധി മരങ്ങൾ സംരക്ഷിക്കപ്പെടുന്നതും. അനിവാര്യമായ സാഹചര്യങ്ങളിൽ മരങ്ങൾ മുറിക്കേണ്ടിവരുമ്പോൾ മുറിക്കുന്ന ഓരോ മരത്തിനും പകരം പത്തുമരങ്ങൾ നട്ടുപിടിപ്പിക്കണമെന്ന വനംവകുപ്പിന്റെ നിർദേശം അംഗീകരിക്കപ്പെട്ടതാണ്.

ആഗോള താപന ഫലമായി സമുദ്രനിരപ്പ് ഉയരുന്നതിന്റെ പ്രത്യാഘാതങ്ങൾ ഏറ്റവും കൂടുതൽ ബാധിക്കുന്നത് ഇന്ത്യയുൾപ്പെടെയുള്ള ജനസാന്ദ്രത ഏറിയ ഏഷ്യൻ രാജ്യങ്ങളെയാണ്. താഴ്ന്ന സമതലങ്ങളും ഡൽറ്റാ പ്രദേശങ്ങളും അടങ്ങിയ കൃഷിഭൂമികൾ ഉപ്പുവെള്ളം കയറി കൃഷിക്കനുയോജ്യമല്ലാതാകും. അതുപോലെ തന്നെ ഇവിടങ്ങളിലെ ഈർപ്പഭൂമികൾ (വെറ്റ് ലാൻഡ്സ്) കൃഷിക്കോ മത്സ്യക്കൃഷിക്കോ ഉപയോഗിക്കാൻ കഴിയാത്തതായി തീരും. അതിന്റെയർത്ഥം നമ്മുടെ കുട്ടനാടു പോലുള്ള പ്രദേശങ്ങളടക്കം ഭീഷണിയുടെ നിഴലിലാണെന്നാണ്. ആഗോളതാപനത്തിനു കാരണമാകുന്ന പലഘടകങ്ങളും അമേരിക്കയുൾപ്പെടെയുള്ള വൻരാഷ്ട്രങ്ങളുടെ നടപടികൾ മൂലമുണ്ടാകുന്നവയാണ്. എന്നാൽ അവിടങ്ങളിലെ ജീവിത ശൈലി ഇവിടെയും പിന്തുടരുന്നവരും ഈ പ്രക്രിയയിൽ തങ്ങളുടേതായ സംഭാവന നൽകുന്നുണ്ട്. അതിനാൽത്തന്നെ നമുക്കും ഇതിനെതിരെ നിരവധി നടപടികൾ കൈക്കൊള്ളേണ്ടി വരുന്നുണ്ട്. ശ്രദ്ധയോടെയുള്ള പ്രവർത്തനങ്ങളിലൂടെ ആഗോളതാപനത്തെ ചെറുക്കാനുള്ള നടപടികൾക്ക് നമ്മുടെതായ സംഭാവന നല്കാനും അപകടത്തിന്റെ പ്രത്യാഘാതങ്ങൾ കുറയ്ക്കാനും നമുക്കു കഴിയും. അതിനുള്ള വലിയൊരു തുടക്കം നല്കാനുള്ള നിരവധി നിർദ്ദേശങ്ങൾ ഈയിടെ നടന്ന ശില്പശാലയിൽ ഉയർന്നുവന്നിട്ടുണ്ട്.

സ്വന്തം കടമകളും ഉത്തരവാദിത്വങ്ങളും നിറവേറ്റിയതിന്റെ ചാരിതാർഥ്യത്തിൽ നിന്നുകൊണ്ടുതന്നെയാണ് നാം ആഗോളതാപനത്തിനെതിരായ ദേശീയ ശില്പശാല നടത്തിയത്. ആഗോളതാപനം ആഗോളവിഷയമെന്ന നിലയിൽ മറ്റാരുടെയെങ്കിലും തലയിൽ കെട്ടിവച്ച് മാറി നിൽക്കുന്നത് ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടമെന്നതിലുപരി ശരിയായ തിരിച്ചറിവിന്റെ വികലതയുമാവും. കേരളം ഉൾപ്പെടുന്ന പശ്ചിമഘട്ടമലനിരകൾ വരാനിരിക്കുന്ന വൻദുരന്തത്തിന്റെ വിഹാരകേന്ദ്രങ്ങളിലൊന്നായി ശാസ്ത്രലോകം ചൂണ്ടിക്കാട്ടുന്നു. ആഗോളതാപനത്തിന്റെ ഈ ഘോരവിപത്തിൽ നിന്നും നാം എവിടെപ്പോയൊളിക്കും. നമുക്ക് പാർക്കാനുള്ള 'മുന്തിരിത്തോപ്പുകൾ' ഇതുമാത്രമാണ്. ആഗോളതാപന വിപത്തുകൾ നാം മനസ്സിലാക്കി പ്രവർത്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.■

■ ഡോ. വി. നാഗരാജൻ നായിഡു

# 3 ജി- മൊബൈൽ കമ്മ്യൂണിക്കേഷൻ രംഗത്തെ വിപ്ലവം

വാർത്താവിനിമയ രംഗത്തെ ഏറ്റവും നൂതന സാങ്കേതിക വിദ്യയായ 3 ജിയുടെ ചരിത്രത്തെയും അതു നൽകുന്ന സേവനങ്ങളെയും പറ്റി...

അടുത്തിടെ 3-ജി നയം പ്രഖ്യാപിച്ചുകൊണ്ട് ഭാരതം വിവര സാങ്കേതികവിദ്യാ രംഗത്ത് ഒരു നൂതന അധ്യായത്തിനു തുടക്കം കുറിക്കുകയുണ്ടായി. ഏറ്റവും നൂതനമായ മൊബൈൽ ഫോൺ സാങ്കേതിക വിദ്യയാണ് 3-ജി. 3-ജി എന്നതിന്റെ അർത്ഥം Third Generation അഥവാ മൂന്നാംതലമുറ എന്നാണ്. അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻസ് യൂണിയന്റെ അന്താരാഷ്ട്ര മൊബൈൽ ടെലികമ്മ്യൂണിക്കേഷൻസ് പ്രോഗ്രാമായ I.M.T-2000 ആണ് 3-ജിക്ക് അടിസ്ഥാനം. 3-ജി വഴി മൊബൈൽ, ടി.വി, അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റി, ഇന്റർനെറ്റ് വോയിസ് കോൾ എന്നീ സൗകര്യങ്ങൾ ലഭ്യമാക്കാൻ കഴിയും. ഏതുതരം വിവരങ്ങളും മൊബൈൽ ഫോണിലൂടെ അതിവേഗം ലഭ്യമാക്കാനും ഈ സാങ്കേതികവിദ്യയ്ക്കു കഴിയും. വൈഡ് ഏരിയ, വയർലെസ് വോയിസ് ടെലിഫോൺ, വീഡിയോ കോളുകൾ, ബ്രോഡ്ബാന്റ് വയർലെസ് ഡേറ്റ എന്നീ സേവനങ്ങളും 3-ജിക്കു ലഭ്യമാക്കാൻ കഴിയും. ഷോർട്ട് റേഞ്ചുള്ളതും ഉയർന്ന ബാൻഡ് വിഡ്ത്തുള്ളതുമായ IEEE 802.11 നെറ്റ് വർക്കുകളിൽ നിന്ന് 3-ജിയെ വേർതിരിക്കുന്നത് ഉയർന്ന വേഗതയിലുള്ള ഇന്റർനെറ്റ് ലഭ്യതയും വീഡിയോ ടെലിഫോണുമാണ്.




### 3- ജി : അല്പം ചരിത്രം

വാണിജ്യവത്കരണത്തിനു മുമ്പുള്ള ആദ്യത്തെ 3-ജി നെറ്റ് വർക്ക് ജപ്പാനിലാണ് പുറത്തിറക്കിയത്. FOMA എന്ന് ബ്രാൻഡ് ചെയ്യപ്പെട്ട ഇതിറക്കിയത് മെയ് 2001-നായിരുന്നു. ആദ്യത്തെ വാണിജ്യ അമേരിക്കൻ 3-ജി നെറ്റ് വർക്ക് മോണേറ്റ് മൊബൈൽ നെറ്റ്വർക്ക് വകയായിരുന്നു. CDMA 2000 IX EV-Do സാങ്കേതിക വിദ്യയാണ് ഇതിനായുപയോഗിച്ചത്. 2007 ഡിസംബറോടെ ഗ്ലോബൽ മൊബൈൽ സപ്ലയേഴ്സ് അസോസിയേഷന്റെ കണക്കുപ്രകാരം 190 3-ജി നെറ്റ്വർക്കുകൾ 40 രാജ്യങ്ങളിലായി ഓപ്പറേറ്റ് ചെയ്യപ്പെടുന്നുണ്ട്. 154 HSPDA നെറ്റ് വർക്കുകൾ 71 രാജ്യങ്ങളിലും നിലവിലുണ്ട്. ഏകദേശം 100 ടെർമിനൽ ഡിസൈനുകളുടെ സഹായത്തോടെ ഏഷ്യ, യൂറോപ്പ്, കാനഡ, യു.എസ്.എ എന്നിവിടങ്ങളിൽ, W-CDMA സാങ്കേതികവിദ്യയുപയോഗിച്ച് ടെലഫോൺ കമ്പനികൾ 3-ജി മൊബൈൽ നെറ്റ്വർക്കുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

മിക്ക രാജ്യങ്ങളിലും 3-ജി സാങ്കേതികവിദ്യ വൈകാൻകാരണം, അധിക സ്പെക്ട്രത്തിന്റെ അനുമതിക്കുള്ള ഭീമമായ ഫീസാണ്. അമേരിക്കൻ ഐക്യനാടുകൾ ഒഴികെയുള്ള രാജ്യങ്ങളിൽ 3-ജി നെറ്റ്വർക്കുകൾ ഒരേതരത്തിലുള്ള ഫ്രീക്വൻസിയല്ല ഉപയോഗിക്കുന്നത്. അതിനാൽ മൊബൈൽ ഓപ്പറേറ്റർമാർ പുതിയ നെറ്റ്വർക്കുകൾ ഉണ്ടാക്കുകയും പുതിയ ഫ്രീക്വൻസികൾക്ക് പ്രത്യേകം ലൈസൻസുകൾ സമ്പാദിക്കുകയും വേണം. ചില യൂറോപ്യൻ രാജ്യങ്ങളിൽ പരിമിതമായ എണ്ണംമൂലവും, ലേലത്തിന്റെ പ്രത്യേക രീതിയും കാരണം ലൈസൻസ്ഫീസ് വളരെയധികമായി. പുതിയ സാങ്കേതികവിദ്യയ്ക്കുവേണ്ടി ഉപകരണങ്ങൾ സജ്ജമാക്കുന്നതിനും ഭീമമായ മുതൽമുടക്ക് വേണ്ടിവന്നു.

2007 ജൂൺ വരെ 3-ജി നെറ്റ്വർക്കിൽ 20 കോടി അംഗങ്ങളുണ്ട്. 30 ലക്ഷം മൊബൈൽ ഉപഭോക്താക്കളിൽ 6.7% ഈ സാങ്കേതികവിദ്യ ഉപയോഗിക്കുന്നു. 3-ജി ആദ്യം നിലവിൽ വന്ന ജപ്പാനിലും ദക്ഷിണ കൊറിയയിലും, 50% പേർ വീതം ഇത് ഉപയോഗിക്കുന്നു. യൂറോപ്പിലെ മുൻനിരക്കാരൻ ഇറ്റലിയാണ്. അവിടെ മൂന്നിൽ ഒരാൾ 3-ജി ഉപഭോക്താവാണ്. യു.കെ, ആസ്ട്രിയ, ആസ്ട്രേലിയ, സിംഗപ്പൂർ എന്നിവിടങ്ങളിൽ 20% പേർ ഇതുപയോഗിക്കുന്നു. CDMA 2000 IX RTT ഉപഭോക്താക്കളേയും 3-ജി ഉപഭോക്താക്കളായി കണ്ടാൽ, 2007 ജൂണിൽ 3-ജി ഉപഭോക്താക്കൾ 47.5 കോടി ആയിരുന്നു എന്ന് പറയേണ്ടതായി വരും. മൊത്തം മൊബൈൽ ഉപഭോക്താക്കളുടെ 15.8% വരുമിത്.

### 2- ജിയിൽ നിന്ന് 3-ജി യിലേക്ക്

2-ജി നെറ്റ്വർക്കുകൾ ശബ്ദം കൈമാറാനാണ് വിഭാവനം ചെയ്യപ്പെട്ടിരുന്നത്. 2-ജിക്കും, 3-ജിക്കും ഇടയിൽ 2.5 ജി (ജി.പി.ആർ.എസ്), 2.75 ജി എന്നിവയുമുണ്ട്. ഇവ i-mode data സേവനങ്ങൾ, ക്യാമറാഫോണുകൾ എന്നിവയ്ക്ക് ഉപയുക്തമായിരുന്നു.

വയർലെസ് ടെക്നോളജി സംഭാവ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് ഇവ വിഭാവനം ചെയ്യപ്പെട്ടത്.

യൂണിവേഴ്സൽ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻസ് സിസ്റ്റത്തിനെ (UMTS) അടിസ്ഥാനമാക്കിയാണ് 3-ജി സാങ്കേതികവിദ്യ നിലവിൽ വന്നത്. ഒരു ജി.എസ്.എം. നെറ്റ്‌വർക്ക് യു.എം.ടി.എസ് ആക്കുന്നതിലേക്കുള്ള ചവിട്ടുപടി ജനറൽ പാക്കറ്റ് റേഡിയോ സർവീസ് ആണ് (GPRS). നെറ്റ്‌വർക്ക് കണക്ഷൻ എല്ലായ്പ്പോഴും ഉള്ളതിനാൽ ഉപഭോക്താവ് ഓൺലൈനിൽതന്നെ എപ്പോഴും കാണും. ഓപ്പറേറ്ററിന്റെ ഭാഗത്തുനിന്നുനോക്കുമ്പോൾ ജി.പി.ആർ.എസിനായി ഒരുക്കിയ അടിസ്ഥാന സൗകര്യങ്ങൾ യു.എം.ടി.എസ്സി (UMTS) ലേക്കുള്ള ചുവടുമാറ്റത്തിനിടയിൽ പുനരുപയോഗിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തേണ്ടതാണ്. ജി.പി.ആർ.എസ്സിൽ നിന്ന് നേരിട്ട് യു.എം.ടി.എസ്സിലേക്ക് മാറാവുന്നതോ അല്ലെങ്കിൽ EDGE (Enhanced Data rates for GSM Evolution) ലേക്ക് മാറാവുന്നതോ ആണ്. EDGE-ൽ പുതിയ ലൈസൻസുകളുടെ ആവശ്യമില്ലെന്നുമാത്രമല്ല പുതിയ ആന്റിനകളും വേണ്ട. ഫ്രീക്വൻസികൾ പുനരുപയോഗിക്കുകയും ആവാം. 2-ജിയിൽ നിന്ന് 3-ജിയിലേക്ക് മാറാൻ അനേകം വഴികളുണ്ട്. യൂറോപ്പിൽ ഇത് ജി.എസ്.എമ്മിൽ നിന്ന് തുടങ്ങി, യു.എം.ടി.എസ്സിൽ അവസാനിക്കുന്നു. തെക്കേ അമേരിക്കയിൽ ടൈം ഡിവിഷൻ മൾട്ടിപ്പിൾ ആക്സസിൽ (TDMA) നിന്ന് തുടങ്ങി EDGE വഴി UMTS- ൽ എത്തുന്നു.

സെല്ലുലാർ മൊബൈൽ ടെലികമ്മ്യൂണിക്കേഷൻ നെറ്റ്‌വർക്കുകൾ 3-ജി സാങ്കേതിക വിദ്യകൾക്കായി അപ്ഗ്രേഡ് ചെയ്യുന്നത് 2010-നകം നടക്കും. ആദ്യമായി 3-ജി നിലവിൽ വന്ന ജപ്പാനിൽ, പ്രസ്തുത സാങ്കേതിക വിദ്യയിലേക്കുള്ള മാറ്റം 2006-ലെ തന്നെ പൂർത്തിയായി. കൊറിയയിൽ 2004-ൽ മാറ്റത്തിനുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചു.

### സുരക്ഷ

3-ജി ഉപഭോക്താവിന് ഉയർന്ന സുരക്ഷ വാഗ്ദാനം ചെയ്യുന്നു. ഉപഭോക്താക്കളുടെ മൊബൈൽ ഉപകരണങ്ങൾ അതുമായി ബന്ധിച്ചിരിക്കുന്ന നെറ്റ്‌വർക്കിലേക്ക് സാക്ഷ്യപ്പെടുത്താമെന്നുള്ള നിബന്ധന പ്രകാരം ഉപഭോക്താവിന് ഉയർന്നസുരക്ഷയും മറ്റാരും നെറ്റ്‌വർക്ക് ഉപയോഗിക്കുന്നില്ല എന്ന ഉറപ്പും നൽകാൻ കഴിയും. 3-ജി നെറ്റ്‌വർക്കുകൾ KASUMI ബ്ലോക്ക് ക്രിപ്റ്റോ ആണ് ഉപയോഗിക്കുന്നത് (പഴയത് A5/1 stream cipher ആയിരുന്നു.)

### 3-ജി ഫോണുകളും നെറ്റ്‌വർക്കുകളും

3-ജി സാങ്കേതികവിദ്യ ഉപഭോക്താക്കൾക്ക് വളരെയധികം ആധുനിക സേവനങ്ങൾ നൽകുന്നുണ്ട്. 3-ജി ആദ്യം നിലവിൽവന്ന ജപ്പാനിലും കൊറിയയിലും റോമിങ് സംവിധാനം ജി.എസ്.എം. നെറ്റ്‌വർക്കുകളിൽ ഉൾച്ചേർക്കുക എന്നതായിരുന്നു ലക്ഷ്യം. അതിനാൽതന്നെ 3-ജി ഫോണുകൾ ചെറുതും ഭാരം കുറഞ്ഞവയുമായിരുന്നു. എന്നാൽ യൂറോപ്പിലേയും അമേരിക്കയിലേയും സ്ഥിതിഗതികൾ വ്യത്യസ്തമായിരുന്നു. അവർക്ക് 3-ജി, 2-ജി നെറ്റ്‌വർക്കുകളിൽ പ്രവർത്തിക്കുന്ന 3-ജി ഫോണുകൾ ആവശ്യകതയില്ലായിരുന്നു. തദ്ഫലമായി സങ്കീർണത, ഭാരം, വലിപ്പം, വില എന്നവ വർധിച്ചു. യൂറോപ്യൻ W-CDMA ഫോണുകൾ ജപ്പാന്റെ W-CDMA ഫോണുകളെക്കാൾ വലുതും ഭാരമുള്ളവയുമാണ്.

### വേഗം

അന്താരാഷ്ട്ര ടെലികമ്മ്യൂണിക്കേഷൻ യൂണിയൻ (ITU) വേഗം സംബന്ധിച്ച പ്രത്യേക ഉറപ്പുകളും വാഗ്ദാനങ്ങളും ഒന്നും നൽകിയിട്ടില്ലെങ്കിലും സാധാരണ ഗതിയിൽ സെക്കൻഡിൽ 384 കിലോബിറ്റും സഞ്ചരിക്കുന്ന കാറിൽ സെക്കൻഡിൽ 128 കിലോബിറ്റും വേഗം പ്രതീക്ഷിക്കപ്പെടുന്നു.

### 3-ജി നെറ്റ്‌വർക്ക് സാങ്കേതികവിദ്യയും ഉപയോഗങ്ങളും

IMT 2000 സ്റ്റാന്റേർഡുകൾക്കനുസൃതമായിരിക്കണം 3-ജി മൊബൈൽ നെറ്റ്‌വർക്കുകൾ എന്ന് ITU വ്യാഖ്യാനിച്ചിട്ടുണ്ട്. ഇതുപ്രകാരം IMT 2000 മാനദണ്ഡം പാലിക്കുന്ന മൊബൈൽ സിസ്റ്റം എന്തായിരിക്കണം എന്നു വ്യാഖ്യാനിച്ചുകൊണ്ട് Third Generation Partnership Project (3-GPP) എന്ന സംഘടന ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നു.

3 –ജി സാങ്കേതിക വിദ്യ വഴി ഉപഭോക്താക്കൾക്ക് ശബ്ദം, വീഡിയോ, ഡേറ്റ എന്നിവ അവരുടെ മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യാം. മൊത്തം ലഭ്യമായിട്ടുള്ള 3 –ജി സ്പെക്ട്രത്തിൽ ഇന്ത്യയ്ക്ക് അവകാശപ്പെട്ടത് 60MHz ആണ്.

3-ജി സാങ്കേതിക വിദ്യ Universal Mobile Telecommunication System (UMTS) ൽ അധിഷ്ഠിതമായിരിക്കുന്നു. UMTS മൂന്ന് സേവനപാളികളിലധിഷ്ഠിതമാണ്. ഏറ്റവും മുകളിലത്തെ പാളിയെ സേവന പാളിയെന്ന് വിളിക്കാം. അത് സേവനങ്ങളെ കേന്ദ്രീകരിക്കുകയും ത്വരിതപ്പെടുത്തുകയും ചെയ്യുന്നു. നടുക്കുള്ള പാളിയെ നിയന്ത്രണ പാളിയെന്നു വിളിക്കാം. അത് നെറ്റ്‌വർക്കിന്റെ ശേഷിയെ ആവശ്യാനുസരണം പുനർവിന്യസിക്കുന്നു. ഏറ്റവും താഴെയായി കണക്ടിവിറ്റി പാളി ATM/AAC2 അല്ലെങ്കിൽ IP/RTP വഴി ശബ്ദവീചികളുടെ കൈമാറ്റത്തിന് സാധ്യമാകുന്നു.

### ഇന്ത്യയുടെ 3-ജി നയം

ഭാരതത്തിൽ 3-ജി ലൈസൻസുകൾ വാണിജ്യാടിസ്ഥാനത്തിൽ ഇതു വരെ നൽകിത്തുടങ്ങിയിട്ടില്ല. 2008 ആഗസ്റ്റ് 1-ന് ടെലികോം കേന്ദ്രമന്ത്രി എ. രാജയുടെ നയപ്രഖ്യാപനമനുസരിച്ച് പത്ത് സേവനദാതാക്കളുണ്ടാകും (വിദേശ കമ്പനികളുൾപ്പെടെ). 3-ജി സേവനങ്ങളുടെ സ്പെക്ട്രം ലേലം ചെയ്യുകവഴി സർക്കാർ 40,000 കോടി രൂപയാണ് പ്രതീക്ഷിക്കുന്നത്. 3-ജി സാങ്കേതികവിദ്യ വഴി ഉപഭോക്താക്കൾക്ക് ശബ്ദം, വീഡിയോ, ഡേറ്റ എന്നിവ അവരുടെ മൊബൈൽ ഫോണിൽ ഡൗൺലോഡ് ചെയ്യാം. മൊത്തം ലഭ്യമായിട്ടുള്ള 3-ജി സ്പെക്ട്രത്തിൽ ഇന്ത്യയ്ക്ക് അവകാശപ്പെട്ടത് 60MHz ആണ്. 2.1 GHz ബാൻഡിൽ ആവും ലേലം നടക്കുക. ഗവൺമെന്റ് അടിസ്ഥാനവിലയായി നിശ്ചയിച്ചിട്ടുള്ളത് 2,020 കോടി രൂപയാണ്. ആദ്യം ബി.എസ്.എൻ.എൽ, എം.റ്റി.എൻ.എൽ എന്നിവയടക്കം മൂന്നിനും അഞ്ചിനും ഇടയ്ക്ക് സേവനദാതാക്കളുണ്ടാകും എന്നാണ് കരുതപ്പെടുന്നത്. ഡൽഹിയിലും മുംബൈയിലും ഓരോ ബ്ലോക്ക് വീതം MTNL നും ബാക്കി സ്ഥലങ്ങളിൽ ഓരോ ബ്ലോക്ക് വീതം BSNL നും നൽകും.

3-ജി നയം പ്രഖ്യാപിക്കുന്ന വേളയിൽ അടുത്ത 15 ദിവസത്തിനുള്ളിൽ ഈ ലേലം നിരീക്ഷിക്കാൻ ഒരു ബാഹ്യ ഏജൻസിയെ ഏർപ്പെടുത്തുമെന്നും പ്രഖ്യാപിക്കുകയുണ്ടായി. മാർഗരേഖ പ്രകാരം, ലൈസൻസുള്ള ആർക്കും ലേലത്തിൽ പങ്കുകൊള്ളാം. റേഡിയോ തരംഗങ്ങൾ 5-10 ബ്ലോക്കുകളിലായി ലഭ്യതയനുസരിച്ച് ലേലം ചെയ്യും. ഒരു സേവന മേഖലയിൽ ഒരു ബ്ലോക്കേ നൽകുകയുള്ളൂ. സ്പെക്ട്രം 450MHz- 800 Mhz ബാൻഡിലാകും ലേലം ചെയ്യുക. ലഭ്യത വർധിക്കുമ്പോൾ 800 MHz- 900 Mhz ആകും. ഗവൺമെന്റിന്റെ കുറഞ്ഞ ചെലവനുസരിച്ച് 2 x 5 MHz സ്പെക്ട്രം ബ്ലോക്ക് വില മുംബെയിലും ഡൽഹിയിലും കാറ്റഗറി-എ നഗരങ്ങളിലും 160 കോടിയും കൽക്കട്ടയിലും കാറ്റഗറി ബി

ശേഷം പേജ് 37 ൽ

പേജ് 27 തുടർച്ച

## 3 ജി- മൊബൈൽ

നഗരങ്ങളിലും 80 കോടിയും കാറ്റഗറി സി നഗരങ്ങളിൽ 30 കോടിയുമാണ്.

28.7 കോടി വയർലെസ് ഉപഭോക്താക്കളുള്ള ഇന്ത്യ, പ്രസ്തുത വിപണിയിൽ ചൈനയ്ക്കു താഴെ രണ്ടാം സ്ഥാനം കൈയ്യാളുന്ന രാജ്യമാണ്. കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഉപഭോക്താക്കൾ 25 മടങ്ങാണ് വർധിച്ചത്. 3-ജി ഓപ്പറേറ്റർമാർ സ്പെക്ട്രം പൂഴ്ത്തിവയ്ക്കുന്നതു തടയുന്നതിനായി ശക്തമായ നിരീക്ഷണത്തിലാക്കിയിട്ടുണ്ട്. ലൈസൻസുകൾ നൽകാൻ വീഴ്ച വരുത്തിയാൽ ലേലത്തുകയുടെ 2.5 ശതമാനം പിഴ കെട്ടേണ്ടതായി വരും. പിന്നേയും വീഴ്ച വരുത്തുകയാണെങ്കിൽ ലൈസൻസ് റദ്ദു ചെയ്യപ്പെടും.

### 3-ജി ആശങ്കകൾ

3-ജിയെ ചുറ്റിപ്പറ്റിയുള്ള ചില ആശങ്കകൾ ഇന്ത്യയ്ക്കും ബാധകമാണ്. ഭീമമായ ലൈസൻസ് ഫീ, ലൈസൻസിങ് വ്യവസ്ഥകളിലുള്ള അന്തരം, പല ടെലികോം കമ്പനികൾക്കും ഇപ്പോൾ തന്നെയുള്ള കടം, ഇതുമൂലം 3-ജി അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ ഉണ്ടായേക്കാവുന്ന വീഴ്ച, 3-ജി ഫോണുകളുടെ വില, പുതിയ സേവനമാകയാൽ കവറേജിലുണ്ടാവുന്ന ന്യൂനതകൾ, 3-ജി ശബ്ദ/ഡേറ്റ സർവീസുകൾക്ക് ഉപഭോക്താക്കൾ കുറവാണെന്നുള്ളത്, ഉയർന്ന വൈദ്യുത ഉപയോഗം എന്നിവയെല്ലാം ആശങ്കകൾ തന്നെയാണ്. വിലയുടെ കാര്യത്തിൽ, 3-ജിയിൽ കൂടിയുള്ള ഡേറ്റാ സേവനങ്ങൾക്ക് നിലവിലുള്ളവയെക്കാൾ 5-10 ശതമാനം വില കൂടും. വിലനിർണയം, ലേലത്തിൽ പങ്കെടുത്ത കമ്പനികൾക്ക് ചെലവായ തുകയനുസരിച്ചായിരിക്കും. വിദഗ്ദാഭിപ്രായം മാനിക്കുകയാണെങ്കിൽ സേവനദാതാക്കൾക്ക് അധികമായി വന്നുചേരുന്ന ചെലവുകൾ രണ്ട് വർഷത്തിനുള്ളിൽ വളരെയധികം കുറയും. ഇന്ത്യ ഒരു നല്ല വിപണി തുറന്നുവയ്ക്കുന്നതുമൂലം ഉപഭോക്താക്കൾക്ക് ഗുണമുണ്ടായേക്കാം. കാരണം പദ്ധതിയിൽ പ്രത്യേക താത്പര്യങ്ങളുള്ള രാഷ്ട്രങ്ങൾക്ക്, ഇന്ത്യയെപ്പോലുള്ള വളർന്നു വരുന്ന വിപണികളിൽ വിലയെക്കാൾ വ്യാപ്തിയിലാണ് ശ്രദ്ധയുന്നേണ്ടതെന്ന് അറിയാം. ഇന്ത്യയിലെ മൊബൈൽ വിപണി വളരെയധികം സാധ്യതകളുള്ളതാണ്. വ്യാപനത്തിലുണ്ടാകുന്ന ചെറിയൊരു വർധനവ്, വരുമാനത്തിൽ കാര്യമായ വർധനവുണ്ടാക്കും. 3-ജി വളരെ വേഗതയുള്ള ഒരു സേവനമാണെന്നതിനാൽ, ഉയർന്ന താരിഫ്, ഉപഭോക്താക്കളെ നിരുത്സാഹപ്പെടുത്തില്ല. ഉയർന്ന താരിഫിനെ മറികടക്കാനായി കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ സേവനങ്ങൾ ഉപയോഗിക്കുക എന്ന വഴിയുമുണ്ട്.■

*ഡെപ്യൂട്ടി ഡയറക്ടർ (പ്രൊജക്റ്റ്) സി. ഡിറ്റ്, തിരുവനന്തപുരം*

■ സഞ്ജീവഘോഷ്

# ജലസംഭരണികൾ

## നമ്മുടെ മത്സ്യസംഭരണികൾ

നദികളുടെയും കായലുകളുടെയും സ്വന്തം നാടായ കേരളത്തിൽ ഉൾനാടൻ മത്സ്യകൃഷി ഇന്നും ശൈശവ ദശയിലാണ്. മത്സ്യോത്പാദനം വർധിപ്പിക്കുന്നതിനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും കഴിയുന്ന ജലസംഭരണികളിലെ മത്സ്യകൃഷിയെപ്പറ്റിയാണ് ഈ ലേഖനം.

മനുഷ്യനിർമിതമായ ജലശേഖരത്തെയാണ് പൊതുവെ ജലസംഭരണി എന്ന് പറയുന്നത്. നദികളുടെ പ്രഭവ പ്രദേശങ്ങളിലും നീരൊഴുക്കുകൂടിയ നദീതടപ്രദേശങ്ങളിലും കുറുകെ കനത്തതും ഉയരം കൂടിയതുമായ ബണ്ടുകളും ഷട്ടറുകളും നിർമിച്ച് അവയ്ക്കുപിന്നിൽ ജലം സംഭരിച്ചുനിർത്തി കൃത്രിമമായി ഉണ്ടാക്കിയിട്ടുള്ള ജലാശയങ്ങളാണ് ജലസംഭരണികൾ. കേരളത്തിലെ ജലസംഭരണികളെക്കുറിച്ച് സമീപകാലത്ത് നടത്തിയ ഒരു സർവെ വെളിപ്പെടുത്തുന്നത്, അണക്കെട്ടുകളോട് ചേർന്ന് 53 ജലസംഭരണികളും തടയണകളോട് ചേർന്ന് 80 ജലാശയങ്ങളും കൃത്രിമമായി നിർമിക്കപ്പെട്ടിട്ടുണ്ട് എന്നാണ്.

കേരളത്തിലെ ജലസംഭരണികളിൽ പ്രധാനപ്പെട്ടവ അണക്കെട്ടുകളോട് ചേർന്നവയാണ്. ഏറ്റവും കൂടുതൽ ജലസംഭരണികളുള്ളത് ഇടുക്കി ജില്ലയിലാണ്. അതുകഴിഞ്ഞാൽ പാലക്കാട്ടും. ഇടുക്കി ജില്ലയിൽ പതിനെട്ടും, പാലക്കാട് ജില്ലയിൽ പന്ത്രണ്ടും ജലസംഭരണികളുണ്ട്. (പട്ടിക -1 കാണുക). മുഖ്യമായും മൂന്ന് ആവശ്യങ്ങൾക്കായാണ് ജലസംഭരണികൾ നിർമിച്ചിട്ടുള്ളത്. കുടിവെള്ളസംഭരണം, ജലസേചനം, വൈദ്യുതിനിർമാണം എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. എന്നാൽ ഈ ആവശ്യങ്ങൾക്കുപുറമേ, ഈ ജലാശയങ്ങളെല്ലാം ഏറ്റവും കൂടുതലായി ഉപയോഗപ്പെടുത്താവുന്നത് 'മത്സ്യോത്പാദന'ത്തിനാണ് എന്ന വസ്തുത നാം ഇനിയെങ്കിലും കണക്കിലെടുക്കേണ്ടതായിട്ടുണ്ട്. കേരളത്തിലെ 53 ജലസംഭരണികളും അവ ഏതാവശ്യത്തിനായി നിർമിച്ചിട്ടുള്ളതായാലും, 'മത്സ്യം വളർത്തലിനും' 'മത്സ്യകൃഷി'-ക്കും കൂടി ഉപയോഗപ്പെടുത്തേണ്ടതാണ്. ഉൾനാടൻ മത്സ്യോത്പാദനം ഗണ്യമായി വർധിപ്പിക്കാൻ ജലസംഭരണികളിലെ മത്സ്യകൃഷി സഹായകമാണ്. വലിയ ജല




സംഭരണികളേക്കാൾ ഇടത്തരം ജലസംഭരണികളും ചെറുജലസംഭരണികളും കൂടുതൽ മത്സ്യോത്പാദനക്ഷമമാണ്. കേരളത്തിലെ എല്ലാ ജലസംഭരണികളും ഇത്തരത്തിലുള്ളവയാണ്.

റഷ്യ, ചൈന എന്നീ രാജ്യങ്ങളിൽ ജലസംഭരണികൾ എല്ലാം മത്സ്യക്കൃഷിക്കായി കൂടി ഉപയോഗിച്ചിരിക്കണം എന്ന് നിയമപരമായിത്തന്നെ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജലസംഭരണികളിലെ ശാസ്ത്രീയ മത്സ്യക്കൃഷി സംരംഭങ്ങളിൽ ഏറ്റവും മുന്നിൽ നിൽക്കുന്ന രാജ്യം ചൈനയാണ്.

ഇന്ത്യയിൽ തമിഴ്നാട്, കർണാടക, ഗുജറാത്ത്, പശ്ചിമബംഗാൾ, അസം, മണിപ്പൂർ, ത്രിപുര എന്നീ സംസ്ഥാനങ്ങളിലെ ജലസംഭരണികളിൽ മത്സ്യക്കൃഷി പദ്ധതികൾ വിജയകരമായി നടത്തിവരുന്നുണ്ട്. കേരളത്തിലാകട്ടെ വളരെ ചുരുങ്ങിയ തോതിൽ മാത്രമേ ഇത് ഇന്നേവരെ പ്രാവർത്തികമായിട്ടുള്ളൂ. 53 ജലസംഭരണികളുള്ളതിൽ 8 എണ്ണത്തിൽ മാത്രമേ നാമമാത്രമായ തോതിലുള്ള മത്സ്യം വളർത്തൽ പരിപാടി ഇന്ന് നിലവിലുള്ളൂ. ഒരു ജലസംഭരണിയിൽപ്പോലും ശാസ്ത്രീയ രീതിയിലുള്ള മത്സ്യക്കൃഷി നടക്കുന്നില്ല. (ഇന്ത്യയിൽ 'ജലസംഭരണികളിൽ മത്സ്യക്കൃഷി' എന്ന പരിപാടി ആദ്യമായി നടപ്പാക്കിയ സംസ്ഥാനമാണ് കേരളം എന്നത് പ്രത്യേകം ശ്രദ്ധേയമാണ്. 'ഗ്രോമോർ ഫുഡ് ഗ്രെയിൻ' എന്ന ദേശീയ പദ്ധതി സംസ്ഥാന ഫിഷറീസ് വകുപ്പ് ആവിഷ്കരിച്ച് വിജയകരമായി നടപ്പാക്കിയിരുന്നു).

കേരളത്തിലെ മലബാർ പ്രദേശം 'മദ്രാസ് ഫിഷറീസ് വകുപ്പി'ന്റെ ഭാഗമായിരുന്ന കാലയളവിലാണ് പാലക്കാട് ജില്ലയിലെ മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, പോത്തുണ്ടി, വാളയാർ എന്നീ ജലസംഭരണികളിൽ ചെറിയ തോതിൽ മത്സ്യം വളർത്തൽ തുടങ്ങിയത്. തിലാപ്പിയയും ഇന്ത്യൻ കാർപ്പ് മത്സ്യങ്ങളുമാണ് ഈ ജലസംഭരണികളിൽ അന്ന് വളർത്തിയത്. പിന്നീട് തൃശൂർ ജില്ലയിലെ പീച്ചി, വാഴാനി



**പട്ടിക 1**

**കേരളത്തിലെ ജലസംഭരണികൾ ഉടമസ്ഥത-ഉപയോഗം**

| ജില്ല | ജലസംഭരണികളുടെ പേര് | ജലവിതാന വിസ്തൃതി (ഹെക്ടർ) | ഉടമസ്ഥത | മത്സ്യകൃഷി |
|---|---|---|---|---|
| തിരുവനന്തപുരം | നെയ്യാർ | 1500 | പി.ഡബ്ല്യൂ.ഡി | ഇല്ല |
| | പേപ്പാറ | 582 | വാട്ടർ അതോറിട്ടി | ഇല്ല |
| | അരുവിക്കര | 258 | വാട്ടർ അതോറിട്ടി | ഇല്ല |
| കൊല്ലം | തെന്മല | 2590 | കേരള സർക്കാർ | ഇല്ല |
| | പമ്പ | 570 | ഇല: ബോർഡ് | ഇല്ല |
| | കക്കി | 1800 | ഇല: ബോർഡ് | ഇല്ല |
| പത്തനംതിട്ട | മണിയാർ | 110 | കേരള സർക്കാർ | ഇല്ല |
| | ഗനി/കല്ലാർ | 25 | വനം വകുപ്പ് | ഇല്ല |
| ഇടുക്കി | പൊൻമുടി | 260 | ഇല: ബോർഡ് | ഇല്ല |
| | ഇടുക്കി | 6160 | ഇല: ബോർഡ് | ഇല്ല |
| | ആനയിറങ്കൽ | 433 | ഇല: ബോർഡ് | ഇല്ല |
| | ഗുണ്ടല | 230 | ഇല: ബോർഡ് | ഇല്ല |
| | മാട്ടുപ്പെട്ടി | 324 | ഇല: ബോർഡ് | ഇല്ല |
| | ശെങ്കുളം | 33 | ഇല: ബോർഡ് | ഇല്ല |
| | നേരിയമംഗലം | 413 | ഇല: ബോർഡ് | ഇല്ല |
| | പെരിയാർ | 2890 | ഇല: ബോർഡ് | ഇല്ല |
| | ഇടമലയാർ | 350 | ഇല: ബോർഡ് | ഇല്ല |
| | കല്ലാർകുട്ടി | 58 | ഇല: ബോർഡ് | ഇല്ല |
| | മൂന്നാർ | 250 | ഇല: ബോർഡ് | ഇല്ല |
| | കല്ലാർ | 220 | ഇല: ബോർഡ് | ഇല്ല |
| | ലോവർ പെരിയാർ | 150 | ഇല: ബോർഡ് | ഇല്ല |
| | ഇരട്ടയാർ | 200 | ഇല: ബോർഡ് | ഇല്ല |
| | മലങ്കര | 120 | ഇറി: വകുപ്പ് | ഇല്ല |
| | മുല്ലപ്പെരിയാർ | 400 | വനം വകുപ്പ് | ഇല്ല |
| | കുളമാവ് | 6020 | ഇല: ബോർഡ് | ഇല്ല |
| | ചെറുതോണി | 40 | ഇല: ബോർഡ് | ഇല്ല |
| എറണാകുളം | ഭൂതത്താൻകെട്ട് | 608 | ഇറി: വകുപ്പ് | ഇല്ല |
| തൃശൂർ | പീച്ചി | 1200 | ഇറി: വകുപ്പ് | ഉണ്ട് |
| | വാഴാനി | 255 | ഇറി: വകുപ്പ് | ഉണ്ട് |
| | ഷോലയാർ | 870 | ഇല: ബോർഡ് | ഇല്ല |
| | പെരിങ്ങൽകുത്ത് | 280 | ഇല: ബോർഡ് | ഇല്ല |
| | ചിമ്മിനി | 1000 | ഇറി: വകുപ്പ് | ഇല്ല |
| | പൂമല | 75 | പിഡബ്ല്യൂഡി | ഇല്ല |
| | പത്താഴക്കുന്ന് | 14 | ഇറി: വകുപ്പ് | ഇല്ല |
| | അസുരൻകുണ്ട് | 12 | കേരളസർക്കാർ | ഇല്ല |
| പാലക്കാട് | മലമ്പുഴ | 2313 | ഇറി: വകുപ്പ് | ഉണ്ട് |
| | മംഗലം | 393 | ഇറി: വകുപ്പ് | ഉണ്ട് |
| | മീങ്കര | 259 | ഇറി: വകുപ്പ് | ഉണ്ട് |
| | ചുള്ളിയാർ | 159 | ഇറി: വകുപ്പ് | ഉണ്ട് |
| | പോത്തുണ്ടി | 363 | ഇറി: വകുപ്പ് | ഉണ്ട് |
| | വാളയാർ | 289 | വനം വകുപ്പ് | ഇല്ല |
| | പറമ്പിക്കുളം | 2092 | ഇറി: വകുപ്പ് | ഇല്ല |
| | തൂണക്കടവ് | 283 | ഇല: ബോർഡ് | ഇല്ല |
| | ലക്കിഡി | 25 | ഇറി: വകുപ്പ് | ഇല്ല |
| | കാഞ്ഞിരപ്പുഴ | 512 | പഞ്ചായത്ത് | ഇല്ല |
| | ചേരമംഗലം | 200 | ഇറി: വകുപ്പ് | ഇല്ല |
| | താരംപിള്ളി | 244 | ഇറി: വകുപ്പ് | ഇല്ല |
| കോഴിക്കോട് | കുറ്റിയാടി | 1052 | ഇറി: വകുപ്പ് | ഇല്ല |
| | കക്കയം | 1070 | ഇല: ബോർഡ് | ഇല്ല |
| | പെരുവണ്ണാമുഴി | 1050 | ഇറി: വകുപ്പ് | ഇല്ല |
| വയനാട് | ബാണാസുരസാഗർ | 1277 | ഇല: ബോർഡ് | ഇല്ല |
| | കേശപ്പുഴ | 1660 | ഇറി: വകുപ്പ് | ഇല്ല |
| കണ്ണൂർ | പഴശ്ശി | 648 | കേരളസർക്കാർ | ഇല്ല |

| പട്ടിക 2<br>ജലസംഭരണികളിലെ മത്സ്യകൃഷി<br>മത്സ്യവിത്തിന്റെ ആവശ്യകതയും പ്രതീഷിതമത്സ്യോത്പാദനവും | | | | |
|---|---|---|---|---|
| *ജില്ലയുടെപേര്* | *ജലസംഭരണികളുടെ എണ്ണം* | *ശരാശരി ജലവിതാനം (ഹെക്ടർ)* | *മത്സ്യവിത്തിന്റെ* എണ്ണം (ലക്ഷം)* | *പ്രതീക്ഷിത** മത്സ്യോത്പാദനം (ടൺ)* |
| തിരുവനന്തപുരം | 3 | 2340 | 23.40 | 819 |
| കൊല്ലം | 1 | 2590 | 25.90 | 907 |
| പത്തനംതിട്ട | 4 | 2505 | 25.05 | 877 |
| ഇടുക്കി | 18 | 18651 | 186.51 | 6528 |
| എറണാകുളം | 1 | 608 | 6.08 | 213 |
| തൃശൂർ | 8 | 3706 | 37.06 | 1297 |
| പാലക്കാട് | 12 | 7132 | 71.32 | 2496 |
| കോഴിക്കോട് | 3 | 3172 | 31.72 | 1110 |
| വയനാട് | 2 | 2937 | 29.37 | 1028 |
| കണ്ണൂർ | 1 | 648 | 6.48 | 227 |
| മൊത്തം | 53 | 44289 | 442..89 | 15502 |

* സംഭരണത്തോത് 1000 വിത്ത്/ഹെക്ടർ
** ഉത്പാദനത്തോത് 350 കി.ഗ്രാം/ഹെക്ടർ

എന്നീ രണ്ടു ജലസംഭരണികളിലും തിരുവനന്തപുരം ജില്ലയിലെ നെയ്യാർഡാമിലും മത്സ്യം വളർത്തലാരംഭിച്ചു. ഇപ്പോൾ നെയ്യാർഡാം ഒഴികെയുള്ള മേൽപ്പറഞ്ഞ എട്ട് ജലസംഭരണികളിൽ ഫിഷറീസ് വകുപ്പ് ചെറിയതോതിൽ മത്സ്യം വളർത്തൽ നടത്തിവരുന്നുണ്ട്.

നമ്മുടെ ജലസംഭരണികളിൽ മിതമായ തോതിൽ ശാസ്ത്രീയമായി മത്സ്യകൃഷി നടത്തുകയാണെങ്കിൽ പ്രതിവർഷം ഏറ്റവും ചുരുങ്ങിയത് 15,000 ടൺ ശുദ്ധജലമത്സ്യം ഉത്പാദിപ്പിക്കുവാൻ കഴിയും. ഇപ്പോഴാകട്ടെ കേരളത്തിലെ ജലസംഭരണികളിൽ നിന്നും പ്രതിവർഷം ഉത്പാദിപ്പിക്കുന്നത് ശരാശരി 60 ടൺ മത്സ്യം മാത്രമാണ്. ശാസ്ത്രീയ കൃഷിമുറകളനുസരിച്ച് നല്ലയിനം മത്സ്യവിത്ത് ശരിയായ തോതിൽ സംഭരിച്ച് ആവശ്യാനുസരണം വളർത്തി നിശ്ചിത കാലാവധി കഴിഞ്ഞ് വിളവെടുക്കുമ്പോഴേ അത് 'മത്സ്യകൃഷി' ആകുകയുള്ളൂ.

ഉത്പാദനക്ഷമതയുടെ കാര്യത്തിൽ കേരളത്തിലെ ജലസംഭരണികൾ വളരെ പ്രധാനപ്പെട്ടവയാണ്. വിസ്തൃതികൂടിയ വലിയ ജലസംഭരണികളേക്കാൾ ഉത്പാദനക്ഷമമാണ് വിസ്തൃതികുറഞ്ഞ ജലസംഭരണികൾ. കേരളത്തിലെ 53 ജലസംഭരണികളും താരതമ്യേന വിസ്തൃതികുറഞ്ഞതും ചെറുതുമാണ്. ഉത്പാദനക്ഷമത വളരെയധികമുള്ള ഈ സംഭരണികളിൽ നിന്നും ഹെക്ടറൊന്നിന് ശരാശരി 300 മുതൽ 500 കി.ഗ്രാം വരെ മത്സ്യം ഉത്പാദിപ്പിക്കുവാൻ കഴിയും. പാലക്കാട് ജില്ലയിലെ ചില ജലസംഭരണികളിൽ നിന്ന് കഴിഞ്ഞ ചില വർഷങ്ങളിൽ ഹെക്ടറൊന്നിന് 350 കി.ഗ്രാമിലധികം മത്സ്യം ഉത്പാദിപ്പിക്കപ്പെട്ടിട്ടുണ്ട്. 2007-08 ൽ 'ചുള്ളിയാർ റിസർവോയറിൽ' നിന്നും ഹെക്ടറൊന്നിന് 550 കി.ഗ്രാം മത്സ്യം ഉത്പാദിപ്പിക്കുകയുണ്ടായി. ഇത് ജലസംഭരണികളിലെ മത്സ്യകൃഷിയിൽ ഒരു സർവകാല റെക്കോഡാണ്. കേരളത്തിലെ ജലസംഭരണികൾ എല്ലാം തന്നെ നിസ്തുലമായ രീതിയിൽ ഉത്പാദനക്ഷമമാണ്.

കേരളത്തിലെ ജലസംഭരണികൾ മത്സ്യക്കൃഷിക്കായി ഉപയോഗപ്പെടുത്തണമെങ്കിൽ അടിസ്ഥാനപരമായ രണ്ടു ആവശ്യകതകൾ അടിയന്തിരമായി നിറവേറ്റേണ്ടതുണ്ട്. ഒന്ന്, കേരളത്തിലെ എല്ലാ ജലസംഭരണികളിലും മത്സ്യക്കൃഷി നടത്തുവാനുള്ള അനുവാദം ഉണ്ടാകണം. രണ്ട്, ജലസംഭരണികളിൽ മത്സ്യക്കൃഷി നടത്തുവാനാവശ്യമായത്ര നല്ല ഇനം മത്സ്യവിത്ത് ഉത്പാദിപ്പിക്കുവാനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉണ്ടാക്കണം.

ജലസംഭരണികളിൽ മത്സ്യകൃഷി നടത്തുന്നതിന് സംസ്ഥാനഫിഷറീസ് വകുപ്പിന് അനുവാദം നൽകിയാൽ ജലസേചനം, വന്യമൃഗസംരക്ഷണം, കുടിവെള്ള വിതരണം, വൈദ്യുതി ഉത്പാദനം എന്നിവയ്ക്ക് തടസ്സം നേരിടുമെന്ന് പറഞ്ഞ് വകുപ്പുകൾ വിമുഖത കാട്ടുന്നുണ്ട്. ഇത് ശരിയല്ല. ജലസംഭരണികളിലെ ജലത്തിന്റെ ഉപയോഗം എന്തിനായിരുന്നാലും (കുടിവെള്ളമായാലും) മത്സ്യം വളരുന്നത് വളർത്തുന്ന ജലത്തിന്റെ ജൈവഘടനയോ ഗുണമേന്മയോ ജലത്തിന്റെ ഉപയോഗസാധ്യതയോ ഒരു വിധത്തിലും ബാധിക്കുകയില്ല. ജലസംഭരണികളിലെ തദ്ദേശീയമത്സ്യങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുമെന്ന വാദഗതിയും ശരിയല്ല.

ജലസംഭരണികളിലെ മത്സ്യക്കൃഷി പ്രോത്സാഹിപ്പിക്കപ്പെടണമെങ്കിൽ മത്സ്യക്കൃഷിക്കാവശ്യമായ മത്സ്യവിത്ത് (മത്സ്യകുഞ്ഞുങ്ങൾ) യഥേഷ്ടം ലഭ്യമായേ തീരൂ. നല്ല ഇനം വളർത്തു മത്സ്യങ്ങളുടെയും വളർച്ചയും ഗുണമേന്മയുള്ളതുമായ നാടൻ മത്സ്യങ്ങളുടെയും കൊഞ്ചിന്റെയും ഒക്കെ കുഞ്ഞുങ്ങൾ ആവശ്യാനുസരണം ലഭിച്ചെങ്കിലേ മത്സ്യക്കൃഷി വിജയിക്കുകയുള്ളൂ. കേരളത്തിലെ ജലസംഭരണികളിൽ മത്സ്യക്കൃഷി നടത്തണമെങ്കിൽ ഏറ്റവും കുറഞ്ഞത് 45 ദശലക്ഷം മത്സ്യവിത്ത് (ചെറുവിരൽ വലുപ്പമുള്ള - ഫിംഗർലിങ്സ്) ആവശ്യമാണ്. (പട്ടിക 2 കാണുക) കേരളത്തിൽ പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്ന എല്ലാ മത്സ്യവിത്തുത്പാദനകേന്ദ്രങ്ങളിൽ നിന്നും മൊത്തം ലഭിക്കുന്നത് 10 ദശലക്ഷത്തിൽ താഴെ മാത്രം മത്സ്യവിത്താണ്. ഇത് ചെറുകുളങ്ങളിലെ മത്സ്യക്കൃഷിക്കുപോലും തികയാറില്ല.

കേരളത്തിൽ പൊതുമേഖലയിൽ 7 മത്സ്യവിത്തുത്പാദന കേന്ദ്രങ്ങളാണുള്ളത്. ഇവയുടെ മൊത്തം മത്സ്യവിത്തുത്പാദന ശേഷി 12.5 ദശലക്ഷം മാത്രമാണ്. ഇവയിൽ നിന്നുള്ള മത്സ്യവിത്തുത്പാദനമാകട്ടെ ആറ് ദശലക്ഷത്തിൽ താഴെ മാത്രമേ ഉള്ളൂ. കേരളത്തിൽ കുളങ്ങൾ, തടാകങ്ങൾ, ചെറുജലാശയങ്ങൾ തുടങ്ങിയ ചെറുജലശേഖരങ്ങളിലെ മത്സ്യക്കൃഷിക്കായി ഇപ്പോൾ ത്തന്നെ വേണ്ടിവരുന്നത് 200 ദശലക്ഷത്തിലധികം ശുദ്ധജലമത്സ്യവിത്താണ്. വിത്തിന്റെ അഭാവംമൂലം മത്സ്യക്കൃഷി ചെയ്യുവാൻ കർഷകർ വിമുഖത കാട്ടുന്നുണ്ട്. കേരളത്തിൽ മത്സ്യവിത്തുത്പാദനത്തിനാവശ്യമായ ഹാച്ചറികളും ഫാമുകളുമടങ്ങുന്ന മത്സ്യ വിത്തുത്പാദന കേന്ദ്രങ്ങൾ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നു. മത്സ്യത്തിനും മത്സ്യവിത്തിനുമെല്ലാം അന്യസംസ്ഥാനങ്ങളെ ആശ്രയിക്കുന്ന ഈ സംസ്ഥാനത്ത് വ്യാവസായികാടിസ്ഥാനത്തിലുള്ള ചെറുകിട-വൻകിട ഹാച്ചറികളും ഫാമുകളും സ്ഥാപിക്കുവാൻ സ്വകാര്യസംരംഭകരെ പ്രോത്സാഹിപ്പിക്കുകയാണ് വേണ്ടത്. മത്സ്യവിത്തുത്പാദനം മത്സ്യക്കൃഷി എന്നീരംഗങ്ങളിൽ വളരെയധികം തൊഴിലവസരങ്ങളും സൃഷ്ടിക്കുവാനാകും. ഇതിനായി പുതിയ പദ്ധതികൾ ആവിഷ്കരിക്കണം.

മത്സ്യകാർഷികമേഖലയിൽ ഇനിയും ഉണർന്നിട്ടില്ലാത്ത വമ്പൻ സാധ്യതകളാണ് കേരളത്തിലുള്ളത്. ജല സംഭരണികളിലെ മത്സ്യക്കൃഷി അതിലൊന്നുമാത്രമാണ്. മത്സ്യോത്പാദനം വർധിപ്പിക്കുവാനും മത്സ്യമേഖലയിലെ വ്യവസായസംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുവാനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും മത്സ്യക്കൃഷി സംരംഭങ്ങൾ സഹായകമാകും. ജലസംഭരണികൾ കേരളത്തിനു കിട്ടിയിട്ടുള്ള വരദാനമാണ്. അവയെ കേന്ദ്രീകരിച്ച് മത്സ്യക്കൃഷി സംരംഭങ്ങൾ ആവിഷ്കരിക്കുവാനും ടൂറിസം ഫിഷറീസ്, അക്വാപാർക്ക് വൈൽഡ് ലൈഫ് പാർക്ക് (ഉദാ: ക്രൊക്കൊഡൈൽ പാർക്ക്) തുടങ്ങിയ മറ്റു അനുബന്ധ സംരംഭങ്ങൾ സംഘടിപ്പിക്കുവാനും കഴിയും. കേരളത്തിലെ ജലസംഭരണികളും ചെറുജലാശയങ്ങളും ശാസ്ത്രീയമത്സ്യക്കൃഷിക്കായി ഉപയോഗപ്പെടുത്തിയാൽ അവ ഒരിക്കലും ഒഴിയാത്ത നമ്മുടെ മത്സ്യസംഭരണികളായി മാറുമെന്നതിൽ സംശയമില്ല.■

*ഫിഷറീസ് മുൻ അഡീഷണൽ ഡയറക്ടറാണ് ലേഖകൻ*

ഹിതേഷ് കൃഷ്ണ ജി.

# അഹിംസയുടെ നാദം



ഗാനഗന്ധർവൻ യേശുദാസിന്റെ ജീവിതത്തിലെ ചെറുതെങ്കിലും വിലപ്പെട്ട ചില മുഹൂർത്തങ്ങളെപ്പറ്റി സ്മരിക്കുകയാണ് ലേഖകൻ.

വിശേഷണമോ വിശേഷണങ്ങളോ ഒന്നുംതന്നെ വേണ്ടാത്ത വ്യക്തിത്വത്തിനുടമയാണ് ഗാനഗന്ധർവ്വൻ യേശുദാസ്. നാല്പത്തിയെട്ടു വർഷങ്ങളായി ശാസ്ത്രീയസംഗീത ലോകത്തും, ലളിതസംഗീത ലോകത്തും ഉച്ചാരണസ്ഫുടതയോടെയുള്ള ശ്രുതിമധുരമായ ആലാപനത്തിന്റെ പ്രയാണം നടത്തിക്കൊണ്ടേയിരിക്കുന്ന അദ്ദേഹം സംഗീതലോകത്ത് ആചാര്യനായി മാറിക്കഴിഞ്ഞിരിക്കുന്നു.

യേശുദാസിന്റെ സംഗീതജീവിതത്തിലെ വളരെ പ്രധാനപ്പെട്ട, എന്നാൽ വേണ്ടത്ര ശ്രദ്ധ ലഭിച്ചിട്ടില്ലാത്ത ഒരു തലത്തെ വിലയിരുത്താനാണ് ഈ ലേഖനത്തിലൂടെ ഞാൻ ശ്രമിക്കുന്നത്. ഒരു ഗായകനെന്നതിലുപരി അദ്ദേഹം ഒരു സാമൂഹത്തിലെ പ്രശ്നങ്ങളിൽ ഇടപെടുകയും ദുഷ്പ്രവണതകൾക്കെതിരെ പ്രവർത്തിക്കുകയും ചെയ്യുന്ന മഹാനായ മനുഷ്യസ്നേഹി കൂടിയാണ്.

യേശുദാസ് പാടിത്തുടങ്ങിയത് 1961-ലാണ്, ഇപ്പോൾ 48 വർഷം പിന്നിട്ടു. അദ്ദേഹം 1961 നവംബർ 14-നാണ് ആദ്യമായി സിനിമയ്ക്കുവേണ്ടി തന്റെ മധുരനാദം ഒഴുക്കിയത്. ശ്രീനാരായണ ഗുരു രചിച്ച വളരെ പ്രശസ്തമായ

*ജാതിഭേദം മതദ്വേഷം*
*ഏതുമില്ലാതെ സർവ്വരും*
*സോദരത്വേന വാഴുന്ന*
*മാതൃകാ സ്ഥാനമാണിത്*

എന്നു തുടങ്ങുന്ന നാലു വരികളായിരുന്നു അദ്ദേഹം ആദ്യമായി പാടിയത്. *കാൽപ്പാടുകൾ* എന്ന ചിത്രത്തിനുവേണ്ടിയായിരുന്നു അത്. യഥാർത്ഥത്തിൽ *കണ്ടാൽ ഞാനൊരു കാരിരുമ്പ്...* എന്നു തുടങ്ങുന്ന ഒരു യുഗ്മഗാനമായിരുന്നു ശാന്ത. പി. നായരുമൊത്ത് പാടേണ്ടിയിരുന്നത്. എന്നാൽ അന്ന് അദ്ദേഹത്തിന് നല്ല സുഖമില്ലാത്തതിനെതുടർന്ന് ഈ ഗാനം പാടിക്കാതെ മുകളിൽ പറഞ്ഞ മഹത്തായ നാലുവരികൾ അദ്ദേഹത്തിനെക്കൊണ്ടു പാടിക്കുകയായിരുന്നു. ജാതിക്കും മതത്തിനും അതീതമായി പ്രവർത്തിക്കുന്ന ഒരു മാനവികതയ്ക്കുവേണ്ടിത്തന്നെ ആദ്യഗാനം പാടാൻ കഴിഞ്ഞത് ഒരനുഗ്രഹമായി ഇന്നും കരുതുന്നു അദ്ദേഹം.

1965-ലും 1975-ലും നടന്ന ഇന്തോ-ചൈന യുദ്ധകാലത്തും ഇന്ത്യ-പാകിസ്താൻ യുദ്ധകാലത്തും യേശുദാസും സംഘവും ഇന്ത്യയുടെ ധനശേഖരണാർത്ഥം കൊല്ലത്തും കൊച്ചിയിലും കോഴിക്കോട്ടും കേരളത്തിന്റെ ഒട്ടുമിക്ക സ്ഥലങ്ങളിലെ പൊതുവേദികളിലും മറ്റും പാടി പിരിവു നടത്തി ശേഖരിച്ച ഏകദേശം മുപ്പതിനായിരത്തോളം രൂപ അന്നത്തെ പ്രധാനമന്ത്രിയായിരുന്ന ഇന്ദിരാഗാന്ധിക്ക് നൽകുകയുണ്ടായി. അന്തരിച്ച ഫാ: ആബേലിന്റെ നേതൃത്വത്തിലുള്ള കലാസംഘടനയായിരുന്ന കൊച്ചിൻ കലാഭവനായിരുന്നു അന്ന് അദ്ദേഹത്തെ അനുഗമിച്ച വാദ്യസംഘം. ശ്രീ. അടിയോടി കേരളത്തിന്റെ ധനമന്ത്രിയായിരുന്ന സമയത്തും ധനശേഖരണാർത്ഥം



**ബഹുമതികളും പുരസ്കാരങ്ങളും ഏറെ തേടിയെത്തിയ പ്രതിഭയായിരുന്നു അദ്ദേഹം. അനുഗൃഹീതനായ ഗായകനും സംഗീതജ്ഞനുമെന്ന നിലയിൽ മാത്രമല്ല, മാനവികതയ്ക്കുവേണ്ടി നിലകൊണ്ട കലാകാരൻ എന്ന നിലയ്ക്കു കൂടി പ്രസക്തമാണ് അവയിൽ പലതും.**

കേരളത്തിൽ കാസർകോട് മുതൽ കന്യാകുമാരി വരെ ഗാനമേളകൾ നടത്തിയതും കേരളത്തിലുണ്ടായിട്ടുള്ള വെള്ളപ്പൊക്കക്കെടുതിയുടെ സമയത്തും കേരളത്തിൽ പലയിടങ്ങളിലും സഞ്ചരിച്ച് ധനശേഖരണാർത്ഥം സംഗീത പരിപാടികൾ നടത്തിയതും അവിസ്മരണീയം തന്നെ.

കൊച്ചിൻ കലാഭവനെ സംബന്ധിച്ചിടത്തോളം യേശുദാസിന്റെ പങ്ക് വളരെ വിലപ്പെട്ടതാണ്. ആ സംഘടനയ്ക്ക് കലാഭവൻ എന്ന നാമം നിർദ്ദേശിച്ചത് അദ്ദേഹമായിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. എഴുപതുകളിൽ ഫാ: ആബേലും, യേശുദാസും മറ്റ് അംഗങ്ങളും ചേർന്ന് പ്രസ്തുത സംഘടനയ്ക്ക് ഒരു പേരിനായി കൂടിയാലോചിച്ചപ്പോൾ, ക്രിസ്റ്റ്യൻ ആർട്ട്സ് ആന്റ് കമ്മ്യൂണിക്കേഷൻസ് എന്ന നാമം ഫാ: ആബേൽ നിർദ്ദേശിച്ചു. എന്നാൽ കലയ്ക്ക് ജാതിയും മതവുമില്ലെന്നും, അവയ്ക്കെല്ലാമതീതമായ കലാകാരൻമാരുടെ കൂട്ടായ്മ എന്ന നിലയിൽ ആ സംഘടനയ്ക്ക് കലാഭവൻ എന്ന നാമമാണ് ഉചിതമെന്നും അതിലെ പ്രധാന അംഗവും, ഗായകനുമായിരുന്ന യേശുദാസ് നിർദ്ദേശിച്ചു.

എം.ജി. ആർ തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന കാലത്ത്, ഒരിക്കൽ യേശുദാസ് രാവിലെ ഏകദേശം അഞ്ചുമണിക്ക് സേലത്തുനിന്നും കാറിൽ ചെന്നൈയിലെ അഭിരാമപുരത്തുള്ള തന്റെ വസതിയിലേക്ക് വരികയായിരുന്നു. അന്ന് തമിഴ്നാട്ടിൽ കുടിവെള്ളക്ഷാമം വളരെ രൂക്ഷമായ സമയമായിരുന്നു. തീരെ വെളിച്ചം കുറവുള്ള ആ വെളുപ്പാൻ കാലത്ത് വളരെ പ്രായം ചെന്ന ഒരു പടുവൃദ്ധ കൈയ്യിൽ ഒരു കുടവുമായി പോകുന്ന കാഴ്ച കണ്ട അദ്ദേഹം കാർ നിർത്തുവാൻ ആവശ്യപ്പെട്ടു. അദ്ദേഹം കാറിൽ നിന്നുമിറങ്ങി വയസ്സായ ആ അമ്മയോട് കാര്യം തിരക്കി. തന്റെ വീട്ടിലേക്ക് കുടിവെള്ളം എടുക്കുന്നതിനുവേണ്ടിയാണ് താൻ പോകുന്നതെന്ന് ആ അമ്മ അദ്ദേഹത്തോടു പറഞ്ഞു. ഇതുകേട്ട് മനംനൊന്ത് വളരെ വിഷമത്തോടെ വീട്ടിലേക്കു വന്ന അദ്ദേഹം ആരോടും ഒന്നും മിണ്ടാതെ വീട്ടിൽ തന്നെ സത്യഗ്രഹം ആരംഭിച്ചു. അന്ന് കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന കെ. കരുണാകരൻ മുഖേന തമിഴ്നാട്ടിലെ മന്ത്രിമാരും മറ്റും ആ വിവരം അറിഞ്ഞു. പിറ്റേ ദിവസം രാവിലെ തന്നെ തമിഴ്നാട്ടിലെ അന്നത്തെ ജലവിഭവ മന്ത്രിയായിരുന്ന ജെ.പി.ആർ നേരിട്ട് അദ്ദേഹത്തിന്റെ വസതി സന്ദർശിക്കുകയും ജപ്പാൻ കുടിവെള്ള പദ്ധതി പ്രകാരം ഒരു വർഷത്തിനുള്ളിൽ നാട്ടിലെങ്ങും കുടിവെള്ളം എത്തിക്കുമെന്ന് ഉറപ്പു നൽകിയതിനുശേഷം ജെ.പി. ആർ തന്നെ നേരിട്ട് ഒരു ഗ്ലാസ്സ് പാൽ അദ്ദേഹത്തിന് നൽകിക്കൊണ്ട് അദ്ദേഹത്തിന്റെ ഉപവാസം അവസാനിപ്പിക്കുകയും ചെയ്തു. ജെ.പി.ആറിൽ നിന്നും വിവരമറിഞ്ഞ എം.ജി.ആർ നേരിട്ട് യേശുദാസുമായി ബന്ധപ്പെടുകയും പ്രസ്തുത നടപടിയ്ക്കു വേണ്ട ഉറപ്പു നൽകുകയും ചെയ്യുകയുണ്ടായി. ഇതുപോലെ തന്നെ അദ്ദേഹം 2006–2007ൽ കൊച്ചിയിലും കുടിവെള്ളക്ഷാമത്തിനെതിരെയും, ജലമലിനീകരണത്തിനെതിരെയും പല ചർച്ചകളിൽ പങ്കെടുക്കുകയും ആലുവാപ്പുഴയിലും അതിന്റെ തീരങ്ങളിലും മറ്റും സന്ദർശനം നടത്തുകയും വളരെ ശാന്തമായ സമര പ്രക്ഷോഭ രീതികൾ അവലംബിക്കുകയുമൊക്കെ ചെയ്തിട്ടുണ്ട്.

1999–2000 ലെ കാർഗിൽ യുദ്ധ സമയത്ത് ലോകസമാധാനത്തിനുവേണ്ടി അദ്ദേഹം രാജ്യമെമ്പാടും സംഗീത പരിപാടികൾ അവതരിപ്പിക്കുകയുണ്ടായി. ലോകസമാധാനത്തിനും ഐക്യത്തിനും വേണ്ടി പാരീസിൽ യുനെസ്കോ സംഘടിപ്പിച്ച സംഗീത പരിപാടിയിൽ അന്ന് യേശുദാസിനൊപ്പം പാകിസ്താനിലുള്ള ജുനൂൻ എന്ന സംഗീതസംഘവും അദ്ദേഹത്തോടൊപ്പം ചേർന്ന് പരിപാടി അവതരിപ്പിച്ചു. അന്ന് ആ പരിപാടിക്ക് സാക്ഷ്യം വഹിച്ചത് യു. എൻ സെക്രട്ടറി ജനറൽ കോഫി അന്നൻ, യാസർ അരാഫത്ത്, സുബിൻ മെഹ്ത്ത, സിഡ്നി പൊയ്റ്റർ തുടങ്ങിയ പ്രഗല്ഭരും മറ്റ് ലോകപ്രശസ്തരായ വിശിഷ്ട വ്യക്തികളും ആയിരുന്നുവെന്നുള്ളത് ഏവർക്കും അഭിമാനം നൽകുന്ന ഒന്നാണ്. അമേരിക്കയിലെ കാലിഫോർണ്ണിയയിലുള്ള സംഗീതജ്ഞനായ റിക്കാർദോ ബെറാൻതേസ് സംഗീതം നൽകിയ *അഹിംസ* എന്ന യേശുദാസിന്റെ ആദ്യത്തെ ഇംഗ്ലീഷ് ഭാഷയിലുള്ള സംഗീത ആൽബത്തിലെ ആദ്യ ഗാനമായ *ഗീതാഞ്ജലി... ദ്... സോങ്ങ് ഓഫ് ലൗ...* എന്ന ഗാനം ആ അവസരത്തിൽ അവിടെ അദ്ദേഹം പാടുകയുണ്ടായി. രബീന്ദ്രനാഥടാഗോറിനെ അനുസ്മരിപ്പിക്കുന്ന വരികളുള്ള ആ ആൽബം മഹാത്മാഗാന്ധിക്ക് വേണ്ടിയുള്ള ഒരു സമർപ്പണമായിരുന്നു.

ധാരാളം പാവപ്പെട്ടകുട്ടികളെ പഠിപ്പിക്കുകയും ധാരാളം ധർമ്മ സംഘടനകൾക്ക് സംഭാവനകൾ നൽകുകയും ചെയ്യുന്നതൊന്നും അധികമാരെയും അദ്ദേഹം അറിയിക്കാറില്ല. എയ്ഡ്സ് രോഗികളെ സന്ദർശിക്കുകയും അവരോടൊപ്പം സമയം ചെലവഴിച്ച് ഒപ്പമിരുന്ന് ഭക്ഷണം കഴിച്ച്, അദ്ദേഹം അവർക്ക് സ്നേഹത്തിന്റെ ലോകം നൽകുമ്പോഴും തിരുവനന്തപുരത്തെ ആർ. സി.സിയിൽ ക്യാൻസർ രോഗികളെ സന്ദർശിച്ച് അവർക്കായി അവിടെ കച്ചേരി നടത്തി, അവരുടെ വേദനയുടെ ലോകത്ത് സംഗീതത്തിന്റെ സാന്ത്വനസ്പർശം നൽകുമ്പോഴുമൊക്കെ തീർച്ചയായും സഹജീവിസ്നേഹവും കാരു

## യേശുദാസിനു ലഭിച്ച പ്രധാന അംഗീകാരങ്ങൾ

- ഏഴുതവണ ദേശീയ അവാർഡ് (1972,1973,1976,1982,1987,1991,1993.ഇവയിൽ ഒരു തവണ ഹിന്ദി ചിത്രത്തിൽ പാടിയതിനും, ഒരു തവണ തെലുങ്കുചിത്രത്തിൽ പാടിയതിനു മായിരുന്നു ദേശീയ അവാർഡ് ലഭിച്ചത്)
- മുപ്പത്തി മൂന്നു തവണ സംസ്ഥാന അവാർഡ്. ഇതിൽ ഇരുപത്തിമൂന്നു തവണ കേരള സംസ്ഥാനത്തിന്റെ അവാർഡിനർഹനായി (1969, 1970, 1971, 1973, 1974, 1975, 1976, 1977, 1979, 1980, 1981, 1982, 1983, 1984, 1985, 1986, 1993, 1994, 1995, 1996, 1997, 1998, 2001)
- പത്മശ്രീ അവാർഡ് (1977)
- പതിനേഴുതവണ കേരള ഫിലിം ക്രിട്ടിക്സ് അവാർഡ് (1977-മുതൽ 1986 വരെയും 1990-മുതൽ 1996 വരെയും ലഭിച്ചിട്ടുണ്ട്)
- തമിഴ്നാട് സർക്കാരിന്റെ കലൈമാമണി അവാർഡ് (1986)
- തമിഴ്നാട് സർക്കാരിന്റേയും, ആന്ധ്രാപ്രദേശ് സർക്കാരിന്റേയും സംസ്ഥാന അവാർഡുകൾ (1988)
- അണ്ണാമലൈ യൂണിവേഴ്സിറ്റിയുടെ ഡി.ലിറ്റ് ബിരുദം (1989)
- മദ്ധ്യപ്രദേശ് സർക്കാരിന്റെ ലതാമങ്കേഷ്കർ അവാർഡ് (1993)
- നാഷണൽ സിറ്റിസൺ അവാർഡ് (1994)
- പത്മഭൂഷൺ അവാർഡ് (2002)
- ഇൻഡ്യൻ ഫൈനാർട്ട്സ് സൊസൈറ്റി, ചെന്നൈയുടെ കലൈശിഖാമണി അവാർഡ് (2002)
- ചെന്നൈ മലയാളി അസോസിയേഷന്റെ സ്വാതിരത്നം അവാർഡ് (2002)
- കേരള സർക്കാരിന്റെ ജെ. സി. ഡാനിയേൽ അവാർഡ് (2003)
- ഫിലിം ഫെയർ ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ് (2004)
- യൂണിവേഴ്സിറ്റി ഓഫ് കേരളയുടെ ഡി. ലിറ്റ് ബിരുദം (2004)
- വിസ്ഡം ഇന്റർനാഷണൽ അവാർഡ് (2005)
- പ്രേംനസീർ അവാർഡ്
- യുനെസ്കോയുടെ ഹാർമണി ആന്റ് പീസ് അവാർഡ്

ണ്യവും വാക്കിൽ മാത്രമല്ല, പ്രവൃത്തിയിലേക്കു കൂടി സംക്രമിപ്പിക്കുകയായിരുന്നു അദ്ദേഹം.

ബഹുമതികളും പുരസ്കാരങ്ങളും ഏറെ തേടിയെത്തിയ പ്രതിഭയായിരുന്നു അദ്ദേഹം. അനുഗ്രഹീതനായ ഗായകനും സംഗീതജ്ഞനുമെന്ന നിലയിൽ മാത്രമല്ല, മാനവികതയ്ക്കുവേണ്ടി നിലകൊണ്ട കലാകാരൻ എന്ന നിലയ്ക്കുകൂടി പ്രസക്തമാണ് അവയിൽ പലതും. യേശുദാസ് തന്റെ ജീവിതത്തിൽ ആദ്യമായി സമ്മാനം വാങ്ങിയത് അദ്ദേഹത്തിന് എട്ടു വയസ്സുള്ളപ്പോഴായിരുന്നു. അതായത്, 1948 -ൽ എറണാകുളത്തെ ടി.ഡി.എം ഹാളിൽ സ്വാതന്ത്ര്യത്തിന്റെ ഒന്നാം വാർഷികാഘോഷത്തോടനുബന്ധിച്ച് നടന്ന സംഗീതമത്സരത്തിൽ *വന്ദേമാതരം വാഴ്ത്തിയ മുനിയെ...* എന്ന ഗാനമാലപിച്ച അദ്ദേഹത്തിന് സമ്മാനമായി ഒരു വെള്ളിക്കപ്പാണ് ലഭിച്ചത്. ആ വെള്ളിക്കപ്പ് എങ്ങനെയോ നഷ്ടപ്പെട്ടുപോയി. 1957-ൽ ആദ്യത്തെ കേരളാസ്കൂൾ യുവജനോത്സവത്തിൽ ശാസ്ത്രീയ സംഗീതത്തിന് ഒന്നാം സമ്മാനാർഹനായ യേശുദാസ് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം. എസ് നമ്പൂതിരിപ്പാടിൽ നിന്നും സമ്മാനം ഏറ്റുവാങ്ങി. എന്നാൽ 1959 - ൽ എറണാകുളത്തുവച്ച് കേരളാ ഫൈൻ ആർട്സ് സൊസൈറ്റിയുടെ ആഭിമുഖ്യത്തിൽ നടന്ന കർണ്ണാടക സംഗീത മത്സരത്തിൽ അദ്ദേഹത്തിന് പാരിതോഷികമായി ഒരു വെള്ളിപ്പാത്രം ലഭിച്ചു. പ്രശസ്ത കർണ്ണാടക സംഗീതജ്ഞ എം.എൽ. വസന്തകുമാരിയിൽ നിന്നുമായിരുന്നു ആ സമ്മാനം വാങ്ങാൻ കഴിഞ്ഞത്. ഒരു യാദൃച്ഛികതയായിരിക്കാം, അതും നഷ്ടപ്പെട്ടു. തന്റെ അച്ഛന്റെ ഒരു സുഹൃത്തിന്റെ പക്കൽ നിന്നും പിന്നീട് അത് അദ്ദേഹത്തിന് തിരികെ ലഭിച്ചു.

എന്നാൽ, ഇന്നും വേദനയോടെ ചില നഷ്ടങ്ങൾ അദ്ദേഹം മനസ്സിൽ കൊണ്ടു നടക്കുന്നു. 1972-ലോ, 1973-ലോ മറ്റോ യേശുദാസ് ബോംബെയിൽ നിന്നും കൊൽക്കത്തയിലേക്കുള്ള വിമാനത്തിൽ സഞ്ചരിക്കവേ, മദർതെരേസ്സയും അതേ വിമാനത്തിൽ ഉണ്ടായിരുന്നു. മദർതെരേസ്സയിൽ നിന്നും ഒരു ഓട്ടോഗ്രാഫ് വാങ്ങി. *God is love* എന്നായിരുന്നു മദർതെരേസ്സ അദ്ദേഹത്തിന് എഴുതികൊടുത്തത്. എന്നാൽ നിർഭാഗ്യവശാൽ ആ ഓട്ടോഗ്രാഫ് അദ്ദേഹത്തിന്റെ കൈയ്യിൽ നിന്നും നഷ്ടപ്പെട്ടുപോയി. പൊന്നുപോലെ കരുതിയ ആ ഓട്ടോഗ്രാഫ് നഷ്ടപ്പെട്ടതിന്റെ വേദന ഇന്നും അദ്ദേഹത്തിനുണ്ട്. അന്നുമുതൽ മദർതെരേസ്സയോടുള്ള ആദരവ് കൊണ്ട് അദ്ദേഹവും തന്റെ ആരാധകർക്ക് *God is love* എന്നാണ് ഓട്ടോഗ്രാഫ് എഴുതികൊടുക്കുന്നത്. എങ്കിലും, മദർതെരേസ്സയ്ക്ക് അസുഖം ബാധിച്ച ഒരവസരത്തിൽ കൊൽക്കത്തയിലുള്ള ആശ്രമത്തിൽ ചെന്ന് സന്ദർശിക്കാനും അനുഗ്രഹം വാങ്ങാനും കഴിഞ്ഞത് ഒരു സാന്ത്വനമായി അദ്ദേഹം കരുതുന്നു.

1992-ഡിസംബർ-6. ഇന്ത്യയുടെ ചരിത്രത്തിലെ കരിദിനം. അതായത് ബാബറി മസ്ജിദ് തകർക്കപ്പെട്ട ദിനം. രാജ്യമെങ്ങും അങ്ങിങ്ങ് അക്രമസംഭവങ്ങളുണ്ടായി. എന്നാൽ ഫോർട്ട് കൊച്ചിയിലെ മട്ടാഞ്ചേരിയിൽ മുസ്ലീം ജനങ്ങൾ തിങ്ങിപ്പാർത്തിരുന്ന ആ സ്ഥലം അന്ന് വളരെ സമാധാനപരമായിരുന്നു. നമ്മുടെ ഗാനഗന്ധർവ്വന്റെ നേതൃത്വത്തിൽ അന്നവിടെ സമാധാനത്തിനും സൗഹൃദത്തിനും വേണ്ടിയുള്ള ഉപവാസം അനുഷ്ഠിച്ചിരുന്നു. ഹിന്ദു-മുസ്ലീം-ക്രിസ്തീയ പുരോഹിതൻമാരും സമൂഹത്തിലെ മറ്റു പ്രമുഖ വ്യക്തികളും അന്നാട്ടുകാരും അന്ന് അദ്ദേഹത്തിന് അവിടെ പിൻബലം നൽകി. മതസൗഹാർദ്ദത്തിനു വേണ്ടി ഗുരുവായൂരിലെ കിഴക്കേനടയിൽ ഒരു ദിവസത്തെ ഉപവാസമനുഷ്ഠിച്ച അദ്ദേഹം കോഴിക്കോട്ടെ മാറാടുനടന്ന കലാപസമയത്തും വികാരാധീനനായി ആ പ്രക്ഷോഭ സ്ഥലത്തെത്തി ഓരോ കുടുംബത്തെയും ആശ്വസിപ്പിച്ചു. 2006-ൽ ലോകത്തെ നടുക്കിയ സുനാമിയുടെ സമയത്ത് കൊല്ലം, കരുനാഗപ്പള്ളി തുടങ്ങിയ സുനാമിബാധിത പ്രദേശങ്ങൾ അദ്ദേഹം നേരിട്ട് സന്ദർശിക്കുകയും, അവിടത്തെ എല്ലാ പാവപ്പെട്ട ജനങ്ങളുമായി മണിക്കൂറുകളോളം അവരുടെ വിഷമങ്ങൾ പങ്കുവയ്ക്കുകയും അവർ ആവശ്യപ്പെടുന്ന പാട്ടുകൾ പാടി അവരെ സാന്ത്വനിപ്പിക്കുകയും അന്നവിടെ നടത്തിയ എല്ലാ സംഗീത പരിപാടികളിലും പ്രതിഫലം പറ്റാതെ പങ്കെടുക്കുകയും ചെയ്തു. കാനഡയിലുള്ള 'വാൻകൗവ്വർ' സിംഫണി ഓർക്കസ്ട്രയിലെ ക്ഷണിക്കപ്പെട്ട ഒരംഗം കൂടിയാണ് അദ്ദേഹം എന്നുള്ളത് (2008 മെയ് 10 -നാണ് ഈ അംഗീകാരം അദ്ദേഹത്തിന് ലഭിച്ചത്) നാം ഓരോ ഭാരതീയനും അഭിമാനം തന്നെ.

ഉദാത്തമായ സംഗീതം മനുഷ്യമനസ്സിന് ആനന്ദം മാത്രമല്ല, ശാന്തിയും നൽകുന്നു: ഒപ്പം അത് മനസ്സിനെ വിമലീകരിക്കുകയും ചെയ്യുന്നു. അത്തരം ഉദാത്ത സംഗീതം ലോകത്തിന് സമ്മാനിക്കുന്നു എന്ന ഒറ്റ കൃത്യം മതി ഒരാൾ സർവാദരണിയനാകാൻ. എന്നാൽ അതിനുമപ്പുറം, തനിക്കു ലഭിച്ച ഒരു സിദ്ധിയെ ലോകക്ഷേമത്തിനുള്ള മറ്റു പ്രവൃത്തികൾക്കു കൂടി ഉപയോഗപ്പെടുത്തുവാൻ തയാറാവുന്ന ഒരാൾ വലിയ കലാകാരൻ മാത്രമല്ല ഉത്തമനായ മനുഷ്യസ്നേഹി കൂടിയായി മാറുന്നു. യേശുദാസ് എന്ന മഹാഗായകന്റെ കാര്യത്തിലും സംഭവിക്കുന്നത് അതുതന്നെ.■

*കണ്ണൂർ സർവകലാശാലയിൽ സംഗീതത്തിൽ ഗവേഷകനാണ് ലേഖകൻ.*

■ പട്ടം ജി. രാമചന്ദ്രൻനായർ

# സാഹിത്യകാരനും സ്വാതന്ത്ര്യസമരവും

**ഇന്ത്യയുടെ ആത്മാവിനെ കണ്ടെത്താനും ജനങ്ങളുടെ അനുഭൂതികളിൽ അലിഞ്ഞുചേരാനും വിദേശസാഹിത്യകാരന്മാർക്ക് കഴിഞ്ഞിട്ടുണ്ടായിരിക്കാം, എന്നാൽ നമ്മുടെ സാഹിത്യകാരന്മാർക്ക് ചരിത്രത്തിന്റെ മുൻപേ പറക്കാൻ കഴിയേണ്ടിയിരിക്കുന്നെന്ന് ലേഖകൻ ഉദ്ബോധിപ്പിക്കുന്നു.**


സ്വാതന്ത്ര്യസമരത്തിനും ദേശീയബോധത്തിനും ആവേശം പകർന്നുകൊടുക്കുന്ന സാഹിത്യസൃഷ്ടികളെപ്പറ്റി ചിന്തിക്കുമ്പോൾ ഫ്രഞ്ചുവിപ്ലവം മുതൽ വർണവിവേചനത്തിനെതിരായ സമരങ്ങളുടെ ചരിത്രംവരെ പരിശോധിക്കേണ്ടതുണ്ട്. അവയുടെയെല്ലാം നേതൃസ്ഥാനത്ത് സാഹിത്യകാരൻമാരെയും അവർ പ്രതിനിധാനം ചെയ്ത പ്രസ്ഥാനങ്ങളെയും ദർശിക്കാം. അനീതിക്കെതിരായി കർമരംഗത്ത് സാഹിത്യകാരൻമാർ പ്രത്യക്ഷപ്പെട്ടതിന് വിശ്വസാഹിത്യചരിത്രം വേണ്ടത്ര തെളിവുകൾ നിരത്തുന്നുണ്ട്. ഏതൻസിലെ നഗരരാഷ്ട്രങ്ങളുടെ പ്രവർത്തനത്തെപ്പറ്റി ഒരിക്കൽ സെറാക്യൂസിലെ രാജാവ് പ്ലേറ്റോയോട് അന്വേഷിച്ചു. പ്ലേറ്റോ യാതൊന്നുമുരിയാടാതെ അരിസ്റ്റോഫെനിസ്സിന്റെ നാടകങ്ങൾ മുഴുവൻ സമാഹരിച്ച് രാജാവിനയച്ചുകൊടുക്കുകയാണുണ്ടായത്. പ്രാചീന അഥീനിയൻ രാഷ്ട്രീയത്തിന്റെ നിദർശനങ്ങളാണ് അരിസ്റ്റോഫെനിസ്സിന്റെ നാടകങ്ങളെന്നർഥം.

ലോകചരിത്രം തിരുത്തിക്കുറിച്ച ഫ്രഞ്ചുവിപ്ലവത്തിലും ഗ്രീക്കുസ്വാതന്ത്ര്യസമരത്തിലും മഹാകവികളായ വേർഡ്സ്വർത്തും ബൈറനും സമരനേതൃത്വത്തിന്റെ ചൈതന്യവത്തായ ദീപശിഖകളായിരുന്നു. രണാങ്കണത്തിൽ ജനസമൂഹത്തോടൊപ്പം നിന്ന് സമരം ചെയ്തുമരിച്ച സാഹിത്യകാരന്റെ ചരിത്രം ഗ്രീസിലെ മണൽത്തരികളെ രോമാഞ്ചമണിയിക്കുന്നുണ്ട്. ഫ്രഞ്ചുവിപ്ലവത്തിന്റെ പ്രഭാതത്തിൽ ജീവിച്ചിരിക്കുകയെന്നത് നിർവൃതികരമാണെന്നും അപ്പോൾ യുവാവായിരിക്കുകയെന്നത് ഒരു സ്വർഗീയാനുഭൂതിയാണെന്നും വേർഡ്സ്വർത്ത് പാടി. സമരരംഗത്ത് സാഹിത്യകാരൻ പങ്കെടുത്ത ചരിത്രം അവിടം കൊണ്ടവസാനിക്കുന്നില്ല. ലെനിൻ നയിച്ച ഒക്ടോബർ വിപ്ലവവും അതിൽ റഷ്യൻ സാഹിത്യകാരൻമാർ വഹിച്ച പങ്കും ഇതുതന്നെയാണ് പ്രഖ്യാപിക്കുന്നത്. ഗോർക്കി, ഷൊളൊഖോവ്, എഹ്റൻ ബർഗ്, അലക്സാണ്ടർ സിമനോവ് തുടങ്ങിയ സാഹിത്യനായകൻമാർ തങ്ങളുടേതായ സംഭാവനകൾ സാഹിത്യത്തിനും രാജ്യത്തിനും നൽകിയിട്ടുള്ളവരാണ്. റൂസ്സോയുടെ 'സോഷ്യൽ കോൺട്രാക്ട്' ഫ്രഞ്ചുവിപ്ലവത്തിന് ആവേശം പകർന്നുകൊടുത്തു. ഫ്രഞ്ചുജനതയുടെ ആത്മവേദനയ്ക്ക് നാവുകൊടുത്തത് വോൾട്ടയറാണ്. വോൾട്ടയറുടെ സ്വാധീനം ജർമ്മനിയിലും പിൽക്കാലത്ത് റഷ്യയിലും വിപ്ലവത്തിന് കളമൊരുക്കുകയുണ്ടായി. വേദനിക്കുന്ന ജനസമൂഹത്തോടൊപ്പം നിന്ന വിക്ടർയൂഗോ വിളിച്ചുപറഞ്ഞു: "ഞാൻ നിങ്ങളെ വെല്ലുവിളിക്കുന്നു. കീഴ്പ്പോട്ടുവീഴുന്ന പാറക്കല്ലിനെ തടഞ്ഞുനിർത്തുവാൻ, വെള്ളച്ചാട്ടത്തെയും പ്രളയത്തെയും ചിറകെട്ടിത്തടയുവാൻ, ദൈവത്തിന്റെ ഇച്ഛാശക്തികൊണ്ട് വെളിച്ചത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന ലോകത്തെ തടഞ്ഞുനിറുത്തുവാൻ നിങ്ങൾക്ക് കഴിയുമോ?" ആശയത്തിന്റെ അപ്രതിരോധ്യമായ ശക്തി മനസ്സിലാക്കിയ ഒരു മിന്നൽപ്പിണറായിരുന്നു യൂഗോ.

പ്രസിദ്ധ അമേരിക്കൻ നീഗ്രോ ഗായകനായിരുന്ന പോൾ റോബ്സനെക്കുറിച്ച് ആവേശം ജനിപ്പിക്കുന്ന ഒരു കഥയുണ്ട്. സ്പെയിനിൽ ഒരു യുദ്ധരംഗത്തേക്ക് പോൾ റോബ്സൺ കടന്നുചെന്നു. എതിരാളികൾ പരസ്പരം വെടിപൊട്ടിച്ചുകൊണ്ടുനിൽക്കുന്ന ആ യുദ്ധരംഗത്തുവച്ച് ഒരു പടയാളിയുടെ ആവശ്യപ്രകാരം റോബ്സൺ പാടി. ആ അനശ്വരഗായകന്റെ ഗാനധാരയിൽ യുദ്ധരംഗം നിശ്ചലമായി. സ്നേഹത്തിന്റെ ഗാനം മനുഷ്യത്വത്തെ ഉണർത്തി. സാഹിത്യകാരൻ സമരരംഗത്ത് പ്രത്യക്ഷപ്പെട്ടതിന് ഉദാഹരണങ്ങൾ വേറെയുമുണ്ട്. എക്സിസ്റ്റൻഷ്യലിസ്റ്റ് ചിന്താഗതിയുടെ പ്രയോക്താവായ ഴാങ്പോൾ സാർത്ര് സാഹിത്യകാരന്റെ കടമ എന്താണെന്ന് വ്യക്തമാക്കുന്ന ഭാഗം ഇവിടെ സംഗതമാണെന്നു തോന്നുന്നു. "സാഹിത്യകാരന്റെ കർത്തവ്യം ആഫ്രിക്കയിലും അതുപോലുള്ള ഇരുണ്ട ലോകങ്ങളിലുമുള്ള ജനതയുടെ മോചനത്തിന് ആയുധമെടുത്ത് സമരംചെയ്യുക മാത്രമാണ്. ഞാൻ വളരെയധികം എഴുതി. പക്ഷേ ആഫ്രിക്കയിലെ ഒരു കൊച്ചുകുട്ടിയുടെ കണ്ണീരിന് അതിനെക്കാൾ വിലയുണ്ടെന്ന് ഞാൻ കരുതുന്നു." അഭിപ്രായം രേഖപ്പെടുത്തിയിട്ട് നിശബ്ദനായിരിക്കുകയല്ല അദ്ദേഹം ചെയ്തത്. തീവ്രവാദികളുടെ ചേരിയിൽ നിന്നുകൊണ്ട് പാരീസിനെ പ്രകമ്പനം കൊള്ളിച്ച വിദ്യാർ



ഒ എൻ വി കുറുപ്പ്



ടാഗോർ

ത്വികളുടെ വസന്ത വിപ്ലവത്തിൽ പങ്കെടുക്കുകയും ഡീഗാളിനെതിരായ ചിന്താഗതിയുടെ ശക്തനായ പ്രയോക്താവായി രംഗത്ത് വരികയും ചെയ്തു. സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം നിരാകരിക്കുക പോലും ചെയ്തു സാർത്ര്.

അമേരിക്കൻ സാഹിത്യത്തിന്റെ സ്ഥിതിയെന്താണ്? അടിമവ്യവസ്ഥിതിക്കെതിരായ അഭിപ്രായരൂപീകരണത്തിനും തുടർന്നുള്ള വിപ്ലവത്തിനും അവിടത്തെ സാഹിത്യസൃഷ്ടികൾ നിർണായക പങ്കുവഹിച്ചു. "സിൻക്ലയറും സ്റ്റെൻബക്കും പരിചയപ്പെടുത്തിത്തന്നത് അമേരിക്കയിലെ ജീവിതസുഖങ്ങളിൽ നിന്നും നാടുകടത്തപ്പെട്ട മനുഷ്യജീവിതങ്ങളെയാണ്. അവിടത്തെ രാഷ്ട്രീയാധികാരത്തിന് സിൻക്ലയറുടെയും മറ്റും നോവലുകൾ സൃഷ്ടിച്ചിട്ടുള്ള അസ്വസ്ഥത കുറച്ചൊന്നുമല്ല. 'ജംഗിൾ' പുറത്തിറങ്ങിയപ്പോൾ അന്നത്തെ അമേരിക്കൻ പ്രസിഡന്റ് സിൻക്ലയർക്ക് ഒരു എക്സ്പ്രസ്സ് ടെലിഗ്രാം അയച്ചുകൊടുത്ത കഥ ആത്മകഥയിൽ സിൻക്ലയർ അനുസ്മരിക്കുന്നുണ്ട്. അമേരിക്കൻ സാഹിത്യത്തിൽ ഒരു മഹാസംഭവമായിമാറിയ ജംഗിൾ എന്ന കൃതിയെ അഭിനന്ദിക്കാനായിരുന്നില്ല പ്രസിഡന്റ് അടിയന്തിര കമ്പി സന്ദേശമയച്ചത്. അദ്ദേഹത്തിന്റെ ആവശ്യം മറ്റൊന്നായിരുന്നു. സിൻക്ലയർ പേന നിലത്തുവച്ച് കുറെക്കാലം നിശ്ശബ്ദനായിരിക്കുക. എങ്കിലേ പ്രസിഡന്റിന് മനസ്സമാധാനത്തോടെ രാജ്യം ഭരിക്കാനാവൂ. വിശ്വസാഹിത്യചരിത്രത്തിലെ അത്യപൂർവ സംഭവങ്ങളിലൊന്നാവണം അത്."

കാറൽമാർക്സിന്റെ കൃതികൾ ലോകചിന്താഗതിയിൽ വിപ്ലവകരമായ പരിവർത്തനങ്ങൾക്ക് സാക്ഷ്യംവഹിച്ചു. മാർക്സ് 'ദസ് ക്യാപ്പിറ്റലി'നും 'കമ്മ്യൂണിസ്റ്റ് മാനിഫെസ്റ്റോ'യ്ക്കും രൂപംകൊടുത്തില്ലായിരുന്നെങ്കിൽ ലോകചരിത്രത്തിന്റെ ഗതിതന്നെ തിരുത്തിക്കുറിക്കപ്പെടുമായിരുന്നു. ഒരു വലിയ ജനവിഭാഗത്തെ നിരന്തരമായ യാതനകളിലേക്ക് വലിച്ചിഴച്ച രണ്ടാം ലോകമഹായുദ്ധത്തിൽ ലക്ഷക്കണത്തിന് മനുഷ്യജീവിതങ്ങൾ ഹോമിക്കപ്പെട്ടു. ആ മഹായുദ്ധത്തിന്റെ പ്രാരംഭം കുറിച്ചത് ലോകത്തെയാകെ പ്രകമ്പനം കൊള്ളിച്ച അഡോൾഫ് ഹിറ്റ്ലറുടെ 'മെയ്ൻകാഫ്' എന്ന ഗ്രന്ഥമാണ്. രാഷ്ട്രീയവധം സാർവദേശീയ സുന്ദരകലയാക്കി വളർത്തി ഒരു പുതിയ യുഗത്തിന്റെ പ്രാരംഭം കുറിക്കുകയാണോ ഹിറ്റ്ലർ എന്നുലോകം ഭയപ്പെട്ടു. ഇന്ത്യയുടെ ജവഹർലാലിനെപ്പോലുള്ളവർ ആ ആപത്തിനെതിരെ ശക്തമായ കാഹളം മുഴക്കി. ആ കാലഘട്ടത്തിൽ ജീവിക്കാനാഗ്രഹിക്കാത്ത സ്വൈഗിനെപ്പോലുള്ളവർ ആത്മഹത്യ ചെയ്തു. ലോകത്തെമ്പാടും ഇന്നോളമുണ്ടായിട്ടുള്ള എല്ലാ സാമൂഹിക വിപ്ലവങ്ങളുടെയും പ്രചോദനത്തിന്റെ ഉറവിടം ക്രാന്തദർശികളായ എഴുത്തുകാരും അപൂർവം ചില സാഹിത്യസൃഷ്ടികളുമായിരുന്നു.

വിശ്വസംസ്കാരത്തിന്റെ ദീപശിഖ അണയാതെ കാത്തുസൂക്ഷിച്ചിട്ടുള്ള ഭാരതീയജനത ചെങ്കോലിനെക്കാൾ യോഗദണ്ഡിനെയും പടവാളിനേക്കാൾ തൂലികയെയും ആരാധിച്ചിരുന്നു. ഭാരതീയ സാഹിത്യം ബുദ്ധിയുടെ ബഹിർഗമനമല്ല, ആത്മാവിന്റെ അന്തർധാരയാണ്. തുളസീദാസും കബീറും നാനാക്കും ഉൾപ്പെടെയുള്ള ആദ്ധ്യാത്മികാചാര്യൻമാർ സാഹിത്യകാരൻമാരും കവികളുമായിരുന്നു. ദേശാഭിമാനബോധമുള്ള ആദ്ധ്യാത്മികസാഹിത്യമാണ് ഭാരതീയജനതയെ അനശ്വരചൈതന്യമായി സാംസ്കാരിക ലോകത്ത് പ്രതിഷ്ഠിച്ചിട്ടുള്ളത്. ഹിന്ദിസാഹിത്യത്തിലെ തുളസീദാസ രാമായണം ഇന്നും ഭാരതീയ ജനതയെ ആവേശംകൊള്ളിക്കുന്ന, ഏകീകരിക്കുന്ന കേന്ദ്രബിന്ദുവും ചൈതന്യധാരയുമാണ്. ഭാരതീയജനതയിൽ സ്വാതന്ത്ര്യസമരാഗ്നി പടർത്തിയ മഹാത്മജിക്ക് ടോൾസ്റ്റോയിയുടെ കൃതികൾ കുറച്ചല്ല പ്രചോദനമേകിയത്. ഒരു ഘട്ടത്തിൽ ഗാന്ധിജി പറഞ്ഞു: "ഇന്ത്യയിൽ ശാന്തതയുണ്ട്, അത് പ്രേതാലയത്തിലെ ശാന്തതയാണ്." ടോൾസ്റ്റോയിയെ ഉദ്ധരിച്ചുകൊണ്ട് ഗാന്ധിജി പിന്നീടൊരിക്കൽ അഭിപ്രായപ്പെട്ടു, "ജനലക്ഷങ്ങളോട് സംസാരിക്കുവാൻ സാധിക്കുന്ന കലയും സാഹിത്യവുമാണ് എനിക്കാവശ്യം." ഗാന്ധിയൻ ചിന്താഗതി ഭാരതീയ സാഹിത്യത്തിൽ മാത്രമല്ല വിശ്വസാഹിത്യത്തിൽത്തന്നെ അസാധാരണമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ആർഷസംസ്കാരത്തെ ദീപ്തിമത്താക്കുന്ന ദേശാഭിമാനോജ്ജ്വലമായ നിരവധി ഗ്രന്ഥങ്ങൾ ഗാന്ധിയൻ സാഹിത്യത്തിന്റെ പശ്ചാത്തലത്തിൽ രൂപമെടുത്തിട്ടുണ്ട്. ടാഗോർ, ബങ്കിംചന്ദ്ര, പ്രേംചന്ദ്, വള്ളത്തോൾ, സുബ്രഹ്മണ്യഭാരതി എന്നിവരുടെ ദേശീയപ്രസ്ഥാനവുമായി ബന്ധപ്പെട്ട സാഹിത്യരചനയുടെ പിന്നിൽ ഗാന്ധിസാഹിത്യത്തിന് നിർണായകമായ സ്വാധീനമുണ്ട്. ജവഹർലാൽ നെഹ്റുവിന്റെ 'ഇന്ത്യയെ കണ്ടെത്തൽ' ദേശീയസാഹിത്യസരണിയിലെ നാഴികക്കല്ലാണ്. ദേശീയപ്രസ്ഥാനത്തിന്റെ ഉയർത്തെഴുന്നേല്പിനെപ്പറ്റി ജവഹർലാൽ നെഹ്റു അഭിപ്രായപ്പെടുന്നു: "എന്റെ കാലഘട്ടത്തിലെ ഇന്ത്യയിൽ ദേശീയബോധം തികച്ചും അനിവാര്യമായ ഒന്നായിരുന്നു. ഇന്നും (1944) അത് ഒരു അനിവാര്യത തന്നെയാണ്. സ്വാഭാവികവും അതോടൊപ്പം ആരോഗ്യ

തകർക്കപ്പെട്ടുവെന്നു ലോകം കരുതിയ ഒരടിമ രാജ്യത്തിന്റെ നിവേദന പാത്രവുമായിട്ടല്ല വിവേകാനന്ദൻ ചിക്കാഗോയിൽ പ്രത്യക്ഷപ്പെട്ടത്. ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ അമർന്നു കിടന്നിരുന്ന ഒരു നാടിന്റെ ദേശാഭിമാന പ്രചോദിതവും അഭിമാന പുളകിതവുമായ ശബ്ദം ലോകം ശ്രദ്ധിച്ചത് അന്നാദ്യമായിട്ടായിരുന്നു.



സ്വാമി വിവേകാനന്ദൻ

ദായകവുമായ ഒരു വികാസമാണത്. ഏതൊരു രാജ്യത്തിനും ദേശീയസ്വാതന്ത്ര്യബോധമാണ് പ്രഥമവും പ്രധാനവുമായ പ്രചോദനം. സ്വന്തം വ്യക്തിത്വത്തെയും ഭൂതകാല പാരമ്പര്യത്തെയും കുറിച്ച് ഉത്ക്കടമായ വികാരങ്ങളുള്ള ഭാരതത്തിനാണെങ്കിൽ അത് ഇരട്ടി ശക്തിയുള്ള ഒരു ചോദന തന്നെയാണ്." (ഇന്ത്യയെ കണ്ടെത്തൽ)


വള്ളത്തോൾ

ഭാരതീയ സ്വാതന്ത്ര്യസമരം വിദേശീയരായ എഴുത്തുകാരെപ്പോലും ആവേശഭരിതരാക്കി. തന്റെ സാഹിത്യസൃഷ്ടികളിലൂടെ ബോധപൂർവമായും നിരന്തരമായും സ്വാതന്ത്ര്യപ്രസ്ഥാനത്തിന് സഹായകമായ നിലയിൽ സർഗാത്മക പ്രതിഭ വിനിയോഗിച്ച റൊമെയ്ൻ റോളങ്ങും ഈ രംഗത്ത് മറ്റുപലർക്കും മാതൃകയാണ്. റൂസ്സോയും വോൾട്ടയറും തുടങ്ങി ടാഗോറും ഇക്ബാലും വരെ ഭൂഖണ്ഡങ്ങളുടെയും ജലരാശികളുടെയും അകൽച്ച അനുഭവപ്പെടാത്ത തത്ത്വസംഹിതകളുടെ അപ്രതിരോധ്യമായ മുന്നേറ്റത്തിന് നേതൃത്വം കൊടുത്തവരാണ്. പതിനേഴാം നൂറ്റാണ്ടിന്റെ കച്ചവടസംസ്കാരവും ഈസ്റ്റിന്ത്യാക്കമ്പനിയുടെ മേൽക്കോയ്മയും ഭാരതജനതയെ അടിമകളും അസ്വസ്ഥരുമാക്കി. ദേശീയത സടകുടഞ്ഞെണീറ്റത് 1857 ലാണ്. പത്തൊൻപതാം നൂറ്റാണ്ട് നമ്മുടെ ദേശീയ പ്രസ്ഥാനത്തിന്റെ ഇതിഹാസോജ്ജ്വലമായ കാലഘട്ടമാണ്. വില്യം ബെന്റിക്കിന്റെ കാലത്ത് രാജാറാം മോഹൻറായി രൂപംകൊടുത്ത പരിഷ്കരണപ്രസ്ഥാനത്തെ ഭാരതീയ നവോത്ഥാനത്തിന്റെ പ്രഭാതഭേരിയായിട്ടാണ് ആധുനിക ചരിത്രകാരൻമാർ വിലയിരുത്തുന്നത്. ഇന്ത്യയിൽ നടന്ന ജാതിവിരുദ്ധസമരത്തിന്റെയും ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെയും വിപ്ലവകാരികളായ നേതാക്കളെ വാർത്തെടുക്കാൻ ആര്യസമാജം നൽകിയ സംഭാവന വിലപ്പെട്ടതാണ്.

രാജാറാംമോഹൻറോയി മുതൽ വിവേകാനന്ദൻ വരെയുള്ള മഹാവ്യക്തികളിലൂടെ നാം കണ്ടത് ഉണരാനുണർന്ന ഇന്ത്യയുടെ ആന്തരികാസ്വാസ്ഥ്യത്തിന്റെ ആദ്യത്തെ തിരയിളകലായിരുന്നു. അദമ്യമായ ഈ ആന്തരികാസ്വാസ്ഥ്യത്തിന്റെ പൊട്ടിച്ചിതറലായിരുന്നു ഇവിടത്തെ വിപ്ലവപ്രസ്ഥാനം. ഒരു കൈയിൽ ഭഗവദ്ഗീതയും മറുകൈയിൽ തോക്കുമേന്തിക്കൊണ്ടാണ് വിപ്ലവനായകൻമാർ സാമ്രാജ്യശക്തികളോട് സമരത്തിന് പുറപ്പെട്ടതെന്ന് പറയപ്പെടാറുമുണ്ട്. ഈ രീതിയിലാണ് ദേശീയബോധത്തിന്റെ ചിന്താധാര വളർന്നുവന്നത്. ബംഗാളിൽ നിന്നാരംഭിച്ച ഈ അരുവിക്ക് ദയാനന്ദന്റെയും വിവേകാനന്ദന്റെയും പ്രബോധനങ്ങൾ വഴി ആഴവും പരപ്പും വർധിച്ചു. ഒട്ടേറെ കൈവഴികൾ ഈ ധാരയിൽ വന്നു ചേർന്നു. ബങ്കിംചന്ദ്രന്റെ നോവലുകളിലൂടെ ഈ തീവ്രദേശീയബോധം ഭാരതീയ സാഹിത്യത്തെയും ഉത്തേജിപ്പിച്ചു.

ഭാരതത്തിന്റെ ചിരപുരാതനമായ ആദ്ധ്യാത്മിക സമ്പത്തുകൊണ്ട് ലോകത്തെയാകെ അത്ഭുതസ്തബ്ധമാക്കിയ, കഴിഞ്ഞ നൂറ്റാണ്ടിലെ ഏറ്റവും വലിയ വിപ്ലവകാരിയും സ്വാതന്ത്ര്യഭാരതത്തിന്റെ ആത്മീയ തേജസ്സുമായ സ്വാമി വിവേകാനന്ദൻ പുതിയൊരു സന്ദേശം ജീവിതവേദാന്തമായി അംഗീകരിക്കുകയും ആദരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ പ്രഭവസ്ഥാനം ദക്ഷിണേശ്വരത്ത് ജ്വലിച്ചുയർന്ന ശ്രീ രാമകൃഷ്ണപരമഹംസനായിരുന്നു. ഇന്ത്യക്ക് വിവേകാനന്ദൻ നൽകിയ സന്ദേശം പടിഞ്ഞാറൻ നാടുകൾ ശ്രദ്ധാപൂർവം കേട്ടു. അസാധാരണനായ ആ ബംഗാളി യുവാവ്-വിവേകാനന്ദൻ-ചിക്കാഗോയിലെ ലോകമത പാർലമെന്റിൽ സംസാരിച്ചു തുടങ്ങിയപ്പോൾ ആ സിംഹഗർജനം എങ്ങുനിന്നുത്ഭവിക്കുന്നു എന്ന് ലോകം അത്ഭുതപ്പെട്ടു. തകർക്കപ്പെട്ടുവെന്നു ലോകം കരുതിയ ഒരടിമരാജ്യത്തിന്റെ നിവേദനപാത്രവുമായിട്ടല്ല വിവേകാനന്ദൻ ചിക്കാഗോയിൽ പ്രത്യക്ഷപ്പെട്ടത്. പിന്നെയോ, ബ്രിട്ടീഷ് ആധിപത്യത്തിൻ കീഴിൽ അമർന്നു കിടന്നിരുന്ന ഒരു നാടിന്റെ ദേശാഭിമാന പ്രചോദിതവും അഭിമാനപുളകിതവുമായ ശബ്ദം ലോകം ശ്രദ്ധിച്ചത് അന്നാദ്യമായിട്ടായിരുന്നു. അമേരിക്കയിൽ പര്യടനം നടത്തിയശേഷം ഭാരതത്തിൽ മടങ്ങിയെത്തിയ വിവേകാനന്ദൻ ചെയ്ത പ്രസംഗങ്ങൾ അക്കാലത്ത് ദേശീയ പ്രസ്ഥാനത്തിന്റെ മേഖലയിൽ സൃഷ്ടിച്ച സ്വാധീനം കുറച്ചൊന്നുമായിരുന്നില്ല. ലോകത്ത് അനുഗൃഹീതമായ പുണ്യഭൂമി എന്നു വിശേഷിപ്പിക്കാവുന്ന ഏതെങ്കിലും രാജ്യമുണ്ടെങ്കിൽ, ലോകത്തെങ്ങുമുള്ള ആത്മാക്കൾക്ക് സ്വകർമത്തിന്റെ കണക്കു തീർക്കുന്നതിന് വന്നുചേരാവുന്ന ഒരിടവുമുണ്ടെങ്കിൽ, ഈശ്വരാഭിമുഖമായി പ്രയാണം ചെയ്യുന്ന മനുഷ്യാത്മാവിന് വിശ്രമിക്കുവാനൊരു സങ്കേതവുമുണ്ടെങ്കിൽ, ആർദ്രത, ഔദാര്യം, വിശുദ്ധി, പ്രശാന്തത എന്നിവയെ തേടിയുള്ള പ്രയാണത്തിൽ മനുഷ്യവർഗത്തിന് അവയുടെ ഗിരിശൃംഗങ്ങൾ കണ്ടെത്തണമെങ്കിൽ അതിന് ഇന്ത്യയിലന്വേഷിക്കണം. ആത്മീയസത്യത്തിന്റെ വിശുദ്ധമായ നിത്യസ്രോതസ്സ് ലോകത്തെങ്ങും വീണ്ടും വീണ്ടും പ്രളയം സൃഷ്ടിച്ചതും ദർശനങ്ങളുടെ തിരമാലകൾ ഒന്നിനൊന്ന് ഉയർന്നുവന്നതും ഇവിടെ നിന്നാണ്. (The Complete Works of Swamy Vivekananda.)

ഭൗതികസംസ്കാരം ആദ്ധ്യാത്മിക സംസ്കാരത്തിന്റെ അസ്തിവാരത്തിലുറപ്പിച്ചാലേ അത് നിലനിൽക്കുകയുള്ളൂ എന്നും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ഉപേക്ഷിക്കണമെന്നും വിവേകാനന്ദൻ ലോകത്തോടുപറഞ്ഞു. എന്നാൽ അദ്ദേഹം പ്രചരിപ്പിച്ച എല്ലാ ചിന്തകളുടേയും അടിയിലുള്ള ചൈതന്യം വൈദേശികാധിപത്യത്തിനെതിരെ 'ഉത്തിഷ്ഠത ജാഗ്രത പ്രാപ്യവരാൻ നിബോധതാ' എന്നായിരുന്നു. ആ ക്രാന്തദർശി യൂറോപ്പിൽ വളർന്നുവരുന്ന തൊഴിലാളിവർഗത്തെക്കുറിച്ച് ഇന്ത്യക്ക് മുന്നറിയിപ്പ് നൽകുകയും ഭാവിലോകം അവരുടേതായിരിക്കുമെന്ന് പ്രവചിക്കുകയുംചെയ്തു. ബ്രിട്ടീഷ് ഭരണം വിവേകാനന്ദനെ സംശയദൃഷ്ടിയോടെയാണ് നോക്കിയിരുന്നത്.


> മഹാകവി വള്ളത്തോൾ, ജി.ശങ്കരക്കുറുപ്പ്, ബോധേശ്വരൻ, അംശി നാരായണപിള്ള തുടങ്ങി പി.ഭാസ്കരന്റെയും ഒ.എൻ.വി. കുറുപ്പിന്റെയും വരെ കൃതികളിൽ കാണുന്ന ദേശീയത ഗദ്യസാഹിത്യകാരന്മാരുടെ കൃതികളിൽ ഇല്ലതന്നെ.

ഈ നൂറ്റാണ്ടിന്റെ ആദ്യകാലത്ത് ബംഗാളിലെ വിപ്ലവകാരികളുടെ രഹസ്യസങ്കേതങ്ങളിൽ നിന്ന് പിടിച്ചെടുത്ത വിപ്ലവസാഹിത്യത്തിൽ സാർവത്രികമായി കണ്ടെത്തിയ ഒരു രേഖ വിവേകാനന്ദന്റെ ചില പ്രസംഗങ്ങളുടെ സമാഹാരമായിരുന്നു. സ്വാമികളുടെ അടുത്ത ചില ശിഷ്യർക്ക് വിപ്ലവപ്രസ്ഥാനവുമായി നേരിട്ട് ബന്ധമുണ്ടായിരുന്നുവെന്നും സംശയിക്കപ്പെടുന്നു. അഞ്ചുംഗവിപ്ലവകാരി സമിതിയിലെ ഒരംഗം വിവേകാനന്ദസ്വാമികളുടെ പ്രണതശിഷ്യയായ സിസ്റ്റർ നിവേദിതയായിരുന്നു.


വിക്ടർ യുഗോ

ഇരുപതാം നൂറ്റാണ്ട് ഭാരതത്തെ സംബന്ധിച്ചിടത്തോളം അതിരറ്റ പ്രാധാന്യമർഹിക്കുന്നു.

ഭാരതത്തിന് ദേശീയസ്വാതന്ത്ര്യം നേടിക്കൊടുത്ത ഈ നൂറ്റാണ്ട് ലോകചരിത്രത്തിലെ വിധി നിർണായകമായ ഒരു കാലഘട്ടമാണ്. ഈ രംഗത്ത് ഭാരതത്തിന്റെ അഭിമാനബോധം തട്ടിയുണർത്തുന്നതിൽ രവീന്ദ്രനാഥ ടാഗോർ വഹിച്ച പങ്ക് വിസ്മയാവഹമാണ്. ആവേശഭരിതവും ചിന്താബന്ധുരവും കർമപ്രചോദകവുമായ കവിതയും സാഹിത്യസേവനവും കൊണ്ട് ഉദ്ബുദ്ധമാക്കി മഹാകവി ടാഗോർ ഭാരതദേശീയതയെ വിശാലതത്ത്വങ്ങളുടെ അധിഷ്ഠാനത്തിൽ ഉറപ്പിച്ചു. ഭാരതത്തിന്റെ പ്രാചീന സംസ്കാരത്തിലും ധാർമികമേധാവിത്വത്തിലും അഭിമാനം കൊണ്ടിരുന്ന ദേശീയകവികൾ ജനതയെ യോജിപ്പിച്ചുനിർത്തുകയും ആദർശസുന്ദരമായ സങ്കല്പങ്ങളെ യാഥാർത്ഥ്യമാക്കി തീർക്കാൻ ആഹ്വാനം ചെയ്യുകയുമുണ്ടായിട്ടുണ്ട്. സ്വാതന്ത്ര്യസമരത്തിന്റെ ജീവനും ആത്മാവുമായിരുന്ന മഹാത്മാഗാന്ധിയുടെ ആശയാദർശങ്ങളെ ആസ്പദമാക്കിയുള്ള ഗാന്ധിസാഹിത്യവും വിവേകാനന്ദസാഹിത്യസർവസ്വവും ഭാരതീയ സാഹിത്യത്തിൽ തനതായ സ്ഥാനം വഹിക്കുന്നവയാണ്.



ഗോർക്കി

ആസേതുഹിമാചലം അലയടിച്ചുയർന്ന വിപ്ലവബോധത്തെ ജനഹൃദയങ്ങളിൽ ആളിക്കത്തിക്കുവാൻ പ്രാദേശിക ഭാഷകളുടെ സഹായം വേണ്ടിവന്നു. ഒരേ വികാരമുള്ള ഒരൊറ്റ ജനതയുടെ ഉത്തുംഗമായ ജീവിതാഭിലാഷത്തിന്റെ ആന്ദോളനമായിരുന്നു ആ കാലഘട്ടത്തിലെ സാഹിത്യകൃതികൾ. കേരളത്തെ സംബന്ധിച്ചിടത്തോളം മൂന്ന് ഭരണസംവിധാനത്തിൻ കീഴിൽ ഭിന്നിച്ച് പരസ്പരം പ്രാമാണ്യം നടിച്ച് സ്വയം നശിക്കുന്ന സാഹചര്യങ്ങൾ ഉണ്ടായിട്ടുകൂടി മലയാളത്തിന്റെ മധുരോദാരമായ മണിമന്ത്രധ്വാനം ദേശീയതയുടെ ശ്രീകോവിലിൽ നിന്നുതന്നെയാണ് മുഴങ്ങിക്കേട്ടത്. ലോകമിന്നോളം ദർശിച്ചിട്ടുള്ളതിൽ വച്ചേറ്റവും ശ്രേഷ്ഠമായ മാർഗമാണ് സ്വാതന്ത്ര്യസമ്പാദനത്തിന് നാം സ്വീകരിച്ചതെന്ന് പലരും അവകാശപ്പെടാറില്ലേ? എന്നിട്ടുമെന്തേ നമ്മുടെ സാഹിത്യകാരന്മാരുടെ പ്രതിഭ ആ വഴിക്ക് തിരിയാതെ പോയി? സ്വാതന്ത്ര്യസമരത്തെ കുറിച്ച് എല്ലാവിധ സമഗ്രതയോടെയും ആത്മസാക്ഷാത്കരിക്കുവാനും അത്യുത്കൃഷ്ട രചനകളിലൂടെ ആവിഷ്കരിക്കാനും തക്ക പ്രതിഭാശാലികൾ നമുക്കില്ലാതെ പോയെന്നുണ്ടോ? രണാങ്കണത്തിലെ ജനസമൂഹത്തെ ആധാരമാക്കി മഹത്തായ സാഹിത്യസൃഷ്ടികളൊന്നും നോവലിന്റെ മേഖലയിൽ ഇവിടെ ഉണ്ടായിട്ടില്ല തന്നെ. ഈ പരാധീനതയിൽ നിന്നും സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അരനൂറ്റാണ്ട് പിന്നിട്ടിട്ടും നമുക്ക് മുക്തി നേടാൻ കഴിഞ്ഞിട്ടില്ല. കാവ്യസാഹിത്യശാഖയാണ് ഈ രംഗത്ത് വിലപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുള്ളത്. മഹാകവി വള്ളത്തോൾ, ജി.ശങ്കരക്കുറുപ്പ്, ബോധേശ്വരൻ, അംശിനാരായണപിള്ള തുടങ്ങി പി.ഭാസ്കരന്റെയും ഒ.എൻ.വി. കുറുപ്പിന്റെയും വരെ കൃതികളിൽ കാണുന്ന ദേശീയത ഗദ്യസാഹിത്യകാരന്മാരുടെ കൃതികളിൽ ഇല്ലതന്നെ. ദേശീയപ്രസ്ഥാനത്തിന്റെ മഹാകവിയെന്ന ബഹുമതി അർഹിക്കുന്നത് മഹാകവി വള്ളത്തോൾ മാത്രമാണ്. വള്ളത്തോൾ ഇക്കാര്യത്തിൽ ടാഗോറിനും ഇക്ബാലിനും സുബ്രഹ്മണ്യഭാരതിക്കും സമശീർഷനാണ്.

രാഷ്ട്രീയത്തിന് പറ്റിയ വളക്കൂറുള്ള മണ്ണാണ് നമ്മുടേത്. ആധുനികകാലഘട്ടം രാഷ്ട്രീയനോവലുകളുടെ കാര്യത്തിലും അർഹിക്കുന്ന സംഭാവനകളൊന്നും നൽകിയിട്ടില്ല. പി. കേശവദേവ്, തകഴി, വൈക്കം ചന്ദ്രശേഖരൻനായർ, ചെറുകാട്, ആനന്ദ്, കാക്കനാടൻ തുടങ്ങിയവർ ഈ രംഗത്ത് പരീക്ഷണം നടത്തിയവരാണെന്ന കാര്യം വിസ്മരിക്കുന്നില്ല. 'പാസേജ് റ്റു ഇന്ത്യ' എന്ന ഗ്രന്ഥത്തിന്റെ കർത്താവായ ഇ.എം.ഫോസ്റ്റർ ഒരിക്കൽ എഴുതി: "ഞാൻ മറ്റൊരു 'പാസേജ് റ്റു ഇന്ത്യ' എഴുതുകയാണെങ്കിൽ ആദ്യമായി ഒരു ഭാരതീയഭാഷ അഭ്യസിക്കും. പിന്നീട് കുറേക്കാലം ഒരു കൃഷിസ്ഥലത്ത് പോയി ജീവിക്കും. കാരണം, കർഷകൻ മാത്രമാണ് ഇന്ത്യയുടെ യഥാർത്ഥ ചൈതന്യത്തെ പ്രതിനിധാനം ചെയ്യുന്നത്." സ്റ്റാലിൻഗ്രാഡ് സമരത്തിന്റെ വീരേതിഹാസങ്ങൾ പകർത്തിയ നോവലുകളുടെ പ്രവാഹം തന്നെ ഉണ്ടായിട്ടും ഷോളോക്കോവിന്റെ "ഡോൺ ശാന്തമായി ഒഴുകുന്നു" വിശ്വഹൃദയം കവർന്നതെങ്ങനെ? അതിൽ പ്രതിഫലിച്ചുകണ്ട റഷ്യൻ കാർഷികജീവിതമാണത്രെ അതിന് ചൈതന്യം നൽകിയത്. യഥാർത്ഥ ഇന്ത്യയെ കണ്ടെത്താനും ജനങ്ങളുടെ വികാരസാന്ദ്രമായ അനുഭൂതികളുമായി അലിഞ്ഞുചേരാനും വിദേശസാഹിത്യകാരന് കഴിഞ്ഞിട്ടും ഇവിടത്തെ എഴുത്തുകാർ അക്കാര്യത്തിൽ അപ്രാപ്തരാണെങ്കിൽ ഇനിയും അവരുടെ ചിന്താഗതി ആ വഴിക്ക് തിരിയാതിരിക്കുന്നത് അക്ഷന്തവ്യമാണ്. ദേശീയ പ്രസ്ഥാനത്തിന്റെ സന്ദേശവും സാർവലൗകികമായ വീക്ഷണവും ഉൾക്കൊണ്ട കാലഘട്ടത്തിന്റെ വികാരോജ്ജ്വലമായ ചിത്രം പകർത്താൻ സാഹിത്യകാരന്മാർ മനസ്സിരുത്തണം. അതിലൂടെ അധുനാതന പ്രവണതകളും സമകാലിക രാഷ്ട്രീയ സംഭവപരമ്പരകളും സജീവമായി ആവിഷ്കരിക്കപ്പെടുന്ന ഇതിഹാസ മനോഹാരിതയുള്ള കൃതികൾ നമുക്കുണ്ടാവണം.■

■ എം.എൻ. മനോഹർ

# അല്പം ശ്രദ്ധിക്കാം, വഞ്ചിതരാകാതിരിക്കാം



വാങ്ങുന്ന സാധനങ്ങൾ ന്യായമായ വിലയിലും ഗുണനിലവാരത്തിലും ലഭ്യമാകുന്നുവെന്ന് ഉറപ്പാക്കുന്നതിനായി ഏതൊരു ഉപഭോക്താവും അറിഞ്ഞിരിക്കേണ്ട കാര്യങ്ങളെപ്പറ്റി വിശദീകരിക്കുകയാണ് ലേഖകൻ.

മാർച്ച് 15 ലോക ഉപഭോക്തൃദിനമായി ആചരിച്ചുവരുകയാണല്ലോ. ഉപഭോക്താവിന്റെ ആരോഗ്യവും സുരക്ഷയും മുന്തിയ പരിഗണന അർഹിക്കുന്നു. നാം ഓരോരുത്തരും നമ്മുടെ വരുമാനത്തിന്റെ സിംഹഭാഗവും ആഹാരത്തിനായി ചെലവാക്കുന്നു. ഇപ്രകാരം വാങ്ങുന്ന ഭക്ഷ്യവസ്തുക്കൾ മായം കലർന്നതാകാതിരിക്കാൻ ഉപഭോക്താക്കൾ ജാഗ്രത പാലിക്കണം.

ഭക്ഷണസാധനങ്ങളുടെ ഗുണനിലവാരത്തെ ദോഷകരമായി ബാധിക്കുന്നവിധം ഏതെങ്കിലും സാധനങ്ങൾ ചേർക്കുകയോ ഏതെങ്കിലും ഘടകം നീക്കം ചെയ്യുകയോ ചെയ്താൽ അത് മായം ചേർക്കൽ ആയി കണക്കാക്കാം. കലർത്തുന്ന വസ്തുക്കൾ ആരോഗ്യത്തിന് ഹാനികരമായവ കൂടിയാണെങ്കിൽ കുറ്റത്തിന്റെ ഗൗരവം വർധിക്കുന്നു. മായം ചേർക്കൽ തടയുന്നതിന് നിയമം നിലവിലുണ്ടെങ്കിലും പൊതുജനസഹകരണത്തോടുകൂടി മാത്രമേ നിയമം ഫലപ്രദമായി നടപ്പാക്കാൻ കഴിയൂ. 'ജാഗരൂഗനായ ഉപഭോക്താവ് സ്വയം സംരക്ഷിതനാകുന്നു' എന്ന സന്ദേശം ഏറെ പ്രസക്തമാണ്.

ഭക്ഷ്യ വസ്തുക്കൾക്ക് ഗുണമേന്മ, ശുദ്ധി എന്നിവ ഉറപ്പുവരുത്തുന്നതിനായി ഭാരതസർക്കാർ നൽകുന്ന യോഗ്യത മുദ്രയാണ് 'അഗ്മാർക്ക്'. ആയതിനാൽ ഗുണമേന്മയുള്ള ഭക്ഷ്യ ഉത്പ്പന്നങ്ങൾ ലഭിക്കുന്നതിന് 'അഗ്മാർക്ക്' മുദ്ര നോക്കി വാങ്ങുന്നതിന് ഉപഭോക്താക്കൾ ശ്രദ്ധിക്കണം.(ചിത്രം - 1) 'അഗ്മാർക്ക്' ചെയ്ത ഉത്പ്പന്നങ്ങൾക്ക് നിശ്ചിത ഗുണനിലവാരമില്ലെങ്കിൽ അവ സൗജന്യമായി മാറ്റി നൽകുന്നതിന് വ്യവസ്ഥയുണ്ട്. ഇത്തരം പരാതികൾ ഡെ.അഗ്രികൾച്ചറൽ മാർക്കറ്റിങ് അഡ്വൈയർ, ഡയറക്ടറേറ്റ് ഓഫ് മാർക്കറ്റിങ് ആന്റ് ഇൻസ്പെക്ഷൻ, വില്ലിങ്ടൺ ഐലന്റ്, കൊച്ചി - 682 003 എന്ന വിലാസത്തിലാണ് അയക്കേണ്ടത്. ഗോതമ്പുപൊടി, മൈദ, റവ, കടലമാവ്, നവധാന്യങ്ങൾ, വെണ്ണ, നെയ്യ്, തേൻ, പയറുവർഗങ്ങൾ, മുളക്, മഞ്ഞൾ, കറിപ്പൊടികൾ, ജീരകം, മല്ലി, മസാലകൾ, സസ്യഎണ്ണ, എള്ളെണ്ണ, സോയാബീൻ എണ്ണ, കായം തുടങ്ങിയ നിരവധി ഭക്ഷ്യസാധനങ്ങൾ 'അഗ്മാർക്ക്' മുദ്രയോടുകൂടി ഇന്ന് മാർക്കറ്റിൽ ലഭ്യമാണ്.



ചിത്രം - 2

മറ്റു ഗൃഹോപകരണങ്ങളുടെയും നിത്യോപയോഗസാധനങ്ങളുടെയും ഗുണനിലവാരം ഉറപ്പാക്കുന്നതിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ് (BIS) നൽകുന്ന മുദ്രയാണ് ISI. (ചിത്രം - 2).എന്നാൽ വ്യാജ ISI മുദ്രകൾക്ക് എതിരായി ഉപഭോക്താക്കൾ ജാഗ്രത പാലിക്കേണ്ടതായുണ്ട്. ISI മുദ്രയുടെ വീതിയും നീളവും 4:3 എന്ന അനുപാതത്തിലാണ്. ഓരോ ഉത്പ്പന്നത്തിനും വ്യത്യസ്തമായ IS Number നൽകിയിട്ടുണ്ട്. ISI മുദ്രയോടൊപ്പം



അതാത് ഉത്പ്പന്നങ്ങളുടെ IS Number രേഖപ്പെടുത്തിയിരിക്കും. ഉദാഹരണത്തിന് പ്രഷർകുക്കറിന്റെ IS Number 2347 ഉം എൽ.പി.ജി സ്റ്റൗവിന്റെ IS Number 4246 ഉം ആണ് (ചിത്രം - 3). ISI മുദ്രയുള്ള ഉത്പന്നത്തിന് നിശ്ചിതഗുണനിലവാരമില്ലെങ്കിൽ ഡയറക്ടർ, ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാൻഡേർഡ്, T.C 2/275 (1 & 2) FCI യ്ക്ക് സമീപം, കേശവദാസപുരം, തിരുവനന്തപുരം-695 004 എന്ന വിലാസത്തിൽ പരാതി നൽകി പരിഹാരം തേടാവുന്നതാണ്.

22 കാരറ്റ് സ്വർണമെന്ന പേരിൽ ഗുണനിലവാരമില്ലാത്ത സ്വർണം വാങ്ങി വഞ്ചിതരാകുന്ന ഉപഭോക്താക്കളുടെ എണ്ണം കുറവല്ല. ഹാൾമാർക്ക് ചെയ്ത സ്വർണാഭരണങ്ങൾ വാങ്ങി പരി ശുദ്ധി ഉറപ്പാക്കാവുന്നതാണ്. ബി.ഐ.എസ് സാക്ഷ്യപത്രപദ്ധതി പ്രകാരം ഹാൾമാർക്ക് ചെയ്ത സ്വർണാഭരണത്തിൽ BIS ചിഹ്നം, സ്വർണത്തിന്റെ മാറ്റ് സൂചിപ്പിക്കുന്ന മൂന്നക്കസംഖ്യ, അസ്സേയിംങ് & ഹാൾമാർക്കിങ് കേന്ദ്രത്തിന്റെ ചിഹ്നം, ഹാൾമാർക്ക് ചെയ്യപ്പെട്ട വർഷത്തെ സൂചിപ്പിക്കുന്ന ചിഹ്നം, സ്വർണാഭരണ വ്യാപാരിയുടെ അടയാളം എന്നീ 5 കാര്യങ്ങൾ രേഖപ്പെടുത്തിയിരിക്കും. വ്യാപാരിയുടെ പക്കൽ ലഭ്യമായിട്ടുള്ള ലെൻസ് ഉപയോഗിച്ച് മേൽവിവരിച്ച 5 കാര്യങ്ങളും ആഭരണത്തിൽ രേഖപ്പെടുത്തിയെന്ന് ഉറപ്പാക്കി മാത്രമേ ആഭരണങ്ങൾ വാങ്ങാവൂ. (ചിത്രം - 4)

**ചിത്രം - 1**

ഇന്ന് മാർക്കറ്റിൽ ലഭ്യമായിട്ടുള്ള മിക്ക ഇലക്ട്രോണിക് ഉപകരണങ്ങൾക്കും ഗുണനിലവാരവും ആയുസ്സും വളരെ കുറവാണ്. ചുരുങ്ങിയ കാലയളവിനുള്ളിൽ ഉത്പന്നം തകരാറിലാവുകയും റിപ്പയർ ചെയ്യുന്നതിനുള്ള സ്പെയർപാർട്ട്സുകൾ വിപണിയിൽ കമ്പിനി ലഭ്യമാക്കാതിരിക്കുകയും ചെയ്യുന്ന ഗുരുതരമായ സാഹചര്യം നിലവിലുണ്ട്. നാം വലിയ വില നൽകി വാങ്ങുന്ന ഉത്പന്നങ്ങൾ ഇതുമൂലം ഉപയോഗശൂന്യമായിത്തീരുന്നു. ഇലക്ടോണിക് ഉപകരണങ്ങൾ വാങ്ങുന്ന അവസരത്തിൽ അവ നിർമിച്ച കമ്പനിയുടെ വിശ്വാസ്യതയെ സംബന്ധിച്ചും ഉത്പന്നത്തിന്റെ സ്പെയർപാർട്ട്സുകൾ ലഭ്യമാണോയെന്നും അന്വേഷിച്ച് ഉറപ്പാക്കിയതിനുശേഷമേ ഉത്പന്നങ്ങൾ വാങ്ങൂ എന്ന് ഓരോ ഉപഭോക്താവും തീരുമാനിച്ചാൽ ഇതിനൊരു പരിഹാരമാകും.

നാം വിലനൽകി വാങ്ങുന്ന സാധനങ്ങൾ കൃത്യമായ തൂക്കത്തിലും അളവിലും ലഭിക്കുന്നുയെന്ന് ഉറപ്പാക്കേണ്ടതുണ്ട്. ലീഗൽ മെട്രോളജി വകുപ്പ് യഥാസമയം പരിശോധിച്ച് മുദ്ര ചെയ്ത അളവുതൂക്ക ഉപകരണങ്ങളാണ് വ്യാപാരികൾ ഉപയോഗിക്കുന്നതെന്ന് പരിശോധിക്കാൻ നമ്മുക്ക് അവകാശമുണ്ട്. അളവുതൂക്കം സംബന്ധിച്ച പരാതികൾ കൺട്രോളർ, ലീഗൽ മെട്രോളജി, വികാസ്ഭവൻ, തിരുവനന്തപുരം-33 എന്നവിലാസത്തിലോ ജില്ലാതലത്തിൽ പ്രവർത്തിക്കുന്ന ലീഗൽ മെട്രോളജി അസി. കൺട്രോളർക്കോ നൽകാവുന്നതാണ്.

മേൽ വിവരിച്ച കൊച്ചുകൊച്ചു കാര്യങ്ങളിൽ അല്പം ശ്രദ്ധ വച്ചാൽ മായം ചേർക്കൽ, വ്യാജ ഉത്പന്നങ്ങൾ എന്നിവയിൽ നിന്നും ഉപഭോക്താവിന് സ്വയം സംരക്ഷിതരാകാൻ കഴിയും എന്ന കാര്യത്തിൽ തർക്കമില്ല.

*സെക്രട്ടറി, ഇടുക്കി ജില്ലാ കൺസ്യൂമേഴ്സ് വിജിലൻസ് ഫോറം, തൊടുപുഴ*

**ചിത്രം - 3**

– IS : 366 ഇലക്ട്രിക് അയൺ — IS:366

– IS : 2347 പ്രഷർ കുക്കർ — IS:2347

– IS : 4246 എൽ.പി.ജി. സ്റ്റൗ — IS:4246

**ചിത്രം - 4**

| | |
|---|---|
| | **ബി. ഐ. എസ്. ചിഹ്നം** |
| 916 | **ശുദ്ധത അഥവാ മാറ്റ്** (സ്വർണ്ണത്തിന്റെ മാറ്റ് സൂചിപ്പിക്കുന്ന മൂന്നക്കസംഖ്യ - ഉദാഹരണത്തിന് 916 എന്നത് 22 കാരറ്റിനെ സൂചിപ്പിക്കുന്നു) |
| A&HMC's ചിഹ്നം | **അസ്സേയിംഗ് & ഹാൾമാർക്കിംഗ് കേന്ദ്രത്തിൻെറ ചിഹ്നം** (ആഭരണങ്ങളുടെ സംശുദ്ധി നിശ്ചയിക്കാനും, ഹാൾമാർക്കിംഗ് ചെയ്യാനും ബി.ഐ.എസിൻെറ അംഗീകാരം കിട്ടിയ കേന്ദ്രത്തിൻെറ ചിഹ്നം) |
| രഹസ്യ ചിഹ്നം | **ആഭരണങ്ങൾ ബി.ഐ.എസ്. തീരുമാനം അനുസരിച്ച് ഹാൾമാർക്ക് ചെയ്യപ്പെട്ട വർഷം സൂചിപ്പിക്കുന്ന ചിഹ്നം** (ഉദാഹരണത്തിന് F എന്നത് 2005 എന്ന വർഷത്തെ സൂചിപ്പിക്കുന്നു.) |
| സ്വർണ്ണ വ്യാപാരിയുടെ ചിഹ്നം | **ബി.ഐ.എസ്. അംഗീകാരമുള്ള സ്വർണ്ണാഭരണ വ്യാപാരിയുടെ അടയാളം** |

■ വീണാറാണി. ആർ

# പ്രകൃതിയുടെ മിശ്രണം ചെറിയാന്റെ പാക്കിങ്

തേനീച്ച വളർത്തലിൽ നൂതന സംവിധാനങ്ങൾ ആവിഷ്കരിച്ച് ഏറ്റവും നല്ല തേനീച്ച കർഷകനുള്ള പുരസ്കാരം നേടിയ ചെറിയാൻ ജോസഫിന്റെ കൃഷിരീതികൾ സംബന്ധിച്ചാണ് ലേഖനം.

ഇക്കഴിഞ്ഞ മെയ്മാസത്തിൽ തിരുവനന്തപുരത്ത് വച്ച് നടന്ന ദേശീയ തേൻ മാമ്പഴോത്സവത്തിൽ ഏറ്റവും നല്ല ഇറ്റാലിയൻ തേനീച്ച കർഷകനുള്ള അവാർഡ് കിട്ടിയത് കാസർകോട് ജില്ലയിലെ ചിറ്റാരിക്കലിലെ ചെറിയാൻ ജോസഫിനാണ്. അമ്മയ്ക്ക് മഹിളാസമാജത്തിൽ നിന്നും ലഭിച്ച നാല് തേനീച്ച പെട്ടികളാണ് അന്നത്തെ എട്ടാം ക്ലാസുകാരനായ ചെറിയാന്റെ ജീവിതത്തെ മാറ്റിമറിച്ചത്. കുത്ത് ധാരാളം കൊണ്ടെങ്കിലും തേനീച്ചകളോട് അന്നേ കമ്പം തോന്നിയ ചെറിയാൻ ഇന്ന് 10 ടണ്ണിലധികം തേൻ വിപണനം നടത്തുന്ന കേരളത്തിലെ അറിയപ്പെടുന്ന തേനീച്ച കർഷകനാണ്.



ചെറിയാൻ ജോസഫ് തേനീച്ചകൃഷിയിടത്തിൽ

പതിനഞ്ചുവർഷം മുമ്പ് കാസർകോട് ജില്ലയിൽ ഇറ്റാലിയൻ തേനീച്ച കൃഷിയിൽ നിന്നുള്ള ആദ്യവിളവെടുപ്പ് നടത്തിയത് ചെറിയാന്റെ തോട്ടത്തിലാണ്. ഇന്ന് മുന്നൂറിലധികം ഇറ്റാലിയൻ ഇനത്തിൽപ്പെട്ട തേനീച്ചപ്പെട്ടികളും നാനൂറിലധികം നാടൻ ഇനത്തിൽപ്പെട്ട തേനീച്ചപ്പെട്ടികളും ചെറിയാൻ ജോസഫിന്റെ തോട്ടത്തിലുണ്ട്. മറ്റ് മലയോര തേനീച്ച കർഷകരെപ്പോലെ റബ്ബർ തോട്ടത്തിൽ തന്നെയാണ് ചെറിയാനും തേനീച്ചപ്പെട്ടികൾ സ്ഥാപിച്ചത്.

എന്നാൽ സീസണല്ലാത്ത സമയത്തും റബ്ബർ തോട്ടത്തിൽ തന്നെ വെച്ച് തേനീച്ചയെ തീറ്റിപോറ്റാൻ ചെറിയാൻ മെനക്കെടാറില്ല. പകരം പൂന്തേൻ ധാരാളമുള്ള സ്ഥലത്തേക്ക് തേനീച്ചപ്പെട്ടി മാറ്റുന്നു. ഓറഞ്ചും കാട്ടുമരങ്ങളും പൂക്കുന്ന സീസണിൽ തേനീച്ചപ്പെട്ടികൾ കൂർഗിലേക്ക് മാറ്റും. തീർന്നില്ല, അവിടെനിന്ന് നേരെ എച്ചിരിക്കോട്ടയിലെ സൂര്യകാന്തി തോട്ടത്തിലേക്കാണ് തേനീച്ചകളുടെ യാത്ര. ഫലത്തിൽ ചെറിയാൻ ജോസഫിന്റെ തേനീച്ചയിൽ നിന്നും വേർതിരിച്ചെടുക്കുന്ന തേനിന് ഗുണം മാത്രമല്ല മണവും നിറവും കൂടും. ഓറഞ്ചിന്റെ നറുമണവും സൂര്യകാന്തിയുടെ സ്വർണവർണവുമുള്ള 'ജീവൻ ഹണിക്ക്' അതുകൊണ്ട് തന്നെ ഡിമാന്റ് കൂടുതലാണ്.




തിരുവനന്തപുരത്ത് നടന്ന ദേശീയ തേനീച്ച കർഷക സംഗമത്തിൽ ഏറ്റുവം നല്ല ഇറ്റാലിയൻ തേനീച്ച കർഷകനുള്ള അവാർഡ് ചെറിയാൻ ജോസഫ് തിരുവനന്തപുരം മേയർ സി ജയൻ ബാബുവിൽ നിന്ന് ഏറ്റുവാങ്ങുന്നു.

നാലിൽ നിന്ന് നാലക്കത്തോളമായി തേനീച്ചപ്പെട്ടികളുടെ എണ്ണം കൂടുന്നതിനിടയിൽ ചെറിയാൻ ഒന്നാന്തരം തേനീച്ച വിദഗ്ധനായി മാറിക്കഴിഞ്ഞു. ഇന്ന് ദേശീയതലത്തിലുള്ള തേനീച്ച പരിപാലന ക്ലാസിലെ അറിയപ്പെടുന്ന 'ഫാക്കൽറ്റി' യാണ് ചെറിയാൻ. തേനീച്ച വളർത്തലിൽ സ്വന്തം കുടുംബം തന്നെയാണ് കണ്ണിവയലിലെ മടുക്കാങ്കാൽ വീട്ടിലെ ചെറിയാൻ ജോസഫിന്റെ ഏറ്റവും വലിയ കരുത്ത്. ഭാര്യയും ബ്ലോക്ക് പഞ്ചായത്ത് മെമ്പറുമായ മിനിയും മക്കളായ സ്റ്റെഫിയും അശ്വിനുമെല്ലാം തേനീച്ച വളർത്തലിൽ ചെറിയാൻ ജോസഫിന് ഒപ്പമുണ്ട്. (കൂടുതൽ വിവരങ്ങൾക്ക് ചെറിയാൻ ജോസഫ് - 9447692071)■

*കൃഷി ഓഫീസർ, നീലേശ്വരം*

■ കെ. ഗോപകുമാർ

# ചിത്രഭാഷയിലെ പരിണാമാനുഭവം





ശിവ പാർവതിയും ഗണപതിയും (ഇടത്) മിസ്റ്റിക് ഇമേജസും(വലത്). കാട്ടൂരിന്റെ രണ്ട് രചനകൾ.

വർത്തമാനകാല ജീവിത മുഹൂർത്തങ്ങളും സംസ്കാരിക പൈത്യക ബിംബങ്ങളും ഇണക്കിച്ചേർത്ത് ചിത്രരചനയിൽ തന്റേതായ സ്ഥാനം കണ്ടെത്തി, പ്രൊഫ കാട്ടൂർ നാരായണപിള്ള.

ചിത്രകാരൻ, കലാപ്രവർത്തകൻ, കലാ അദ്ധ്യാപകൻ എന്നിങ്ങനെ വൈവിധ്യമാർന്ന വ്യക്തിത്വങ്ങൾക്കുടമയായ പ്രൊഫസർ കാട്ടൂർ നാരായണപിള്ളയുടെ ഏകാംഗ ചിത്രപ്രദർശനം തിരുവനന്തപുരം വൈലോപ്പിള്ളി സംസ്കൃതി ഭവനിലെ ലളിതകലാ അക്കാദമി ആർട്ട് ഗ്യാലറിയിൽ നടന്നു. കാട്ടൂർ നാരായണപിള്ളയുടെ ചിത്രകലാജീവിതത്തിന്റെ പരിഛേദമാറിയ ഈ പ്രദർശനത്തിൽ കഴിഞ്ഞ നാൽപത് വർഷം മുമ്പുള്ള രചനകൾ മുതൽ 2008-ലെ പെയിന്റിങ്ങുകൾ വരെ ഉൾപ്പെടുത്തിയിരുന്നു. ഉയർന്ന ജീവിതദർശനവും സൗന്ദര്യദർശനവും പ്രകടമാക്കുന്ന നൂറോളം ചിത്രങ്ങളാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്. ഇങ്ക്&പെൻ, പേസ്റ്റൽ, ചാർക്കോൾ, ജലച്ചായം, അക്രലിക്, എണ്ണച്ചായം, എന്നീ മാധ്യമങ്ങളിലുള്ള ചിത്രങ്ങളാണ് പ്രദർശനത്തിലുണ്ടായിരുന്നത്.


ഇദ്ദേഹത്തിന്റെ ആദ്യകാല ജലച്ചായരചനകൾ വർണങ്ങളുടെ സുതാര്യതയും ശക്തിയും ഒരുപോലെ ദൃശ്യമാകുന്നവയാണ്. പ്രകൃതിയും ഗ്രാമീണദൃശ്യങ്ങളും രൂപങ്ങളുടെയും ചില ദൃശ്യ ബിംബങ്ങളുടെയും രൂപപരിണാമങ്ങളോടെ കാട്ടൂരിന്റെ എല്ലാ ചിത്രങ്ങളിലും പശ്ചാത്തലമായി കാണാം. ഓരോ കാലഘട്ടങ്ങളിലും രചിച്ചിട്ടുള്ള വിവിധ ചിത്രപരമ്പരകൾ ഇദ്ദേഹത്തിന്റേതായുണ്ട്. എല്ലാചിത്രങ്ങളിലും പ്രകൃതിയുടെ പശ്ചാത്തലം നിറങ്ങളിലൂടെയും രൂപങ്ങളിലൂടെയും ലയിച്ചുചേർന്നിരിക്കുന്നു എന്നതാണ് സവിശേഷത.

ആദ്യകാല അമൂർത്ത സൃഷ്ടികൾ, പിന്നീടുള്ള അബ്സ്ട്രാക്ട് രചനകൾ, ഫിഗറേറ്റീവ് രചനകൾ ഇങ്ങനെ വിവിധ ശൈലീ സങ്കേതങ്ങളിലൂടെയുള്ള നിരവധി ചിത്രങ്ങൾ ഡ്രോയിങ്ങുകളായും പെയിന്റിങ്ങുകളായും ഇദ്ദേഹത്തിന്റേതായുണ്ട്. ഇവയിലെല്ലാം പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ആത്മബന്ധത്തിന്റെ ബിംബകല്പനകളാണ് ഈ ചിത്രകാരൻ രേഖകളിലൂടെയും നിറങ്ങളിലൂടെയും ആസ്വാദകരുമായി സംവദിക്കുന്നത്. നഷ്ടമാകുന്ന പ്രകൃതിസൗന്ദര്യം കലാകാരനിലേൽപ്പിക്കുന്ന നൊമ്പരങ്ങളും പ്രതിഷേധങ്ങളും അദ്ദേഹത്തിന്റെ ഏറ്റവും പുതിയ ചിത്രങ്ങളിൽ കാണാം. ഇരുണ്ട നിറക്കൂട്ടുകൾക്കിടയിൽ തെളിയുന്ന പ്രതീകാത്മകമായ വെളിച്ചവും രേഖകളും വിവിധ ടോണുകളിൽ ലയിച്ചുചേരുന്ന വർണതലങ്ങളും പ്രകൃതിയുമായി ഇണങ്ങി നിൽക്കുന്ന ഒരു കലാകാരനെ നമുക്കു കാണാനാവും.

താൻ ജനിച്ചുവളർന്ന നാട്ടിലെ സാംസ്കാരിക പൈതൃകബിംബങ്ങളിൽ തുടങ്ങി അനുഷ്ഠാന കലാരൂപങ്ങളിലെ ലാവണ്യഘടകങ്ങൾ തന്റെ ചിത്രങ്ങളിലേക്ക് അദ്ദേഹം ആവാഹിച്ചിട്ടുണ്ട്. ചാർക്കോൾ, ഇങ്ക് & പെൻ ഡ്രോയിങ്ങുകളും പെയിന്റിങ്ങുകളും ഈ വിഭാഗത്തിലുണ്ട്. വർത്തമാനകാല ജീവിതമുഹൂർത്തങ്ങളും കാട്ടൂരിന്റെ രചനകളിൽ വിഷയമാകുന്നുണ്ട്. സംഘർഷ പൂർണമായ സാമൂഹിക ചുറ്റുപാടുകൾ നോക്കിക്കാണുന്ന കലാകാരന്റെ ഉത്കണ്ഠയും ഈ സൃഷ്ടികളിൽ ആവിഷ്കരിക്കപ്പെടുന്നു.

കഴിഞ്ഞ നാല്പതുവർഷത്തിനിടയിൽ രചിച്ച ചിത്രങ്ങൾ സജീവമായി ശ്രദ്ധിക്കുന്ന ഒരാളിന് വ്യത്യസ്ത അവതരണ ഭാഷകൾ, സങ്കേതങ്ങൾ എന്നിവയിലൂടെ രൂപങ്ങളുടെ ഘടനാപരമായ ചാരുതയും വർണവിന്യാസവും എടുത്തു പറയേണ്ട ഗുണവിശേഷങ്ങളായി കാണാവുന്നതാണ്. സമൂഹത്തിന്റെ, പ്രകൃതിയുടെ മാറുന്ന ഭാവുകത്വത്തെ ഔചിത്യബോധത്തോടെ സമീപിക്കുന്ന കാട്ടൂർ നാരായണപിള്ള ചിത്രങ്ങളുടെ ഘടന രൂപീകരിക്കുന്നതിന് പിന്നിൽ വ്യക്തമായ ദർശനമുണ്ട്. ആ ദർശനത്തെ സ്വാധീനിക്കാൻ ഓരോഘട്ടത്തിലേയും സാമൂഹികമാറ്റങ്ങൾ തന്റെ ചിത്രങ്ങളിലും പ്രതിഫലിച്ചിട്ടുള്ളതായി കാട്ടൂർ പറയുന്നുണ്ട്.

കാട്ടൂർ നാരായണപിള്ളയുടെ ചിത്രങ്ങളെക്കുറിച്ച് *സമകാലീന ചിത്രമെഴുത്തിലെ പരിണാമാനുഭവം* എന്ന ഗ്രന്ഥവും പ്രദർശനത്തോടൊപ്പം പ്രസിദ്ധീകരിക്കുകയുണ്ടായി. നാലുതവണ ഏകാംഗ ചിത്രപ്രദർശനം നടത്തിയിട്ടുള്ള ഇദ്ദേഹത്തിന് കേരള ലളിതകലാ അക്കാദമി, രാജസ്ഥാൻ ലളിത കലാ അക്കാദമി (ദേശീയ പ്രദർശനം), അസോസിയേഷൻ ഓഫ് യങ് പെയിന്റേഴ്സ്& സ്കൾപ്റ്റേഴ്സ് എന്നിവിടങ്ങളിൽ നിന്ന് ക്യാഷ് അവാർഡുകളും സർട്ടിഫിക്കറ്റുകളും ലഭിച്ചിട്ടുണ്ട്. തിരുവനന്തപുരം ഫൈൻ ആർട്സ് കോളേജ് പ്രിൻസിപ്പാളായി വിരമിച്ച ഈ ചിത്രകാരൻ ഇപ്പോൾ സജീവമായി ചിത്രകലാരംഗത്തും സാംസ്കാരികരംഗങ്ങളിലും പ്രവർത്തിച്ചു നിറസാന്നിധ്യമാകുന്നു.■



പ്രൊഫ.കാട്ടൂർ നാരായണപിള്ള

■ പ്രവീൺ. എസ്. ആർ

# വിരൽത്തുമ്പിൽ വിരിയുന്ന മുഖചിത്രങ്ങൾ



ആർട്ടിസ്റ്റ് രാധാകൃഷ്ണൻ വരച്ച ചിത്രം. ഇൻസെറ്റിൽ രാധാകൃഷ്ണൻ.

വിരൽത്തുമ്പിൽ അനായാസം വിരിയുന്ന മുഖചിത്രങ്ങൾ...മുൻ രാഷ്ട്രപതി ഡോ.എ.പി.ജെ അബ്ദുൾകലാം, മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ, മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി, മുഖ്യമന്ത്രിമാരായിരുന്ന ഇ.എം.എസ്, ഇ.കെ. നായനാർ, കെ. കരുണാകരൻ, എ.കെ. ആന്റണി, ഉമ്മൻചാണ്ടി, സി.എച്ച്. മുഹമ്മദ്കോയ, കേന്ദ്രമന്ത്രി വയലാർ രവി, എം.ടി. വാസുദേവൻ നായർ, സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ...രാധാകൃഷ്ണന്റെ വരകളിൽ തെളിയാത്ത പ്രമുഖരുടെ മുഖങ്ങൾ കുറവാണ്.

പതിനായിരത്തിലധികം ചിത്രങ്ങൾ വരച്ച് മുഖചിത്രരചനയിൽ പുതിയൊരു ലോകം തന്നെ സൃഷ്ടിച്ച ആർട്ടിസ്റ്റ് രാധാകൃഷ്ണൻ. പ്രശസ്ത കാഥികനായ വി. സാംബശിവന്റെ മുഖം പകർത്തിക്കൊണ്ടാണ് തന്റെ കലാസപര്യ ആരംഭിച്ചത്.


അനശ്വരനടൻ സത്യന്റെ ചിത്രം വരയ്ക്കാനിടയായതാണ് രാധാകൃഷ്ണന്റെ ജീവിതത്തിലെ വഴിത്തിരിവായത്. രാധാകൃഷ്ണൻ വരച്ച സത്യന്റെയും നസീറിന്റെയും പരസ്യചിത്രങ്ങൾ സത്യൻ കാണാനിടവരുകയും തുടർന്ന് ഉദയാസ്റ്റുഡിയോയിൽ ആർട്ടിസ്റ്റായി ജോലിവാങ്ങിക്കൊടുക്കുകയും ചെയ്തു. പിന്നീടുള്ള കാലയളവിൽ മലയാള ചലചിത്ര ലോകത്തെ ഒട്ടുമിക്ക താരങ്ങളുടെയും മുഖചിത്രങ്ങൾ ഈ കലാകാരന്റെ വിരൽതുമ്പിൽ വിരിഞ്ഞിട്ടുണ്ട്.

പഴയ കുന്നത്തൂർ എം.എൽ.എ കല്ലട നാരായണനുമായി സൗഹൃദത്തിലായി തിരുവനന്തപുരത്തേക്ക് താമസം മാറിയതിനുശേഷമാണ് രാധാകൃഷ്ണന്റെ കർമമേഖല രാഷ്ട്രീയ രംഗത്തേക്ക് കൂടി വ്യാപിച്ചത്.

മുഖചിത്രങ്ങളും മറ്റു ചിത്രങ്ങളും വരച്ച് ആറു ദശകങ്ങളായി കലാസപര്യ തുടരുന്ന രാധാകൃഷ്ണന് സ്വന്തം കെട്ടിടത്തിൽ കലാകേന്ദ്രം എന്ന ഏറെ നാളത്തെ ആഗ്രഹം സാധിതമാവുകയാണ്. കുണ്ടറ മുളവനയിൽ നേരത്തെ സർക്കാർ പാട്ടത്തിനു നല്കിയ ഭൂമിയിൽ സ്വന്തം സ്ഥാപനമായ *കലാക്ഷേത്രം* പ്രവർത്തനമാരംഭിച്ചപ്പോൾ രാധാകൃഷ്ണന് ചാരിതാർത്ഥ്യത്തിന്റെ നിമിഷങ്ങൾ.

കുട്ടികൾക്ക് ചിത്രകലാപരിശീലനമാണ് കലാക്ഷേത്രത്തിലൂടെ രാധാകൃഷ്ണൻ ലക്ഷ്യമിടുന്നത്.■

■ ഇ പി വിനയകൃഷ്ണൻ



നിത്യഹരിത വനഭൂമിയായ സൈലന്റ്‌വാലിയിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പാക്കുന്നതോടെ വിനോദസഞ്ചാരികൾക്ക് ലഭ്യമാകുന്ന സൗകര്യങ്ങളെപ്പറ്റിയാണ് ലേഖനം.

# സൈലന്റ്‌വാലിയിൽ ഇക്കോ ടൂറിസം

നിത്യഹരിത പ്രകൃതിവിസ്മയമായ സൈലന്റ് വാലിയിൽ ഇനി ഇക്കോ ടൂറിസവും. സമുദ്രനിരപ്പിൽ നിന്ന് 2,300 മീറ്റർ വരെ ഉയരമുള്ള കുന്നുകളായി സ്ഥിതിചെയ്യുന്ന സൈലന്റ് വാലിയിലേക്ക് ഇനിമുതൽ കൂടുതൽ വിനോദസഞ്ചാരികളെത്തും. വംശനാശഭീഷണി നേരിടുന്ന സിംഹവാലൻകുരങ്ങിന്റെ വാസസ്ഥലവും കൂടിയായ ഈ നിത്യഹരിതമഴക്കാടുകൾ ഇന്ത്യയിലെ വലിയ ഉഷ്ണമേഖലാ ഭൂപ്രദേശമാണ്. ഭാരതപ്പുഴയുടെ പോഷകനദിയായ കുന്തിപ്പുഴയുടെ ഇരുവശങ്ങളിലുമായി കുന്നും മലകളുമായി കിടക്കുന്ന ഈ മഴക്കാടുകൾക്ക് 8,952 ഹെക്ടർ വിസ്തൃതിയാണുള്ളത്. ഭൂതലത്തിലെ ഏറ്റവും വൈവിധ്യമാർന്നതും സമൃദ്ധവുമായ സസ്യജാലങ്ങളുടെയും ജനിതകസമ്പത്തിന്റെയും കേന്ദ്രം കൂടിയാണ് പാലക്കാട് ജില്ലയിലെ പ്രകൃതി രമണീയമായ സൈലന്റ് വാലി വനമേഖല. കോയമ്പത്തൂരിന്റെ കുടിവെള്ളസ്രോതസും കാവേരിയുടെ പോഷകനദിയുമായ ഭവാനി ഉത്ഭവിക്കുന്നതും ഈ വനഭൂമിയിൽ നിന്നാണ്. ഇപ്പോഴത്തെ സ്ഥിതിവിവര കണക്കനുസരിച്ച് 89.52 ചതുരശ്ര കിലോമീറ്ററാണ് സൈലന്റ് വാലിയുടെ കോർ ഏരിയ. 148 ചതുരശ്ര കിലോമീറ്റർ ബഫർസോണും ഇപ്പോഴുണ്ട്. പുഷ്പിക്കുന്ന ആയിരക്കണക്കിന് ഇനം സസ്യങ്ങളിൽ 107 ഇനം ഓർക്കിഡ് മാത്രമാണ്. അത്യപൂർവമായ സസ്യലതാദികളും ഓർക്കിഡുകളും ഈ പശ്ചിമഘട്ടമലനിരകളിൽ മാത്രം കാണുന്നു. ആന, കടുവ, കാട്ടുപോത്ത്, വംശനാശഭീഷണി നേരിടുന്ന സിംഹവാലൻകുരങ്ങ്, നീലഗിരി ലാംഗൂർ എന്നിവയും നിശബ്ദ താഴ്വരയിൽ ഇപ്പോഴും ജീവിക്കുന്നു. രാജവെമ്പാല മുതൽ ചേര വരെയുള്ള നിരവധി പാമ്പിനങ്ങളും നൂറുകണക്കിന് അപൂർവ്വ സസ്യ-ജന്തുജാലങ്ങളും സൈലന്റ്‌വാലിയുടെ മാത്രം പ്രത്യേകതയാണ്. ഈയിടെ മലയാളത്തിലെ ഒരു സ്വകാര്യ ചാനൽ തങ്ങളുടെ പ്രേക്ഷകരിൽ നിന്നും നടത്തിയ തിരഞ്ഞെടുപ്പിൽ ഏഴ് അത്ഭുതങ്ങളിൽ ഒന്നായി ആദ്യം തിരഞ്ഞെടുക്കപ്പെട്ടതും സൈലന്റ് വാലിയാണ്. ഇന്ത്യയ്ക്കു തന്നെ മാതൃകയായ പരിസ്ഥിതി പ്രസ്ഥാനത്തിന്റെ പ്രഭവകേന്ദ്രവും സൈലന്റ്‌വാലിയിൽ നിന്നായിരുന്നു എന്നുള്ളതും ശ്രദ്ധേയം. 1985 ലാണ് കേന്ദ്രസർക്കാർ സൈലന്റ് വാലിക്ക് ദേശീയ ഉദ്യാന പദവി നൽകിയത്. ഡിസംബർ മുതൽ ഏപ്രിൽ വരെ അഞ്ചുമാസക്കാലമാണ് സൈലന്റ്‌വാലിയിലെ പ്രധാന സീസണെങ്കിലും സഞ്ചാരികൾക്ക് അധികൃതരുടെ പ്രത്യേക അനുമതിയോടെ സൈലന്റ് വാലിയിൽ എപ്പോഴും സന്ദർശിക്കാം.

വനം വികസന ഏജൻസിയുടെ സഹായത്തോടെ സൈലന്റ്‌വാലിയിൽ നടപ്പാക്കുന്ന ഇക്കോ ടൂറിസം പദ്ധതികളുടെ ഭാഗമായി പ്രാദേശിക ഭൂ-വന വിഭവങ്ങൾ വിനിയോഗിച്ച് സഞ്ചാരികൾക്കായി വിവിധ പദ്ധതികളാണ് ഒരുക്കിയിട്ടുള്ളത്. ഇക്കോ-പ്രകൃതി ക്ലബ്ബുകളുടെ അംഗങ്ങൾക്കായി പ്രകൃതി ക്യാംപുകളും നടത്തും. 40 പേരടങ്ങുന്ന ഒരു സംഘത്തിന് 600 രൂപയാണ് ഫീസ്. ഇക്കോ പദ്ധതി പ്രദേശങ്ങളിലൂടെയുള്ള യാത്ര, സിനിമ പ്രദർശനം, പഠന ക്ലാസുകൾ എന്നിവയാണ് പാക്കേജിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. പാറ വെട്ടി അതിലൊരുക്കിയ മരത്തിന്റെ കുടിലിൽ (റോക്ക് ഹോൾ ഹട്ട്) താമസ സൗകര്യമൊരുക്കുന്നതും പദ്ധതിയുടെ ഭാഗമാണ്. അമ്പലപ്പാറയിൽ നിന്ന് വൈകീട്ട് മൂന്നിന് തുടങ്ങുന്ന ട്രക്കിങ്ങിനും ഒരു ദിവസത്തെ താമസത്തിനുമായി നാല് അംഗങ്ങളുള്ള ഒരു സംഘത്തിന് 3000 രൂപയാണ് നൽകേണ്ടത്. ഭവാനി പുഴയുടെ അരികിലൂടെ മുക്കാലിയിൽ നിന്ന് എട്ട് കി.മീറ്ററോളമുള്ള ട്രക്കിങ്ങിന് 10 പേരുള്ള സംഘത്തിന് ഒരാൾക്ക് 50 രൂപ വീതം നൽകണം. മുക്കാലിയിൽ നിന്ന് സൈലന്റ് വാലി ബഫർ സോണിലൂടെ കീരിപ്പാറയിലേക്ക് അഞ്ച് കിലോമീറ്റർ ട്രക്കിങ്ങിനും ട്രോഗൺ ടവറിൽ ഒരു ദിവസത്തെ ക്യാമ്പിനുമായി മൂന്ന് പേരടങ്ങുന്ന സംഘത്തിന് 2000 രൂപയാണ് നിരക്ക്. കുന്തിപ്പുഴയ്ക്ക് അരികിലൂടെ പാത്രക്കടവിലേക്ക് ട്രക്കിങ് നടത്തുന്നതിന് അഞ്ച് പേരടങ്ങുന്ന സംഘത്തിന് 1000 രൂപ നൽകണം. രാവിലെ എട്ടിന് കാരപ്പാടത്ത് നിന്ന് തുടങ്ങി വൈകീട്ട് അഞ്ചിന് യാത്ര അവസാനിക്കും. ഭവാനിപ്പുഴ പാറയിൽ തട്ടിയൊഴുകി വെള്ളച്ചാട്ടം സൃഷ്ടിക്കുന്ന കരുവാറയിലേക്കുള്ള വാഹന യാത്രയ്ക്കും തുടർന്നുള്ള ട്രക്കിങ്ങിനും 10 പേരടങ്ങുന്ന സംഘത്തിന് ചുരുങ്ങിയ നിരക്ക് 200 രൂപയാണ്. പദ്ധതിയുടെ ഭാഗമായി സൈലന്റ് വാലി കോട്ടേജുകളിലെ താമസമാണ് പ്രധാന ആകർഷണം. പക്ഷി നിരീക്ഷണം, ട്രക്കിങ്, ഭവാനി പുഴയിൽ കുളി, ചിത്രപ്രദർശനം എന്നിവയുമുണ്ടാകും. കുന്തി, ഭവാനി തുടങ്ങിയ കോട്ടേജുകളിൽ വനവിഭവങ്ങൾ കൊണ്ടൊരുക്കിയ രുചികരമായ ഭക്ഷണവും നൽകും. കൂടുതൽ വിവരം മുക്കാലിയിലുള്ള ഇൻഫർമേഷൻ സെന്ററിലെ 04924 253225, 222056 നമ്പറുകളിലും silentvalley.gov.in ൽ നിന്നുമായി സഞ്ചാരികൾക്ക് അറിയാൻ കഴിയും. സൈലന്റ് വാലിയിൽ നടപ്പാക്കുന്ന വിവിധ ഇക്കോ ടൂറിസം പദ്ധതികളുടെ പ്രവർത്തനോദ്ഘാടനം ജനുവരി 27ന് അഗളി മുക്കാലിയിൽ നടന്നു.

സൈലന്റ്‌വാലിയുടെ പാരിസ്ഥിതിക പ്രാധാന്യവും സൈലന്റ്‌വാലി പ്രസ്ഥാനം ഉയർത്തിയ സന്ദേശവും ആഗോളതലത്തിൽ പ്രചരിപ്പിക്കുവാനും സൈലന്റ് വാലിയെ ദേശീയ ഉദ്യാനമായി പ്രഖ്യാപിച്ചതിന്റെ 25-ാം വാർഷികാഘോഷത്തിന്റെ ഭാഗമായി വിപുലമായ പരിപാടികൾ സംഘടിപ്പിക്കുവാനും പദ്ധതിയുണ്ട്.■

*ജനയുഗം പാലക്കാട് ബ്യൂറോ ചീഫാണ് ലേഖകൻ*

# മാധ്യമങ്ങളിലെ സ്ത്രീ

സ്ത്രീപ്രശ്നങ്ങൾ മാധ്യമങ്ങൾ കൈകാര്യംചെയ്യുന്ന രീതി സംബന്ധിച്ചും മാധ്യമങ്ങളിലെ സ്ത്രീവിരുദ്ധ പ്രവണതകളെക്കുറിച്ചും മാധ്യമപ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് കേരള വനിതാ കമ്മീഷൻ ഈയിടെ നടത്തിയ ശില്പശാലയിൽ വെളിവാക്കപ്പെട്ട സംഗതികൾ സമൂഹത്തിന്റെ സജീവ ശ്രദ്ധ പതിയേണ്ട ഒന്നാണ്. സ്ത്രീകളുടെ സാമൂഹികാവസ്ഥ മെച്ചപ്പെടുത്തുന്നതിന് വിഘാതമായി പരസ്യങ്ങളിലും വാർത്തകളിലും ലേഖനങ്ങളിലും മറ്റു പരിപാടികളിലുമൊക്കെ നിലനിൽക്കുന്ന ഒട്ടേറെ പ്രവണതകൾ അവിടെ ചൂണ്ടിക്കാണിക്കപ്പെട്ടു.

പരസ്യങ്ങളും സീരിയലുകളുമാണ് ഇതിൽ പ്രധാനപ്പെട്ട ഒരു മേഖല. ടിവിയിലും പത്രങ്ങളിലും റേഡിയോയിലുമായി നാം നിരന്തരം കാണുകയും കേൾക്കുകയും ചെയ്യുന്ന പരസ്യങ്ങൾ ഉത്പന്നത്തിന്റെ പ്രചാരണത്തോടൊപ്പം പുരുഷാധിപത്യ സമൂഹത്തിന് ഹിതകരമാകുന്ന ഒരു മൂല്യബോധം കൂടി ഉറപ്പിക്കുന്നുണ്ട് – സ്ത്രീയുടെ സ്ഥാനം വീട്ടിനുള്ളിലാണ്, അതിൽ തന്നെ അടുക്കളയിലാണ്. ഭാര്യയെ സ്നേഹിക്കുന്നുവെങ്കിൽ ഈ ഉത്പന്നം തന്നെ വാങ്ങി ന്ലകണമെന്നോ, ഭർത്താവു ഭാര്യയോട് നിന്നെയല്ല നിന്റെ പാചകത്തെയാണ് എനിക്കിഷ്ടമെന്നോ പറയുന്ന പരസ്യങ്ങൾ ഇതിനുദാഹരണമാണ്. അതിരാവിലെ പത്രം വായിക്കുന്ന, അല്ലെങ്കിൽ ഓഫീസിൽ നിന്ന് തളർന്നുവരുന്ന ഭർത്താവിന് ആവി പറക്കുന്ന ചായ നല്കി പാട്ടിലാക്കുന്ന ഭാര്യയെ ചിത്രീകരിക്കുന്ന പരസ്യം നിർവഹിക്കുന്ന ധർമവും ഈ മൂല്യബോധത്തിന്റെ ഉറപ്പിക്കൽ തന്നെ.

തുടർച്ചയായ ആവർത്തനത്താൽ ഒരു സന്ദേശം മനുഷ്യമനസ്സിൽ ഉറപ്പിക്കപ്പെടുന്ന പ്രക്രിയയ്ക്ക് മന:ശാസ്ത്രത്തിൽ സജഷൻ എന്നാണു പേര്. ഈ തന്ത്രം ഫലപ്രദമായി ഉപയോഗപ്പെടുത്തിയാണ് പരസ്യങ്ങൾ ഉപഭോക്താക്കളെ കീഴ്പ്പെടുത്തുന്നത്. അതുകൊണ്ടുതന്നെ, ആവർത്തിക്കപ്പെടുന്ന പരസ്യങ്ങളിൽ അന്തർധാരയായി വരുന്ന മനോഭാവങ്ങളും കാഴ്ച്ചക്കാരിൽ സ്വാധീനം ചെലുത്തുന്നു.

പരസ്യങ്ങളിൽ മാത്രമല്ല, സീരിയലുകളിലുമുണ്ട് പ്രശ്നം. അടുക്കളയിൽ തേഞ്ഞുതീരുന്ന ഉപകരണമായി മാറുക എന്നതാണു സ്ത്രീയുടെ നിയോഗമെന്നാണ് പല സീരിയലുകളിലെയും മുഖ്യസന്ദേശം. അല്ലെങ്കിൽ ജീവിതം കരഞ്ഞു തീർക്കുന്ന സ്ത്രീ. തലയിണമന്ത്രം കൊണ്ട് ഭർത്താവിനെ പെരുവഴിയിലാക്കുന്ന സ്ത്രീ. ഭർത്താവിന്റെയോ സഹോദരന്റെയോ അടി കൊണ്ടു നന്നാവുന്ന സ്ത്രീ. അടുക്കളയായാലും പുറത്തായാലും കമ്പോളത്തിന്റെ കാഴ്ച്ചപ്പണ്ടമാണവൾ. ദരിദ്രയായ കഥാപാത്രവും പട്ടുസാരിയണിയണം. ഉടലാകെ പൊന്നണിയണം. അതല്ലെങ്കിൽ ശരീരപ്രദർശനം നടത്തണം. അവളുടെ ആന്തരിക വ്യക്തിത്വം എവിടെയും ആഘോഷിക്കപ്പെടുന്നില്ല.

വാർത്തകളിലുമുണ്ട് സ്ത്രീ വിരുദ്ധമായ പ്രവണതകൾ. പലപ്പോഴും സ്ത്രീപ്രശ്നങ്ങൾ വാർത്തകളിൽ സ്ഥാനം നേടാറില്ല. നേടിയാൽ തന്നെ അവ സെൻസേഷണലൈസ് ചെയ്യപ്പെടുന്നു. വനിതാപ്രസിദ്ധീകരണങ്ങളിൽ പോലും ഉപഭോഗപരതയുടെ കെട്ടുകാഴ്ചകളാണ്. ആന്തരികവ്യക്തിത്വത്തെ അംഗീകരിക്കാതെ സ്ത്രീയെ ശരീരം മാത്രമായി ചുരുക്കുന്ന പ്രവണതയാണ് പൊതുവേ. വ്യക്തിത്വവും കഴിവും തെളിയിക്കുന്നവരെയല്ല, സൗന്ദര്യ മത്സരവിജയികളെയും സിനിമാതാരങ്ങളെയുമൊക്കെയാണു പലപ്പോഴും റോൾ മോഡലുകളാക്കി അവതരിപ്പിക്കുന്നത്. ഇതിനൊക്കെ അപവാദങ്ങളില്ലെന്നല്ല. പക്ഷേ പൊതുവേ ഇതാണു സ്ഥിതി.

വനിതകളുടെ സാമൂഹികപദവി ഉയർത്തുന്നതിൽ മാധ്യമങ്ങളുടെ പങ്ക് നിർണായകമാണ്. അതു ശരിയാംവണ്ണം നിർവഹിക്കുന്നതിന് എല്ലാ മാധ്യമ സ്ഥാപനങ്ങൾക്കും ഒരു വനിതാ നയം ഉണ്ടാകണമെന്ന് സംസ്ഥാന വനിതാ കമ്മീഷൻ ഈയിടെ ചൂണ്ടിക്കാണിച്ചു. തികച്ചും ഉചിതമായ നിർദേശമാണത്. എന്നാൽ മാധ്യമങ്ങളുടെ സ്വാതന്ത്ര്യം പരമപ്രധാനമാണ്. അതിനാൽ പുറത്തു രൂപം നൽകുന്ന ഒരു നയത്തിനു പകരം ഒരോ മാധ്യമസ്ഥാപനവും മാധ്യമപ്രവർത്തകരും ചേർന്ന് സ്വയം ഒരു നയം രൂപപ്പെടുത്തുകയും പാലിക്കുകയും ചെയ്യുന്നതാവും ഉചിതമെന്ന കമ്മീഷന്റെ അഭിപ്രായവും സ്വാഗതാർഹമാണ്.

സമൂഹത്തിൽ സ്ത്രീകൾ നേരിടുന്ന എല്ലാ പ്രശ്നങ്ങളെയും പരിഹരിക്കാനോ പരസ്യങ്ങളെയടക്കം മാറ്റാനോ മാധ്യമങ്ങൾമാത്രം വിചാരിച്ചാൽ കഴിയണമെന്നില്ല. എങ്കിലും സ്ത്രീകളുടെ സാമൂഹിക അവസ്ഥ മെച്ചപ്പെടുത്തുന്നതിന് വലിയ പങ്കു വഹിക്കാൻ അവയ്ക്കുകഴിയും. അതിനു സഹായിക്കും വിധം ഒരു വനിതാനയം പുലർത്താൻ മാധ്യമങ്ങൾ മുന്നോട്ടുവരണമെന്ന വനിതാ കമ്മീഷന്റെ അഭ്യർത്ഥനയ്ക്ക് മാധ്യമലോകം നല്ല പിന്തുണ നൽകുമെന്നു തന്നെയാണു പ്രതീക്ഷ.

# സെക്രട്ടേറിയറ്റിൽ സകലവിവരയന്ത്രം




**സെക്രട്ടേറിയറ്റിൽ സ്ഥാപിച്ച കിയോസ്ക്.**

ഒരു ഫയലിനെപ്പറ്റിയുള്ള വിവരം അറിയാൻ ഒരുപാട് പടികൾ ചവിട്ടിക്കയറേണ്ട അവസ്ഥയ്ക്ക് വിരാമമാകുന്നു. സെക്രട്ടേറിയറ്റിൽ കംപ്യൂട്ടറൈസ്ഡ് കിയോസ്ക് സ്ഥാപിച്ചതോടെ വിവരങ്ങൾ വിരൽത്തുമ്പിൽ എത്തുകയാണ്.

ഒരാൾ ഒരു പരാതികൊടുത്തു എന്നിരിക്കട്ടെ. അത് ഫയലായി മേശപ്പുറത്തുനിന്ന് മേശപ്പുറത്തേക്ക് മാറിമാറി സഞ്ചരിച്ച് എത്രയോ കാത്തിരിപ്പിനുശേഷമായിരിക്കും തീർപ്പാവുക. ഇതിനിടെ ഫയൽ എവിടെയാണ്, ആരുടെ കൈവശമാണ്, ഇതുവരെ അതിൽ എന്തുനടപടിയാണ് സ്വീകരിച്ചത് എന്നൊക്കെ അറിയാൻ ഏറെ ക്ലേശിക്കേണ്ടിവരുന്നു. ഇതിനെന്തു പരിഹാരം എന്ന അന്വേഷണം ചെന്നു നിന്നത് കംപ്യൂട്ടറൈസ്ഡ് കിയോസ്ക് എന്ന സങ്കേതത്തിലാണ്. സെക്രട്ടേറിയറ്റിൽ തെക്കേവശത്തെ വൈഎംസിഎ റോഡുവഴി കടന്നുവന്നാൽ കിയോസ്ക് കാണാവുകയായി.

ആർക്കും എളുപ്പത്തിൽ പ്രവർത്തിപ്പിക്കാവുന്ന വിധമാണ് കിയോസ്ക് സ്ഥാപിച്ചിരിക്കുന്നത്. ആകെ ചെയ്യേണ്ടത് ഇത്രമാത്രം. ഫയൽ നമ്പർ ടൈപ്പ്ചെയ്യുക,ഓകെ കൊടുക്കുക. മതി-ഫയൽ ഏത് വകുപ്പിൽ ഏത് അധികാരിയുടെ കൈവശം എന്നറിവാകുകയായി. ഇതിന് ഉദ്യോഗസ്ഥനെ കാണേണ്ട സ്ഥിതി ഇതോടെ ഒഴിവാകും.

ഇനി ഏത് ഉദ്യോഗസ്ഥനെയാണ് കാണേണ്ടതെന്നറിയാൻ, ആ ഉദ്യോഗസ്ഥന്റെ പേര് ടൈപ്പ് ചെയ്താൽ, അദ്ദേഹം ജോലിചെയ്യുന്ന വിഭാഗം, തസ്തിക, ഫോൺ നമ്പർ, ഫാക്സ്, പിബിഎക്സ്, ഇ-മെയിൽ വിലാസം, ജോലി ചെയ്യുന്ന കെട്ടിടം, നില, റൂം നമ്പർ തുടങ്ങി സകല വിവരങ്ങളും നൊടിയിടയിൽ അറിയാം.

കൂടാതെ ഗസറ്റിൽ പ്രസിദ്ധം ചെയ്തിട്ടുള്ള ഭൂമിയുടെ വിവിധ സ്ഥലങ്ങളിലെ ന്യായവിലയും ലഭ്യമാണ്. ഇതിന് ജില്ല, താലൂക്ക്, വില്ലേജ്, ദേശം എന്നിവ കിയോസ്കിൽ സെലക്ട് ചെയ്താൽ മതി.

സെക്രട്ടേറിയറ്റിലെ ഒട്ടുമിക്ക വകുപ്പുകളിലെ പ്രവർത്തനവും കിയോസ്കിലൂടെ അറിയാൻ കഴിയും. ടോട്ടൽ ഇൻഫർമേഷൻ പ്രൊവൈഡിങ് സ്ക്രീൻ എന്നാണിതിന്റെ പേര്. എൻ.ഐ.സി, കെ.എസ്. ഐ.റ്റി.എം. എന്നിവ ചേർന്നാണ് ഇത് സ്ഥാപിച്ചിരിക്കുന്നത്.

# വൃന്ദാവനത്തിന്റെ റാണിയെ സുന്ദരിയാക്കുന്നു

അരനൂറ്റാണ്ടിന് മുമ്പുള്ള സൗന്ദര്യ സങ്കല്പത്തിനനുസരിച്ച് പണി കഴിപ്പിച്ച മലമ്പുഴ ഉദ്യാനത്തെ ആധുനിക വിനോദ സഞ്ചാര മാതൃകയിൽ നവീകരിക്കുന്നു. ഉദ്യാനനവീകരണത്തിന്റെ ഒന്നാം ഘട്ടം ഉദ്ഘാടനം ഇക്കഴിഞ്ഞ ജനുവരി 15ന് നിർവ്വഹിച്ചു. ഉദ്യാനവും പരിസരവും നവീകരിക്കുന്നതിന് ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിൽ 9.47 കോടി രൂപയുടെ പദ്ധതി തയ്യാറാക്കി കേന്ദ്രസർക്കാറിന് നൽകിയതിൽ 4.82 കോടി രൂപയാണ് ഇപ്പോൾ അനുവദിച്ചിട്ടുള്ളത്. അടുത്ത അര നൂറ്റാണ്ട് മുന്നിൽ കണ്ടുകൊണ്ടുള്ള കർമപദ്ധതിക്കാണ് രൂപം നൽകിയിട്ടുള്ളത്. ആർക്കിടെക്ട് കെ രഘുരാമനാണ് ഡാം ഉദ്യാനം രൂപകൽപ്പന ചെയ്തത്. ബോട്ടുജെട്ടി, ഫിൽട്ടറേഷൻ പ്ലാന്റ്, ഫൗണ്ടൻ, നടപ്പാത, ദീപാലങ്കാരം, ഗ്രീൻ ഹൗസ്, ലാൻഡ് സ്കേപിങ്, കുട്ടികളുടെ പാർക്ക്, ആംഫി തിയേറ്റർ, ജാപ്പനീസ് പാർക്ക് എന്നിവ പുനരുദ്ധരിക്കും. ഒൻപത് മാസം കൊണ്ട് പദ്ധതി പൂർത്തിയാകും. തുടർന്ന് രണ്ടാം ഘട്ടപ്രവൃത്തികൾ ആരംഭിക്കും.



രണ്ടാംഘട്ട വികസനത്തിനു വേണ്ടിവരുന്ന അഞ്ചു കോടിയിൽപ്പരം രൂപ കണ്ടെത്താൻ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെയും ടൂറിസം വകുപ്പിന്റെയും ഫണ്ടുകൾ ഉപയോഗിക്കുന്നതിനു പുറമെ സഹകരണ മേഖലയിൽ നിന്നു വായ്പയെടുക്കും. ശിലോദ്യാന നവീകരണത്തിന് ശിൽപികൾക്ക് നിർദേശങ്ങൾ നൽകുന്നതിനായി അമേരിക്കയിൽ നിന്ന് അഞ്ച് ശിൽപികളെ ത്തിയിട്ടുണ്ട്. തെക്കേ ഇന്ത്യയിലെ രണ്ടാമത്തെ ശിലോദ്യാനമാണ് മലമ്പുഴയിലേത്. ശിൽപങ്ങൾ പൊട്ടിപ്പൊളിഞ്ഞതോടെ സന്ദർശകർ ഇവിടെയെത്താറില്ലായിരുന്നു.

**ഇ. പി.**

# അഭിപ്രായ വോട്ടെടുപ്പിന് നിയന്ത്രണം

ലോക്സഭാ തിരഞ്ഞെടുപ്പിനു മുന്നോടിയായി അഭിപ്രായ വോട്ടെടുപ്പുകൾ ധാരാളം നടക്കാറുണ്ട്. എന്നാൽ ഇക്കുറി അവയുടെ ഫലം പുറത്തു വിടുന്നതിന് തിരഞ്ഞെടുപ്പു കമ്മിഷൻ നിയന്ത്രണം ഏർപ്പെടുത്തി. ആദ്യഘട്ട വോട്ടെടുപ്പ് അവസാനിക്കുന്നതിനും എല്ലാ സംസ്ഥാനങ്ങളിലും മുഴുവൻ വോട്ടെടുപ്പും പൂർത്തിയാകുന്നതിന് 48 മണിക്കൂർ മുമ്പും അഭിപ്രായ വോട്ടെടുപ്പുഫലം പുറത്തുവിടുന്നതിനാണ് നിരോധനം. ഇലക്ട്രോണിക് മാധ്യമങ്ങൾക്കു പുറമെ വർത്തമാനപത്രങ്ങൾ, പോസ്റ്ററുകൾ എന്നിവയിലും മറ്റ് പ്രസിദ്ധീകരണങ്ങളിലുമുള്ള ഫലപ്രവചനങ്ങളും നിരോധിച്ചിരിക്കുകയാണ്.

ഇതുകൂടാതെ, അവഹേളനപരമായ എസ്. എം. എസുകൾ വ്യാപകമായി അയയ്ക്കുന്നതും കമ്മിഷൻ നിരോധിച്ചു. ഒപ്പം, കൂട്ട എസ്. എം. എസുകൾ അയയ്ക്കുന്നതിന്റെ ചെലവും തിരഞ്ഞെടുപ്പു പ്രചാരണത്തിന്റെ വകയിൽ ഉൾപ്പെടുത്തും. ഇതും തിരഞ്ഞെടുപ്പിന് 48 മണിക്കൂർ മുമ്പുവരെ ബാധകമാണ്.

# പാതയോരങ്ങൾക്ക് കയറുടുപ്പ്

മരാമത്തുവേലകൾ ചെയ്യുമ്പോൾ മണ്ണ് ഒലിച്ചുപോകാതെ സംരക്ഷിക്കുന്നതിന് മണ്ണിനെ കയറുടുപ്പണിയിക്കുന്നു. ഗ്രാമീണപാതകൾ ബലപ്പെടുത്തേണ്ടിവരുമ്പോൾ, മൺചിറ കെട്ടുമ്പോൾ, കനാലുകളുടെയും നദികളുടെയും തീരം ബലപ്പെടുത്തേണ്ടിവരുമ്പോൾ... ഇങ്ങനെ മണ്ണിനെ സംരക്ഷിക്കേണ്ടി വരുന്ന മരാമത്തുപണികൾക്കെല്ലാം കയർവസ്ത്രം വളരെ അനുയോജ്യമാണ്.

ഈ ആവശ്യങ്ങൾക്ക്  മണ്ണ് ജലസംരക്ഷണ പ്രവർത്തനങ്ങൾക്ക് കയർ ജിയോടെക്സറ്റയ്ൽ ഉപയോഗിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സംസ്ഥാനത്ത് രൂപപ്പെടുകയാണ്.  പാറകൾക്കും മറ്റ് നിർമ്മാണ സാമഗ്രികൾക്കും കടുത്ത ക്ഷാമവും പരിസ്ഥിതി നാശവും ഉണ്ടാകുമ്പോൾ കയർ ഭൂവസ്ത്രങ്ങൾക്ക് ഏറെ പ്രാധാന്യമുണ്ടെന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിലാണ് ഈ തീരുമാനം.




പുരസ്കാരം നേടിത്തന്ന
പൂരം ഫ്ലോട്ട്

# കേരളത്തിന് രണ്ടു പുരസ്കാരങ്ങൾ

കഴിഞ്ഞ റിപ്പബ്ലിക് ദിനാഘോഷത്തിലെ മികച്ച പരേഡിനും ഫ്ലോട്ടിനുമുള്ള പുരസ്കാരങ്ങൾ കേരളത്തിനു ലഭിച്ചു. പൂരം ഉത്സവത്തിന്റെ ദൃശ്യാവിഷ്കാരമാണ് മികച്ച ഫ്ലോട്ടിനുള്ള സമ്മാനം നേടിത്തന്നത്.

ന്യൂഡൽഹിയിൽ നടന്ന ചടങ്ങിൽ കേന്ദ്ര പ്രതിരോധമന്ത്രി എ.കെ.ആന്റണി സമ്മാനങ്ങൾ വിതരണം ചെയ്തു. റസിഡന്റ് കമ്മീഷണർ ആനന്ദ്കുമാറും പി ആർ ഡി ഡയറക്ടർ (ഇൻ ചാർജ്) പി.കെ.ലാലും ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

# മൊഴിച്ചെപ്പ്

പ്രതികാരത്തിന്റെ വഴികളിൽ നമുക്ക് നമ്മോടുമാത്രമാണ് സ്നേഹം. നാം അന്യനെ സ്നേഹിക്കുമ്പോൾ പ്രതികാരത്തിന്റെ ജ്വാലകൾ അണയും.

**മാർട്ടിൻ ലൂഥർ കിങ് മൂന്നാമൻ**

ഏകഭർതൃത്വവും ഏകഭാര്യാവ്രതവും പരിഷ്കൃത സമൂഹത്തിന്റെ ചിഹ്നങ്ങളാണ്. ഏതോ പ്രാചീനകാലത്ത് നടപ്പിലുണ്ടായിരുന്നതുകൊണ്ട് ഇവയ്ക്ക് ശാശ്വതീകരണമുണ്ടാകണമെന്ന ചിന്ത മനുഷ്യപുരോഗതിയുടെ പ്രതിബന്ധവുമാണ്.

**ജസ്റ്റിസ് കെ.ടി.തോമസ്**

പടിഞ്ഞാറൻ മുൻവിധികളും പ്രത്യയശാസ്ത്ര വീക്ഷണങ്ങളും സ്വീകാര്യമായ വിധം ഇന്ത്യൻ സമൂഹത്തെയും അവസ്ഥയെയും ചിത്രീകരിക്കുന്നവർക്കാണ് ബുക്കർ പട്ടികയിൽ സ്ഥാനം. സൽമാൻ റുഷ്ദി, കിരൺ ദേശായി, അരവിന്ദ് അഡിഗ തുടങ്ങിയവരെല്ലാം ഈ പട്ടികയിൽപ്പെടുന്നു.

**പി. ഗോവിന്ദപ്പിള്ള**

അറിവ് വിദ്യാസമ്പന്നരുടെയും വരേണ്യരുടെയും മാത്രം കുത്തകയല്ല. ഔപചാരിക വിദ്യാഭ്യാസം ലഭിച്ചിട്ടില്ല എന്നതുകൊണ്ട് ഒരാൾക്ക് ബുദ്ധിയോ സാമാന്യബോധമോ ഇല്ലന്നും കരുതരുത്.

**വികാസ് സ്വരൂപ്**

*'സ്ലംഡോഗ് മില്യനെയർ' സിനിമയ്ക്കാധാരമായ 'ക്യു ആൻഡ് എ' എന്ന നോവലിന്റെ കർത്താവ്*

കുടുംബത്തിലെ രണ്ടാമത്തെ പെൺകുട്ടിയാണ് ഞാൻ. അച്ഛനുമമ്മയും അന്ന് പെൺഭ്രൂണഹത്യക്ക് തുനിഞ്ഞിരുന്നെങ്കിൽ ഇന്ന് ഞാൻ ഉണ്ടാകുമായിരുന്നില്ല. ഓരോ സ്ത്രീയും ഈ യാഥാർത്ഥ്യം മനസിലാക്കണം.

**സുഹാസിനി**

കവടിയാറിൽ ഹൗസിങ് കോളനി പണിയുന്നകാലത്ത് ഞങ്ങളെല്ലാം പറഞ്ഞതാണ് അവിടെ ഒരു പാർക്ക് മതിയെന്ന്. നഗരത്തിന്റെ പ്രാന്തപ്രദേശങ്ങളിലാണ് ഹൗസിങ് കോളനികൾ പണിയേണ്ടത്; ഹൃദയഭാഗത്തല്ല. പൊതുജനങ്ങൾക്ക് ആരോഗ്യസംരക്ഷണത്തിനായി സർക്കാരിന്റെ ഭാഗത്തുനിന്ന് നടപടികൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

**പത്മശ്രീ ഡോ.ജി.വിജയരാഘവൻ**

## മഹാകവി ഇടയാറന്മുള കെ.എം.വർഗീസ്

# പൂർണജീവിതത്തിന്റെ ഉടമ




**മഹാകവി** ഇടയാറന്മുള കെ.എം. വർഗീസ് എന്ന മഹച്ചരിതന്റെ ജീവിതകഥ ഇന്നത്തെ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നത് തികച്ചും ഉചിതം തന്നെ. മുഖ്യമായും അദ്ദേഹം ഒരു അധ്യാപകശ്രേഷ്ഠനായി അറിയപ്പെടുമെങ്കിലും പ്രതിഭാധനനായ കവിയും ബഹുഭാഷാ പണ്ഡിതനുമായിരുന്നല്ലോ. ക്രിസ്തുദേവചരിതം മഹാകാവ്യം രചിച്ച ഇടയാറന്മുള കെ.എം.വർഗീസിന്റെ ജൻമശതാബ്ദി വർഷം (2008) മുൻനിർത്തിയാണ് മഹാകവി ഇടയാറന്മുള മെമ്മോറിയൽ ട്രസ്റ്റ് ജീവചരിത്രഗ്രന്ഥം പുറത്തിറക്കിയിട്ടുള്ളത്. ട്രസ്റ്റിന്റെ അഭ്യർഥനപ്രകാരം ഗ്രന്ഥരചന നിർവഹിച്ച ഡോ. എഴുമറ്റൂർ രാജരാജവർമ ആമുഖത്തിൽ പറഞ്ഞതുപോലെ, ഈ കർത്തവ്യം അദ്ദേഹത്തിൽ വന്നുചേർന്നത് നിയതി നിയോഗം പോലെയാണ് എന്നു പറയാം. ക്രിസ്തുദേവ ചരിതത്തിന്റെ വായനയിൽ തന്നെ സ്മര്യപുരുഷനോടുള്ള ആദരവ് ആദ്യമായി ആയിരുന്നു എന്നുമാത്രമല്ല സ്വാത്വികനും ഈശ്വരവിശ്വാസിയും മനുഷ്യസ്നേഹിയും സർഗധനനുമായ ആ മഹാത്മാവിന്റെ ജീവിതം പുഷ്കലമായ പാരമ്പര്യസ്രോതസ്സുകളുടെ സമന്വയപ്രവാഹം പോലെ അനുഭവവേദ്യമായി എന്നും ഡോ.വർമ തുറന്നു സമ്മതിക്കുന്നുണ്ട്.

കെ.എം.വർഗീസിന്റെ ജീവിതകഥയിലേക്കു കടക്കുമ്പോൾതന്നെ ലക്ഷണമൊത്ത ജീവചരിത്രഗ്രന്ഥരചനയുടെ ഭാരിച്ച ഉത്തരവാദിത്വം സ്വയം ഏറ്റെടുക്കാൻ ഡോ.വർമ സജ്ജനായിരുന്നു എന്ന് വ്യക്തമാണ്. ദേശവർണനയോടെയാണ് ജീവിതകഥയിലേക്ക് പ്രവേശിക്കുന്നത്. ആറന്മുളയുടെ ഐതിഹ്യസമൃദ്ധിയും സാംസ്കാരികപ്പൊലിമയും തൊട്ടുകാണിച്ചുകൊണ്ടുള്ള തുടക്കം സംഗതമാണ്. ആ ദേശസംസ്കാരത്തിന് മത സർഗവൈജാത്യം വിലങ്ങുകൾ തീർക്കുന്നില്ല. മതസൗഹാർദം പ്രഖ്യാപിക്കുന്ന ആ സംസ്കാരത്തിന്റെ ഉത്തമപ്രതിനിധിയാണ് ഇടയാറന്മുള കെ.എം.വർഗീസെന്ന് പുസ്തകത്തിന്റെ അടുത്ത ഭാഗങ്ങളിലേക്കു കടക്കുമ്പോൾ ബോധ്യമാകും. ഇടയാറന്മുളയുടെ ദേശഖ്യാതിയുടെ അടിസ്ഥാനം തന്നെ ക്രിസ്ത്യാനിക്കും ഹിന്ദുവിനും അവകാശപ്പെട്ട മഹാവൈകൃതം അലിഞ്ഞുചേർന്ന മണ്ണാണിത് എന്നതാണ്. കുന്നംപുറത്തു കുടുംബം അറിയപ്പെടുന്നത് സഞ്ചരിക്കുന്ന വിജ്ഞാനകോശം എന്ന് പേരുള്ള മഹാകവി കെ.വി.സൈമണിന്റെ ജാജ്വല്യ പ്രഭാവത്തിന്റെ പേരിലാണല്ലോ. അദ്ദേഹത്തിന്റെ സഹോദരീപുത്രനാണ് കെ.എം.വർഗീസ്. ഹിന്ദുനമ്പൂതിരി പാരമ്പര്യം അഭിമാനമായി കരുതുന്ന ഒരു പ്രദേശിക പാരമ്പര്യം അവകാശപ്പെടാവുന്ന കുടുംബാംഗമെന്നനിലയ്ക്ക് കെ.വി.സൈമൺ പ്രസിദ്ധനാണ്. വശ്യവചസായ പ്രഭാഷകൻ, ക്രൈസ്തവ വേദകാരൻ, സംഗീതകലാ വിദ്വാൻ, സാഹിത്യപണ്ഡിതൻ എന്നീ നിലകളിൽ ലോകശ്രദ്ധപിടിച്ചുപറ്റിയ മഹാകവി സൈമൺ കാണിച്ച വെളിച്ചവഴിയിലൂടെയാണ് ഇടയാറന്മുള കെ.എം. വർഗീസും നടന്നുനീങ്ങിയത്. ഒരു യശസ്സാർന്ന കുടുംബപാരമ്പര്യം പിൻപറ്റുന്ന കാഴ്ച്ച ഗ്രന്ഥകാരൻ വ്യക്തമായി വരച്ചു കാണിക്കുന്നു, ഈ ജീവചരിത്രഗ്രന്ഥത്തിലൂടെ.

ചെറുപ്പകാലത്തെ കാവ്യാകർഷണം മുതൽ മുലൂർ പത്മനാഭപ്പണിക്കരെ പോലുള്ളവരുടെ മാർഗനിർദേശങ്ങൾ സ്വീകരിച്ചതും കുന്നുംപുറത്തെ ഗ്രന്ഥശേഖരമഹിമ ഉപയോഗപ്പെടുത്തിയതും എല്ലാം വർണിക്കുന്നുണ്ട്. വൈകാതെ അനന്തപുരിയിൽ അധ്യാപകനായി വരികയും പാണ്ഡിത്യവും കർമശേഷിയും പൂർണമായും ഒരു വലിയ ശിഷ്യസമൂഹത്തിനു നൽകുകയും ചെയ്ത കഥ ചേതോഹരമായി വിവരിക്കുന്നു. അധ്യാപകവൃത്തിയിൽ മുഴുകിയിരിക്കുമ്പോഴും കൈരളീസേവ നടത്തിയ കെ.എം. വർഗീസ് തിരുവനന്തപുരത്തെ എണ്ണപ്പെട്ട

## അന്നം അമൃതം

കേരളത്തിൻെറ സാമൂഹിക, പാരിസ്ഥിതിക, സാംസ്കാരിക , സാമ്പത്തിക മേഖലകളിൽ സുപ്രധാന സ്ഥാനം വഹിക്കുന്ന വിളയാണ് നെല്ല്. നെല്പാടങ്ങൾക്കുണ്ടായിക്കൊണ്ടിരിക്കുന്ന ശോഷണത്തിന് തടയിടാനും കർഷകരോട് ഒപ്പം നിന്നുകൊണ്ട് ജനകീയക്കൂട്ടായ്മയിലൂടെ നെല്ലുത്പാദനം ഇരട്ടിയാക്കാനും ഒട്ടേറെ പദ്ധതികൾ ഗവൺമെന്റ് ഇപ്പോൾ നടപ്പാക്കുന്നുണ്ട്. ഇതിന്റെ ഭാഗമായുള്ള ബോധവത്കരണത്തിന്റെ ദിശയിലുള്ള ഉദ്യമമാണ് ഫാം ഇൻഫർമേഷൻ ബ്യൂറോയുടേ *അന്നം അമൃതം* എന്ന പ്രസിദ്ധീകരണം. നെൽക്കൃഷിയുടേ ചരിത്രവും മലയാളിയുടെ സംസ്കൃതിയുമായി ഇതിനുള്ള ബന്ധവും മുതൽ നെല്ലിൽ നിന്നുള്ള ഉത്പന്നവൈവിധ്യവത്കരണം വരെയുള്ള ഒട്ടേറെ വിവരങ്ങൾ ലളിതമായ ഭാഷയിൽ ഈ ഗ്രന്ഥത്തിൽ വിവരിച്ചിരിക്കുന്നു. ചിത്രങ്ങളും, നെൽക്കൃഷിയുമായി ബന്ധപ്പെട്ട ഉദ്ധരണികളുമൊക്കെ ഗ്രന്ഥത്തിന്റെ ആകർഷണീയത വർദ്ധിപ്പിക്കുന്നുണ്ട്. നെൽക്കൃഷിയുടെ സമഗ്രവിവരങ്ങൾ നൽകുന്നതിനൊപ്പം പുതിയ തലമുറയെ കാർഷിക മേഖലയിലേക്ക് ആകർഷിക്കുന്നതിനും പുസ്തകം ഉപകരിക്കും. ഫാം ഇൻഫർമേഷൻ ബ്യൂറോ പ്രസിദ്ധീകരിക്കുന്ന ഈ പുസ്തകം സൗജന്യമായാണ് വിതരണം ചെയ്യുന്നത്.




## അരിശ്രീ

നെല്ല് പ്രമേയമാക്കികൊണ്ടുള്ള പത്ത് ഗാനങ്ങളടങ്ങിയ സീഡി ഫാം ഇൻഫർമേഷൻ ബ്യൂറോ പുറത്തിറക്കി. ഒ എൻ വി കുറുപ്പ്, ഡി വിനയചന്ദ്രൻ, ശ്രീകുമാരൻ തമ്പി, കെ ജയകുമാർ, കാവാലം നാരായണ പണിക്കർ തുടങ്ങിയ പ്രമുഖർ എഴുതിയ ഗാനങ്ങൾക്ക് പെരുമ്പാവൂർ ജി രവീന്ദ്രനാഥ്, എം കെ അർജ്ജുനൻ തുടങ്ങിയവരാണ് സംഗീതം പകർന്നത്. മലയാളിക്ക് ഗൃഹാതുരത്വം പകരുന്നതാണ് ഇതിലെ ഓരോ ഗാനങ്ങളും. കാസററ് രൂപത്തിലും ഗാനങ്ങൾ പുറത്തിറക്കിയിട്ടുണ്ട്. സിഡി 50 രൂപയ്ക്കും, കാസറ്റ് 25 രൂപയ്ക്കുമാണ് വിതരണം ചെയ്യുന്നത്.

പണ്ഡിതൻമാരുമായി ബന്ധപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ ജീവിതം വസന്താഗമനത്തെ എതിരേറ്റു. ശൂരനാടനും എൻ.ഗോപാലപിള്ളയും വെണ്ണിക്കുളവും പന്മനയും ഏവൂരും മറ്റും അവരിൽ ചിലരാണ്. ഡോ.കെ.എം.ജോർജ്, പന്മന രാമചന്ദ്രനായർ, വെള്ളയാണി അർജുനൻ, ഡോ.ഓണക്കൂർ തുടങ്ങിയവരുമായി സംവദിച്ചും കുടുംബ രേഖകൾ സശ്രദ്ധം പരിശോധിച്ചുമാണ് ഡോ.എഴുമറ്റൂർ ഈ ജീവചരിത്രഗ്രന്ഥത്തിന് ഉൾക്കനം നൽകിയത്. കെ.എം. വർഗീസ് മലയാളസാഹിത്യത്തിൽ ശാശ്വത പ്രതിഷ്ഠ നേടിയിരിക്കുന്നത് ക്രിസ്തുദേവചരിതത്തിന്റെ പേരിലാണെങ്കിലും, പ്രകാശിതവും അല്ലാത്തതുമായ ഗ്രന്ഥങ്ങൾ അദ്ദേഹത്തിന്റേതായിട്ടുണ്ട്. ഈ ജീവചരിത്രത്തിൽ ഡോ.വർമ *സാഹിത്യത്തിന്റെ നടക്കാവിലൂടെ* എന്ന അധ്യായത്തിൽ നിരവധി ഉദാഹരണങ്ങൾ സഹിതം ഇടയാറന്മുളയുടെ സംഭാവനകളെ വിലയിരുത്തുന്നു. മരണമില്ലാത്ത മഹാകാവ്യം എന്ന ആറാം അധ്യായം ഏറ്റവും പ്രകൃഷ്ടമായ ക്രിസ്തുദേവചരിതം വിലയിരുത്തുന്നുമുണ്ട്. അധ്യാപകനും കവിയും പണ്ഡിതാഗ്രേസരനും നിഘണ്ടുകാരനും ചിന്തകനും വിമർശകനുമായി ലോകം ആരാധിക്കുന്ന ഇടയാറന്മുള കെ.എം.വർഗീസ് ഒരു സാത്വികനും പച്ചമനുഷ്യനുമായിരുന്നു. പാണ്ഡിത്യം കൊണ്ട് ആകർഷിച്ച അദ്ദേഹം വിനയവും സ്നേഹവും കൊണ്ട് സാധാരണക്കാരുടെ ചങ്ങാതിയുമായി. പത്തുമക്കളുടെ അച്ഛൻ ഇല്ലായ്മയിലും ഒരു യതിശ്രേഷ്ഠന്റെ പരിവേഷം ചാർത്തി തലയുയർത്തി ജീവിച്ച മലയാളി. കെ.എം.വർഗീസിന്റെ കുടുംബാംഗങ്ങളെയും അദ്ദേഹത്തിന് അവരോടുള്ള നിസ്സീമസ്നേഹവായ്പിനെയും ഗ്രന്ഥകാരൻ വിശദീകരിക്കുന്നു. പുസ്തകത്തിൽ അഞ്ച് അനുബന്ധങ്ങളിലായി ഡോ.വർമ വിലപ്പെട്ട വിവരങ്ങൾ നൽകുന്നു. മഹാകവി ഇടയാറന്മുളയുടെ വംശാവലിയും ട്രസ്റ്റിന്റെ വിശദാംശങ്ങളും വിലപ്പെട്ട ഫോട്ടോകളും ഭംഗിയായി ചേർത്തിട്ടുണ്ട്.

അവതാരികയിൽ പ്രൊ.ഒ.എൻ.വി. പറഞ്ഞുവച്ചതുപോലെ, ദേശചരിത്രരചനയെക്കാളും ശ്രമകരമാണ് ഒരു വ്യക്തിയെ പുതിയ തലമുറയ്ക്ക് അടുത്തറിയാൻ പാകത്തിൽ പരിചയപ്പെടുത്തൽ. ഇടയാറൻമുള കെ.എം.വർഗീസിന്റെ ജീവിതചരിത്രം ഒരു പുണ്യദേശത്തിന്റെയും കാലത്തിന്റെയും സാംസ്കാരികസത്തയുടെയും കഥ പറയുന്നു.

**എ.പ്രഭാകരൻ**



# ബോധനരീതിയിൽ പുത്തൻ സമീപനവുമായി വയനാട്

**ആ**ദിവാസിക്കുട്ടികളെ അക്ഷരങ്ങളുടെ ലോകത്തേക്ക് ആകർഷിക്കാൻ വയനാട്ടിലെ അധ്യാപകരെ ആദിവാസികളുടെ പണിയഭാഷ അഭ്യസിപ്പിക്കുന്നു. ആദിവാസി ജീവിതത്തെ അടുത്തറിയാനും ആദിവാസിക്കുട്ടിയോട് അവന്റെ ഭാഷയിലും അവതരണ രീതിയിലും സംവേദിക്കാനും ജില്ലാ വിദ്യാഭ്യാസ പരിശീലനകേന്ദ്രമാണ് പദ്ധതി തയ്യാറാക്കിയിരിക്കുന്നത്. *നായം* (ഭാഷ എന്നർഥം) എന്ന പേരിൽ ഇതിനായി ഡയറ്റ് കൈപുസ്തകം പുറത്തിറക്കിയിട്ടുണ്ട്. പണിയരുമായി ബന്ധപ്പെട്ട സംസ്കാരവും ഭാഷയുമാണ് ആദ്യമായി അധ്യാപകരെ അഭ്യസിപ്പിക്കുന്നത്. വൈത്തിരി സബ് ജില്ലയിലെ ഒന്നാം ക്ലാസിലെ അധ്യാപകർക്ക് ഇതിനകം പരിശീലനം നൽകിക്കഴിഞ്ഞു.

ആദിവാസികൾക്ക് അവരുടെ സംസ്കാരത്തിലും ബോധനരീതിയിലുമൂന്നി മാതൃഭാഷയിൽ വിദ്യാഭ്യാസം നേടുന്നതിന് അവകാശമുണ്ടെന്ന ഐക്യരാഷ്ട്ര സഭയുടെ പ്രഖ്യാപനമാണ് ബോധനരീതിയിൽ പുത്തനൊരു സമീപനം സ്വീകരിക്കാൻ ജില്ലാ വിദ്യാഭ്യാസ പരിശീലന കേന്ദ്രത്തെ പ്രേരിപ്പിച്ചത്.

കുടിയേറ്റത്തിന്റെ അനന്തരഫലമെന്നോണം ആദിവാസി സംസ്കാരവും ഭാഷയും പ്രാന്തവത്കരിക്കപ്പെട്ടു പോകുകയായിരുന്നു. സ്കൂളിൽവരാൻ മടിക്കുകയും വന്നാലും സ്ഥിരമായി വരുന്നതിൽ വീഴ്ച വരുത്തുകയും വ്യാപകമായി കൊഴിഞ്ഞുപോകുകയും ചെയ്യുന്ന ആദിവാസി കുട്ടികളെ അക്ഷരങ്ങളുടെ ലോകത്ത് പിടിച്ചു നിർത്താനുള്ള പരിശ്രമത്തിന്റെ ഭാഗമായാണ് ഈ പ്രവർത്തനം.

ഗോത്രജീവിതത്തിന്റെ സമസ്ത മേഖലയേയും ഉൾക്കൊള്ളുന്ന സാംസ്കാരിക ഘടകങ്ങളിൽ പ്രബലമായ കണ്ണിയാണ് വായ്മൊഴി വഴക്കം. വായ്മൊഴിവഴക്കം ഭാഷാ നിയമങ്ങളെ സർഗാത്മകമായി ധിക്കരിക്കുന്നു. ആദിവാസിയുടെ വായ്മൊഴി വഴക്കം ആവിഷ്കരിക്കപ്പെടുന്നത് വ്യവഹാരഭാഷയിലാണ്. കുറിച്യർക്ക് കുറിച്യഭാഷ, പണിയർക്ക് പണിയ ഭാഷ, കുറുമർക്ക് കുറുമഭാഷ എന്നിങ്ങനെ സ്വന്തം ഭാഷകളുണ്ട്.വയനാട്ടിൽ വ്യത്യസ്ത ആദിവാസി വിഭാഗങ്ങളെ ഒന്നായി ചേർത്താൽ ജനസംഖ്യ 136062 ആണ്. ഇതിൽ പണിയ വിഭാഗമാണ് ഭൂരിപക്ഷം. അധ്യാപകർ പണിയ ഭാഷ തിരിച്ചറിയുക എന്നതിനർഥം എല്ലാ ക്ലാസിലും ഏതു വിഷയവും പണിയഭാഷയിൽ പഠിപ്പിക്കുക എന്നല്ല, മറിച്ച് പണിയ ക്കുട്ടിയെ അവന്റെ ആശയ സംവേദനരീതിയോട് ചേർന്ന് നിന്ന് ബോധനം നടത്തുക എന്നതാണ്.

പണിയഭാഷയിൽ ആകെ 24 സ്വനിമങ്ങ(അക്ഷരങ്ങൾ) ളാണുള്ളത്. അഞ്ച് സ്വരങ്ങൾ, 19 വ്യഞ്ജനങ്ങൾ, പിന്നെയൊരു ദീർഘവും ചേർന്നതാണ് ഈ ഇരുപത്തിനാല് സ്വനിമങ്ങൾ. ശശിയെന്ന പേര് പണിയ ഭാഷയിൽ ചചിയെന്നും അച്ഛൻ അപ്പെ എന്നും മകൻ അക എന്നുമാവുന്നു.

കൈപുസ്തകത്തിൽ പണിയ ഭാഷാ നിഘണ്ടുവും നിത്യജീവിതത്തിൽ ഉപയോഗിക്കുന്ന പ്രയോഗങ്ങളും ഉൾപ്പെടുത്തിയിട്ടുണ്ട്. ഡയറ്റ് പ്രിൻസിപ്പാൾ ജോർജ് ജോസഫ് *നായം* കൈപ്പുസ്തകത്തിന്റെ ചീഫ് എഡിറ്ററും ലക്ചറർ കെ.കെ. സുരേന്ദ്രൻ എഡിറ്ററുമാണ്.

**എം.എ.വിൻസന്റ്**
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ, വയനാട്,*



**നായം കൈപുസ്തകം**


**അരീക്കോട് എം എസ് പി ക്യാമ്പിൽ ഇതിഹാസ കഥാകാരൻ ഒ വി വിജയൻ സ്മാരകമായി മാറ്റിയ ക്വാർട്ടേഴ്സ് മന്ദിരം.**

**എ**ഴുത്തിലും വരയിലും വേറിട്ട് നിന്ന, വായനയെ ഇതിഹാസ വഴികളിലേക്ക് ആനയിച്ച ഇതിഹാസ കഥാകാരൻ ഒ. വി. വിജയന്റെ ഓർമ്മയ്ക്കായി മലബാർ സ്പെഷ്യൽ പൊലീസിന്റെ സ്മാരകം. അദ്ദേഹം ഇതിഹാസ വഴിയിലേക്ക് പിച്ച വെച്ച, അദ്ദേഹത്തിന്റെ രചനകൾ തളിരിട്ട അരീക്കോട് എം.എസ്.പി ക്യാ

# ശബ്ദങ്ങൾ ഡോക്യുമെന്ററി പ്രകാശനം ചെയ്തു

**വൈ**ക്കം മുഹമ്മദ് ബഷീറിന്റെ ജൻമശതാബ്ദിയുടെ ഭാഗമായി സംസ്ഥാന ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പു നിർമിച്ച 'ശബ്ദങ്ങൾ' എന്ന ഡോക്യുമെന്ററി ചിത്രത്തിന്റെ സംസ്ഥാനതല ഔപചാരിക പ്രകാശനം, പ്രശസ്ത നിരൂപകനായ പൊഫ. എം. തോമസ് മാത്യുവിന് സി.ഡി. നൽകിക്കൊണ്ട് കോട്ടയം എം.എൽ.എ. വി.എൻ. വാസവൻ നിർവഹിച്ചു.

ജീവിതത്തെക്കുറിച്ചും പ്രപഞ്ചത്തെക്കുറിച്ചും അതിനെ നിയന്ത്രിക്കുന്ന മഹാശക്തിയെക്കുറിച്ചുമുള്ള ദർശനമാണ് ബഷീറിന്റെ കൃതികളെ മഹത്തരമാക്കിയതെന്നും ആരാണ് ഈ ഭൂമിയുടെ അവകാശികൾ എന്ന ചോദ്യം ബഷീറിനു മാത്രമേ ചോദിക്കാൻ സാധിക്കുകയുള്ളൂ എന്നും അനുസ്മരണ പ്രഭാഷണത്തിൽ പ്രൊഫ. എം.



# ഇതിഹാസ കഥാകാരന് പോലീസ്ക്യാമ്പിൽ സ്മാരകം

മ്പിലെ വീടും തണൽ വിരിച്ച ആൽമരവും ഇനി മലയാളത്തിന് സ്വന്തം.

മലബാർ കലാപം അടിച്ചമർത്തുന്നതിനായി ബ്രിട്ടീഷ് ഭരണാധികരികൾ അരീക്കോട്ടെ കുന്നിൻമുകളിൽ സ്ഥാപിച്ച എം.എസ്.പി ക്യാമ്പിൽ ബ്രിട്ടീഷ് പോലീസ് ഉദ്യോഗസ്ഥ നായിരുന്ന അച്ഛൻ വേലുക്കുട്ടിയുടെ കൂടെ അദ്ദേഹം 1937 മുതൽ 1940 വരെ താമസിച്ച ക്വാർട്ടേഴ്സാണ് എം.എസ്.പി യുടെ ജന മൈത്രി കേന്ദ്രം ചരിത്ര സ്മാരകവും ഗ്രന്ഥ ശാലയുമായി മാറ്റിയത്. ഒ.വി. വിജയൻ ബാല്യകാലം ചെലവിട്ട ക്വാർട്ടേഴ്സും വര കളുടെ ലോകത്തേക്ക് അദ്ദേഹത്തെ ആദ്യ മായി ആനയിച്ച ആൽമരവും ഇപ്പോഴും അതേപടിയുണ്ട്. അരീക്കോട് ബോർഡ് മാപ്പിള എലിമെന്ററി സ്കൂളിൽ വിദ്യാർത്ഥി യായിരുന്നു അദ്ദേഹം അപ്പോൾ. തന്റെ രച നകളിൽ പലതിലും അരീക്കോട്ടെ ഹ്രസ്വ ജീവിതാനുഭവം അദ്ദേഹം രേഖപ്പെടുത്തി യിട്ടുണ്ട്.

വരയും കുറിയുമായി നടന്ന ചെറുക്കന്റെ ഭാവിയെക്കുറിച്ച് ആശങ്ക പ്രകടിപ്പിച്ചവ രോട് അവൻ വരച്ച് പിഴച്ചോളുമെന്ന് മറു പടി പറഞ്ഞ, കാലം ശരിയെന്നുറപ്പിച്ച, ആ വാക്കുകൾ ചരിത്രത്തിന് നൽകിയ അദ്ദേ ഹത്തിന്റെ മുത്തശ്ശിയെ സംസ്കരിച്ചിരിക്കു ന്നതും ഈ ക്വാർട്ടേഴ്സിന് സമീപമുള്ള പറമ്പിലാണ്. ക്വാർട്ടേഴ്സിന്റെ ഭിത്തിയിൽ അദ്ദേഹം വരച്ച വരകൾ മാഞ്ഞുപോയെ ങ്കിലും സംസ്ഥാനത്തെ വിവിധ പോലീസു ദ്യോഗസ്ഥർ വരച്ച ഒ.വി. വിജയന്റെ ചിത്ര ങ്ങൾ ഇവിടെ സ്ഥാനം പിടിച്ചിട്ടുണ്ട്.

അദ്ദേഹം പലർക്കായി എഴുതിയ കത്തുക ളുടെ ശേഖരവും, അദ്ദേഹത്തിന്റെ പുസ്ത കങ്ങളും ഇവിടെയുണ്ട്. അദ്ദേഹം താമസി ച്ചിരുന്ന ക്വാർട്ടേഴ്സ് തനിമ നിലനിർത്തി നവീകരിച്ചതിനൊപ്പം, ചിത്രം വരച്ചിരുന്ന ആൽമരച്ചുവട്ടിലും സൗകര്യങ്ങൾ ഒരുക്കി യിട്ടുണ്ട്. ഇവിടെയിരുന്ന് പുസ്തകം വായി ക്കാനും ചിത്രങ്ങൾ വരയ്ക്കാനും സൗക ര്യമുണ്ട്. ഐ.ജി. ബി. സന്ധ്യയാണ് ഈ സ്മാരകം സഹൃദയ ലോകത്തിനായി തുറ ന്നുകൊടുത്തത്.

ഭക്തകവിയുടെയും ഭാഷാപിതാവിന്റെയും നാട്ടിൽ ഇതിഹാസ കഥാകാരന്റെ സ്മൃതി കൾക്കും പുനർജനി. ബാല്യകാല ചിന്ത കൾക്കും രചനാ വൈഭവങ്ങൾക്കും ശിശു സഹജമായ കൗതുകം പകർന്ന മണ്ണിൽ ഈ സ്മാരകം ഒരുക്കിയതാകട്ടെ, കാക്കി ക്കുള്ളിലെ കലാഹൃദയങ്ങളും !


*രാധാകൃഷ്ണൻ ചടയമംഗലം,*
*ജില്ലാ ഇൻഫർമേഷൻ ഓഫീസർ,*
*മലപ്പുറം*


തോമസ് മാത്യു പറഞ്ഞു. ബഷീർ എന്നും യുദ്ധം ചെയ്തിരുന്നത് കാല്പനികവിരുദ്ധ മനോഭാവത്തോടാണ്. നൈസർഗികത നഷ്ടപ്പെടുന്നതിലുള്ള ദുഃഖമാണ് അദ്ദേ ഹത്തെ എഴുത്തുകാരനാക്കിയത്. ബഷീർ ഈ ദുഃഖം ആവിഷ്കരിച്ചത് മനുഷ്യരെ ക്കൊണ്ടു മാത്രമല്ല, പ്രപഞ്ചത്തിലെ സക ലചരാചരങ്ങളെക്കൊണ്ടുമാണ് എന്നും അദ്ദേഹം പറഞ്ഞു.

ബഷീറിന്റെ സഹോദരനായ അബൂബേ ക്കർ, കിച്ചു ആര്യനാട്, ജോസഫ് ചാക്കോ, മാവേലിക്കര ഓംഷാ, ജോർജ് പോൾ സബർമതി എന്നിവരെ ഇതോടനുബന്ധിച്ച് ആദരിച്ചു. കോട്ടയം സി.എം.എസ് കോളേജ് ഹാളിൽ നടന്ന ചടങ്ങിൽ കോളേജ് പ്രിൻസിപ്പാൾ പ്രൊഫ. കോരുള ഐസക് അദ്ധ്യക്ഷത വഹിച്ചു. സി.എം.എസ്. കോളേജ് മലയാളം വകുപ്പു തലവൻ പ്രൊഫ. സി.ശ്രീകണ്ഠക്കുറുപ്പ്, ഇൻഫർമേ ഷൻ ആന്റ് പബ്ലിക് റിലേഷൻസ് വകുപ്പ് മേഖലാ ഡെപ്യൂട്ടിഡയറക്ടർ വി.കെ. ജയ കുമാർ, കോട്ടയം പബ്ലിക് ലൈബ്രറി സെക്രട്ടറി ടി. ശശികുമാർ എന്നിവർ പ്രസം ഗിച്ചു.

ഇതോടനുബന്ധിച്ച് നടന്ന പരിപാടിയിൽ ബഷീറിന്റെ സഹോദരനായ അബൂബേ ക്കറും കിളിരൂർ രാധാകൃഷ്ണൻ, പ്രൊഫ. എം.ജി. ചന്ദ്രശേഖരൻ നായർ, ഡോ. എം.ജി. ബാബുജി എന്നിവരും ബഷീർ




**വൈക്കം മുഹമ്മദു ബഷിറിൻെ ജന്മശതാബ്ദി ഭാഗമായി ഐ് & പി ആർ ഡി നിർമ്മിച്ച *ശബ്ദ ങ്ങൾ ഡോക്യുമെന്ററി ചിത്രത്തിന്റെ പ്രകാശനം കോട്ടയം എം എൽ എ വി എൻ വാസവൻ* നിർവ്വഹിക്കുന്നു.**

അനുഭവങ്ങൾ പങ്കുവച്ചു.

ജൻമശതാബ്ദിയുടെ ഭാഗമായി ജി. കൈലാ സൻ തയ്യാറാക്കിയ 'ഒന്നും ഒന്നും മ്മിണി ബല്യ ഒന്ന്' എന്ന ഡോക്യുമെന്ററി പ്രദർശനം നടന്നു. എം.വി. ദേവൻ രചി ച്ച, ബഷീറിന്റെ പെണ്ണുകാണൽ ചടങ്ങിന്റെ ചിത്രീകരണവും അദ്ദേഹത്തിന്റെ 'ഭാർഗവീ നിലയം' കോടതി കയറിയ വാർത്തയട ങ്ങുന്ന പത്രവും ഈ ചിത്ര-ചരിത്രരേഖാ പ്രദർശനത്തിൽ കൗതുകമായി. മലയാള ത്തിന്റെ പ്രിയസാഹിത്യകാരനെ അടുത്ത റിയാൻ സഹായിക്കുന്ന മുന്നൂറോളം ചിത്ര ങ്ങളും രേഖകളുമാണ് പ്രദർശനത്തിൽ ഉൾപ്പെടുത്തിയിരുന്നത്.

സി.എം.എസ്.കോളേജ് ഗ്രേറ്റ് ഹാളിൽ ജില്ലാകളക്ടർ പി.വേണുഗോപാലാണ് പ്രദർശനം ഉദ്ഘാടനം ചെയ്തത്.


**കെ.ആർ.പ്രമോദ്കുമാർ**
*അസി.എഡിറ്റർ, ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കോട്ടയം*





# മൂന്നക്ക സംഖ്യയുടെ സൂത്രക്കളി

**ഇത്** ഒരു ഗണിതശാസ്ത്രക്കളിയാണ്. വെറും ഒരു കളിയെന്നു പറയാൻ പറ്റില്ല. സംഖ്യകൾ ഉപയോഗിച്ചുള്ള ഒരു മാജിക്കാണിത്. മനസ്സിരുത്തി പഠിച്ചശേഷം കൂട്ടുകാരുടെ മുന്നിൽ അവതരിപ്പിച്ചാൽ നിങ്ങൾക്ക് ഒരു ചെറിയ മാന്ത്രികന്റെ പരിവേഷം കിട്ടുകയും ചെയ്യും.

ഇനി കളി എന്താണെന്നു നോക്കാം. നിങ്ങൾ കൂട്ടുകാരോടൊപ്പം കളിതമാശകൾ പറഞ്ഞ് ഇരിക്കുകയാണെന്ന് സങ്കൽപ്പിക്കുക. അതിനിടയിൽ നിങ്ങൾ പറയുന്നു–

"ഞാൻ ഒരു കണക്കിട്ടുതരാം. നിങ്ങളിൽ കണക്കിന് മിടുക്കനായ ഒരാൾ ഇത് ചെയ്യണം. ഇതിന്റെ വഴികളും ക്രിയകളുമൊക്കെ ഞാൻ പറഞ്ഞുതരാം. അവസാനം അതിനു കിട്ടുന്ന ഉത്തരം ഞാൻ അതാ! ആ കാണുന്ന ജനലിന്റെ ഗ്ലാസ്സിൽ ഊതി തെളിയിച്ചു കാണിക്കുകയും ചെയ്യാം."

"അത് കൊള്ളാമല്ലോ. അത് എങ്ങനെ പറ്റും?"


"അതാണ് കണക്കിലെ മാജിക്. എന്നാ തുടങ്ങാമല്ലോ?"

കണക്കുചെയ്യാൻ തയ്യാറായി മുന്നോട്ടു വരുന്ന കൂട്ടുകാരനോട് ഒരു മൂന്നക്കസംഖ്യ എഴുതാൻ പറയുക. ഈ മൂന്നക്കസംഖ്യയുടെ ആദ്യത്തെ അക്കവും മൂന്നാമത്തെ അക്കവും തമ്മിൽ രണ്ടോ അതിലധികമോ തുകയുടെ വ്യത്യാസം ഉണ്ടാവണമെന്നു മാത്രം.

കൂട്ടുകാരൻ 417 എന്ന മൂന്നക്കസംഖ്യ എഴുതുന്നു. ഇതിൽ ആദ്യത്തെ അക്കമായ 4-ഉം മൂന്നാമത്തെ അക്കമായ 7-ഉം തമ്മിൽ മൂന്നിന്റെ വ്യത്യാസമുണ്ടല്ലോ. അതുമതി.

ഇനി ഈ സംഖ്യയിലെ ഒന്നാമത്തേയും മൂന്നാമത്തേയും അക്കങ്ങൾ തിരിച്ചിടാൻ പറയുക. അപ്പോൾ സംഖ്യ 714 ആയി. ഇനി വലിയ സംഖ്യ (714)യിൽ നിന്നും ചെറിയ സംഖ്യ (417) കുറയ്ക്കണം. ഉത്തരം 297 എന്ന് കിട്ടുന്നു. ഇതിലെ ആദ്യത്തേയും മൂന്നാമത്തേയും അക്കങ്ങൾ തിരിച്ചിടുക. ഇപ്പോൾ സംഖ്യ 792 ആയി. ഇതിനോട് നേരത്തെകിട്ടിയ ഉത്തരമായ 297 കൂട്ടുക. അപ്പോൾ കൂട്ടിക്കിട്ടിയ സംഖ്യ 1089 ആയി. ഇതാണ് ഈ കണക്കിന്റെ ഉത്തരം.

## കുട്ടിക്കവിത



### കാലക്രൂരൻ

ക്ലോക്കിന്റെയുള്ളിൽ
നിന്നിങ്ങനെ പ്രാകുന്നു
രണ്ടുമൂന്നാളുകൾ മുന്നമെന്നും
ഞങ്ങളെയിങ്ങനെ
വട്ടംകറക്കുന്ന
കാലമേ!
നീയെന്തു ക്രൂരൻ?

**മനോജ് മണിയൂർ**

# ആസ്വദിക്കാം, അവധിക്കാലം


**വീണ്ടും ഒരവധിക്കാലം** കൂടി വരികയായി. എങ്ങനെ അതു ചെലവഴിക്കണമെന്ന് കൂട്ടുകാരെല്ലാം ആലോചിച്ചുറച്ചിരിക്കുമല്ലോ. ദൂരെയാണെങ്കിൽ സ്വന്തം നാട്ടിലും ബന്ധുക്കളുടെ വീടുകളിലും പോവുക, ഉല്ലാസയാത്ര പോവുക, സംഗീതവും നൃത്തവും നീന്തലുമെല്ലാം പഠിക്കുക തുടങ്ങി പല പരിപാടികളും അക്കൂട്ടത്തിലുണ്ടാവുമല്ലോ.

എല്ലാം വേണ്ടതു തന്നെ. എന്നാൽ ഈയിടെയായി അവധിക്കാലത്തും കുട്ടികളെ ക്ലാസ്മുറികളിലടച്ചിടുന്ന തരത്തിൽ അവധിക്കാല പരിശീലനങ്ങളും മുൻകൂട്ടിയുള്ള സ്കൂൾ ക്ലാസ്സുകളും പലയിടങ്ങളിലും കണ്ടുവരുന്നു. കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് അതത്ര നല്ലതല്ല.

ക്ലാസ്സുമുറികളുടെ ലോകത്തുനിന്ന് പ്രകൃതിയിലേക്കിറങ്ങാനുള്ള അവസരങ്ങളാണ് അവധിക്കാലങ്ങൾ. പുതിയ അനുഭവലോകങ്ങൾ തേടിയുള്ള യാത്രയുടെയും കാലമാണത്. പുതിയ കാര്യങ്ങൾ, പ്രത്യേകിച്ചും പ്രവർത്തനങ്ങളിലൂടെ പഠിക്കുക, കളിച്ചു രസിക്കുക, കുട്ടികളുടെ കൂട്ടായ്മകളും ബാലവേദികളുമുണ്ടാക്കുക, രോഗപ്രതിരോധം, കൊതുകുനശീകരണം, പ്ലാസ്റ്റിക് നിയന്ത്രണം തുടങ്ങി ക്രിയാത്മക പ്രവത്തനങ്ങൾ നടത്തുക തുടങ്ങിയവയെല്ലാം അവധിക്കാലത്തെ വ്യത്യസ്തവും ആസ്വാദ്യവുമാക്കും. സാഹചര്യങ്ങൾക്കനുസരിച്ച് ഉചിതമായവ തെരഞ്ഞെടുക്കൂ.

## പുതിയ പുസ്തകങ്ങൾ





അവധിക്കാലം ആഘോഷത്തോടൊപ്പം പാഠപുസ്തകങ്ങൾക്കും സ്കൂൾ പ്രോജക്ടുകൾക്കുമപ്പുറമുള്ള വായനയിലേക്ക് ഊളിയിട്ടിറങ്ങാനുള്ള അവസരം കൂടിയാണ്. വായനയുടെ വസന്തംതീർക്കാൻ മികച്ച എഴുത്തുകാർ രചിച്ച ഒരുപിടി പുസ്തകങ്ങൾ സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പുറത്തിറക്കിയിട്ടുണ്ട്. അവയിൽ ചിലതിനെക്കുറിച്ച് പറയാം.



ചിത്രശലഭങ്ങളെ കൂട്ടുകാരാക്കാൻ നിങ്ങളെ സഹായിക്കുന്ന രണ്ടു പുസ്തകങ്ങളതിലുണ്ട്. കേരളത്തിലെ സാധാരണ ചിത്രശലഭങ്ങളെക്കുറിച്ചുള്ള രസകരമായ വിവരണവും വിശദാംശങ്ങളും വർണചിത്രങ്ങളുമുള്ള കേരളത്തിലെ സാധാരണ ചിത്രശലഭ

ഇനിയാണ് മാജിക്. അടുത്ത ജോലി നിങ്ങൾക്കുള്ളതാണ്. ഒരു മാന്ത്രികന്റെ ഭാവാഭിനയത്തോടെ നിങ്ങൾ പറയുന്നു.

"സുഹൃത്തുക്കളേ! ഈ ഉത്തരം ഞാൻ ആ കാണുന്ന ജനലിന്റെ ഗ്ലാസ്സിൽ ഊതി തെളിയിച്ചു കാണിക്കാൻ പോവുകയാണ്."

കൂട്ടുകാർ അത്ഭുതത്തോടെ കാത്തിരിക്കുമ്പോൾ നിങ്ങൾ ജനലിനടുത്തേയ്ക്ക് നീങ്ങുന്നു. അതിന്റെ ഗ്ലാസ്സിൽ ശക്തിയായി ഊതുമ്പോൾ അവിടെ 1089 എന്ന് തെളിയുന്നു. കൂട്ടുകാർ കയ്യടിച്ച് അഭിനന്ദിക്കുമ്പോൾ നിങ്ങൾ ഒരു ജേതാവിനെപ്പോലെ പുഞ്ചിരിക്കുന്നു.

ഇത് എങ്ങനെ സംഭവിച്ചു? രഹസ്യം ഞാൻ പറഞ്ഞുതരാം.

ഈ സൂത്രക്കളി കൂട്ടുകാരുടെ മുമ്പിൽ അവതരിപ്പിക്കുന്നതിനുമുമ്പ് നിങ്ങൾ അൽപ്പം ഗൃഹപാഠം ചെയ്തിരിക്കണം. ഒരു ഗ്ലാസ്സിൽ അൽപ്പം അലക്കുപൊടി കലക്കുക. അതിനുശേഷം അതിൽ ഒരു വിരൽ മുക്കി ജനലിന്റെ ഗ്ലാസ്സിൽ 1089 എന്ന് എഴുതുക. ഇത് ഉണങ്ങിക്കഴിഞ്ഞാൽ ഇതാർക്കും കാണാനാവില്ല. പക്ഷേ പിന്നീട് ഇതിലേക്ക് ഊതിയാൽ വിരൽക്കൊണ്ട് എഴുതിയ അക്കങ്ങൾ തെളിഞ്ഞുവരും.

ഇനിയാണ് പ്രധാന ചോദ്യം. കണക്കിന്റെ ഉത്തരം 1089 എന്ന് നേരത്തേ നിങ്ങൾ എങ്ങനെ മനസ്സിലാക്കി? അതാണ് പരമമായ രഹസ്യം.

മുകളിൽ വിവരിച്ച രീതിയിലുള്ള ഏത് മൂന്നക്കസംഖ്യ എഴുതി ഇത്തരത്തിലുള്ള ക്രിയ ചെയ്താലും ഉത്തരം 1089 തന്നെയായിരിക്കും. ഇവിടെ സ്വീകരിച്ച 417 നുപകരം ഇത്തരം ഏത് മൂന്നക്ക സംഖ്യ എഴുതിയാലും ഉത്തരം ഇതുതന്നെ.

എന്താ! സംശയം തോന്നുന്നുണ്ടോ? എങ്കിൽ പകരം ഒരു മൂന്നക്കസംഖ്യ എഴുതി ഈ കണക്ക് സ്വയം ചെയ്തു നോക്കുക.

അപ്പോൾ ഈ സൂത്രക്കളിയുടെ 'ഗുട്ടൻസ്' നിങ്ങൾക്കും പിടികിട്ടും.

**ഡോ. ആറന്മുള ഹരിഹരപുത്രൻ**

**കഥ**


# മഴവില്ല്

**അമ്മു** ജനലിന്റെ അടുക്കലിരുന്നു. ഇന്നെങ്കിലും ഒരു മഴ പെയ്തെങ്കിൽ...... അവളാശിച്ചു. അതാ അമ്മ വിളിക്കുന്നു. നാമം ജപിക്കാൻ. അന്ന് പതിവിലും നേരത്തെ അത്താഴം കഴിച്ച് അവൾ കിടന്നു. രാവിലെ വളരെ നേരത്തെ ഉണർന്നു. ഹായ്. മഴ. എന്തുരസമാണ് മഴ കാണാൻ. അവൾ പടിക്കലിരുന്നു മഴയുടെ സൗന്ദര്യം ആസ്വദിച്ചു. അകത്ത് നിന്ന് അമ്മ വിളിച്ചു. മോളേ, ഇന്ന് സ്കൂളിൽ പോകേണ്ട ദിവസമല്ലേ, ഇങ്ങനെ മഴ കണ്ടിരിക്കാതെ വേഗം വന്ന് കുളിക്ക്. അമ്മു എഴുന്നേറ്റ് കുളിയ്ക്കാൻ പോയി. അന്നവൾ നേരത്തേ തന്നെ സ്കൂളിലേക്ക് പുറപ്പെട്ടു. മലയാളം പീരിഡിൽ രാധാമണി ടീച്ചർ മഴവില്ല് എന്ന കവിത പഠിപ്പിച്ചു. കവിത അവൾക്കേറെ ഇഷ്ടമായി. മഴവില്ല് കാണാൻ അവൾ വളരെ കൊതിച്ചു. പതിവുപോലെ സ്കൂളിൽ നിന്നും വൈകുന്നേരം വീട്ടിലെത്തിയപ്പോൾ അച്ഛനും അമ്മയും എത്തിയിട്ടില്ല. എന്നും ഈ സമയത്ത് അവർ വരുന്നതാണല്ലോ? ചവിട്ടുമെത്തയുടെ അടിയിൽ നിന്നും താക്കോൽ കൂട്ടം എടുത്ത് കതക് തുറന്നു. അപ്പോൾ മണി നാല്. പൂമുഖത്തുള്ള കസേരയിൽ അവളിരുന്നു അറിയാതൊന്നു മയങ്ങിപ്പോയി. പെട്ടെന്ന് ഞെട്ടി ഉണർന്നു. മണി ആറായി. അവൾ പോയി കുളിച്ച് വിളക്ക് കൊളുത്തി സന്ധ്യാനാമവും ജപിച്ച് എഴുന്നേറ്റു. ലേശം ഭയം തോന്നാതിരുന്നില്ല. ഓരോന്നും ആലോചിച്ചു കൂട്ടാതെ പുസ്തകങ്ങളെടുത്തു. ആദ്യം കണ്ടത് കണക്കാണ്. ഓരോ കണക്കും ചെയ്തു നോക്കി. ഒന്നും തലയിൽ കയറിയില്ല. അവൾ പുസ്തകം മടക്കിവെച്ചു. നല്ലൊരു മഴയ്ക്കുവേണ്ടി മേഘം ഒരുങ്ങുന്നു.

അവൾ പുറത്തേക്കു നോക്കി. ആരേയും കാണുന്നില്ല. മഴ ചെറുതായി പെയ്യുന്നുണ്ട്. അവൾ കട്ടിലിൽ പോയി കിടന്നു. ഇരുട്ടിന്റെ നിശബ്ദതയിലേക്ക് കുറേ നേരം നോക്കി കിടന്നു. ഇരുട്ടിനു കനം കൂടി. ചില വാഹനങ്ങളുടെ ശബ്ദം പാദയോരത്തുനിന്നും കേൾക്കാം. അതാ അച്ഛനും അമ്മയും എത്തി. അവൾ പിണങ്ങിയെന്ന ഭാവത്തിൽ അകത്തെ മുറിയിൽ പോയിരുന്നു. അവർ അവൾക്കൊരു പുതിയ ഉടുപ്പുമായാണ് വന്നത്. ആ ഉടുപ്പ് അവൾക്കേറെ ഇഷ്ടമായി. അതോടെ പിണക്കവും മാറി. പിറ്റേന്ന് രാവിലെ അവളുണർന്നപ്പോൾ നല്ല മഴ. അന്നും ഒരു മഴവില്ല് കാണാൻ അവൾ കൊതിച്ചു.

**നീലിമ.എസ്**

അഞ്ചാം സ്റ്റാൻഡേർഡ്, ടി ഒ സി എച്ച്
പബ്ളിക്ക് സ്കൂൾ, പുനലൂർ



**ങ്ങൾ** എന്ന പുസ്തകം പ്രമുഖ പരിസ്ഥിതി പ്രവർത്തകനായ സി. സുശാന്ത് ആണ് രചിച്ചിരിക്കുന്നത്.

നിശാശലഭങ്ങളുടെ അത്ഭുതലോകത്തിലേക്ക് നമ്മെ കൂട്ടിക്കൊണ്ടു പോകുന്നതാണ് മറ്റൊരു പ്രശസ്ത പക്ഷിനിരീക്ഷകൻ കൂടിയായ സുരേഷ് ഇളമൺ രചിച്ച **നിശാശലഭങ്ങളുടെ ലോകം.** ചിത്രശലഭങ്ങളെക്കുറിച്ചുമാത്രമല്ല ഉറുമ്പുകളെ കുറിച്ചുമുണ്ട് പുസ്തകം. തങ്ങളെ ആക്രമിക്കുന്ന വെളുത്ത ജീവികളെ നിസാരരായ ഉറുമ്പുകൾ എങ്ങനെയാണ് കീഴടക്കുന്നതെന്ന് ഉദ്വേഗജനകമായി വിവരിക്കുന്ന **'കാക്കരദേശത്തെ ഉറുമ്പുകൾ'** എന്ന കൃതി ഇ. സന്തോഷ് കുമാറാണ് രചിച്ചത്. പ്രശസ്ത കവയിത്രി ലളിതാ ലെനിൻ രചിച്ച കുട്ടികൾക്കുള്ള നോവലാണ് **'മിന്നു'**. മനോഹരമായ ആഖ്യാന ശൈലിയാണ് മിന്നുവിനെ ശ്രദ്ധേയമാക്കുന്നത്.






ചാൾസ് ഡാർവിന്റെ ഇരുന്നൂറാം ജന്മവാർഷികം ആഘോഷിക്കുകയാണല്ലോ ഇപ്പോൾ. ഡാർവിനെ അടുത്തറിയാൻ ഇതാ ഒരു കൃതി. **കുട്ടികളുടെ ഡാർവിൻ.** മലയാള ശാസ്ത്രസാഹിത്യത്തിന് വിലപ്പെട്ട സംഭാവനകൾ നൽകിയ ഡോ. എ.എൻ. നമ്പൂതിരിയാണ് ഇത് രചിച്ചിരിക്കുന്നത്.

പുസ്തകങ്ങൾക്കപ്പുറമുള്ള അറിവു നൽകുന്ന കൃതിയാണ് പി.പി.കെ. പൊതുവാളിന്റെ **'ഭൂമിയ്ക്ക് ഒരവസരം നൽകൂ'**. ഓസോൺ പാളിയുടെ വിള്ളൽ, ആഗോളതാപനം എന്നിവയെപ്പറ്റി കുട്ടികളുടെ ഭാഷയിലുള്ള രചനയാണത്.

അവധിക്കാലത്തെക്കുറിച്ചാവാം ഇനിയൊരു പുസ്തകം. മധ്യവേനലവധിക്ക് തറവാട്ടുവീട്ടിൽ ഒരാഴ്ച മാത്രം രാമുവിന് അച്ഛൻ അനുവദിക്കുന്നു. ഓടിപ്പറന്ന ഒരാഴ്ചയിലെ ത്രസിപ്പിക്കുന്ന അനുഭവങ്ങളുടെ അതിമനോഹരമായ വിവരണമാണ് പ്രമുഖ ബാലസാഹിത്യകാരി വിമലാ മേനോന്റെ **'ഒരാഴ്ച'** എന്ന കൃതി.



മറ്റുപല പ്രസാധകരുടെയും മികവുറ്റ പുസ്തകങ്ങളും അവധിക്ക് നിങ്ങളുടെ കൂട്ടുകാരായെത്തുമെന്ന് പ്രതീക്ഷിക്കട്ടെ.

## മെഡിക്കൽ കോളേജുകളിൽ റസിഡൻസി സമ്പ്രദായം

സംസ്ഥാനത്തെ എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളിലും പോസ്റ്റ് ഗ്രാഡ്വേറ്റ് കോഴ്സുകൾക്ക് റസിഡൻസി സമ്പ്രദായം ഏർപ്പെടുത്തി ഉത്തരവായി.

1995 ൽ സർക്കാർ നിയമിച്ച മുൻ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ ഡോ.എം.എ.ഏലിക്കുട്ടിയുടെ നേതൃത്വത്തിലുള്ള സമിതിയുടെ ശുപാർശ പ്രകാരമാണ് നടപടി. റസിഡൻസി സമ്പ്രദായം ഉൾപ്പെടെയുള്ളവ ഏർപ്പെടുത്തി രാജ്യത്തെ പോസ്റ്റ് ഗ്രാഡ്വേറ്റ് മെഡിക്കൽ കോഴ്സുകൾക്ക് ഏകീകൃത സ്വഭാവം ഉണ്ടാക്കണമെന്ന് സുപ്രീം കോടതിയും നിർദേശിച്ചിരുന്നു.

റസിഡൻസി പ്രോഗ്രാം നടപ്പാക്കുന്നത് സംസ്ഥാനത്തെ മെഡിക്കൽ കോളേജുകളിൽ രോഗശുശ്രൂഷയും മെഡിക്കൽ വിദ്യാഭ്യാസവും ഗവേഷണവും അന്താരാഷ്ട്ര നിലവാരത്തിലേക്കുയർത്താൻ സഹായകമാകും.

റസിഡന്റ് ഡോക്ടറായിരിക്കും അതത് വകുപ്പിലെ ജൂനിയറായ സ്റ്റാഫംഗം. അതത് വകുപ്പിലെ അധ്യയനം, പരിശീലനം, രോഗികൾക്കുള്ള സേവനം എന്നിവ ഇവരുടെ ചുമതലയായിരിക്കും.

2009 ജനുവരി മുതൽ റസിഡന്റ്സ് വിദ്യാർഥികൾക്കുള്ള പ്രതിമാസ സ്റ്റൈപന്റ് പോസ്റ്റ് ഗ്രാഡ്വേറ്റ്, പി.ജി.ഡിപ്ലോമ, ഡി.എൻ.ബി. വിദ്യാർഥികൾക്ക് 18,500 രൂപയായും സൂപ്പർ സ്പെഷ്യാലിറ്റി ഡിഗ്രിക്കാർക്ക് 21,000 രൂപയായും നിശ്ചയിച്ചിട്ടുണ്ട്.

റസിഡൻസി പദ്ധതിയുടെ മേൽനോട്ടം വഹിക്കാൻ സംസ്ഥാനതലത്തിൽ മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ അധ്യക്ഷതയിൽ മോണിട്ടറിങ് സമിതി രൂപീകരിക്കും. കോളേജ് തലത്തിൽ പ്രിൻസിപ്പൽ അധ്യക്ഷനായും സമിതി രൂപീകരിക്കും.

റസിഡൻസി പ്രോഗ്രാമിന്റെ അവസാനം അതത് കോളേജ് പ്രിൻസിപ്പൽമാർ റസിഡന്റ്സിന് എക്സ്പീരിയൻസ് സർട്ടിഫിക്കറ്റ് നൽകും.

## കളിമൺ ഖനനം: മാർഗനിർദേശമായി

തൃശൂർ, കോഴിക്കോട്, മലപ്പുറം, എറണാകുളം, കൊല്ലം, കണ്ണൂർ, വയനാട്, കാസർകോട് ജില്ലകളിലെ വിവിധ സ്ഥലങ്ങളിൽ നിന്നും ഓട്, ഇഷ്ടിക, പരമ്പരാഗത മൺപാത്ര നിർമാണവ്യവസായത്തിനാവശ്യമായ കളിമൺ ഖനനത്തിന് അനുമതി നൽകുന്നതിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവായി.

ജിയോളജിസ്റ്റ് സ്ഥല പരിശോധന നടത്തി പരിസ്ഥിതി ആഘാത സാധ്യതകൾ വിലയിരുത്തി മാത്രമെ ഖനനാനുമതി നൽകാവൂ. പുഴയിൽ നിന്നും 50 മീറ്റർ മാറി മാത്രമേ ഖനനത്തിന് അനുവദിക്കൂ.

അനുയോജ്യമായ അപേക്ഷകർക്ക് ഡാം കാച്ച്മെന്റ് ഏരിയായിൽ അടിഞ്ഞുകൂടുന്ന സെഡിമെന്റ് നീക്കം ചെയ്ത് ഉപയോഗിക്കാൻ അനുമതി നൽകാമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

പരിഷ്കരിച്ച മാർഗനിർദേശമനുസരിച്ച് മണ്ണെടുത്ത ശേഷമുള്ള കുഴികൾ പൂർണമായും നികത്താമെന്ന് 50 രൂപ മുദ്രപത്രത്തിൽ ഓട് വ്യവസായികൾ സത്യവാങ്മൂലം നൽകണം. കുഴികൾ മൂടുന്നത് നിരീക്ഷിക്കാൻ പഞ്ചായത്ത് പ്രസിഡന്റ് അധ്യക്ഷനായി അതത് പ്രദേശത്ത് സമിതി രൂപീകരിക്കണം. ജിയോളജിസ്റ്റ്, വില്ലേജ് ഓഫീസർ, കൃഷിവകുപ്പ് ജോയിന്റ് ഡയറക്ടർ എന്നിവരാണ് സമിതിയിലെ അംഗങ്ങൾ

അനുവദിച്ച അളവിൽ ഖനനം ചെയ്യുന്നുവെന്ന് മൈനിങ് ആന്റ് ജിയോളജി ഉദ്യോഗസ്ഥർ ഉറപ്പുവരുത്തും. പരമ്പരാഗത കളിമൺ നിർമാണ മേഖലയിലുള്ളവർക്കും ഖനനാനുമതി ലഭിക്കും. വ്യവസായ വകുപ്പിന്റേയോ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെയോ അനുമതിയില്ലാത്ത വ്യവസായശാലകൾക്ക് കളിമൺ ലഭ്യമാക്കേണ്ടതില്ല.

റവന്യൂ വകുപ്പ് നൽകുന്ന എൻ.ഒ.സിയുടെ അടിസ്ഥാനത്തിൽ മൈനിങ് ആന്റ് ജിയോളജി വകുപ്പ് ഓരോ അപേക്ഷയിലും സ്ഥലപരിശോധന നടത്തി പെർമിറ്റ് നൽകുമെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്.

## വിദ്യാലയങ്ങളിൽ താലപ്പൊലി നിരോധിച്ചു

വിദ്യാലയങ്ങളിലെ പൊതുചടങ്ങുകളിൽ താലപ്പൊലിയും വാദ്യഘോഷങ്ങളും ഉദ്ഘാടകനെ സ്വീകരിക്കാൻ പൊരിവെയിലത്ത് പിഞ്ചുകുഞ്ഞുങ്ങളെ മണിക്കൂറുകളോളം വരിവരിയായി നിർത്തൽ, അതിഥികളെ സ്വീകരിക്കാൻ കുട്ടികളെ ദീർഘദൂരം വരിയായി നടത്തുക എന്നിവ നിരോധിച്ചു.

വിദ്യാലയങ്ങളിലെ വാർഷികാഘോഷങ്ങൾ ഉൾപ്പെടെ പൊതുചടങ്ങുകൾ നടത്തുന്നതിനുള്ള സമയക്രമീകരണം സംബന്ധിച്ച മാർഗരേഖയിലാണ് സർക്കാർ ഇത് വ്യക്തമാക്കിയത്. ഔപചാരികതയുടെ അതിപ്രസരംകൊണ്ട് വിദ്യാലയങ്ങളിലെ ചടങ്ങുകളുടെ നിറം മങ്ങാതിരിക്കാനാണ് ഈ നടപടി. പകരം വിദ്യാർത്ഥികൾക്ക് ആകർഷകമായ വിധത്തിൽ ചടങ്ങുകൾ സർഗാത്മകമായി നടത്തണം. പൊതുചടങ്ങുകളുടെ ദൈർഘ്യം ഒരു മണിക്കൂർ കവിയാൻ പാടില്ല. സമയനിഷ്ഠ പാലിക്കണം. ചടങ്ങുകൾക്കായി ക്ലാസുകൾ പൂർണമായും ഒഴിവാക്കുന്ന പ്രവണത നിർത്തി ചടങ്ങിനു ശേഷവും വിദ്യാലയം പ്രവർത്തിക്കണം. പണച്ചെലവുള്ള ചമയങ്ങൾ, ബോർഡുകൾ, ലൈറ്റുകൾ, ഫ്ളക്സ് ഉൾപ്പെടെയുള്ള പ്ലാസ്റ്റിക്കുകൾ പൂർണമായും ഒഴിവാക്കി ചടങ്ങ് ലളിതമാക്കണം. അതിഥികളെ ദീർഘനേരം വാഴ്ത്തുന്ന സ്വാഗതപ്രസംഗവും യുക്തിരഹിതവും വിവരണാത്മകവുമായ നന്ദിപ്രകാശനവും ഒഴിവാക്കണം. പ്രാസംഗികരുടെ എണ്ണം പരിമിതപ്പെടുത്തണമെന്നും സർക്കാർ നിർദ്ദേശിച്ചു.

## മലയാളം കംപ്യൂട്ടിങ് തിരുവനന്തപുരം, എറണാകുളം ജില്ലകളിലും

ഭരണഭാഷയായ മലയാളം കംപ്യൂട്ടറിൽ കൈകാര്യം ചെയ്യാൻ രൂപം കൊടുത്ത മലയാളം കംപ്യൂട്ടിങ് പദ്ധതി തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ കൂടി നടപ്പാക്കും.

കൊല്ലം, പത്തനംതിട്ട, മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ ഇതിനകം പദ്ധതി നടപ്പാക്കി തുടങ്ങിയിട്ടുണ്ട്. ഐ.ടി. സെക്രട്ടറി അജയ്കുമാർ അഗർവാളിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നത തല സമിതിയാണ് ഈ തീരുമാനമെടുത്തത്.

സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം കംപ്യൂട്ടിങ് വ്യാപിപ്പിക്കാൻ ജില്ലാതല കർമപരിപാടി ആവിഷ്കരിക്കാനും യോഗം തീരുമാനിച്ചു. ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ യൂണികോഡ് മലയാളം ലഭ്യമാക്കുന്നത് സംബന്ധിച്ച് പരിശോധന നടത്തും.

സർക്കാർ ഓഫീസുകളടക്കം പൊതുജനങ്ങൾക്കും കംപ്യൂട്ടറിൽ യൂണികോഡ് ലഭ്യമാക്കുന്നതിനുള്ള നിരക്കുകൾ നിശ്ചയിച്ചു. ആദ്യ കംപ്യൂട്ടറിന് 50 ഉം തുടർന്നുള്ളവയ്ക്ക് 25 ഉം രൂപ ഇതിനായി ഈടാക്കാം.

## ഹോമിയോപ്പതി: അംഗീകൃതബിരുദം മാത്രമേ പരസ്യപ്പെടുത്താവൂ

മെഡിക്കൽ കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഹോമിയോപ്പതി പ്രാക്ടീഷണേഴ്സിൽ, അംഗീകൃത പാഠ്യപദ്ധതിയും പരിശീലനവുമുള്ള ബിരുദങ്ങൾ വിജയകരമായി പൂർത്തിയാക്കിയവർ മാത്രമേ പേരിനൊപ്പം ബിരുദം ചേർക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യാവൂ. അംഗീകൃതമല്ലാത്ത കോഴ്സുകളും ബിരുദങ്ങളും പേരിനൊപ്പം ചേർക്കുകയും പരസ്യപ്പെടുത്തുകയും ചെയ്യുന്നത് ചട്ടവിരുദ്ധമാണെന്നും അത്തരക്കാർക്കെതിരെ നടപടി സ്വീകരിക്കുമെന്നും ഹോമിയോ മെഡിക്കൽ കൗൺസിൽ രജിസ്ട്രാർ അറിയിച്ചു.

## വിലവിവരപ്പട്ടിക പ്രദർശിപ്പിക്കണം

എല്ലാ വ്യാപാരികളും വിലവിവരപ്പട്ടികയും സ്റ്റോക്ക് ബോർഡും ഉപഭോക്താക്കൾക്ക് കാണത്തക്കവിധം പ്രദർശിപ്പിക്കണമെന്ന് സിവിൽ സപ്ലൈസ് കമ്മീഷണർ അറിയിച്ചു. വീഴ്ച വരുത്തുന്നവർക്കെതിരെ 1955-ലെ അവശ്യ സാധന നിയമപ്രകാരവും 1977-ലെ കേരളാ അവശ്യസാധന മെയിന്റനൻസ് ഓഫ് അക്കൗണ്ട്സ് ആന്റ് ഡിസ്പ്ലേ ഓഫ് പ്രൈസ് ആന്റ് സ്റ്റോക്ക്സ് ഉത്തരവ് അനുസരിച്ചും സ്റ്റോക്ക് പിടിച്ചെടുക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കും.

## എൻ.ഒ.സി ലഭിക്കുന്നതിനുള്ള മാർഗനിർദേശം പരിഷ്കരിച്ചു

സി.ബി.എസ്.ഇ, സി.ഐ.എസ്.സി.ഇ. എന്നിവയ്ക്ക് കീഴിൽ പുതിയ സ്കൂൾ രജിസ്റ്റർ ചെയ്യുന്നതിനും നിലവിലുള്ളവയെ ഇതിലേയ്ക്ക് അഫിലിയേറ്റ് ചെയ്യുന്നതിനും സംസ്ഥാന സർക്കാരിൽ നിന്നും എൻ.ഒ.സി ലിഭിക്കുന്നതിനുള്ള മാർഗനിർദേശങ്ങൾ പരിഷ്കരിച്ച് ഉത്തരവായി.

ഇതനുസരിച്ച് കെ.ഇ.ആർ. അഞ്ചാം ചാപ്റ്ററിലെ റൂൾ രണ്ട്, രണ്ട്-എ, എന്നിവ പ്രകാരം സർക്കാർ അംഗീകരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മാത്രമെ എൻ.ഒ.സി നൽകാവൂ. മാർഗ നിർദേശങ്ങൾക്ക് വിരുദ്ധമായി സ്ഥാപനം പ്രവർത്തിക്കുന്നുണ്ടെന്ന് കണ്ടെത്തിയാൽ എൻ.ഒ.സി റദ്ദുചെയ്യും.

## കൈത്തറി റിബേറ്റ്

കൈത്തറി തുണിത്തരങ്ങൾക്ക് 2009-10 വർഷത്തെ റിബേറ്റ് 56 ദിവസമാക്കി ഉത്തരവായി. നേരത്തെ ഇത് 37 ദിവസമായിരുന്നു.

സംസ്ഥാനത്തെ പ്രാഥമിക സഹകരണ സംഘങ്ങൾ, ഹാന്റക്സ്, ഹാൻവീവ്, കൺസോർഷ്യം വില്പനശാലകൾ, പ്രദർശന വില്പന മേളകളിൽ പങ്കെടുക്കുന്ന പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവയ്ക്കാണ് 10 ശതമാനം റിബേറ്റ് നിരക്ക് അനുവദിച്ചിട്ടുള്ളത്. ഏപ്രിൽ അഞ്ച് മുതൽ 13 വരെ വിഷുവിനും മെയ് 22 മുതൽ ജൂൺ അഞ്ച് വരെ സ്കൂൾ യൂണിഫോമിനും ആഗസ്റ്റ് 12 മുതൽ സെപ്റ്റംബർ ഒന്നുവരെ (ആഗസ്റ്റ് 15 ഒഴികെ) ഓണത്തിനും സെപ്റ്റംബർ 15 മുതൽ 19 വരെ റംസാനും ഡിസംബർ 18 മുതൽ 24 വരെ ക്രിസ്തുമസിനുമാണ് റിബേറ്റ് അനുവദിച്ചിരിക്കുന്നത്.

റിബേറ്റ് ദിനങ്ങൾ കേന്ദ്രസർക്കാർ പ്രഖ്യാപിക്കുന്ന തീയതികൾക്ക് അനുസൃതമായിരിക്കും. എന്നാൽ സംസ്ഥാന റിബേറ്റ് ദിനങ്ങളുടെ എണ്ണത്തിനു വ്യത്യാസം വരാതെയുള്ള മാറ്റത്തിനു വിധേയവും ആയിരിക്കുമെന്ന് ഉത്തരവ് വ്യക്തമാക്കുന്നു.

## അധിക പലിശത്തുക മുതലിനോട് കൂട്ടിച്ചേർക്കും

ഗുരുവായൂർ ദേവസ്വത്തിൽ ഭക്തർ എൻഡോവ്മെന്റായി നൽകുന്ന നിക്ഷേപത്തിന്റെ പലിശയിൽ വഴിപാട് കഴിച്ച ശേഷം ബാക്കിവരുന്ന പലിശത്തുക മുതലിനോട് കൂട്ടിച്ചേർക്കേണ്ടതാണെന്ന് ഉത്തരവായി. ഗുരുവായൂർ ദേവസ്വത്തിലെ എൻഡോവ്മെന്റുകളെക്കുറിച്ച് 2008 ആഗസ്റ്റ് 29 ന് ചേർന്ന ഭരണ സമിതി കൈക്കൊണ്ട വഴിപാട് കഴിച്ച ശേഷം അധികം വരുന്ന പലിശ മുതലിനോട് ചേർക്കില്ല എന്ന തീരുമാനം റിവിഷൻ അധികാരം ഉപയോഗിച്ച് സർക്കാർ റദ്ദാക്കി.

## മത്സ്യത്തൊഴിലാളി കടാശ്വാസം

കേരള മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ആക്ട്പ്രകാരമുള്ള കടാശ്വാസത്തിന് വില്പനക്കാരൻ മത്സ്യത്തൊഴിലാളി കുടുംബത്തിൽപ്പെട്ട ആളാകണമെന്ന് കമ്മീഷൻ സെക്രട്ടറി അറിയിച്ചു. എല്ലാ മത്സ്യവില്പനക്കാർക്കും കടാശ്വാസം ലഭിക്കുമെന്ന് കമ്മീഷൻ ചെയർമാൻ പറഞ്ഞതായി പത്രങ്ങളിൽ വന്ന വാർത്ത ശരിയല്ല.

## ഡി.എ.കുടിശിക: തീയതി നീട്ടി

സർക്കാർ ജീവനക്കാർക്ക് 2006 ജനുവരി ഒന്ന്, ജൂലായ് ഒന്ന്, 2007 ജനുവരി ഒന്ന്, ജൂലൈ ഒന്ന്, 2008 ജനുവരി ഒന്ന് തീയതികളിൽ പ്രഖ്യാപിച്ച ഡി.എ.കുടിശിക പി.എഫിൽ ലയിപ്പിക്കുന്നതിനുള്ള തീയതി മെയ് 31 വരെ നീട്ടി ഉത്തരവായി.



# പരസ്പരം

**ഞങ്ങൾ** വിദ്യാഭ്യാസ വകുപ്പിൽ മിനി സ്റ്റീരിയൽ സ്റ്റാഫായി (ഗവൺമെന്റ്) ജോലിചെയ്യുന്നു. ബി.എ, ബി.എഡ്, റ്റി.റ്റി.സി. യോഗ്യതകൾ നേടിയിട്ടുണ്ട്. ഈ വിഭാഗത്തിൽപ്പെടുന്നവർക്ക് വിദ്യാഭ്യാസ വകുപ്പിൽ എൽ.പി.എസ്.എ/ യു.പി.എസ്.എ അധ്യാപകരായി തസ്തികമാറ്റം വഴി നിയമനം ലഭിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നടപടികൾ ആയിട്ടുണ്ടോ? ഞങ്ങൾക്ക് അർഹതപ്പെട്ട ഇക്കാര്യം ലഭിക്കുന്നതിന് ഞങ്ങൾ എന്താണ് ചെയ്യേണ്ടത്?

**ഏലിയാസ്. എ. ജി**
നായത്തോട്

പൊതുവിദ്യാഭ്യാസ (ജെ) വകുപ്പിന്റെ 2009 ജനുവരി 20-ാം തീയതിയിലെ ജി.ഒ (എം.എസ്) നം. 8/2009/പൊ.വി.വ ഉത്തരവ് പ്രകാരം വിദ്യാഭ്യാസ വകുപ്പിലെ റ്റി.റ്റി.സി. യോഗ്യതയും അഞ്ച് വർഷം മിനിമം സർവീസുമുള്ള ക്ലർക്ക്, ടൈപ്പിസ്റ്റ്, അറ്റൻഡർ, പ്യൂൺ എന്നീ വിഭാഗം ജീവനക്കാരെ എൽ.പി.എസ്.എ തസ്തികയിലും റ്റി.റ്റി.സി./ബി.എഡ്. യോഗ്യതയും അഞ്ച് വർഷം മിനിമം സർവീസുമുള്ളവരെ യു.പി.എസ്.എ തസ്തികയിലും തസ്തികമാറ്റം വഴി പബ്ലിക് സർവീസ് കമ്മീഷൻ മുഖേന നിയമിക്കുന്നതിന് ഈ തസ്തികകളിലെ ആകെ ഒഴിവിന്റെ 5 ശതമാനം നീക്കിവച്ചിട്ടുണ്ട്. യോഗ്യത നേടിയവർക്ക് പി എസ് സി അറിയിപ്പ് പ്രകാരം എൽ.പി.എസ്.എ/ യു.പി.എസ്.എ പരീക്ഷയ്ക്ക് അപേക്ഷിക്കാം.

*സർക്കാർ നടപടിക്രമങ്ങളെക്കുറിച്ചും സർക്കാർ വകുപ്പുകളുടെ പ്രവർത്തനങ്ങളെക്കുറിച്ചും നിങ്ങൾക്കുള്ള സംശയങ്ങൾക്ക് മറുപടി നൽകുന്ന പംക്തിയാണ് 'പരസ്പരം'. ഇതിലേക്കുള്ള ചോദ്യങ്ങൾ എഡിറ്റർ, 'ജനപഥം', ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, സെക്രട്ടേറിയറ്റ് അനക്സ്, തിരുവനന്തപുരം - 695 001* ***വിലാസത്തിൽ അയയ്ക്കുക.***

## ക്ളോണിങ്ങിലൂടെ എരുമക്കുഞ്ഞ്



ഇന്ത്യൻ ശാസ്ത്രജ്ഞർ ക്ളോണിങ്ങിലൂടെ എരുമക്കുഞ്ഞിനെ സൃഷ്ടിച്ച് ചരിത്രം രചിച്ചു. ന്യൂഡൽഹിക്കടുത്ത് കർണാലിലെ ദേശീയ ക്ഷീര ഗവേഷണ കേന്ദ്രത്തിലാണ് ഫെബ്രുവരി ആറിന് എരുമക്കുഞ്ഞ് പിറന്നത്. ശ്വാസകോശ അണുബാധമൂലം അഞ്ചാം നാൾ എരുമക്കുഞ്ഞ് മരിച്ചെങ്കിലും എരുമയുടെ പിറവി മികച്ച നേട്ടമാണെന്ന് ഗവേഷണ കേന്ദ്രം ഡയറക്ടർ എ കെ ശ്രീവാസ്തവ പറഞ്ഞു. പുതിയ കണ്ടെത്തൽ രാജ്യത്തെ പാൽക്ഷാമത്തിന് പരിഹാരം കാണാനുളള തുടക്കമാകുമെന്ന് അദ്ദേഹം പ്രത്യാശിച്ചു.എസ് കെ സിംഗ്ല, ആർ എസ് മണിക്ക്, എം എസ് ചൗഹാൻ, പി പാൽട്ട, ആർ എസ് ഷാ, എ ജോർജ്ജ് എന്നിവരാണ് ഗവേഷണത്തിൽ പങ്കെടുത്തത്.

## ചൊവ്വയിൽ കാർബണിക ധാതുക്കൾ

ചൊവ്വ ഗ്രഹത്തിൽ വെള്ളമുണ്ടായിരുന്നുവെന്നതിനു കൂടുതൽ ശക്തമായ തെളിവുകളുമായി കാർബണിക ധാതുക്കളുടെ സാന്നിധ്യമുണ്ടെന്ന് ബ്രൗൺ യൂണിവേഴ്സിറ്റി നടത്തിയ പഠനത്തിൽ കണ്ടെത്തി. ഇതോടെ ചൊവ്വയിൽ ജീവൻ നിലനിന്നിരുന്നുവെന്ന കണ്ടെത്തലിനു ബലമേറി. മഗ്നീഷ്യം കാർബണേറ്റും മറ്റ് കാർബണിക നിക്ഷേപങ്ങളും ഉണ്ടെന്നാണു നിഗമനം.



## അൽഷൈമേഴ്സ് ചെറുക്കാനുള്ള വഴി തെളിയുന്നു



അൽഷൈമേഴ്സ് എന്ന മരുന്നില്ലാ മറവിരോഗം പ്രമേഹത്തിനു സമാനമാണെന്ന് ഗവേഷകർ കണ്ടെത്തി. ഇൻസുലിൻ ചികിത്സ കൊണ്ടോ, ഇൻസുലിൻ ഉത്പാദനം വർധിപ്പിക്കുന്ന മരുന്നുകൾ കൊണ്ടോ അൽഷൈമേഴ്സിനെ ചെറുക്കാനാവുമെന്ന പ്രതീക്ഷയ്ക്ക് വക നൽകുന്നതാണ് ഈ കണ്ടുപിടിത്തം.

ഇൻസുലിൻ സ്വീകരണിയുടെ കുഴപ്പം കാരണം ശരീരകലകൾക്ക് ഇൻസുലിനോട് പ്രതികരിക്കാനുള്ള കഴിവ് നഷ്ടമാകുമ്പോഴാണ് ടൈപ്പ്-റ്റു പ്രമേഹം ഉണ്ടാകുന്നത്. ഈ പ്രശ്നം തലച്ചോറിലെ കോശങ്ങൾക്ക് സംഭവിക്കുമ്പോഴാണ് അൽഷൈമേഴ്സ് ഉണ്ടാകുന്നത് എന്ന് അമേരിക്കയിലെ നോർത്ത് വെസ്റ്റേൺ സർവകലാശാലയിലെ വില്യം ക്ലെയിൻ പറയുന്നു.

അൽഷൈമേഴ്സ് രോഗികളുടെ തലച്ചോറിൽ അടിഞ്ഞുകൂടുന്ന എ.ഡി.ഡി.എൽ എന്ന പ്രോട്ടീനാണ് മസ്തിഷ്ക കോശങ്ങളായ ന്യൂറോണിന്റെ പ്രവർത്തനത്തെ ബാധിച്ച് മറവിക്കു കാരണമാകുന്നത്. ഇൻസുലിൻ ഹോർമോൺ നൽകിയ കോശങ്ങൾക്ക് എ.ഡി.ഡി. എല്ലിന്റെ ഹാനികരമായ പ്രവർത്തനത്തെ ചെറുക്കാനുള്ള കഴിവുണ്ടെന്ന് എലികളിൽ നടത്തിയ പഠനത്തിൽ ഗവേഷകർ കണ്ടെത്തി.

## നാഡീ തകരാർ മാറ്റാൻ സിലിക്കൺ ചിപ്പുകൾ

നാഡീ തകരാർ ഉൾപ്പെടെ ശരീരത്തിലെ കലകൾക്കും, പേശീ ഭാഗങ്ങൾക്കുമുണ്ടാകുന്ന തകരാറുകൾ പരിഹരിക്കാൻ ഭാവിയിൽ സിലിക്കൺ ചിപ്പുകൾ തുണയായിരിക്കും. പ്രതലത്തിൽ ആവശ്യമായ പാറ്റേണുകളോടു കൂടി നിർമ്മിച്ച ചെറുചിപ്പിലാണ് ഗവേഷകർ സിരാകോശങ്ങൾ വളർത്തിയെടുത്തത്. പ്രത്യേകമായി തയ്യാറാക്കിയ ഒരു പ്രോട്ടീൻ മിശ്രിതത്തിൽ മുക്കിയപ്പോഴാണ് ചിപ്പിന്റെ പ്രതലത്തിൽ ന്യൂറോണുകൾ വളർന്നു വന്നത്. എഡിൻബറോ സർവകലാശാലയിലെ സ്കൂൾ ഒഫ് എൻജിനീയറിങ് ആന്റ് ഇലക്ട്രോണിക്സ് മേധാവി പ്രൊഫ അലൻ മുറെ ആണ് പുതിയ സങ്കേതം വികസിപ്പിക്കാൻ നേതൃത്വം നൽകിയത്. ഇത് ശരീര ഭാഗങ്ങൾ കൃത്രിമമായി വളർത്തുന്നതിന് ഏറെ സഹായകമാകുമെന്ന് *ടെക്നോളജി റിവ്യൂ* പ്രസിദ്ധീകരിച്ച റിപ്പോർട്ട് പറയുന്നു. ഭാവിയിൽ ശരീര ഭാഗങ്ങൾ നിർമ്മിക്കുന്നതിനും വിത്തുകോശങ്ങളുടെ കാര്യത്തിലും ഈ സങ്കേതം പ്രാവർത്തികമാക്കാൻ കഴിയും.






## തവളവംശത്തിൽ പുതുമുഖങ്ങൾ


ജന്തുശാസ്ത്രത്തിന് ഇതുവരെ അജ്ഞാതമായിരുന്ന 12 അപൂർവയിനം തവളകളെക്കൂടി സഹ്യാദ്രി സാനുക്കളിൽ നിന്ന് കണ്ടെത്തി. നൂറ് വർഷം മുൻപ് വംശനാശം വന്നെന്നു കരുതിയ ട്രാവൻകൂർ ബുഷ് ഫ്രോഗ്, പുതിയ ഇനമായ നാസിയാ പത്രാചിതെ, ഇന്ത്യയിലെ ഏറ്റവും ചെറിയ തവള (നിക്റ്റി ബത്രാചസ് മിനിമസ്) എന്നീ അപൂർവയിനങ്ങളെയും കൂടി തങ്ങളുടെ പത്തുവർഷം നീണ്ട പഠനപര്യടനങ്ങൾവഴി കണ്ടെത്താനായതായി ഡൽഹി സർവകലാശാലയിലെ അസോഷ്യേറ്റ് പ്രഫസറും മലയാളി ശാസ്ത്രജ്ഞനുമായ എസ്.ഡി.ബിജുവും സഹപ്രവർത്തകനായ ഡോ. ബ്രസൽസ് സർവകലാശാലയിലെ ഡോ. ഫ്രാങ്കി ബൊസ്യൂട്ടും അഭിപ്രായപ്പെട്ടു. കേരളം, തമിഴ്നാട്, കർണാടകം, ഗോവ, മഹാരാഷ്ട്ര, ഗുജറാത്തിന്റെ ഏതാനും ഭാഗങ്ങൾ എന്നീ സംസ്ഥാനങ്ങളിലൂടെയാണ് സഹ്യാദ്രിസാനുക്കൾ കടന്നുപോകുന്നത്. പഠനത്തിന്റെ വിശദമായ റിപ്പോർട്ട് ലണ്ടനിലെ *സുവോളജിക്കൽ ജേർണൽ ഓഫ് ലിന്നിയൻ സൊസൈറ്റി* എന്ന ശാസ്ത്രമാസികയുടെ പുതിയ ലക്കത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്വാതന്ത്ര്യാനന്തര ഇന്ത്യയിൽ ആദ്യമായാണ് പന്ത്രണ്ട് പുതിയ ഇനം തവളകളെ ഒന്നിച്ച് റിപ്പോർട്ട് ചെയ്യുന്നത്. പരിണാമചക്രത്തിലെ പ്രധാനപ്പെട്ട ജീവികളാണ് തവളകൾ.



## മഹേഷ് ഭൂപതി-സാനിയ സഖ്യത്തിന് കിരീടം


ഇന്ത്യയുടെ മഹേഷ് ഭൂപതി-സാനിയ സഖ്യം ഓസ്ട്രേലിയൻ ഓപ്പൺ മിക്സഡ് കിരീടം നേടി. ഒരു മണിക്കൂറിനുള്ളിലാണ് ഇസ്രയേലിന്റെ ആൻഡി റാമും ഫ്രാൻസിന്റെ നതാലിഡെഷിയും ഉൾപ്പെട്ട സഖ്യത്തെ പരാജയപ്പെടുത്തിയത് (6-3, 6-1). ഒരു ഗ്രാൻഡ്സ്ലാം ടെന്നീസ് ടൂർണമെന്റിൽ മിക്സഡ് ഡബിൾസിൽ കിരീടം നേടുന്ന ആദ്യ ഇന്ത്യൻ കൂട്ടുകെട്ടെന്ന ക്രെഡിറ്റ് മഹേഷ് ഭൂപതിക്കും സാനിയ മിർസക്കും ഇതോടെ സ്വന്തമായി.

## ഉണ്ണിക്കൃഷ്ണൻ പുതൂരിന് ജ്ഞാനപ്പാന പുരസ്കാരം



ജ്ഞാനപ്പാന പുരസ്കാരത്തിന് നോവലിസ്റ്റ് ഉണ്ണിക്കൃഷ്ണൻ പുതൂരിനെ തിരഞ്ഞെടുത്തു. 10,001 രൂപയും പ്രശസ്തി പത്രവുമടങ്ങുന്നതാണ് മഹാകവി പൂന്താനത്തിന്റെ സ്മരണയ്ക്കായി ഗുരുവായൂർ ദേവസ്വം ഏർപ്പെടുത്തിയ അവാർഡ്.

## സക്കീർ ഹുസൈന് ഗ്രാമി



സംഗീതലോകത്തെ ഉന്നത പുരസ്കാരമായ ഗ്രാമി അവാർഡിന് ഭാരതീയ തബല വിദഗ്ധൻ സക്കീർ ഹുസൈൻ അർഹനായി. സക്കീർ ഹുസൈൻ പങ്കാളിയായ ഗ്ലോബൽ ഡ്രം പ്രോജക്ടിനാണ് സമകാലിക ലോകസംഗീത വിഭാഗത്തിൽ മികച്ച ആൽബത്തിനുള്ള ഗ്രോമി പുരസ്കാരം ലഭിച്ചത്. മിക്കിഹാർട്ട്, സിക്കിരു അഡേപോജു, ജിയോവനി ഹിഡാൽഗോ എന്നിവരാണ് ഗ്ലോബൽ ഡ്രം പ്രോജക്ടിലെ മറ്റ് പങ്കാളികൾ

## സ്വരാജ് ട്രോഫി ചെറിയനാട് ഗ്രാമ പഞ്ചായത്തിന്

ആലപ്പുഴ ജില്ലയിലെ ചെറിയനാട് ഗ്രാമപഞ്ചായത്ത് സംസ്ഥാനത്തെ മികച്ച ഗ്രാമ പഞ്ചായത്തിനുള്ള സ്വരാജ് ട്രോഫി കരസ്ഥമാക്കി. സമഗ്ര പച്ചക്കറി കൃഷി, പട്ടികജാതി വനിതാ സ്വയം സഹായ സംഘത്തിന്റെ നെൽകൃഷി, വ്യവഹാര രഹിത പഞ്ചായത്തായി പ്രഖ്യാപിക്കൽ എന്നിവ കണക്കിലെടുത്താണ് ചെറിയനാടിന് അഞ്ചുലക്ഷം രൂപ സമ്മാനത്തുകയും 25 ലക്ഷം പ്രത്യേക പദ്ധതി സഹായമുള്ള പുരസ്കാരം ലഭ്യമായത്. മികച്ച ബ്ലോക്കായി തൃശൂരിലെ മുല്ലശ്ശേരിയും മികച്ച ജില്ലാ പഞ്ചായത്തായി പാലക്കാടും തിരഞ്ഞെടുക്കപ്പെട്ടു.

## പ്രജുഷയ്ക്ക് ലോങ്ജമ്പിൽ സ്വർണം



മലയാളിതാരം എം.എ. പ്രജുഷ പതിനാലാമത് ലോക റെയിൽവേ അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ലോങ്ജമ്പിൽ സ്വർണം കരസ്ഥമാക്കി. മൂന്നാമത്തെ ശ്രമത്തിൽ 6.25 മീറ്റർ ചാടിയാണ് പ്രജുഷ സ്വർണം കരസ്ഥമാക്കിയത്. റഷ്യൻ താരങ്ങളായ നികിതെങ്കോ അന്ന വെള്ളിയും ടുക്താ മിഷേവ വെങ്കലവും നേടി.

## സ്വാംഗറായി സിംബാബ്‌വേ പ്രധാനമന്ത്രി



ഒരു വർഷത്തോളം നീണ്ടുനിന്ന രാഷ്ട്രീയ അനിശ്ചിതത്വത്തിന് വിരാമമിട്ട് പുതിയ സഖ്യസർക്കാരിന്റെ പ്രധാനമന്ത്രിയായി സിംബാബ്‌വേയിൽ മൂവ്മെന്റ് ഫോർ ഡെമോക്രാറ്റിക് ചെയിഞ്ച് നേതാവ് മോർഗൻ സ്വാംഗറായി സ്ഥാനമേറ്റു. അടുത്തിടെ രാജ്യത്തെ പിടിച്ചുലച്ച കോളറയും തകർന്നടിഞ്ഞ സമ്പദ്‌വ്യവസ്ഥയും രൂക്ഷമായ തൊഴിലില്ലായ്മയും സിംബാബ്‌വേയെ ദുരിതത്തിലാഴ്ത്തിയിരുന്നു. രണ്ട് വർഷത്തിനകം സ്വതന്ത്ര തെരഞ്ഞെടുപ്പ് നടത്തുകയാണ് സഖ്യസർക്കാരിന്റെ ലക്ഷ്യം.

## സരസ്വതി സമ്മാൻ ഡോ. ബോറയ്ക്ക്



വിഖ്യാത അസമീസ് നോവലിസ്റ്റ് ഡോ. ലക്ഷ്മീ നന്ദൻ ബോറയ്ക്ക് രാജ്യത്തെ പ്രമുഖ സാഹിത്യ പുരസ്കാരമായ സരസ്വതി സമ്മാൻ ലഭിച്ചു. അദ്ദേഹത്തിന്റെ *കാവ്യകല്പം* എന്ന നോവലാണ് പുരസ്കാരത്തിന് തിരഞ്ഞെടുത്തത്. അഞ്ച് ലക്ഷം രൂപയാണ് സമ്മാനത്തുക.

## സില്ലൂർ റഹ്മാൻ ബംഗ്ലാദേശ് പ്രസിഡന്റ്



ഭരണകക്ഷിയായ അവാമി ലീഗിലെ മുതിർന്ന നേതാവ് സില്ലൂർ റഹ്മാൻ ബംഗ്ലാദേശിന്റെ പുതിയ പ്രസിഡന്റായി സ്ഥാനമേറ്റു. എതിരില്ലാതെയായിരുന്നു തിരഞ്ഞെടുപ്പ്. അഭിഭാഷകനായി ഔദ്യോഗിക ജീവിതം ആരംഭിച്ച അദ്ദേഹം 1970-ലാണ് പാർലമെന്റ് അംഗമായി ആദ്യം തിരഞ്ഞെടുക്കപ്പെട്ടത്.

## ഓസ്കാർ പ്രഭയിൽ റസൂലും, റഹമാനും

ഇന്ത്യയ്ക്കും,കേരളത്തിനും ലോകത്തിന്റെ ഏറ്റവും ഉന്നത സിനിമാ വേദിയിൽ സ്ഥാനം നേടി തന്നുകൊണ്ട് മലയാളിയായ റസൂൽ പൂക്കുട്ടിയും, സംഗീത സംവിധായകൻ എ ആർ റഹ്മാനും, ഗാനരചയിതാവ് ഗുൽസാറും ഓസ്കാർ പുരസ്കാര ജേതാക്കളായി. റസൂൽ പൂക്കുട്ടിക്ക് *സ്ലം ഡോഗ് മില്യണയർ* എന്ന ചിത്രത്തിലെ ശബ്ദ മിശ്രണത്തിനും, എ ആർ റഹ്മാന് പശ്ചാത്തല സംഗീതത്തിനും, ഗാനത്തിനും, ഗുൽസാറിന് ഗാനരചനയ്ക്കുമാണ് പുരസ്കാരങ്ങൾ ലഭിച്ചത്. മികച്ച ചിത്രം (നിർമ്മാതാവ് ക്രിസ്റ്റ്യൻ ബോൾസൺ), മികച്ച സംവിധായകൻ (ഡാനി ബോയൽ), എഡിറ്റിങ് (ക്രിസ് ഡിക്കിൻസ്), ഛായാഗ്രഹണം (ആന്റണി ഡോഡാമാന്റിൽ), മികച്ച അവലംബിത തിരക്കഥ (സൈമൺ ബ്യൂഫോയ്) എന്നിങ്ങനെ എട്ട് ഓസ്കാർ പുരസ്കാരങ്ങൾ *സ്ലം ഡോഗ് മില്യണയറിന്* ലഭിച്ചു.



റസൂൽ പൂക്കുട്ടി



എ ആർ റഹ്മാൻ



ഗുൽസാർ